# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ജനുവരി 22, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 196 - നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ജനുവരി 22, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. ഷാജി സി. ബേബി

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ജനുവരി 22, ബുധൻ

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 4

---

നിയമസഭ 2025 ജനുവരി മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

P-22-01-2025 AK-FM (1)
9.00-9.10 (RC)

മി. സ്പീക്കർ: ഓർഡർ........ ഓർഡർ..........

## I. ശ്രദ്ധക്ഷണിക്കൽ

### നെല്ല് സംഭരണത്തിന് പ്രത്യേക സഹായ പദ്ധതികൾ

ശ്രീ. മുരളി പെരുനെല്ലി: സർ, കേന്ദ്രസർക്കാരിന്റെ തെറ്റായ നയംമൂലം നെല്ല് സംഭരണത്തിലെ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ പ്രത്യേക സഹായം സംസ്ഥാന സർക്കാർ നടപ്പിലാക്കണമെന്ന വിഷയമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഡോ. എം. എസ്. സ്വാമിനാഥൻ റിപ്പോർട്ട് നടപ്പാക്കി കാർഷിക ഉൽപന്നങ്ങളുടെ വില വർധിപ്പിക്കാനും കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കാനും നടപടിയെടുക്കുമെന്ന് പറഞ്ഞ ബി.ജെ.പി. സർക്കാർ നെല്ലിന്റെ താങ്ങുവില നിശ്ചയിക്കുന്ന കാര്യത്തിൽ വളരെ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. മലയാളിക്ക് അന്നം ഊട്ടുന്നതിനായി നെൽകൃഷി ചെയ്യുന്ന വയലുകളുടെ വിസ്തൃതി 198150 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്. ഇതിൽ ജലസേചന സൗകര്യമുള്ള കൃഷിഭൂമി

150009 ഹെക്ടറാണ്. ഒരു ഹ്രസ്വകാല വിളയെന്ന നിലയിൽ ശാസ്ത്രീയമായ പരിചരണം, ശ്രദ്ധ, പ്രോത്സാഹനം എന്നിവ ലഭിക്കേണ്ട ഒരു വിളയാണ് നെൽകൃഷി. നെൽകൃഷി കേരളത്തിൽ വ്യാപകമായിട്ടുണ്ടെങ്കിലും പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലാണ് ഈ കൃഷി മുന്നിലുള്ളത്. കാലാവസ്ഥാ വ്യതിയാനം, അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ്, രാസവള വില വർധന, രാസവളത്തിന്റെ ലഭ്യതക്കുറവ്, സംഭരണത്തിലെ അപാകത, സംഭരണ വിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവമൂലം നെൽകൃഷി വിസ്തൃതി കുറഞ്ഞുവരികയായിരുന്നു. എന്നാൽ, എൽ.ഡി.എഫ്. സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും ശക്തമായ ഇടപെടലിന്റെ ഭാഗമായി തരിശുനിലങ്ങൾ കൃഷിയോഗ്യമായി മുന്നോട്ടുപോയെങ്കിലും ഇരിപ്പൂ കൃഷി പാടശേഖരങ്ങൾ പലതും ഒരിപ്പൂ കൃഷിയിലേക്ക് ചുരുങ്ങിവരുന്നുവെന്നുള്ളത് യാഥാർഥ്യമാണ്. കേന്ദ്രസർക്കാരിന്റെ കർഷകദ്രോഹനയങ്ങൾക്ക് ബദലായി ഇടതുപക്ഷ സർക്കാർ നയങ്ങൾമൂലം ഉൽപാദനക്ഷമതയിൽ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. പാലക്കാട് 76961 ഹെക്ടർ, ആലപ്പുഴ 40338 ഹെക്ടർ, തൃശ്ശൂർ 22746 ഹെക്ടർ, കോട്ടയം 17625 ഹെക്ടർ എന്നീ നിലകളിൽ കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതിയുണ്ട്. സമുദ്രനിരപ്പിൽനിന്നും താഴ്ന്നുകിടക്കുന്ന

കോൾനിലങ്ങൾ തൃശ്ശൂരിന്റെ ഒരു പ്രത്യേകതയാണ്. നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഉൽപാദനക്ഷമതയുള്ള വിത്ത് യഥാസമയം ലഭ്യമാക്കണം, ഈ രംഗത്തെ ഏജന്റുമാരുടെ ചൂഷണം അവസാനിപ്പിക്കണം, വളം, കീടനാശിനി എന്നിവയുടെ സബ്സിഡി വർധിപ്പിക്കണം, യന്ത്രവൽക്കരണം വ്യാപകമാക്കണം, കൃഷിനാശങ്ങൾക്കുള്ള നഷ്ടപരിഹാരവും വിള ഇൻഷ്വറൻസും കാലവിളംബം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കണം എന്നിവ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. നെല്ലിന്റെ സംഭരണ സംവിധാനം ശക്തമാക്കേണ്ടതുണ്ട്. വിപണിയുടെ മേധാവിത്വത്തിൽനിന്നും കർഷകരെ രക്ഷിക്കാനാണ് 2006-07 വർഷത്തിൽ എൽ.ഡി.എഫ്. സർക്കാർ നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിയത്. കേന്ദ്രസർക്കാരിന്റെ താങ്ങുവില നാമമാത്രമായ സാഹചര്യത്തിൽ അത് കർഷകർക്ക് ഗുണമില്ലാത്ത സ്ഥിതി വന്നപ്പോൾ കേന്ദ്രസർക്കാരിന്റ വിഹിതത്തിന് കാത്തുനിൽക്കാതെ ഉയർന്ന സംഭരണ വിലനൽകി മുഴുവൻ നെല്ലും സംഭരിച്ചത് ഇന്ത്യയിൽ കേരളത്തിൽ മാത്രമാണെന്നുള്ളത് പ്രത്യേകതയാണ്. 2009-10-ൽ 2 രൂപ 50 പൈസയായിരുന്ന സംസ്ഥാന വിഹിതം ഘട്ടംഘട്ടമായി വർധിപ്പിച്ച് 8 രൂപ 80 പൈസ വരെ എത്തിയതാണ്. എന്നാൽ ഇന്ന് വിഹിതം 5 രൂപ 20

പൈസയായി കുറഞ്ഞിരിക്കുന്നുവെന്ന യാഥാർഥ്യവുമുണ്ട്. കേന്ദ്രസർക്കാർ കോടിക്കണക്കിന് രൂപ കുടിശ്ശിക നൽകാത്ത സാഹചര്യത്തിലും കഴിഞ്ഞ 4 വർഷമായി സംഭരണവില 28 രൂപ 20 പൈസയായി നിലനിൽക്കുന്നുവെന്നുള്ളത് വളരെ ആശ്വാസമാണ്. എങ്കിലും പശ്ചാത്തല ചെലവുകൾ വൻതോതിൽ വർധിച്ച സാഹചര്യത്തിൽ സംഭരണവില വർധിപ്പിക്കേണ്ടതുണ്ട്. കോർപ്പറേറ്റ് താൽപര്യങ്ങളാൽ മത്തുപിടിച്ച് ഉൽപാദനം, സംഭരണം, സംസ്കരണം എന്നിവയും കരാറടിസ്ഥാനത്തിൽ ഭൂമിയും അവർക്ക് കൈപ്പിടിയിൽ ഒതുക്കാൻ കരിനിയമങ്ങൾ പടച്ചുവിടുന്ന കേന്ദ്രസർക്കാരിൽനിന്നും വ്യത്യസ്തമായി കർഷകർക്ക് പുതിയ പ്രതീക്ഷയും ആത്മവിശ്വാസവും നൽകുന്ന ഇടതുപക്ഷ സർക്കാരിനെ തങ്ങളുടെ രക്ഷകരായാണ് സംസ്ഥാനത്തെ നെൽകർഷകർ കാണുന്നത്. വിത്തിറക്കി കൊയ്തെടുക്കാൻ നൂറ് ദിവസം മാത്രം മതി. കഴിഞ്ഞ 8 വർഷം കാലതാമസമില്ലാതെ നെല്ലിന്റെ സംഭരണവില കൊടുത്തിരുന്ന സർക്കാരാണ് കേരള സർക്കാർ. എന്നാൽ കഴിഞ്ഞ വർഷം നെല്ല് നൽകി മാസങ്ങൾ കഴിഞ്ഞാണ് വില ലഭിച്ചിരുന്നതെന്നത് ഒരു യാഥാർഥ്യമാണ്, അത് മുൻകാലനേട്ടങ്ങളെ ഇല്ലാതാക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ചില ബാങ്കുകളുടെ നിലപാടുകളാണ് ഇത്തരം അവസ്ഥയുണ്ടാക്കിയതെന്നുള്ളതും

നമുക്ക് കാണാൻ കഴിയുന്നുണ്ട്. നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുണ്ട്. കാലങ്ങളായി നിലനിൽക്കുന്ന നെല്ല് കയറ്റിറക്കുകൂലി 12 രൂപയെന്നത് വർധിപ്പിക്കണം. മില്ലുടമകൾ നെല്ല് ഏറ്റെടുത്ത് പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) നൽകുന്നതിലും പിന്നീട് പാഡി ഓഫീസിൽനിന്നും പി.ആർ.എസ്. ബാങ്കിലേക്ക് എത്തിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കണം. അതുകൊണ്ടാണ് വില ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത്. നെല്ലിന്റെ moisture test-ലെ അപാകത പരിഹരിക്കേണ്ടതുണ്ട്. മോശമായ ഒരു ഭാഗത്തെ നെല്ലെടുത്ത് പാടശേഖരത്തിലെ മൊത്തം നെല്ലിനെയും മോശമായി കണക്കാക്കി 3 മുതൽ 10 കിലോവരെ നെല്ലിന് തൂക്കം കുറയ്ക്കുന്ന നടപടി മില്ലുടമകൾ എടുക്കുന്നുണ്ട്. സഹകരണ സംഘങ്ങളെ സംഭരണ സംവിധാനത്തിൽ ഉൾപ്പെടുത്താൻ നമുക്ക് കഴിയണം. നെല്ലിനൊപ്പം വൈക്കോൽ സംഭരിക്കാനുള്ള സംവിധാനമുണ്ടാകണം. കാലിത്തീറ്റ, കടലാസ് നിർമാണം എന്നീ ആവശ്യങ്ങൾക്ക് വൻതോതിൽ ഡിമാന്റുള്ളപ്പോൾ ന്യായവില നൽകാതെ ഏജന്റുമാർ കർഷകരെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. നെല്ലിന്റെ സംഭരണവില കാലോചിതമായി വർധിപ്പിക്കുമെന്നും സംഭരണവില കാലതാമസമില്ലാതെ കർഷകർക്ക് ലഭ്യമാക്കുമെന്നും 2023-24-ലെ സർക്കാർ

പ്രോഗ്രസ് റിപ്പോർട്ടിൽ പറയുന്നത് നടപ്പാക്കണമെന്ന കർഷകരുടെ വികാരമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ മുന്നിൽ കൊണ്ടുവരുന്നത്.

(ശ്രീ. പി. പ്രസാദ്)

P-22-01-2025
AK-FM (1)
9.00-9.10

<u>നെല്ല് സംഭരണത്തിന് പ്രത്യേക സഹായ പദ്ധതികൾ</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, രാജ്യത്ത് ഏറ്റവും മാതൃകാപരമായി വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ലിന് താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസ് കൂടി നൽകിയാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസനപദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം

ഉറപ്പാക്കാനും നെൽക്കർഷകരെ സഹായിക്കുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളും നെൽകൃഷി പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ നെല്ലിന് നൽകുന്ന താങ്ങുവില ക്വിന്റലിന് 2,300/- രൂപയാണ്. സംസ്ഥാനത്തെ നെല്ലിന്റെ ഉയർന്ന ഉൽപാദനച്ചെലവും ഉൽപാദനോപാധികളുടെ കൂടിയ വിലയും കണക്കാക്കുമ്പോൾ കേന്ദ്രസർക്കാർ നൽകുന്ന ഈ താങ്ങുവില സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. ദേശീയതലത്തിൽ മാനദണ്ഡം നിശ്ചയിച്ച് കേന്ദ്രസർക്കാർ താങ്ങുവില നിശ്ചയിക്കുന്നതിനാൽ നെല്ലിന്റെ ഉൽപാദനച്ചെലവ് കുറവായിട്ടുള്ള സംസ്ഥാനങ്ങളിലെ കർഷകർക്ക് മാത്രമാണ് താങ്ങുവിലയുടെ നേട്ടം ലഭിക്കുന്നത്. ഏകീകൃത താങ്ങുവിലയ്ക്കുപകരം സംസ്ഥാനങ്ങളുടെ ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനാധിഷ്ഠിതമായി താങ്ങുവില നിശ്ചയിക്കണമെന്നും താങ്ങുവില ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടും നടപടികൾ ഉണ്ടായിട്ടില്ല. ഉൽപാദനച്ചെലവ് കണക്കാക്കി കിലോയ്ക്ക് 40/- രൂപയായി നെല്ലിന്റെ

താങ്ങുവില ഉയർത്തണമെന്നാണ് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് അധിക സാമ്പത്തിക ഭാരം കർഷകർക്ക് ഉണ്ടാകുന്ന തരത്തിൽ കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുതിയ നിബന്ധനകൾ നെൽകർഷകരെ കൂടുതൽ ബുദ്ധിമുട്ടിലാക്കുമെന്ന് ആശങ്കപ്പെടുന്നു. കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന താങ്ങുവില സംസ്ഥാനത്തെ കർഷകന് പര്യാപ്തമല്ലാത്തതിനാലാണ് താങ്ങുവിലയോടൊപ്പം സംസ്ഥാന പ്രോത്സാഹന ബോണസ് കൂടി ചേർത്തുള്ള സംഭരണവില കേരള സർക്കാർ നൽകിവരുന്നത്. എം.എസ്.പി. (Minimum Support Price)-യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോഗ്രാം നെല്ലിന് 28 രൂപ 32 പൈസ സംഭരണ വില നിശ്ചയിച്ചിട്ടാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിനുശേഷം മാത്രമാണ് കർഷകർക്ക് നൽകിയ തുക കേന്ദ്രം സംസ്ഥാന സർക്കാരിന് നൽകുന്നത്. ഇതിന് മാസങ്ങളുടെ കാലതാമസം ഉണ്ടാകുന്നുണ്ട്. കർഷകരിൽനിന്ന് നെല്ല് അളന്നെടുത്തതിനുശേഷം ഉണ്ടാകുന്ന ഈ കാലതാമസം ഒഴിവാക്കാൻ വേണ്ടിയാണ് ബാങ്കുകളുടെ സഹായത്തോടെയും സപ്ലൈകോയുടെ

ഗ്യാരന്റിയിലും കർഷകർക്ക് ബാധ്യതയുണ്ടാകാതെ പലിശ വിഹിതം കേരള സർക്കാർ നൽകിയും പി.ആർ.എസ്. വായ്പ ലഭ്യമാക്കുന്നത്. കേന്ദ്ര-കേരള സർക്കാർ വിഹിതങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഈ വായ്പകൾ സപ്ലൈകോ തിരിച്ചടവ് വരുത്തുന്ന വിധമാണ് പി.ആർ.എസ്. വായ്പാപദ്ധതി നടപ്പിലാക്കുന്നത്. ഉൽപാദന ചെലവിന് ആനുപാതികമായി താങ്ങുവില ഉയർത്താതെയും ഓരോ സംസ്ഥാനങ്ങളുടെയും പ്രത്യേകതകൾക്ക് മുൻഗണന നൽകാതെ താങ്ങുവില നിശ്ചയിച്ചും നെല്ല് സംഭരണത്തിൽ അനാവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തിയും ഈ ഇനത്തിൽ കർഷകർക്ക് കേരള സർക്കാർ നൽകിയ തുക യഥാസമയം അനുവദിച്ചുനൽകാതെയും കേരളത്തെ ബുദ്ധിമുട്ടിക്കുന്ന രീതിയാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. സപ്ലൈകോയിൽനിന്ന് ലഭ്യമായ കണക്കുപ്രകാരം നിലവിൽ 1077.67 കോടി രൂപയാണ് താങ്ങുവില ഇനത്തിൽ കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ളത്. കർഷകരുടെ വീടുകളിൽനിന്നും പാടശേഖരങ്ങളിൽനിന്നുമാണ് മില്ലുകൾ നെല്ല് സംഭരിക്കുന്നത്. ഈ ഇനത്തിൽ മില്ലുകൾക്ക് ട്രാൻസ്പോർട്ടേഷൻ തുക നൽകേണ്ടതുമുണ്ട്. സപ്ലൈകോ മില്ലുകൾക്ക് നൽകുന്ന ഈ തുക കേന്ദ്രസർക്കാർ മടക്കി നൽകേണ്ടതുമാണ്. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഈ

ഇനത്തിൽ 257.41 കോടി രൂപയാണ് സപ്ലൈകോ മില്ലുകൾക്ക് നൽകിയിട്ടുള്ളത്. ഈ തുക തിരികെ ലഭ്യമാക്കാനാവശ്യമായ ക്ലെയിം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ക്ലെയിമുകൾ നാളിതുവരെ അനുവദിച്ചുനൽകിയിട്ടില്ല. സംസ്ഥാനത്തെ നിലവിലെ നെല്ലുസംഭരണ പ്രക്രിയയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ചില കാര്യങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇക്കാര്യങ്ങളെക്കുറിച്ചും ആയതിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പഠിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതിനായി ഡോ. വി. കെ. ബേബി, ഐ.എ.എസ്. (റിട്ടയേർഡ്) ചെയർമാനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ പഠനറിപ്പോർട്ടിലെ ശിപാർശകൾ സർക്കാരിന്റെ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ സംഭരണത്തിന്റെ ഭാഗമാക്കാവുന്ന എല്ലാവരുമായും സമയബന്ധിതമായി ചർച്ച നടത്തി തീരുമാനം കൈക്കൊള്ളുന്നതുമാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സർക്കാർ സ്വന്തമായി നെല്ല് സംഭരിച്ച് അരിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; നെല്ല് സംഭരണവില മിനിമം 30/- രൂപയെങ്കിലുമാക്കുന്നതിന് അടിയന്തര നടപടിയെടുക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, നമ്മൾ നെല്ല് സംഭരിച്ച് അരിയാക്കുന്നത്

പ്രാദേശികമായി പലയിടങ്ങളിലും ചെയ്യുന്നുണ്ട്. വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ ഉപസമിതി ഇക്കാര്യമുൾപ്പെടെ പരിശോധിക്കുന്നതായിരിക്കും. സംഭരണവിലയുടെ കാര്യത്തിൽ അനുഭാവപൂർവമായ നിലപാടാണ് സർക്കാരിനുള്ളത്. അക്കാര്യത്തിലും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും.

(ശ്രീ. രമേശ് ചെന്നിത്തല സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

(സബ്മിഷൻ)

P-22-01-2025
AK-FM (1)
9.00-9.10

II. **സബ്മിഷൻ**

(1) <u>പുത്തൻവേലിക്കരയിൽ ബാലികയെ പീഡിപ്പിച്ച സംഭവം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, എന്റെ നിയോജകമണ്ഡലത്തിൽ നാല് വയസുള്ള ഒരു പെൺകുട്ടിയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് പുത്തൻവേലിക്കര പോലീസ് ഒരു കേസ് എടുത്തിട്ടുണ്ട്. സി.പി.ഐ.(എം.)-ന്റെ ഒരു പ്രാദേശിക നേതാവാണ് സുഹൃത്തിന്റെ മകന്റെ കുട്ടിയെ വീട്ടിലേക്ക് കൊണ്ടുപോയി പീഡിപ്പിച്ചത്.

എല്ലാ രാഷ്ട്രീയ പാർട്ടിയിലും ഇതുപോലെയുള്ളവർ ഉണ്ടാകുമായിരിക്കും. പക്ഷേ ഇത്തരം ഒരു സംഭവമുണ്ടായിട്ട് ഇതുവരെ അയാളെ അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറായിട്ടില്ല. സി.പി.ഐ.(എം.) ഏരിയാ കമ്മിറ്റിയും ജില്ലാ കമ്മിറ്റിയും പരസ്യമായി അയാളെ സംരക്ഷിക്കുകയാണ്. ഇക്കാര്യം നിയമസഭയിൽ പറയാൻ എനിക്ക് ലജ്ജയുണ്ട്. നാല് വയസുള്ള പെൺകുട്ടിയോടാണ് ഈ ക്രൂരത കാണിച്ചിരിക്കുന്നത്. മെഡിക്കൽ പരിശോധന നടത്തി കേസ് രജിസ്റ്റർ ചെയ്തിട്ടും എത്രയോ ദിവസമായി അയാളെ അറസ്റ്റ് ചെയ്യാതെ protect ചെയ്യുകയാണ്. ഞാൻ ദീർഘമായി പറയുന്നില്ല, അതിന്റെ വിശദാംശങ്ങൾ എനിക്ക് സഭയിൽ പറയാൻ സാധിക്കില്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നേരിട്ട് പറയാം. എനിക്ക് ഈ വിഷയം സഭയിൽ അവതരിപ്പിക്കാതെ നിവൃത്തിയില്ല. നീതിപൂർവമായ നടപടി സ്വീകരിച്ച് അയാളെ അറസ്റ്റ് ചെയ്യണമെന്നും protect ചെയ്യരുതെന്നും അങ്ങ് പോലീസിനോട് വിളിച്ചുപറയണം. ഒരു നിവൃത്തിയുമില്ലാത്ത ഒരു സാധാരണ കുടുംബത്തോടാണ് ഈ ക്രൂരത കാണിച്ചത്. പാർട്ടിപ്രവർത്തകനായതുകൊണ്ട് അയാളെ സംരക്ഷിക്കുന്നത് ശരിയായ കാര്യമാണോ, അഥവാ കള്ളക്കേസാണെങ്കിൽ പോലീസ് കേസെടുക്കുകയില്ലല്ലോ, മെഡിക്കൽ പരിശോധനയടക്കമുള്ള എല്ലാ

നടപടികളും പൂർത്തിയാക്കിയതാണ്. ഈ വിഷയത്തിൽ ഞാൻ രാഷ്ട്രീയം കലർത്താൻ ആഗ്രഹിക്കുന്നില്ല. ഈ കുടുംബത്തിന് നീതികൊടുക്കണമെന്ന് അങ്ങയോട് അഭ്യർഥിക്കുകയാണ്. (ശ്രീ. പിണറായി വിജയൻ)

P-22-01-2025
AL-FM
9.10-9.20

## പുത്തൻവേലിക്കരയിൽ ബാലികയെ പീഡിപ്പിച്ച സംഭവം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത്തരമൊരു സംഭവത്തിൽ പ്രകടിപ്പിച്ച വികാരം ശരിയായിട്ടുള്ളതാണ്. പക്ഷേ അത് പറയുമ്പോൾ അല്പം രാഷ്ട്രീയം കലർത്തിയെന്നുമാത്രം. ഈ സംഭവത്തിൽ വികാരം കൊള്ളുന്നത് സ്വാഭാവികമാണ്. പ്രതിയെ ആരോ സംരക്ഷിക്കുന്നു എന്നുപറയുന്ന ഭാഗത്താണ് രാഷ്ട്രീയം കലർത്തിയെന്ന് ഞാൻ സൂചിപ്പിച്ചത്. പ്രതിയെ സംരക്ഷിക്കാൻ ആരും തയ്യാറാകില്ല. സംരക്ഷിച്ചാലും പോലീസ് അയാളെ കണ്ടെത്തും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംഭവത്തെക്കുറിച്ച് കൂടുതൽ വിശദീകരിക്കാത്തത് നന്നായി. എറണാകുളം പുത്തൻവേലിക്കരയിൽ നാലു വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടിയെ

അയൽവാസിയായ സുബ്രഹ്മണ്യൻ എന്ന വ്യക്തി ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ പോക്സോ നിയമപ്രകാരവും ഭാരതീയ ന്യായസംഹിതയിലെ വിവിധ വകുപ്പുകൾപ്രകാരവും ക്രൈം നം. 42/2025 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുട്ടിയെ ആലുവ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിനു മുൻപിൽ ഹാജരാക്കി രഹസ്യമൊഴി രേഖപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ പോക്സോ നിയമത്തിലെ കൂടുതൽ വകുപ്പുകൾകൂടി ഉൾപ്പെടുത്തി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്. ഒളിവിൽ പോയ പ്രതിയെ പിടികൂടുന്നതിനായി പ്രതിയുടെയും ബന്ധുക്കളുടെയും ഫോൺ കോൾ വിവരങ്ങളുൾപ്പെടെ ശേഖരിച്ച് അന്വേഷണം നടത്തിവരുന്നു. ഇത്തരം കേസുകളിൽ കുറ്റവാളികൾക്ക് യാതൊരുവിധ സംരക്ഷണവും നൽകുന്ന സമീപനമല്ല സർക്കാരിനുള്ളത്. ടി കേസിലും കുറ്റവാളികളെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതാണ്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു)

P-22-01-2025
AL-FM
9.10-9.20

(2) പുലിയുടെ ആക്രമണം തടയുന്നതിന് നടപടി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കഴിഞ്ഞ കുറച്ചു കാലങ്ങളായി കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ പുലി ഭീഷണി ഭീകരമായി തുടരുകയാണ്. മടിക്കൈ, കോടോം-ബേളൂർ, കാറഡുക്ക, മുളിയാർ, ദേലംപാടി, ബേഡഡുക്ക, കുറ്റിക്കോൽ, പുല്ലൂർ-പെരിയ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ ജനവാസകേന്ദ്രങ്ങളിലാണ് പുലിക്കൂട്ടം ഇറങ്ങിയത്. അവിടുത്തെ ജനങ്ങൾ വളരെ ഭീതിയിലാണ് കഴിയുന്നത്. നാട്ടിലെ മിക്കവാറുമുള്ള നായ്ക്കളെ പുലി പിടിച്ചു ഭക്ഷിച്ചുകഴിഞ്ഞു. മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണിയിലെ ഹോട്ടൽ തൊഴിലാളിയായ ഒരു സ്ത്രീ പുലിയുടെ ആക്രമണത്തിൽനിന്ന് ഭാഗ്യംകൊണ്ടാണ് രക്ഷപ്പെട്ടത്. അതേ പഞ്ചായത്തിലെ ഒരു കർഷകന്റെ വീട്ടിലെ തൊഴുത്തിൽ കയറിയ പുലി പശുവിനെ ആക്രമിച്ച് മൃതപ്രായയാക്കുകയും ചെയ്തിട്ടുണ്ട്. കാറഡുക്കയിലും ഒരു വീട്ടമ്മയെ പുലി ആക്രമിച്ചു. ടി പരിസരത്തെ കുട്ടികൾക്ക് സ്കൂളിലേക്ക് പോകാൻ കഴിയാത്ത സ്ഥിതിയാണ്. ബോവിക്കാനം, കുറ്റിക്കോൽ പോലുള്ള പട്ടണങ്ങളിൽ രാത്രികാലങ്ങളിൽ പുലി ഇറങ്ങുന്നതുമൂലം ആളുകൾക്കും വാഹനങ്ങൾക്കും പുറത്തിറങ്ങാൻ കഴിയാത്ത സ്ഥിതിയാണ്.

കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ആർക്കും പുറത്തിറങ്ങാൻ കഴിയാത്ത ഒരു അവസ്ഥയാണ് സംജാതമായിരിക്കുന്നത്. വനം വകുപ്പ് പുലിയെ പിടിക്കാനായി രണ്ടു കൂടുകൾ സ്ഥാപിച്ചെങ്കിലും പുലി രക്ഷപ്പെടുകയും വനം വകുപ്പ് പരാജയപ്പെടുകയുമാണ് ചെയ്തത്. വനം വകുപ്പിന് മതിയായ ജീവനക്കാരോ വാഹനങ്ങളോ ഇല്ല. സെർച്ച് ലൈറ്റ്, നിരീക്ഷണ ക്യാമറകൾ പോലുള്ള സംവിധാനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നുമില്ല. ഇതിന്റെയെല്ലാം ഫലമായി വനം വകുപ്പിനും യാതൊന്നും ചെയ്യാൻ കഴിയുന്നില്ല. നേരത്തെ കാസർഗോഡ് ജില്ലയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കാമെന്ന് പ്രഖ്യാപിച്ചിരുന്നു. അത് അനുവദിച്ച് ആവശ്യമായ ജീവനക്കാരെയും വാഹനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയില്ലെങ്കിൽ മനുഷ്യന്റെ ജീവനുതന്നെ വലിയ ഭീഷണിയുണ്ടാകും. ഒരു വർഷം മുൻപ് ആനയുടെ ഭീഷണിയായിരുന്നെങ്കിൽ ഇപ്പോൾ പുലിയാണ് ഭീഷണിയുയർത്തുന്നത്. ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം. കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ ജീവന് സുരക്ഷ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർഥിക്കുന്നു.

(വനം - വന്യജീവി വകുപ്പുമന്ത്രി)

P-22-01-2025 AL-FM
9.10-9.20

## പുലിയുടെ ആക്രമണം തടയുന്നതിന് നടപടി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അവതരിപ്പിച്ച സബ്മിഷനിൽ സൂചിപ്പിച്ച കാര്യങ്ങൾ വളരെ ഗൗരവകരമാണ്. മേൽപറഞ്ഞ പഞ്ചായത്തുകളിൽ പുലിയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വനം വകുപ്പ്, ഒരു ഗൈഡ്‌ലൈൻസ് എക്സ്‌പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും അവരുടെ മേൽനോട്ടത്തിൽ രണ്ട് കൂടുകൾ സ്ഥാപിച്ച് പുലിയെ പിടിക്കുന്നതിനുള്ള നടപടികൾ തുടരുകയുമാണ്. എന്നാൽ ഇവിടെ സൂചിപ്പിച്ചതുപോലെ വനപാലകർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പരിമിതികൾമൂലം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നത് വളരെ ശരിയാണ്. നിലവിൽ അവിടെ നാല് റാപിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.)-ന്റെ സ്പെഷ്യൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 17 പ്രദേശങ്ങളിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അടിക്കാടുകൾ വെട്ടി വൃത്തിയാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവിടെ നിലവിൽ ഒരു വാഹനം മാത്രമേയുള്ളൂ. അടിയന്തര സാഹചര്യത്തിൽ പോകാൻ ഒരു ഇരുചക്രവാഹനം പോലുമില്ല. ഫോറസ്റ്റ്

സ്റ്റേഷൻ എന്ന ആവശ്യം വർഷങ്ങളായി കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാർ ആവശ്യപ്പെട്ടെങ്കിലും ചില പരിമിതികൾ കാരണം അത് സാധ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പരിമിതികൾ മറികടന്ന് സംസ്ഥാനത്തെ വന്യജീവി ആക്രമണം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി കണ്ടെത്തി ഒരു പ്രത്യേക ടീമിനെ രൂപീകരിച്ച് പ്രവർത്തനം നടത്താനാണ് വനം വകുപ്പ് ആഗ്രഹിക്കുന്നത്. വയനാട് ജില്ലയിൽ പത്ത് ദിവസം കാര്യക്ഷമമായി നടത്തിയ പ്രവർത്തനത്തെ തദ്ദേശവാസികളായ ജനങ്ങൾ രാഷ്ട്രീയ-കക്ഷിഭേദമന്യേ അഭിനന്ദിച്ചിട്ടുണ്ട്. ഈ മാതൃക തുടരാനാണ് വനം വകുപ്പ് ആഗ്രഹിക്കുന്നത്. തീർച്ചയായും ജനങ്ങളുടെ ഭീതി അകറ്റാനാവശ്യമായ എല്ലാ നടപടികളും വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

(ശ്രീ. ആന്റണി ജോൺ)

P-22-01-2025 AL-FM

9.10-9.20

(3) കോതമംഗലം പ്രദേശത്തെ വന്യജീവി ആക്രമണം

ശ്രീ. ആന്റണി ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തിലും അതിന്റെ സമീപപ്രദേശത്തും ഉയർന്നുവരുന്ന രൂക്ഷമായ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. പതിനാലാം കേരള

നിയമസഭയുടെ നിരവധി സമ്മേളനങ്ങളിലും പതിനഞ്ചാം സഭയുടെ കഴിഞ്ഞ സമ്മേളനത്തിലുമുൾപ്പെടെ പലതവണ പ്രസ്തുത വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കേവലം കോതമംഗലത്ത് മാത്രമുള്ളതല്ല ഈ പ്രശ്നങ്ങൾ. കേരളത്തിൽ വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ ഏകദേശം 30 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ വലിയൊരു പ്രശ്നമാണിത്. സഭയിൽ ഈ വിഷയം നിരവധി തവണ ഉന്നയിച്ചതിന്റെ ഫലമായി കോതമംഗലം മണ്ഡലത്തിൽ വനം വകുപ്പ് ധാരാളം പ്രവർത്തനങ്ങൾ പ്രത്യേകമായി ചെയ്തിട്ടുണ്ട് എന്നതുകൂടി ഞാൻ ഈ അവസരത്തിൽ സ്മരിക്കുകയാണ്. അവിടത്തെ സാഹചര്യം പരിശോധിക്കുമ്പോൾ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയത്തെ കാശിരാമൻ എന്ന വ്യക്തി മുതൽ ഏറ്റവുമൊടുവിൽ മണ്ഡലത്തിന്റെ സമീപപ്രദേശമായ മുള്ളരിങ്ങാട് കഴിഞ്ഞ ഡിസംബർ 1-ന് കൊല്ലപ്പെട്ട 23 വയസ്സുള്ള അമർ ഇലാഹി വരെ 13 പേരുടെ ജീവനാണ് വന്യജീവി ആക്രമണത്തിൽ പൊലിഞ്ഞത്. കർഷകരും വനം വകുപ്പ് വാച്ചർമാരുമടക്കം നിരവധി പേർ ഇപ്പോഴും ഗുരുതരമായി പരിക്കേറ്റ് കഴിയുകയാണ്. വ്യാപകമായ കൃഷിനാശം പോലുള്ള സംഭവങ്ങൾ നിത്യേന വാർത്തയായി വരുന്നുണ്ട്. ഭീതിജനകമായ ഒരു സാഹചര്യമാണ് ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. കുട്ടമ്പുഴ, പിണ്ടിമന, കീരംപാറ,

കവളങ്ങാട്, കോട്ടപ്പടി ഉൾപ്പെടെ അഞ്ച് പഞ്ചായത്തുകളിലെ വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ അതിരൂക്ഷമായ സാഹചര്യമാണുള്ളത്. വനം വകുപ്പ് ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അവയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. അതിന് പ്രത്യേകമായ ഇടപെടലുണ്ടാകണം. രാത്രികാലങ്ങളിൽ ആളുകൾക്ക് ആശുപത്രിയിൽ പോകണമെങ്കിൽ പോലും പുറത്തിറങ്ങാൻ കഴിയാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. പല മേഖലയിലും ഉറക്കമില്ലാത്ത രാത്രികളാണ്. കർഷകരും ജനങ്ങളുമെല്ലാം ചേർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരോട് സഹകരിച്ചുകൊണ്ട് വന്യജീവികളെ ആട്ടിയോടിക്കുന്ന രീതിയാണ് ഇപ്പോൾ നടക്കുന്നത്. ഡിസംബർ മാസം മാത്രം മൂന്നുപേരാണ് അവിടെ കൊല്ലപ്പെട്ടത്. ഡിസംബർ 14-ന് എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയായ ആൻ മേരി, രണ്ടു ദിവസത്തിനുശേഷം എൽദോസ് വർഗീസ് എന്ന 44 വയസ്സുകാരൻ, ഡിസംബർ 29-ന് മണ്ഡലത്തിന്റെ സമീപപ്രദേശമായ മുള്ളരിങ്ങാട് അമർ ഇലാഹി എന്ന 23 വയസ്സുകാരൻ എന്നിവരാണ് കൊല്ലപ്പെട്ടത്. ഏതു സമയത്തും വന്യമൃഗങ്ങളാൽ ആക്രമിക്കപ്പെടാവുന്ന അതിരൂക്ഷമായ സാഹചര്യമാണ് മണ്ഡലത്തിൽ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ പ്രഖ്യാപിച്ച പദ്ധതികൾ

സമയബന്ധിതമായി പൂർത്തിയാക്കണം. വ്യാപകമായി ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരവും കൊടുക്കണം. ഡിസംബർ മാസത്തിൽ കൊല്ലപ്പെട്ടവരുടെ പേരുവിവരങ്ങൾ ഇവിടെ സൂചിപ്പിച്ചു. എല്ലാവരും ചെറുപ്പക്കാരാണ്. കുടുംബത്തിന്റെ ഏക പ്രതീക്ഷയായ ഇത്തരം ആളുകളെയെല്ലാം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഈ കുടുംബങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. അവരെ സഹായിക്കാനും കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് വനം വകുപ്പിനോട് ഈയവസരത്തിൽ അഭ്യർഥിക്കുകയാണ്. ഒരു പൊതുവായ വിഷയം കൂടി സൂചിപ്പിക്കാനുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം മലയോര സമര ജാഥയുമായി കടന്നുവരാൻ പോകുകയാണ്. അദ്ദേഹത്തിന്റെ സഹകരണത്തോടെ പാർലമെന്റ് അംഗങ്ങൾ വളരെ ശക്തമായി പാർലമെന്റിൽ ഇടപെടേണ്ടതുണ്ട്. കേന്ദ്രനിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. പ്രിയപ്പെട്ട രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും അടക്കമുള്ള പാർലമെന്റ് അംഗങ്ങളെല്ലാം നേതൃത്വപരമായ പങ്ക് വഹിച്ചുകൊണ്ട് പ്രസ്തുത പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്താനുള്ള ഇടപെടലുണ്ടാകണം. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവിന്റെ ആത്മാർഥമായ സഹകരണം കൂടി ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

(വനം-വന്യജീവി വകുപ്പുമന്ത്രി)

P-22-01-2025 HA/FM (I)
9.20-9.30

കോതമംഗലം പ്രദേശത്തെ വന്യജീവി ആക്രമണം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോൺ പറഞ്ഞതുപോലെ ദൗർഭാഗ്യകരമായ സംഭവങ്ങളാണ് കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ കോതമംഗലം മേഖലയിൽ നടന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്ന് ജീവനുകളാണ് നഷ്ടപ്പെട്ടത്. അങ്ങേയറ്റം വേദനാജനകവും അമ്പരപ്പിക്കുന്നതുമാണ് ഈ സംഭവങ്ങൾ. ഈ വിഷയങ്ങൾ ഒന്നിലധികം തവണ കോതമംഗലം എം.എൽ.എ. എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇക്കാര്യത്തിൽ ശ്രദ്ധവേണമെന്ന് നിർദേശിച്ചിരുന്നു. അവരുടെയെല്ലാം നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് പ്രത്യേക തരത്തിലുള്ള പ്രതിരോധ

പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണ് വനം വകുപ്പ് ആഗ്രഹിക്കുന്നത്. ഇതിനായി 650 ലക്ഷം രൂപയുടെ പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. മൂന്ന് ആർ.ആർ.ടി.-കളും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിവിഷൻ എമർജൻസി കൺട്രോൾ റൂമും ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പലപ്പോഴായി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യും പ്രതിരോധ പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന്റെ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. അവിടത്തെ പ്രശ്നങ്ങൾ ഗൗരവത്തിൽ പരിശോധിക്കുന്നതിനും ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുമായി മുഖ്യ വനപാലകൻ (Chief Wildlife Officer) ഈ ആഴ്ചതന്നെ കോതമംഗലത്ത് എത്തി ബന്ധപ്പെട്ടവരുമായും ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തി മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾ സംബന്ധിച്ച രൂപരേഖ നൽകുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. അഭ്യർത്ഥിച്ചതുപോലെ പ്രതിപക്ഷനേതാവിന്റെ സഹായങ്ങളും നിർദേശങ്ങളും അക്കാര്യത്തിലുണ്ടാകണം. നമുക്ക് യോജിച്ചുനേരിടേണ്ട ജനകീയ പ്രശ്നമാണിത്. ആ പ്രശ്നത്തിന് വസ്തുതാപരമായി കഴിയാവുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊന്ന്, ആനുകൂല്യങ്ങൾ കൊടുക്കുന്ന

കാര്യത്തിൽ പ്രത്യേകിച്ച് കാർഷികവിളകൾ നശിപ്പിക്കപ്പെട്ടാൽ ഇപ്പോൾ പഴയ മാനദണ്ഡ പ്രകാരമാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. അത് പുനഃപരിശോധിക്കാനുള്ള ശ്രമമാണ് റവന്യൂ-വനം-കൃഷി വകുപ്പുകൾ സംയുക്തമായി ആലോചിക്കുന്നത്. അത് വർധിപ്പിച്ചേ മതിയാകൂ. ഉദാഹരണമായി ഒരാൾ ഒരു ലക്ഷം രൂപ വായ്പയെടുത്ത് വാഴകൃഷി നടത്തുകയും എന്നാൽ അത് പൂർണ്ണമായും നശിച്ചാൽ അയാൾക്ക് വായ്പ തിരിച്ചടയ്ക്കാനോ പുതിയ കൃഷി തുടങ്ങുവാനോ കഴിയുകയില്ല. ഈ സാഹചര്യത്തിൽ അവരെയെങ്ങനെ രക്ഷിക്കണമെന്ന കാര്യത്തിൽ സവിശേഷമായൊരു ശ്രദ്ധ വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർഥിച്ചിട്ടുണ്ട്. അദ്ദേഹം അത് അനുഭാവപൂർവ്വം പരിഗണിക്കാമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. നമുക്കെല്ലാം ചേർന്ന് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ശ്രീ. കെ. യു. ജനീഷ് കുമാർ)

P-22-01-2025
HA/FM (I)
9.20-9.30

## (4) കോന്നി ബസ് സ്റ്റേഷൻ നിർമ്മാണവും മലയോര മേഖലയിലെ ബസ് സർവീസ് പുനഃസ്ഥാപിക്കലും

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണപ്രവർത്തനത്തിന് ചില തടസ്സങ്ങളുണ്ടായിരുന്നു. അങ്ങയുടെ കൂടി ഇടപെടലിന്റെ ഭാഗമായിട്ടാണ് ആ തടസ്സങ്ങളെല്ലാം മാറ്റി ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പോകുന്നത്. അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം കോന്നിയിലെ മലയോര മേഖലയിൽനിന്ന് ധാരാളം കെ.എസ്.ആർ.ടി.സി. സർവീസുകളുണ്ടായിരുന്നു. അതിൽ ചിലത് ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട തണ്ണിത്തോട്, തേക്കുതോട്, കരിമാൻതോട് പ്രദേശങ്ങളിൽനിന്നും തൃശ്ശൂർ, ഗുരുവായൂർ, തിരുവനന്തപുരം, പത്തനംതിട്ട എന്നിവിടങ്ങളിലേയ്ക്കുള്ള സർവീസുകൾ ലാഭകരമായിരുന്നു. ആ സർവീസുകൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം കോന്നിയുടെ മലയോര മേഖലയായ കൊക്കാത്തോട്, മലയാലപ്പുഴ, പാടം, പൂമരുതിക്കുഴി, തലച്ചിറ, പോത്തുപാറ പ്രദേശങ്ങളിൽനിന്നെല്ലാം

പത്തനംതിട്ടയിലേയ്ക്കും കോന്നിയിലേയ്ക്കും കൂടുതൽ സർവീസുകൾ അനിവാര്യമാണ്. ആ സർവീസുകൾ ആരംഭിക്കേണ്ടതാണ്. കോന്നി മെഡിക്കൽ കോളേജ് അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. ആ മെഡിക്കൽ കോളേജിലേയ്ക്ക് പത്തനാപുരം, പത്തനംതിട്ട, അടൂർ എന്നിവിടങ്ങളിൽനിന്നും കൈപ്പട്ടൂർ, പൂങ്കാവ് വഴിയെല്ലാം സർവീസുകൾ ആരംഭിക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുകൾ ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ)

P-22-01-2025
HA/FM (I)
9.20-9.30

## കോന്നി ബസ് സ്റ്റേഷൻ നിർമ്മാണവും മലയോര മേഖലയിലെ ബസ് സർവീസ് പുനഃസ്ഥാപിക്കലും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാന്യനായ കോന്നി എം.എൽ.എ. പറഞ്ഞതുപോലെ ബസ് സ്റ്റേഷനുവേണ്ടി എം.എൽ.എ. ആസ്തി വികസന നിധിയിൽനിന്നും നാല് കോടി അമ്പത്തിനാല് ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽനിന്ന് 2021-22-ൽ ഒരു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപയും അനുവദിച്ചുകൊണ്ട് പണി

പൂർത്തിയായിവരികയാണ്. ഇനിയൊരു പത്ത് ശതമാനം പ്രവൃത്തി മാത്രമെ ബാക്കിയുള്ളൂ. അംഗപരിമിതർക്കും സ്ത്രീകൾക്കുമുള്ള ഒരു ടോയ്ലറ്റും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും മാത്രമെ ഇനി ശേഷിക്കുന്നുള്ളൂ. ഈ വിഷയം സംസാരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദേശപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ (സി.എം.ഡി.) ശ്രീ. പ്രമോജ് ശങ്കറിനെ ചർച്ചയ്ക്കായി അവിടെ അയച്ചിരുന്നു. ഇത് നിലനിൽക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട് തർക്കമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ ഈ ചർച്ചയിൽ പങ്കെടുത്തിരുന്നു. ബസ് സർവീസ് നിർത്തലാക്കിയതിനെക്കുറിച്ചുള്ളതാണ് മറ്റൊരു പ്രശ്നം. മലയോര മേഖലയിൽ പരമാവധി സർവീസ് നിർത്തലാക്കാതെയിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. കരിമാൻതോട്-തൃശ്ശൂർ സർവീസിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് 2023 മാർച്ചിൽ ഈ സർവീസ് പുനരാരംഭിച്ചിരുന്നു. എന്നാൽ ജീവനക്കാർക്ക് രാത്രി കാലങ്ങളിൽ അവിടെ സ്റ്റേ ചെയ്യാനുള്ള സൗകര്യങ്ങളില്ല. ഇന്നലത്തെ സബ്മിഷന് മറുപടിയായും ഇക്കാര്യം ഞാൻ പറഞ്ഞതാണ്. പഴയകാലത്തെപ്പോലെ ബസുകളിൽ ജീവനക്കാരെ കിടത്തുന്നത് ഉചിതമല്ല. കരിമാൻതോട് സ്റ്റേ ചെയ്യുന്നതിന്

സ്ഥലം തരാനായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഒരു സഹകരണവും ഉണ്ടായിട്ടില്ല. അതുകൊണ്ട് എം.എൽ.എ. മുൻകൈയെടുത്ത് കരിമാൻതോടിൽ ജീവനക്കാർക്ക് രാത്രികാലങ്ങളിൽ സ്റ്റേ ചെയ്യാനുള്ള സൗകര്യം ഒരുക്കിതരുകയാണെങ്കിൽ ആ സർവീസ് വീണ്ടും പുനരാരംഭിക്കുന്നതാണ്. അതുപോലെ പാടത്തേയ്ക്ക് വരുന്ന സർവീസുകളുടെ കാര്യത്തിൽ, പത്തനാപുരത്ത് നിന്ന് പാടം പൂമരുതിക്കുഴി വഴി മാങ്കോട് വരെ പത്ത് സർവീസുകൾ നടത്തുന്നുണ്ട്. എം.എൽ.എ.-യുമായി സംസാരിച്ച് ഈ സർവീസുകളിൽ മാങ്കോട് വരെ സർവീസ് നീട്ടാൻ കഴിയുന്നവ കൊണ്ടുപോകാം. പക്ഷേ കോന്നിയിൽനിന്ന് മലയോര പ്രദേശങ്ങളിലേയ്ക്ക് പോകുന്ന പല വാഹനങ്ങളും നഷ്ടത്തിലാണ് സർവീസ് നടത്തുന്നത്. എങ്കിലും മലയോര മേഖലയായതുകൊണ്ടാണ് ആ സർവീസുകൾ നിലനിർത്തുന്നത്. ധാരാളം പ്രൈവറ്റ് ബസുകളുടെ കടന്നുകയറ്റമുണ്ട്. അവിടേയ്ക്ക് പഴക്കം ചെന്ന കെ.എസ്.ആർ.ടി.സി. ബസുകൾ ചെന്നാൽ പ്രൈവറ്റ് ബസുകളോടൊപ്പം മത്സരിച്ച് ജയിക്കാൻ സാധിക്കില്ല. അതുകൊണ്ട് പ്രൈവറ്റ് ബസ് വ്യവസായം തകരാതെ കെ.എസ്.ആർ.ടി.സി.-ക്ക് മൊണോപ്പൊളിയുള്ള സ്ഥലങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. മാറിക്കൊണ്ട് ലാഭമുണ്ടാക്കുകയാണ് വേണ്ടത്.

ഏതെങ്കിലും ഒരു കെ.എസ്.ആർ.ടി.സി. സർവീസ് നിർത്തിയാൽ പ്രൈവറ്റ് ബസിനെ സഹായിക്കാനാണെന്നാണ് പറയുന്നത്. ഇതുമായി ബന്ധപ്പെട്ടതും പരസ്യമായി പറയേണ്ടതുമായ കാര്യമാണിത്. പ്രൈവറ്റ് ബസുകളും കേരളത്തിലെ പൗരൻമാരുടേതാണ്. ആ വ്യവസായവും മുന്നോട്ട് വരണം, കേരളത്തിലെ ഖജനാവിൽ നികുതി വരണം. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാവരും പങ്കെടുത്തുകൊണ്ടുള്ള ജനകീയ സദസ്സ് കേരളത്തിൽ വിളിക്കുകയും അവരവരുടെ മണ്ഡലങ്ങളിലെ ഉൾപ്രദേശങ്ങളിൽ വാഹന സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളുൾപ്പെടെയുള്ള മേഖലകളെക്കുറിച്ച് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ പോളിസിയെന്ന നിലയിൽ ഈ റൂട്ട് ഫോർമുലേഷൻ ഉടൻതന്നെ നടത്താൻ പോകുകയാണ്. നിലവിലുള്ള പ്രൈവറ്റ് ബസ് സർവീസുകളെ തടസ്സപ്പെടുത്താത്ത വിധത്തിൽ പുതിയ റൂട്ടുകൾ ഫോർമുലേറ്റ് ചെയ്യുകയാണ്. എം.എൽ.എ.-മാരും പഞ്ചായത്ത് മെമ്പർമാരുമുൾപ്പെടെ പങ്കെടുത്ത ഈ ജനകീയ സദസ്സിൽ തീരുമാനിച്ചപ്രകാരം കോന്നിയടക്കമുള്ള പ്രദേശങ്ങളിലെ ഗ്രാമപ്രദേശങ്ങളിലും മലയോരമേഖലകളിലും പ്രൈവറ്റ് ബസുകൾ ഓടാനുള്ള റൂട്ടുകൾ ഫോർമുലേറ്റ് ചെയ്യും. ഇങ്ങനെ ഫോർമുലേറ്റ് ചെയ്തുകഴിഞ്ഞാൽ കമ്മിറ്റി നിർദേശിക്കുന്ന അത്രയും വാഹനങ്ങൾ മാത്രമെ സർവീസ്

നടത്തുകയുള്ളൂ. അൺഹെൽത്തി കോമ്പറ്റീഷനാണ് ഗതാഗത രംഗത്തെ തകർത്തുകളഞ്ഞത്. കഴിഞ്ഞ കാലങ്ങളിൽ നിയമത്തിലെ ഓരോ ലൂപ്ഹോൾ ഉപയോഗിച്ചുകൊണ്ട് അപേക്ഷിക്കുന്നവർക്കെല്ലാം റൂട്ട് അനുവദിച്ചു കൊടുക്കുമായിരുന്നു. ഒരു മിനിറ്റിന്റെ വ്യത്യാസം പോലുമില്ലാതെ വാഹനങ്ങൾ ഓടി അപകടമുണ്ടാക്കുന്ന സാഹചര്യമൊഴിവാക്കാനായി റൂട്ട് ഫോർമുലേറ്റ് ചെയ്യുന്നതാണ്. തിരുവനന്തപുരം നഗരത്തിൽ റൂട്ട് ഫോർമുലേറ്റ് ചെയ്തത് വർഷങ്ങൾക്ക് മുമ്പാണ്. അതുകൊണ്ട് ഇപ്പോൾ നമ്പരും റൂട്ടും സ്പെസിഫൈ ചെയ്യുകയാണ്. എം.എൽ.എ.-മാർ നിർദേശിച്ചിരിക്കുന്ന ഉൾഗ്രാമപ്രദേശങ്ങളിലെ റൂട്ടുകളിലേയ്ക്ക് ബസ് സർവീസ് നടത്തുന്ന രീതിയിൽ ഉടൻതന്നെ റൂട്ട് ഫോർമുലേറ്റ് ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇറങ്ങുന്നതാണ്. അത് ഇറങ്ങിക്കഴിഞ്ഞാൽ എല്ലാ ഗ്രാമപ്രദേശങ്ങളിലേക്കും വാഹനങ്ങൾ ഓടിക്കാൻ പ്രൈവറ്റ് ബസുകാർ മുന്നോട്ടുവരും. ലാഭകരമായും അപകടമില്ലാതെയും മത്സരമില്ലാതെയും ഇത് നടത്തിക്കൊണ്ടുപോകാൻ അവർക്ക് സാധിക്കുന്നതാണ്. സ്റ്റേറ്റ് ബസുകൾക്ക് സൗകര്യങ്ങളൊരുക്കിത്തരാൻ ബഹുമാനപ്പെട്ട എം.എൽ.എ. തയ്യാറായാൽ കരിമാൻതോട്-തൃശ്ശൂർ സർവീസ് പുനഃസ്ഥാപിക്കുന്നതാണ്. പല കെ.എസ്.ആർ.ടി.സി. സർവീസുകളും നഷ്ടത്തിലാണ്. എങ്കിലും ജനങ്ങളുടെ

ഇത്തരം ആവശ്യങ്ങൾ ജനപ്രതിനിധികൾ ഉന്നയിക്കുന്നത് തള്ളിക്കളയില്ല. തീർച്ചയായിട്ടും അത് പരിഗണിക്കുന്നതായിരിക്കും. പ്രൈവറ്റ് ബസ് വരാൻ സാധ്യതയുള്ള റൂട്ടുകളൊഴികെ ബാക്കി റൂട്ടുകളെക്കുറിച്ച് അദ്ദേഹവുമായി ചർച്ച ചെയ്യുന്നതാണ്.

(ശ്രീ. സി. ആർ. മഹേഷ്)

P.22-1-2025 9.30-9.40 GS/SG(1) bc

<u>വാഹനാപകടത്തിൽ മരണമടഞ്ഞ നാടക കലാകാരികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, 2024 നവംബർ 15-ന് ഓണാട്ടുകരയിൽനിന്ന് വയനാട് സുൽത്താൻബത്തേരിയിൽ നാടകം അവതരിപ്പിക്കാൻ പോകുന്ന വഴി കണ്ണൂർ കേളകത്തിന് സമീപം വച്ച് കായംകുളം ദേവ കമ്മ്യൂണിക്കേഷന്റെ നാടകസമിതിയുടെ മിനി ബസ് മറിഞ്ഞ് നാടക സംഘത്തിലെ ജെസി മോഹൻ, അഞ്ജലി എന്നീ സഹോദരിമാർ തൽക്ഷണം മരണപ്പെടുകയുണ്ടായി. അഞ്ജലിയുടെ മരണത്തോടെ മൂന്ന് വയസ്സുള്ള ഓട്ടിസം ബാധിച്ച കുട്ടി തികച്ചും അനാഥമാക്കപ്പെട്ടിരിക്കുകയാണ്. അഞ്ജലി എന്ന നാടക നടിക്ക് സ്വന്തമായി വാസയോഗ്യമായ വീടുപോലുമില്ലാത്ത സാഹചര്യമാണ്.

ഓച്ചിറയിൽ ചങ്ങകുളങ്ങരയിൽ വാടകയ്ക്ക് താമസിക്കുന്ന ജെസി മോഹന്റെ മരണത്തോടെ അവരുടെ മകൾ സ്വാതിയും അനാഥമായിരിക്കുകയാണ്. ജെസി മോഹന്റെ ഭർത്താവ് അറിയപ്പെടുന്ന നാടകനാടനും സംസ്ഥാനത്തിന്റെ ഏറ്റവും മികച്ച നാടക നടനുള്ള അവാർഡ് ലഭിച്ചിട്ടുള്ള മോഹൻ അതിനുതോട്ട് എട്ട് മാസത്തിനുമുമ്പാണ് മരണപ്പെട്ടത്. കൂടാതെ, നാടക സമിതിയിലുണ്ടായിരുന്ന മറ്റ് പത്തോളം കലകാരാന്മാർക്ക് ഗുരുതരമായി പരിക്ക് ഏൽക്കുകയും ചെയ്തു. നാടക സമിതിയിലെ അതിരുങ്കൽ സുഭാഷ്, സുരേഷ്, ബിന്ദു സുരേഷ്, രംഗങ്ങൾ ഒരുക്കുന്ന മുഹമ്മ അജി, ഡ്രൈവർ ഉമേഷ് എന്നിവർക്ക് ഗുരുതരമായ പരുക്കുകളായിരുന്നു. അതിരുങ്കൽ സുഭാഷ് എന്ന നാടകനടന് സംസാരശേഷി നഷ്ടപ്പെട്ടുമെന്നുപോലും ഡോക്ടർമാർ സംശയിക്കുകയും തുടർന്ന് തോണ്ടയിൽ ഓപ്പറേഷൻ നടത്തി ഇപ്പോഴും ചികിത്സയിലാണ്. ശ്രീമതി ബിന്ദുവിന് ചെവിയിൽ ഓപ്പറേഷൻ ചെയ്തു തുടരുന്ന ചികിത്സ സാഹചര്യമാണ്. സുരേഷ് എന്ന നാടകനടനെയും അപകടത്തെ തുടർന്നുള്ള ആരോഗ്യ പ്രശ്നങ്ങൾ അലട്ടുന്നുണ്ട്. രംഗക്രമീകരണം നടത്തുന്ന മുഹമ്മ അലി എന്ന കലാകാരന്റെ ഷോൾഡറിനും ഇടതുകാലിനും പരിക്ക് സംഭവിച്ച് ഇപ്പോഴും തൊഴിലെടുക്കാൻ സാധിക്കാത്ത സാഹചര്യമാണ്. നാട്ടുംപുറത്തെ

രണ്ട് സാധാരണക്കാരായ നാടകപ്രേമികളായ ചെറുപ്പകാരുടെ സംരംഭംമാണ് പ്രസ്തുത നാടക സമിതി. ടി നാടക സമിതിയുടെ വാഹനം മാത്രമല്ല, അതിലെ ഇലക്ട്രോണിക് സാധനങ്ങളും ലൈറ്റും പരിപൂർണ്ണമായി തകർന്നുപോയി. സർക്കാർ പതിനൊന്ന് ലക്ഷത്തോളം രൂപ കണ്ണൂർ സ്വകാര്യ ആശുപത്രിയിലെ ചികിത്സ ചെലവിനായി കൊടുത്തുവെന്നത് ഇവിടെ നന്ദിയോട് ഓർക്കുകയാണ്. മാത്രമല്ല ബഹുമാനപ്പെട്ട മന്ത്രി അപകടം സംഭവിച്ച സ്ഥലത്തെത്തുകയും അക്കാദമിയുടെ സെക്രട്ടറി ശ്രീ. കരിവെള്ളൂർ മുരളി ഉൾപ്പെടെ അറിയുന്നവരും അറിയപ്പെടാത്തവരുമായ നാടക പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാവരും അവിടെയെത്തുകയും അവരെ സാന്ത്വനിപ്പിക്കുകയും ചെയ്തുവെന്നുള്ളത് ഈയവസരത്തിൽ ഓർക്കുകയാണ്. മരണപ്പെട്ട രണ്ട് പേരുടെയും കുടുംബങ്ങൾ തീർത്തും അനാഥരാക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ കേവലം 25,000 രൂപ മാത്രമാണ് അവരുടെ ശവസംസ്കാര ചടങ്ങുകൾക്കായി അനുവദിച്ചിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: യെസ്......പ്ലീസ്....പ്ലീസ്....

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, 10 ലക്ഷം രൂപ അപകടമരണ ധനസഹായമായി ഈ രണ്ട് സഹോദരിമാരുടെ ആശ്രിതർക്ക്

നൽകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. മാത്രവുമല്ല തുടർചികിത്സ ആവശ്യമായി വരുന്ന കാലകാരന്മാർക്ക് ഇനിയുള്ള ചികിത്സകൂടി സർക്കാർ സൗജന്യമായി നൽകണം. സാംസ്കാരിക വകുപ്പിൽനിന്നും ഈ സമിതിക്കുവേണ്ടി അടിയന്തരമായി സാമ്പത്തിക ധനസഹായം നഷ്ടപരിഹാരമായി അനുവദിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(ശ്രീ. സജി ചെറിയാൻ)

P.22-1-2025 9.30-9.40 GS/SG(1) bc

വാഹനാപകടത്തിൽ മരണമടഞ്ഞ നാടക കലാകാരികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ബഹുമാനപ്പെട്ട അംഗം സി. ആർ. മഹേഷ് ഉന്നയിച്ച സബ്മിഷൻ അതിന്റെ എല്ലാ അർത്ഥത്തിലും ഗവൺമെന്റ് കാണുന്നുണ്ട്. കണ്ണൂരിൽ 15-11-2024-ന് കായംകുളം ദേവ കമ്മ്യൂണിക്കേഷന്റെ നാടക വാഹനം അപകടത്തിൽപ്പെട്ട് രണ്ട് നാടക കലാകാരികൾ മരണപ്പെടുകയും സമിതിയിലെ മറ്റ് പന്ത്രണ്ട് പേർ പരിക്കേറ്റ് ആശുപത്രിയിലാകുകയുമുണ്ടായി. പരിക്കേറ്റവരുടെ ചികിത്സ ചെലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കുമെന്ന് അന്നുതന്നെ നമ്മൾ

പ്രഖ്യാപിച്ചിരുന്നു. മന്ത്രി എന്ന നിലയിൽ കണ്ണൂർ ബേബി മെമ്മോറിയിൽ ഹോസ്പിറ്റൽ ഉടമയുമായി സംസാരിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്ന് എല്ലാ ചികിത്സ സഹായങ്ങളും ഇടപെട്ട് നൽകുമെന്ന് ഉറപ്പുകൊടുത്തു. അതിന്റെഭാഗമായി നാടകപ്രവർത്തകരിൽനിന്ന് യാതൊരു പണവും ചികിത്സ സഹായമായി വാങ്ങിയിട്ടില്ല. ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി ഏറ്റവും മികച്ച ചികിത്സ അവർക്ക് ലഭിക്കുകയും ചെയ്തു. ആകെ 8,50,845 രൂപയാണ് ആശുപത്രി ബില്ല് മാത്രമായിട്ടുള്ളത്. ഇതിൽ 1,50,845 രൂപ ഹോസ്പിറ്റൽ അധികൃതർ കുറവ് ചെയ്ത് 7,00,000 രൂപയായി നിജപ്പെടുത്തി നൽകി. പ്രസ്തുത പണം സംസ്ഥാന ഗവൺമെന്റ് അതിന്റെഭാഗികമായി കൊടുക്കുകയും ബാക്കി കുറച്ച് പണം ഇപ്പോൾ അനുവദിക്കുകയും ചെയ്തു. ഇപ്പോൾ പൂർണ്ണമായി പ്രസ്തുത പണം കൊടുത്തുതീർത്തു. ഇതിന്റെഭാഗമായി പരിക്കേറ്റ ഒരാൾ ആശുപത്രി ചെലവ് വഹിച്ചിട്ടില്ലായെന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്. മരണപ്പെട്ട നാടക കലാകാരികളായ അഞ്ജലി ഉല്ലാസിന്റെയും ജെസി മോഹന്റെയും കുടുംബത്തിന് സാംസ്കാരിക വകുപ്പിൽനിന്ന് 25000 രൂപ ശവസംസ്കാര ചടങ്ങിന്റെ ഭാഗമായി കൊടുത്തു. ഇവിടെ സൂചിപ്പിച്ചതുപോലെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് കൂടുതൽ ധനസഹായം നൽകുന്നതിനുള്ള

നടപടി സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. അവർക്കത് ഏറ്റവും വേഗം കൊടുക്കാൻവേണ്ടിയുള്ള സമീപനം സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ നാടക സമിതിയുടെ വാഹനവും നാടകത്തിന്റെ സാധനസമഗ്രികളും തകർന്ന സാഹചര്യത്തിലും സമിതിക്കുള്ള സഹായം നൽകുന്ന കാര്യത്തിലും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. അത് കൊടുക്കുന്നതിനുവേണ്ടിയുള്ള നീക്കം നടത്തും. ആ കുടുംബത്തെ തുടർന്ന് സംരക്ഷിക്കാനും ആവശ്യമായ മറ്റ് ചികിത്സയുണ്ടെങ്കിൽ അക്കാര്യവും സർക്കാർ പരിഗണിക്കുമെന്ന് ഈ സഭയിൽ ഞാൻ ഉറപ്പുനൽകുന്നു.

(ശ്രീ. കെ. വി. സുമേഷ്)

P.22-1-2025 9.30-9.40 GS/SG(1) bc

പെട്രോൾ പമ്പ്, പാചകവാതക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. വി. സുമേഷ്: സർ, പെട്രോൾ പമ്പ്, പാചകവാതക തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇത് വളരെ സെൻസിറ്റീവായ ഒരു മേഖലയാണ്. ഏതാണ്ട് പതിനായിരക്കണക്കിന് ജീവനക്കാരുണ്ട്. എല്ലാ പാവപ്പെട്ടവരും സാധാരണക്കാരാണ്. അവർക്ക് 2011-ന്റെ തുടക്കത്തിലും 2020-ലും

ഗവണമെന്റ് മിനിമം വേജ് പ്രഖ്യാപിച്ചതാണ്. പക്ഷെ ഭൂരിപക്ഷ ഉടമകളും അത് കൊടുക്കാൻ തയ്യാറാകുന്നില്ലെന്നൊരു വലിയ പ്രശ്നം അഭിമുഖീകരിക്കുകയാണ്. ഞാനാണെങ്കിൽ സി.ഐ.ടി.യു.-വിന്റെ ജില്ല പ്രസിഡന്റ്കൂടിയായി പ്രവർത്തിക്കുന്നയാളാണ്. അങ്ങേയറ്റം പരിതാപകരമായൊരു സ്ഥിതിയാണ് അവരുടെ കാര്യത്തിലുള്ളത്. അപൂർവ്വം ചില ഉടമകളാണ് ഈയൊരു ആനുകൂല്യങ്ങൾ അവർക്ക് ചില ഘട്ടങ്ങളിൽ കൊടുക്കാൻ സന്നദ്ധതമാകുന്നത്. പാചക വാതക വിതരണ തൊഴിലാളികളിൽ ചിലർ വണ്ടിയെടുക്കുകയും അവർതന്നെ ചുമന്നുകൊണ്ട് പോയി വീട്ടിലേക്കുകൊടുക്കുകയെന്ന കാര്യംകൂടി അവർ പ്രധാനമായി ചെയ്യുകയും ചെയ്യുന്നുണ്ട്. ഒട്ടേറെ കുടുംബങ്ങൾ അവരെ ആശ്രയിക്കുന്നുണ്ട്. ഇന്നത്തെ നിത്യ ചെലവിലൊക്കെയുണ്ടായിരുന്ന വലിയ വർധനവ്...... മിനിമം കൂലിപോലുമില്ലാതെ 4350 രൂപയാണ് 2011-ൽ പ്രഖ്യാപിച്ചത്. 2020-ൽ അത് വീണ്ടും പുതുക്കുകയും ചെയ്തു. പതിനായിരക്കണക്കിന് തൊഴിലാളികൾ പെട്രോൾപമ്പ് ജീവനക്കാരനെന്ന നിലയിലും പാചകവാതക മേഖലയിലും അനുഭവിക്കുന്ന ഗുരുതരമായ പ്രയാസം പരിഹരിക്കാൻ ബഹുമാനപ്പെട്ട തൊഴിൽമന്ത്രി എന്ന നിലയിൽ അങ്ങ് ഇടപ്പെടുകയും ഉടമകളുമായി ചർച്ച....... കോടതിയിൽപോയി സ്റ്റേ

വാങ്ങുന്നവെന്നുള്ളതാണ് ഇതിൽ നേരിടുന്ന ഗുരുതരമായൊരു പ്രതിസന്ധി. അങ്ങ് ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

(ശ്രീ. വി. ശിവൻകുട്ടി)

P.22-1-2025 9.30-9.40 GS/SG(1) bc

പെട്രോൾ പമ്പ്, പാചകവാതക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം കെ. വി. സുമേഷ് ഈ രംഗത്തെ തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി വളരെ ശക്തമായ പ്രവർത്തനം നടത്തികൊണ്ടിരിക്കുന്ന വ്യക്തിയാണ്. രണ്ട് വിഷയങ്ങളാണ്അദ്ദേഹം ഉന്നയിച്ചത്. ഒന്ന് പെട്രോൾ പമ്പ് തൊഴിലാളികളുടെയും പാചക വാതക മേഖലയിലെ തൊഴിലാളികളുടെയും പ്രശ്നമാണ്. പെട്രോൾ പമ്പ് പാചക വാതക മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. പാചക വാതക വിതരണ മേഖലയിലെ തൊഴിലാളികളുടെ കൂലി അവസാനമായി പുനഃനിർണ്ണയിച്ചത് 2021 ഫെബ്രുവരി മാസം 24-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം വേതനം വിജ്ഞാപനത്തിലൂടെയാണ്. എന്നാൽ പ്രസ്തുത മിനിമം വേതനം

വിജ്ഞാപനത്തിൽ സർവ്വീസ് വെയിറ്റേജ് പറയുന്നതിനാൽ പ്രസ്തുത വിജ്ഞാപനത്തിനെതിരായി All India LPG Distributors Federation കേരള (സർക്കിൾ) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 8746/2021 നമ്പർ റിട്ട് ഹർജിയുടെ 2021-ലെ ഏപ്രിൽ മാസം ഏഴിലെ ഇടക്കാല ഉത്തരവ് പ്രകാരം ആയത് വാദം കേൾക്കുന്ന അടുത്ത തീയതിവരെ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(തുടരും)

P-22-01-2025 MR-1 9.40-9.50 bc

(ശ്രീ. വി. ശിവൻകുട്ടി......തുടർച്ച)

പ്രസ്തുത റിട്ട് ഹർജിയിൽ സർക്കാർ എതിർസത്യവാങ്മൂലം ഫയൽ ചെയ്യുകയും, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19/03/2024-ൽ ഉദ്യോഗസ്ഥരും അഡ്വക്കേറ്റ് ജനറലുമായി നടത്തിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഏർളി പോസ്റ്റിംഗ് നടത്തി സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിനു നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പാചക വാതക വിതരണ മേഖലയിലെ തൊഴിലാളികളുടെ പൊതുവായ തൊഴിൽ പ്രശ്നങ്ങളും മിനിമം വേതനം സംബന്ധിച്ച വിഷയങ്ങളും തൊഴിലാളി തൊഴിലുടമ-

സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന ത്രികക്ഷി സമിതിയായ പാചക വാതക വിതരണ മേഖല വ്യവസായ ബന്ധസമിതിയിൽ ചർച്ച ചെയ്യപ്പെടുന്നു. 22/07/2023 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 892/2023/തൊഴിൽ ഉത്തരവ് പ്രകാരം ടി വ്യവസായബന്ധ സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പാചക വാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിൽ പൂർണ്ണത വരണമെങ്കിൽ ബി.പി.സി.എൽ., ഐ.ഒ.സി., എച്ച്.പി. എന്നീ ഓയിൽ കമ്പനികളുടെ പ്രതിനിധികളെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തൊഴിലാളി പ്രതിനിധികൾ നമ്മെ അറിയിച്ചിട്ടുണ്ട്. വ്യവസായ ബന്ധസമിതിയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമിതി ചെയർമാന്റെ ശിപാർശ പ്രകാരം പ്രസ്തുത ഉത്തരവിൽ ജനറൽ മാനേജർ തലത്തിലുള്ള ഓയിൽ കമ്പനി പ്രതിനിധികളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ യോഗത്തിന് ഈ യോഗത്തിൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം, സുരക്ഷാക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച നിർദേശം സമിതി ചെയർമാൻ നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ

ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന് പരാതി നൽകി പരിഹാരം കാണാവുന്നതാണ്. സംസ്ഥാനത്തെ പെട്രോൾ പമ്പ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം 07.02.2020-ലെ സ.ഉ.(അച്ചടി) നം.22/2020/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ Petroleum Traders Welfare & Legal Service Society ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 6890/2020 റിട്ട് ഹർജിയിലെ 2020 ഡിസംബർ മാസം 22 -ലെ ഇടക്കാല ഉത്തരവ് പ്രകാരം മേൽ വിജ്ഞാപനം മൂന്ന് ആഴ്ചത്തേക്ക് സ്റ്റേ ചെയ്യുകയും ചെയ്തു. 2021 ജനുവരി മാസം 14-ന് ഹിയറിംഗ് നടത്തിയപ്പോൾ മേൽ വിജ്ഞാപനം ഹർജി തീർപ്പാക്കുന്നതുവരെ സ്റ്റേ ചെയ്യുകയും ഉണ്ടായി. പ്രസ്തുത റിട്ട് ഹർജിയിൽ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2024 മാർച്ച് 19-ന് ഉദ്യോഗസ്ഥരും അഡ്വക്കേറ്റ് ജനറലുമായി നടത്തിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഏർളി പോസ്റ്റിംഗ് നടത്തി സ്റ്റേ നീക്കം ചെയ്ത് കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അഡ്വ. ജനറലിനു നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ഒ.സി., ബി.പി.സി.എൽ., എച്ച്.പി.സി.എൽ

കമ്പനികളുടെ എൽ.പി.ജി. പ്ലാന്റുകളിൽ ഓടുന്ന സിലിണ്ടർ ട്രക്ക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അടങ്ങുന്ന കരാറിന്റെ കാലാവധി 31/12/2022-ന് അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകുന്നതിനായി All Kerala LPG Distributors Assosiation-ഉം All Kerala LPG Distributors Transporters Association-ഉം സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. എ.ഐ.റ്റി.യു.സി. ബി.എം.എസ്. എന്നീ യൂണിയനുകൾ സംയുക്തമായി നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതിയ കരാർ നടപ്പാക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ)-ന്റെ അധ്യക്ഷതയിൽ നിരവധി മീറ്റിംഗുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2024 ആഗസ്റ്റ് മാസം ഏഴിന്റെ മീറ്റിംഗിൽ അഞ്ച് വർഷ കാലാവധിയുള്ള ദീർഘകാല കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. 21,000/- രൂപ വരെ (ഭിന്ന ശേഷികാർക്ക് 25,000/- രൂപ) വേതനം ലഭിക്കുന്നതും, പത്തോ അതിലധികമോ ജീവനക്കാരുള്ളതുമായ പെട്രോൾ പമ്പ്-പാചക വാതക മേഖല ഉൾപ്പെടെയുള്ള എല്ലാ ഫാക്ടറി/സ്ഥാപനങ്ങളിലേയും തൊഴിലാളികളും ഇ.എസ്.ഐ ആക്ട്, 1948-ൽ രജിസ്റ്റർ ചെയ്യാൻ അർഹരാണ്. എന്നാൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ ആക്റ്റ് നിലവിൽ വന്നിട്ടില്ല. സംഘടിത മേഖലയിൽ ജോലി

ചെയ്യുന്നവരെ അവരുടെ തൊഴിലുടമകൾക്ക് വെബ് പോർട്ടലുകൾ വഴി ഇ.എസ.ഐ ആക്റ്റിൽ രജിസ്ട്രേഷൻ ചെയ്യാവുന്നതും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൃശ്ശൂർ ഇ.എസ്.ഐ.സി റീജിയണൽ ഓഫീസ് എല്ലാ മാസവും സംഘടിപ്പിക്കുന്ന 'Suvidha Samagam' എന്ന പരസ്പര സംവാദ സെഷനിൽ പങ്കെടുക്കാവുന്നതുമാണ്. ആയത് സംഘടിപ്പിക്കുന്ന തീയതി പ്രാദേശിക ന്യൂസ് പേപ്പറിൽ പബ്ലിഷ് ചെയ്യുന്നതാണ്.

(ശ്രീ. ഇ. ചന്ദ്രശേഖരൻ)

P-22-01-2025 MR-1 9.40-9.50 -bc

## നീലേശ്വരം എടത്തോട് റോഡ്, ഹോസ്ദുർഗ്- പാണത്തൂർ റോഡ് നിർമ്മാണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2017-18 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ട് റോഡുകളുടെ പ്രവൃത്തി ഇപ്പോഴും പൂർത്തീകരിക്കാത്ത സംബന്ധിച്ച വിഷയമാണ് ഞാൻ ഉന്നയിക്കുന്നത് - നീലേശ്വരം-എടത്തോട് റോഡ്. നീലേശ്വരം മുൻസിപ്പൽ പ്രദേശം തൃക്കരിപ്പൂർ മണ്ഡലത്തിലാണെങ്കിലും മറ്റെല്ലാ പ്രദേശങ്ങളും കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന്റെ പ്രദേശത്താനുള്ളത്. അതിന്റെ പ്രവൃത്തി ആരംഭിച്ച് വേണ്ടത്ര വേഗതയിൽ നിങ്ങാതെ പല സന്ദർഭങ്ങളിലായി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കോൺട്രാക്ടറുടെ ഭാഗത്തുനിന്ന്

നടപടിയില്ലാതെ വന്ന ഒരു സാഹചര്യമുണ്ടായി. അവർ എടുത്ത പ്രവൃത്തികൾ സംബന്ധിച്ച് പോലും കിഫ്ബി ടീം പ്രത്യേകം പരിശോധിച്ചപ്പോൾ വേണ്ടത്ര ത്രിപ്തികരമായിട്ടില്ല. ദീർഘമായി അനാസ്ഥ തുടർന്ന ഘട്ടത്തിൽ അത് ടെർമിനേറ്റ് ചെയ്യുകയുണ്ടായി. ടെർമിനേറ്റ് ചെയ്ത കോൺട്രാക്ടർ മാറിയതിനുശേഷം ഒരു വർഷക്കാലമായിട്ടും അതിന്റെ പ്രവൃത്തി ഇപ്പോൾ പുനരാംരംഭിക്കാൻ റീ-ടെൻഡർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല. എത്രയും വേഗത്തിൽ അതിന്റെ റീടെൻഡർ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥനയാണ് ഈ കാര്യത്തിലുള്ളത്.

ഹോസ്ദുർഗ് - പാണത്തൂർ റോഡ് ഇതേ കാലയളവിൽ ആരംഭിച്ചതും എന്നാൽ ഇപ്പോഴും പൂർത്തീകരിക്കാതെ ഇഴഞ്ഞ് നീങ്ങുന്നതുമായ പ്രവൃത്തിയാണ് അവിടെയും നടക്കുന്നത്. ഒന്നോ രണ്ടോ തവണ സർക്കാർ അതിന് ആവശ്യമായ സമയം നീട്ടി കൊടുക്കുകയും ചെയ്തു. എന്നിട്ടുമത് പൂർത്തിയാകാതിരിക്കുയാണ്. പൂർത്തീകരിക്കണമെങ്കിൽ ഈ സീസണിലെങ്കിലും അതിനാവശ്യമായ വിധത്തിലുള്ള സമയം അനുവദിച്ച് കൊടുത്തുകൊണ്ട് എത്രയും പെട്ടെന്ന് ആ പ്രവൃത്തി കൂടി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്

ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P-22-01-2025 MR-1 9.40-9.50 bc

നീലേശ്വരം എടത്തോട് റോഡ്, ഹോസ്ദുർഗ്- പാണത്തൂർ റോഡ് നിർമ്മാണം

പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ മുൻ മന്ത്രി കൂടിയായിട്ടുള്ള ഇ. ചന്ദ്രശേഖരൻ ഇവിടെ ഉന്നയിച്ച വിഷയം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ടതാണ്. 42 കോടി 10 ലക്ഷം രൂപയുടെ ധനാനുമതി നൽകി ആരംഭിച്ച പ്രവർത്തിയാണ് ഇവിടെ സൂചിപ്പിച്ച നീലേശ്വരം-എടത്തോട് റോഡ്. അതിന്റെ വിശദ വിവരം ഇവിടെ പറഞ്ഞുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ പുരോഗതിയിൽ ചില പ്രയാസം വന്നു. കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് ഭൂമി ഏറ്റെടുക്കലിനും യൂട്ടിലിട്ടി ഷിഫ്റ്റിംഗിനുമുള്ള അധിക എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ധനാനുമതി 43 കോടി 27 ലക്ഷം രൂപയാക്കി പുതുക്കി നൽകി. ബാലൻസ് പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ പുതുക്കിയ ധനാനുമതിയ്ക്കായി

കിഫ്ബിയിൽ നിർദേശം സമർപ്പിക്കുകയും ചെയ്തു. ഈ നിർദേശം കിഫ്ബി പരിശോധിച്ച് പൂർത്തീകരിച്ച പ്രവർത്തികളുടെ വിവരങ്ങളും അനുബന്ധ രേഖകളും സഹിതം പുനർ സമർപ്പിക്കുക എന്ന് നിർദേശിച്ചുകൊണ്ട് തിരികെ നൽകിയിരുന്നു. കിഫ്ബി ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ സഹിതമുള്ള നിർദേശത്തിന് 13-01-2025-ലെ ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സമയ ബന്ധിതമായി സമർപ്പിക്കുവാൻ കെ.ആർ.എഫ്.ബി. പി.എം.യു പ്രോജക്ട് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഹോസ്ദുർഗ്-പാണത്തൂർ റോഡ് പ്രവർത്തിക്ക് കിഫ്ബി 59 കോടി 94 ലക്ഷം രൂപയുടെ ധനാനുമതി നൽകിയിരുന്നു. പിന്നീട് കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള അധിക തുക കൂടി ഉൾപ്പെടുത്തി ഇത് 60 കോടി 32 ലക്ഷം രൂപയായി പുതുക്കി നൽകുകയും ചെയ്തു. പ്രവർത്തി ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ട് നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ 52 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി കുടങ്കല്ല് മുതൽ പതിനെട്ടാം മൈൽ വരെ 8 കി.മീ മീറ്റർ നീളത്തിൽ ബി.ബി.എം പൂർത്തീകരിച്ചിട്ടുണ്ട്. 35 കൾവർട്ടുകളിൽ 24 എണ്ണം പൂർണ്ണമായും മൂന്നെണ്ണം

ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. 2950 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓട നിർമ്മാണം പൂർത്തീകരിച്ചിരുന്നു. ബി.ബി.എം പ്രവൃത്തി പൂർത്തീകരിച്ച കൂടകല്ല് മുതൽ കൊളിച്ചാൽ വരെയുള്ള ആദ്യ റീച്ചിൽ കോൺക്രീറ്റ് ഓട നിർമ്മാണം റീട്ടെയിനിംഗ് വാൾ നിർമ്മാണം എന്നിവ പുരോഗമിച്ച് വരികയാണ്. രണ്ടാമത്തെ റീച്ചിൽ 2.68 കി.മീ. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിശദ വിവരങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പ്രവൃത്തി താമസം കൂടാതെ പൂർത്തിയാക്കുന്നതിന് കൃത്യമായി ഇടപെടാൻ കെ.ആർ.എഫ്.ബി., പി.എം.യു. പ്രോജക്ട് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(ശ്രീ. സജീവ് ജോസഫ്)

P-22-01-2025 MR-1 9.40-9.50 bc

<u>ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് നിർമ്മാണം</u>

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കണ്ണൂർ ജില്ലയിലെ പ്രധാന റോഡായ ഇരിട്ടി-ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് നവീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ. ഇരുപത് കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡ് ഇരിക്കൂർ-പേരാവൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതാണ്. അതിൽ അഞ്ച് കിലോമീറ്റർ പേരാവൂരിലാണ്.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അവശേഷിക്കുന്നത് ഇരിക്കൂറിലും. ഇരിക്കൂർ മണ്ഡലത്തിൽനിന്ന് ഇരിട്ടി താലൂക്കാസ്ഥാനത്തേയ്ക്കും ജില്ലാ ആസ്ഥാനത്തേയ്ക്കുമുള്ള ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. ഈ റോഡ് നവീകരിച്ചിട്ട് പത്ത് വർഷത്തിലധികമായി. ഇപ്പോൾ ഈ റോഡിൽ നിറയെ കുഴികളാണ്. ഇതുമൂലം അപകടങ്ങൾ പതിവായിരിക്കുന്നു. റോഡിന്റെ വശങ്ങൾ പൊട്ടിത്തകർന്നു. ഓവ്ചാലില്ലാത്തതുമൂലം മഴവെള്ളം റോഡിൽക്കൂടിയാണ് ഒഴുകുന്നത്. റോഡിൽ വീതിയും വളരെ കുറവാണ്. ബാംഗ്ലൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേയ്ക്കുള്ള ദീർഘദൂര ബസ്സുകൾ സർവീസ് നടത്തുന്ന റോഡാണിത്. ഇരിക്കൂറിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ കാഞ്ഞിരക്കൊല്ലി, കാലാങ്കി തുടങ്ങിയ ഇടങ്ങളിലേയ്ക്കും കുന്നത്തൂർ പാഡിയിലേയ്ക്കും എത്തിച്ചേരാനുള്ള റോഡാണിത്. ഈ മേഖലയിലെ ടൂറിസം വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നത് ഈ റോഡിന്റെ ഇന്നത്തെ അവസ്ഥയാണ്. കർണ്ണാടകയിൽനിന്ന് ആയിരക്കണക്കിന് തീർത്ഥാടകരാണ് ഈ റോഡുമാർഗ്ഗം പ്രസിദ്ധമായ വൈത്തൂർ, പയ്യാവൂർ ക്ഷേത്രങ്ങളിലേയ്ക്ക് എത്തുന്നത്. കുടകരമായിട്ടുള്ള നൂറ്റാണ്ടുകളുമായിട്ടുള്ള ബന്ധം ഈ ക്ഷേത്രങ്ങൾക്കുണ്ട്. ഈ റോഡ് നവീകരിച്ചാൽ തീർത്ഥാടന ടൂറിസത്തിന് ഒരു മുതൽക്കൂട്ടാകും. എല്ലാ ബഡ്ജറ്റിലും ഈ റോഡിന് മുന്തിയ

പരിഗണന നൽകി എഴുതി നൽകാറുണ്ടെങ്കിലും ആവശ്യമായ തുക അനുവദിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ഇതിലെ ഒരു ഭാഗം ഒറ്റിയാൻതോട്-മാട്ടറ മാത്രം രണ്ട് കിലോമീറ്റർ നവീകരിക്കാൻ നാലുകോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന പണി പുരോഗമിക്കുകയാണ്. കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാനും ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. സണ്ണി ജോസഫും കണ്ണൂർ എം.പി. കെ. സുധാകരനും അങ്ങയോട് ആവശ്യപ്പെട്ടിരുന്നു. മലയോരത്തെ ഏറ്റവും സുപ്രധാനമായിട്ടുള്ള ഈ ഇരിട്ടി-ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് നവീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P-22-01-2025 MR-1 9.40-9.50 bc

ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് നിർമ്മാണം

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ അംഗം ശ്രീ. സജീവ് ജോസഫ്, ഇവിടെ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ സ്റ്റേറ്റ് ഹൈവേയിൽനിന്ന് ആരംഭിച്ച് കാലങ്കി വരെ നീളുന്ന സുപ്രധാന റോഡിനെക്കുറിച്ചാണ് സൂചിപ്പിച്ചത്. ഇരിട്ടി-ഉളിക്കൽ-മാട്ടറ-കാലങ്കി റോഡ് ഇതിന്റെ ആകെ നീളം 17.76

കിലോമീറ്ററാണ്. ഇതിൽ കിലോമീറ്റർ ചെയിനേജ് .... മുതൽ 10 വരെ BM&BC റോഡും 10/250 മുതൽ 17/750 വരെ ഓർഡിനറി BT ഉപരിതലവുമാണ്. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി കിലോമീറ്റർ 0/0 മുതൽ 10/250 വരെയും കിലോമീറ്റർ 12/660 മുതൽ 17760 വരെയും പരിപാലിച്ചുവരുന്നുണ്ട്. കിലോമീറ്റർ 10/280 മുതൽ 12/500 വരെ ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തി 4 കോടി രൂപയുടെ പ്രവർത്തി ടെൻഡർ ചെയ്യുകയും 04-11-2024-ലെ പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തിയുടെ പൂർത്തികരണ കാലാവധി 9 മാസമാണ്. നിലവിൽ 9 കൾവട്ടുകളുടെ പകുതി ഭാഗവും 650 മീറ്റർ ട്രെയിനേജും പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കിയിരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായും മറ്റ് കാര്യങ്ങൾ സംസാരിച്ച് ഇടപെടാവുന്നതാണ്.

(ശ്രീ. എ. കെ. എം. അഷ്റഫ് ....)

P. 22-01-2025 ആർ. ജെ/എസ്.ജി -3 09.50-10.00 bc

തലപ്പാടി - ചെങ്കള റീച്ച് പ്രവൃത്തി പൂർത്തീകരണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി തലപ്പാടി - ചെങ്കള റീച്ച് പ്രവൃത്തി അവസാനഘട്ടത്തിലാണ്.

പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. എന്നാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പരിഹരിക്കാത്ത നിരവധി പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്. ഇവിടത്തെ പ്രധാന നഗരമായ ഉപ്പള ടൗണിൽ നിലവിൽ 200 മീറ്റർ നീളത്തിലാണ് മേൽപ്പാലം നിർമ്മിക്കുന്നത്. ഇത് 500 മീറ്റർ നീളത്തിൽ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ആദ്യം മുതൽ ഞങ്ങൾ എല്ലാവരെയും സമീപിച്ചിരുന്നു. ഇതുവരെ പ്രസ്തുത മേൽപ്പാലത്തിന്റെ പണി പൂർത്തിയാക്കാത്തതിനാൽ നാട്ടുകാർ സമരത്തിലാണ്. കൂടാതെ ഹിദായത്തു ബസാർ, ഹിദായത്തു നഗർ കട്'രാജ്പള്ളി, ഹനഫി ജുമാമസ്ജിദ് പ്രദേശങ്ങളിലെ ജനങ്ങൾ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് വലിയ പ്രയാസത്തിലും സമരത്തിലുമാണ്. ഉദ്യാവര മാഡ, ഗോവിന്ദപൈ ഗവൺമെന്റ് കോളേജ്, താലൂക്കാശുപത്രി, നയാബസാർ എന്നീ പ്രദേശങ്ങളിൽ നിലവിലെ അടിപ്പാത വീതി കൂട്ടണം. നിരവധി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഷിറിയ പ്രദേശത്തെ ജനങ്ങളുടെ സുഗമവും സുരക്ഷിതവുമായ സഞ്ചാരത്തിന് ഹൈവേ, റെയിൽവേ എന്നിവ കണക്ക് ചെയ്ത് ഒരു മേൽപ്പാലം നിർമ്മിക്കാനുള്ള ആവശ്യം ഉന്നയിച്ചുകൊണ്ട് സമരം നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡ്-മംഗലാപുരം നഗരങ്ങൾക്കിടയിലെ പുരാതനവും പ്രധാനപ്പെട്ടതുമായ കുമ്പള ടൗണിനെ

പ്രതികൂലമായി ബാധിക്കുന്ന രീതിയിലാണ് നിലവിലെ എൻ.എച്ച് നിർമ്മാണം എന്ന പരാതി പൊതുജനങ്ങൾക്കിടയിൽ വ്യാപകമായി ഉയർന്നിട്ടുണ്ട്. അവിടെയും സമരം നടന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ കുമ്പള ടൗണിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗതാഗത തടസ്സമില്ലാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. കുമ്പള നഗരത്തിന് ഗുണകരമാകുംവിധം മേൽപ്പാലം ഉൾപ്പെടെ സാധ്യമായ എല്ലാ പ്രവർത്തനവും നടത്തേണ്ടതായിട്ടുണ്ട്. വളയം പ്രദേശത്ത് ജനങ്ങൾ റോഡിന്റെ ഇരുവശവും മുറിച്ചുകടക്കുന്നതിന് അടിപ്പാത ആവശ്യപ്പെട്ടുകൊണ്ട് നിലവിൽ സമരത്തിലാണ്. ഷിറിയ പാലത്തിനു സമീപം സ്ലിപ് റോഡ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. ഇവിടെ വീതി കൂട്ടി സർവ്വീസ് റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഉപ്പള, ഷിറിയ, കുമ്പള, മൊഗ്രാൽ എന്നീ പാലങ്ങളുടെ സമീപം സ്ലിപ് റോഡുകൾക്കുപകരം സർവ്വീസ് റോഡുകൾ നിർമ്മിക്കണം. ആരിക്കാടി കടവത്ത് അടിപ്പാത ആവശ്യപ്പെട്ടുകൊണ്ട് മത്സ്യത്തൊഴിലാളികൾ സമരത്തിലാണ്.

മി. സ്പീക്കർ: എസ്....എസ്..... പോയിന്റിലേയ്ക്ക് വരൂ.....സമരം എല്ലായിടത്തും നടക്കുന്നുണ്ട്.... പറയൂ......പ്ലീസ്....

ശ്രീ. എ. കെ. എം. അഷ്റഫ്: കുമ്പള, മാവിനക്കാട് തുടങ്ങിയ

സ്ഥലങ്ങളിലെ ജനങ്ങളും സമരത്തിലാണ്. അതോടൊപ്പം ഡിസംബറിൽ പെയ്ത അപ്രതീക്ഷിത മഴയിൽ വസംഗടി, വന്ദിയോട് ഉപ്പള തുടങ്ങിയ പ്രദേശങ്ങളിൽ കോടികളുടെ നഷ്ടങ്ങളാണ് സംഭവിച്ചത്. ഒരുകാര്യംകൂടി പറയട്ടെ; ഈ നാട്ടുകാർ സമരം ചെയ്ത്, ഡൽഹിയിൽ പോയി ശ്രീ.നിധിൻ ഗഡ്കരിയെ കാണുന്നു, സിഎമ്മിനെ കാണുന്നു, പി.ഡബ്ല്യു.ഡി മിനിസ്റ്ററെ കാണുന്നു, ബി.എൽ. മീനയെ കാണുന്നു, പ്രോജക്ട് ഡയറക്ടറെ കാണുന്നു; ഒരുപരിഹാരവും ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട സർ, എന്റെ മണ്ഡലം പ്രത്യേകിച്ച് അതിർത്തിയായതിനാൽ, ആ ജില്ലയിലെ കളക്ടർക്ക് ഒരു നിർദേശം നൽകണം. മനോഹരമായ റോഡ് വരുമ്പോൾ റോഡിനിരുവശങ്ങളിലും എന്റെ നാട്ടുകാർ സമരത്തിലാണ്. അതിനാൽ അടിയന്തരമായ ഇടപെടലുകൾ നടത്തി ഇതിനൊരു പരിഹാരം കാണാൻ ശ്രമിക്കണം.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P. 22.01.2025 ആർ. ജെ/എസ്.ജി -3 09.50-10.00 ബി.സി.

തലപ്പാടി - ചെങ്കള റീച്ച് പ്രവൃത്തി പൂർത്തീകരണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ ശ്രീ. എ. കെ. എം. അഷ്റഫ് ഉന്നയിച്ച

വിഷയം ദേശീയപാത 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ദേശീയപാത 66 -ന്റെ ഏറ്റവും പ്രധാനപ്പെട്ട റീച്ചാണ് തലപ്പാടി - ചെങ്കള റീച്ച്. അതിൽ കുറെ വിഷയങ്ങൾ നേരത്തെതന്നെ ഇടപെട്ടതാണ്. വളരെ വേഗത്തിലാണ് പ്രസ്തുത പ്രവൃത്തി നടക്കുന്നത്. അതിന്റെ തൊട്ടടുത്തുള്ള റീച്ച് പൂർത്തീകരിച്ചു. സർക്കാർ ജനങ്ങളിലേക്ക് പോകുന്ന, മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളെ കേൾക്കാനും പറയാനും പോയ, ലോകത്തിനുതന്നെ മാതൃകയായ നവകേരള സദസ്സിന്റെ ഭാഗമായി പെട്ടെന്ന് വാഹനത്തിൽ പോകുമ്പോൾ അവിടെ പണി പൂർത്തീകരിച്ച റീച്ച് ഇറങ്ങി കാണണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം ഞങ്ങൾ അവിടെ ഇറങ്ങിയിരുന്നു. എന്തോ ഭാഗ്യത്തിന് അത് സംഭവിച്ചത് ബസ്സ് കേടായതുകൊണ്ടാണെന്ന് പറഞ്ഞ് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ആ പ്രവൃത്തി പൂർത്തീകരിച്ച് നാടിനെ അറിയിക്കാൻ ആദ്യമായി മാധ്യമങ്ങൾ തയ്യാറായി എന്നുള്ള ഒരു സന്തോഷവിവരംകൂടി അതിലുണ്ട്. വേഗത്തിൽ പ്രസ്തുത വിഷയത്തിൽ ഇടപെട്ടുപോകുന്നുണ്ട്. ഈ പറഞ്ഞ വിഷയങ്ങൾ പരിഗണിക്കാവുന്നതാണ്. എന്തായാലും പറഞ്ഞതിലധികവും പ്രവൃത്തി പൂർത്തീകരിച്ച റോഡുകളുടെ കാര്യമാണ്. കാസർഗോഡ് ജില്ലയിലെ റോഡുകളുടെ ചിത്രംവച്ചുകൊണ്ടാണ് ഒരു പ്രമുഖ ദിനപ്പത്രം - ദേശീയപാത

66-ന്റെ പ്രവൃത്തി കർണ്ണാടകയിൽ ഒച്ചിന്റെ വേഗത്തിലാണ്; എന്നാൽ കേരളം അത് അതിവേഗം നടപ്പിലാക്കുന്നു; കാരണം കേരളത്തിലെ സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് വളരെ കാര്യക്ഷമതയോടുകൂടി ഇടപെടുന്നുയെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. അത് അങ്ങനെയുള്ള റോഡുകൂടിയാണ്. അതുകൊണ്ട് മറ്റുകാര്യങ്ങൾ പരിശോധിച്ച് നടത്താവുന്നതാണ്.

(ശ്രീ. പി. ടി. എ. റഹീം)

P. 22.01.2025 ആർ. ജെ/എസ്.ജി -3 09.50-10.00 ബി.സി.

<u>കാളപൂട്ട്, മരമടി, കാളയോട്ടം മത്സരങ്ങൾ നടത്തുന്നതിന് അനുമതി</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കേരളത്തിലെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി നടത്തിക്കൊണ്ടിരുന്ന മരമടി, കാളയോട്ടം, കാളവണ്ടിയോട്ടം, കന്നുപൂട്ട്, ഉഴവ്, കാളപൂട്ട് എന്നിവ കേന്ദ്ര നിയമമായ Prevention of Cruelty to Animals Act-ന്റെ വെളിച്ചത്തിൽ നിർത്തിവയ്പ്പിച്ചത് ഈ മേഖലയിൽ പതിറ്റാണ്ടുകളായി പ്രവർത്തിച്ചിരുന്നവരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. നൂറ്റാണ്ടുകളായി കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നത് കാർഷികവൃദ്ധി തൊഴിലായി

സ്വീകരിച്ചവർക്കിടയിൽ വലിയ പ്രതിഷേധമുയർത്തുന്നതിന് കാരണമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാഹചര്യം മുൻനിർത്തി ഇവ മുൻകാലങ്ങളിലെപ്പോലെ തുടർന്നും നടത്തുന്നതിന് അനുമതി ലഭ്യമാക്കാൻ മറ്റു സംസ്ഥാനങ്ങളിലേതുപോലെ നിയമം കൊണ്ടുവരണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീമതി ജെ. ചിഞ്ചുറാണി)

P. 22.01.2025 ആർ. ജെ/എസ്.ജി -3 09.50-10.00 ബി.സി.

കാളപൂട്ട്, മരമടി, കാളയോട്ടം മത്സരങ്ങൾ നടത്തുന്നതിന് അനുമതി

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സംസ്ഥാനത്ത് കാളപൂട്ട്, കാളയോട്ടം, മരമടി മത്സരങ്ങൾ നിയമപരമായി നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് നിയമ വകുപ്പിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ Prevention of Cruelty to Animals Kerala (Amendment) Bill, 2021 ബഹുമാനപ്പെട്ട മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ Prevention of Cruelty to Animals Kerala (Amendment) Bill, 2021-ന് പകരം ആയത് ഓർഡിനൻസായി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നു. 1960-ലെ Prevention of

Cruelty to Animals Act, Central Act 59 of 1960 ഒരു കേന്ദ്ര ആക്റ്റ് ആയതിനാൽ ഭേദഗതി വരുത്തുന്നതിനുമുമ്പ് ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം 1-ാം ഖണ്ഡിക പ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ നിർദേശം വാങ്ങേണ്ടതുണ്ട്. അതിനാൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ നിർദേശങ്ങൾ ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിയ്ക്ക് 31-03-2021, 27-08-2021, 21-02-2022, 27-02-2024 എന്നീ തീയതികളിൽ കത്തുകളും ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ആയതിന് കേന്ദ്ര സർക്കാരിൽനിന്നും മറുപടി ലഭ്യമായിട്ടില്ല. തുടർന്ന് ഈ വിഷയത്തിൽ പുതിയ ഓർഡിനൻസ് പുറപ്പെടുവിക്കാൻ രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വേണമോ എന്ന വിഷയത്തിൽ അഭിപ്രായമറിയുന്നതിന് ഫയൽ നിയമവകുപ്പിന് സമർപ്പിച്ചപ്പോൾ ഭാരത ഭരണഘടനയുടെ അനുച്ഛേദം 213, 1-ാം ഖണ്ഡപ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടിക്കൊണ്ട് 2021-ലെ The Prevention of Cruelty to Animals Kerala (Amendment) Ordinance എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ഭരണ വകുപ്പ് മുഖേന കേന്ദ്ര ആഭ്യന്തര

മന്ത്രാലയത്തിന് കത്തയച്ചെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസിലെ നിർദേശം ഒരു ബില്ലായി നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കി ആയത് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങി നിയമമാക്കാവുന്നതാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതോടൊപ്പം തമിഴ്നാട്ടും കർണ്ണാടക സർക്കാരും കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തി ജെല്ലിക്കെട്ട് പോലുള്ള കാർഷിക മത്സരങ്ങൾ നിയമവിധേയമാക്കിയത് ചോദ്യംചെയ്തുകൊണ്ട് മൃഗക്ഷേമ സംഘടനകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ മേൽപ്പറഞ്ഞ നിയമ ഭേദഗതികൾ സാധുവാണെന്നും പ്രസ്തുത കേസിൽ 2023-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രസ്താവിക്കുകയുണ്ടായി.

മി. സ്പീക്കർ: Answer lengthi- ആണെങ്കിൽ ടേബിൾ ചെയ്താൽ മതി...

ശ്രീമതി ജെ. ചിഞ്ചുറാണി: ഇത് ഇതിനുമുമ്പ് ഒരു അനൗദ്യോഗിക ബില്ലായി സഖാവ് ജി.എസ്. ജയലാൽ സഭയുടെ പരിഗണനയ്ക്ക് വച്ചിരുന്നതാണ്. അന്നും ഇത് മാറ്റിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, കാളയോട്ടം, മരമടി മത്സരങ്ങൾ നടത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി

ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ശ്രീ. കെ. പി. എ. മജീദ്)

P-22-01-2025
VV-NV-I
10.00-10.10 (VR)

(സബ്മിഷൻ തുടർച്ച....)

12. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരിൽനിന്നും ജനങ്ങൾ നേരിടുന്ന ദുരനുഭവങ്ങൾ

ശ്രീ. കെ. പി. എ. മജീദ്: സർ, തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ധാരാളം രോഗികൾ വരുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള ഡോക്ടർമാരുടെ കുറവുണ്ട്. സമീപകാലത്ത് ചില ഡോക്ടർമാരുടെ തെറ്റായ നിലപാടിന്റെയും പെരുമാറ്റത്തിന്റെയും കൃത്യവിലോപത്തിന്റെയും ഫലമായി നിരവധി പ്രയാസങ്ങൾ അവിടെ വന്നിരിക്കുകയാണ്. അതിനാൽ വിവിധ രാഷ്ട്രീയ പാർട്ടികൾ സമരത്തിലാണ്. ഇതിൽ പ്രധാനപ്പെട്ട പ്രശ്നം, അത്യാസന്ന നിലയിലായ ഒരു രോഗി മരിച്ചോ ഇല്ലയോ എന്ന് ഉറപ്പിക്കാനായി ആശുപത്രിയിലേക്ക് കൊണ്ടുവരുന്നവഴി രോഗി മരിച്ചുപോകുകയാണെങ്കിൽ പോസ്റ്റ്മോർട്ടം നിർബന്ധമാക്കുകയാണ് ചെയ്യുന്നത്. ആ രോഗിക്ക് മുമ്പ് മറ്റ് രോഗങ്ങളുണ്ടോയെന്ന് പരിശോധിക്കാനുള്ള യാതൊരു സംവിധാനവുമില്ല.

ഡോക്ടർമാർ ഉടനെ പോലീസിനെ അറിയിക്കും, അവർ ഡോക്ടർമാരെ ഏൽപ്പിക്കും, പിന്നീട് അവർ തമ്മിൽ പ്രശ്നങ്ങളുണ്ടായി അവസാനം ജില്ലാ ആശുപത്രിയിലുള്ള ഫോറൻസിക് സർജന്റെ പക്കലെത്തുന്ന സ്ഥിതിയാണ് നിലവിലുള്ളത്. തന്മൂലം ധാരാളം പ്രശ്നങ്ങൾ അവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ഒരു ഫോറൻസിക് സർജൻ ഇല്ല എന്നതും വലിയ പ്രശ്നമാണ്. മാത്രമല്ല അവിടെയുള്ള രണ്ടുമൂന്ന് ഡോക്ടർമാരെക്കുറിച്ച് ധാരാളം പരാതികളും വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ  പോസ്റ്റുമോർട്ടം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദേശമുണ്ടാക്കണം; ഡോക്ടർമാരുടെ ഇത്തരത്തിലുള്ള പെരുമാറ്റം സംബന്ധിച്ച് വ്യക്തമായ തീരുമാനം എടുക്കണം. ഡോക്ടർമാർക്ക് സംഘടനയുള്ളതുകൊണ്ട് അവർ സമരവും പ്രകടനങ്ങളും നടത്തുകയാണ്. എന്നാൽ രോഗികൾക്ക് സംഘടനയില്ല, അവർക്കുവേണ്ടി പറയാൻ ആരുമില്ല. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ആയതിനാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദമായ മറുപടി നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

(ശ്രീമതി വീണാ ജോർജ്)

P-22-01-2025
VV-NV-I
10.00-10.10

## 12. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരിൽനിന്നും ജനങ്ങൾ നേരിടുന്ന ദുരനുഭവങ്ങൾ

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തിരൂരങ്ങാടി താലൂക്കാശുപത്രി പൊതുവെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയാണ്. 2022, 2023 വർഷങ്ങളിൽ കായകൽപ് അവാർഡിൽ രണ്ടാം സ്ഥാനം, NQAS (National Quality Assurance Standards) അക്രഡിറ്റേഷനിൽ ദേശീയ തലത്തിൽ 88 ശതമാനത്തിലധികം സ്കോർ നേടിയ ആശുപത്രി, മാതൃശിശു സൗഹൃദ ഇനിഷ്യേറ്റീവിലൊക്കെ മുന്നിലുള്ള ആശുപത്രി എന്നിങ്ങനെയുള്ള നേട്ടങ്ങൾ സ്വന്തമാക്കിയ ആശുപത്രിയാണത്. രോഗചികിത്സയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രോഗിയോടുള്ള സമീപനവും ആർദ്രതയും. ചികിത്സാ ഗുണനിലവാരം ഉറപ്പാക്കുന്നതോടൊപ്പം ഈ സമീപനവും നല്ല രീതിയിലാകണം എന്നതന്നെയാണ് ആരോഗ്യവകുപ്പ് കാണുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച സബ്മിഷനിലെ വിഷയം രണ്ട് തലത്തിലുണ്ട്. ഒന്ന്, രോഗിയോടുള്ള സമീപനം നല്ല രീതിയിലായിരിക്കണം. മറ്റൊന്ന്, ആരോഗ്യ പ്രവർത്തകരുടെ മനോവീര്യം തകർക്കുന്ന നിലയിൽ,

'പുറത്തുവന്നാൽ കാണിച്ചുതരാം' എന്നുള്ള വെല്ലുവിളികളും ഉണ്ടാകാൻ പാടില്ല. നിയമപരമായ നടപടികൾ അതിന്റെ ഭാഗമായി സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിൽ DHS (Directorate of Health Services) തലത്തിൽ അന്വേഷണം നടത്തി ഡോക്ടർമാരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടിയെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആളുകൾക്കിടയിൽനിന്നും വെല്ലുവിളികളും ഭീഷണികളും ഉണ്ടാകാൻ പാടില്ലെന്നുള്ളതുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. Code of Criminal Procedure, Kerala Medico-legal Code, മുൻ പോലീസ് സർജൻ ഡോ. പി. ബി. ഗുജ്റാൾ ഇറക്കിയ മാർഗനിർദേശം, സംസ്ഥാന ആഭ്യന്തര വകുപ്പ് പുറത്തിറക്കിയ മാർഗനിർദേശം എന്നിവയുടെ അടിസ്ഥാനത്തിലാണ് പോസ്റ്റ്മോർട്ടം നടത്തുന്നത്. സംസ്ഥാനത്ത് DHS-ന് കീഴിൽ ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് 18 ഫോറൻസിക് സർജന്മാരാണുള്ളത്. മെഡിക്കൽ കോളേജിന്റെയും പോലീസ് സർജനുള്ള ആശുപത്രികളുടെയും സാമീപ്യം എന്നിവ കണക്കിലെടുത്തുകൊണ്ട് ജില്ലാ ആശുപത്രികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിക്കുന്നുണ്ട്. നിലവിലുള്ള പോസ്റ്റുമോർട്ടം മാർഗ്ഗനിർദേശങ്ങളിൽ നിയമത്തിനുള്ളിൽനിന്നുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ

വരുത്താൻ കഴിയുമോയെന്ന് പരിശോധിക്കാം. കാൻസർ രോഗിയായി വർഷങ്ങളോളം കിടപ്പിലായി വീട്ടിൽവച്ച് മരിച്ച ഒരാളെ ആശുപത്രിയിലേക്ക് കൊണ്ടുവരുമ്പോൾ പോസ്റ്റ്മോർട്ടം ചെയ്യണമെന്ന് പറയുന്നതിൽ ഒരു ശരിയില്ലായ്മയുണ്ട്. അതിനാൽ മാർഗനിർദേശങ്ങൾ പരിഷ്കരിക്കേണ്ടതുണ്ടോ എന്ന് നിയമത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്.

(ശ്രീ. ജി. സ്റ്റീഫൻ)

P-22-01-2025
VV-NV-I
10.00-10.10

13. <u>റേഷൻ കട ലൈസൻസികളുടെ കടയടപ്പുസമരം</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഈ മാസം 27-ാം തീയതി മുതൽ കേരളത്തിലെ റേഷൻ വ്യാപാരികൾ അനിശ്ചിതകാല കടയടപ്പുസമരം പ്രഖ്യാപിച്ചിരിക്കുകയാണ്. അത് ഒഴിവാക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. റേഷൻ വിതരണം നടത്തുന്ന ലൈസൻസികൾ വളരെയേറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ദൈനംദിന ജീവിതവുമായി അടുത്തുനിൽക്കുന്ന ഒരു മേഖലയാണ് പൊതുവിതരണ മേഖല.

പൊതുസമൂഹത്തിൽ വളരെ പ്രധാനപ്പെട്ട സേവനം നിർവഹിച്ചുവരുന്ന ഒരു വിഭാഗമായ ചില്ലറ റേഷൻ വ്യാപാരികൾ ഇന്ന് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. റേഷൻ ലൈസൻസി, സെയിൽസ്മാൻ എന്നിവരുൾപ്പെടുന്ന ഏകദേശം 25000-ലേറെ കുടുംബങ്ങൾ ഈ മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. വളരെ തുച്ഛമായ പ്രതിഫലം വാങ്ങിയാണ് ഡീലർഷിപ്പ് നിലവിൽ ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. അത് വലിയ കടബാധ്യതയിലേക്ക് അവരെ കൊണ്ടെത്തിക്കുന്ന സാഹചര്യമാണ് ഒരുക്കുന്നത്. കഴിഞ്ഞ ഏഴ് വർഷം മുമ്പാണ് അവരുടെ വേതന പാക്കേജ് സർക്കാർ അംഗീകരിച്ചത്. അന്ന് അത് ആറ് മാസത്തിനകം പുനഃപരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഉറപ്പുനൽകിയിരുന്നു. ഇപ്പോൾ 4268 കടകളോളം പതിനായിരത്തിനും ഇരുപതിനായിരത്തിനുമിടയിലുള്ള വരുമാനം വാങ്ങിയാണ് നിലനിൽക്കുന്നത്. ഭീമമായ കട വാടക, സെയിൽസ്മാൻമാരുടെ വേതനം, വൈദ്യുതി ചാർജ്, വിവിധ ലൈസൻസ് ഫീസുകൾ എന്നിവ കഴിഞ്ഞാൽ റേഷൻ കട ഉടമകൾക്ക് വളരെ തുച്ഛമായ വരുമാനംപോലും ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ അവരുടെ വേതന പാക്കേജ് പുതുക്കണമെന്നാണ് അവർ

ആവശ്യപ്പെടുന്നത്. അതുപോലെ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന തുച്ഛമായ വേതനം നിലവിൽ രണ്ട് മാസം മുടങ്ങിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് കൃത്യമായി എല്ലാ മാസവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന DBT (Direct Benefit Transfer) സമ്പ്രദായം ഇന്ത്യയിലെ പല സംസ്ഥാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. Direct Benefit Transfer എന്നുള്ള ഈ സ്കീം കേരളത്തിൽ നടപ്പാക്കാതിരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

(ശ്രീ. ജി. ആർ. അനിൽ)

P-22-01-2025
VV-NV-I
10.00-10.10

13. <u>റേഷൻ കട ലൈസൻസികളുടെ കടയടപ്പുസമരം</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിന്മേലുള്ള പ്രധാന ഭാഗങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.+ സമരത്തിനാധാരമായി സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ നാല് ഡിമാന്റുകളാണ് പ്രധാനമായും ഉന്നയിച്ചത്. അതിൽ

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

രണ്ടെണ്ണം സംസ്ഥാന സർക്കാർ സ്വാഗതം ചെയ്യുകയാണ്. ഭക്ഷ്യധാന്യങ്ങൾക്ക് പകരം പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിക്കുക എന്നതാണ് ഒരു ഡിമാന്റ്. മറ്റൊന്ന്, കേന്ദ്ര അവഗണന അവസാനിപ്പിക്കുക എന്നതാണ്. ഇവ രണ്ടും സർക്കാർ സ്വാഗതം ചെയ്യുകയാണ്. നിലവിലെ കമ്മീഷൻ പാക്കേജ് പരിഷ്കരിക്കുക, കമ്മീഷൻ അതത് മാസംതന്നെ നൽകുക എന്നിവയാണ് മറ്റ് രണ്ട് ഡിമാന്റുകൾ. ഇവ രണ്ടും പൂർണ്ണമായും തള്ളിക്കളയുന്ന നിലപാടല്ല സംസ്ഥാന സർക്കാരിനുള്ളത് എന്ന് സഭയെ അറിയിക്കുകയാണ്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് മാറുന്നമുറയ്ക്ക് പരിഗണിക്കാൻ കഴിയുന്ന ഡിമാന്റുകളാണിവ. അനിശ്ചിതകാല സമരം പ്രഖ്യാപിച്ച് റേഷൻ വ്യാപാരി കോ-ഓർഡിനേഷൻ കമ്മിറ്റി നൽകിയ നോട്ടീസ് പരിഗണിച്ച് 20-01-2025-ന് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യങ്ങൾ ഭക്ഷ്യവകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ സംഘടനാ നേതാക്കളെ അറിയിച്ചിരുന്നതാണ്. ഈ സബ്മിഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗവും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു. റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സമയംകൂടി

കണ്ടെത്തി വീണ്ടും ചർച്ച നടത്താൻ സർക്കാർ തയ്യാറാണ്. ഈ സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ സമരത്തിൽനിന്നും പിന്മാറണമെന്ന അഭ്യർഥനയാണുള്ളത്.

(ശ്രീ. രമേശ് ചെന്നിത്തല)

P-22-01-2025
VV-NV-I
10.00-10.10

14. മണിയാർ പ്രോജക്ട് കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിന് നടപടി

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പത്തനംതിട്ട ജില്ലയിലെ മണിയാറിൽ കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് കേരളത്തിലാദ്യമായി BOT (Build-Operate-Transfer) വ്യവസ്ഥയിൽ ഒരു ചെറുകിട ജലവൈദ്യുതി പ്ലാന്റ് സ്ഥാപിച്ചത്. മുപ്പത് വർഷക്കാലളവിലേക്കായി അനുവദിച്ച പദ്ധതി കാലാവധി കഴിയുമ്പോൾ തിരിച്ച് സർക്കാരിലേക്ക് വരണം. ഡിസംബർ 30-ാം തീയതി അതിന്റെ കാലാവധി കഴിഞ്ഞിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രണ്ട് ചർച്ചകൾ നടന്നുവെന്നാണ് പത്രവാർത്തകളിലൂടെ അറിയാൻ കഴിഞ്ഞത്. ഇനി 25 വർഷംകൂടി അവർക്ക് കാലാവധി നീട്ടിക്കൊടുക്കണമെന്നാണ് വ്യവസായ വകുപ്പുമന്ത്രി

പറയുന്നത്. എത്രയുംവേഗം കെ.എസ്.ഇ.ബി.എൽ. അത് ഏറ്റെടുക്കണമെന്നാണ് വൈദ്യുതി വകുപ്പുമന്ത്രി പറയുന്നത്. സാധാരണഗതിയിൽ BOT വ്യവസ്ഥ പ്രകാരം കാലാവധി കഴിഞ്ഞാൽ അത് ഏറ്റെടുക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. കെ.എസ്.ഇ.ബി.എൽ. നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഗവൺമെന്റ് ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല. വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത് കാലാവധി കഴിഞ്ഞതുകൊണ്ട് ഏറ്റെടുക്കണമെന്നാണ്. കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് പറയുന്നത് അവർക്ക് 25 വർഷംകൂടി കാലാവധി നീട്ടിനൽകണം, കാരണം വെള്ളപ്പൊക്കത്തിൽ അവർക്ക് നാശനഷ്ടമുണ്ടായി എന്നാണ്. വെള്ളപ്പൊക്കമുണ്ടായ സമയത്തും വൈദ്യുതി ഉൽപാദനം അവിടെ നടത്തിയിരുന്നു, ഒരു തരത്തിലുള്ള അറ്റകുറ്റപ്പണികളും നടത്തേണ്ടിവന്നില്ല. മാത്രമല്ല, അത്തരമൊരു അപകടം സംഭവിച്ചിരുന്നെങ്കിൽ അതിന് ഇൻഷ്വറൻസ് ക്ലെയിം ആവശ്യപ്പെടുമായിരുന്നു, അതും ചെയ്തിട്ടില്ല. കേരളത്തിൽ BOT വ്യവസ്ഥയിലുള്ള പന്ത്രണ്ടോളം പദ്ധതികളുണ്ട്. വിഴിഞ്ഞം പദ്ധതിയും BOT വ്യവസ്ഥയിലുള്ളതാണ്. BOT കാലാവധി കഴിഞ്ഞാൽ സർക്കാരിലേക്ക് തിരികെ വരേണ്ട ഈ പദ്ധതിയുടെ കാലാവധി 25 വർഷംകൂടി നീട്ടിക്കൊടുത്താൽ ഒരു ഡസനിലേറെ മറ്റ്

വൈദ്യുത പദ്ധതികളും ഇതുപോലെ നീട്ടിക്കൊടുക്കേണ്ടിവരും. വിഴിഞ്ഞം പദ്ധതി മൂന്നാം ഘട്ടമാകുമ്പോൾ 60 വർഷം കഴിഞ്ഞാൽ വീണ്ടും നീട്ടിക്കൊടുക്കേണ്ടിവരും. ഇതൊരു തെറ്റായ നയമാണ്, ഇത് ശരിയല്ല. ഇതിൽ വ്യവസായ വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ രൂക്ഷമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് മണിയാർ ജലവൈദ്യുത പദ്ധതി ഗവൺമെന്റ് ഏറ്റെടുക്കണം. 12 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന, കോടിക്കണക്കിന് രൂപ വൈദ്യുതി ബോർഡിന് ലാഭമുണ്ടാക്കുന്ന പദ്ധതിയാണിത്. പാവപ്പെട്ട ജനങ്ങളുടെ തലയിൽ വൈദ്യുതി ചാർജ്ജുകൾ അടിച്ചേൽപ്പിക്കുമ്പോൾ ഇത്തരം പദ്ധതികൾ ഗവൺമെന്റ് ഏറ്റെടുത്താൽ ജനങ്ങൾക്ക് ഉപകാരപ്രദമാകും. കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് എന്ന കമ്പനി 30 വർഷമായി സൗജന്യമായി ക്യാപ്റ്റീവ് പവർ എടുത്തുകൊണ്ട് ബാക്കിയുള്ളത് വിറ്റുകൊണ്ടിരിക്കുകയാണ്. ഇവർക്കാവശ്യമുള്ള വൈദ്യുതി വ്യവസായങ്ങൾക്ക് ഉപയോഗിച്ചശേഷം ബാക്കിയുള്ളത് ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുകയാണ്. മുന്നൂറ് കോടിയിലധികം രൂപ ഇതിനകം അവർക്ക് ലാഭമുണ്ടായിട്ടുണ്ട്. എന്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് 25 വർഷം കൂടി കാലാവധി

നീട്ടിക്കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നത്? കൂടാതെ, 30-ാം തീയതി ഇതിന്റെ കാലാവധി കഴിഞ്ഞു, അതിനുശേഷവും വൈദ്യുതി നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അത് നിയമപരമായി തെറ്റാണ്. അതുകൊണ്ട് ഈ പ്ലാന്റ് സർക്കാർ ഏറ്റെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

(ശ്രീ. കെ. കൃഷ്ണൻകുട്ടി)

P-22-01-2025
VV-NV-I
10.00-10.10

14. <u>മണിയാർ പ്രോജക്ട് കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിന് നടപടി</u>

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, 1990-ലെ ചെറുകിട ജലവൈദ്യുതി നയത്തിലെ വ്യവസ്ഥകളനുസരിച്ച്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സമ്മതത്തോടെ സർക്കാർ പത്തനംതിട്ട ജില്ലയിലെ മണിയാർ SHEP (12 MW) നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് ക്യാപ്റ്റീവ് പവർ പ്ലാന്റ് (CPP) ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചു. കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന്റെ പാലക്കാട്, കൊരട്ടി, കളമശ്ശേരി എന്നിവിടങ്ങളിലെ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി 30 വർഷകാലയളവിലേയ്ക്കായാണ് പദ്ധതി

അനുവദിച്ചത്. CPP മാതൃകയിൽ, ഒരു അക്കൗണ്ട് വർഷത്തിൽ അവരുടെ ആവശ്യത്തിലധികം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പരസ്പരം സമ്മതിച്ച നിരക്കിൽ കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകും.

കെ.എസ്.ഇ.ബി.എൽ.-ഉം കമ്പനിയും തമ്മിലുള്ള കരാർ 18-05-1991-ന് നടപ്പാക്കി. കരാർ പ്രകാരം, മണിയാർ ജലവൈദ്യുതി പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മിച്ച ഇലക്ട്രിക് ഇൻസ്റ്റലേഷനുകൾ, മെഷിനറികൾ, കെട്ടിടങ്ങൾ, മറ്റ് അനുബന്ധ ഓപ്പറേറ്റിംഗ് സൗകര്യങ്ങൾ, ഭൂമി ഉൾപ്പെടെ ഒരു ചെലവും കൂടാതെ പദ്ധതി കമ്മീഷൻ ചെയ്ത തീയതി മുതൽ 30 വർഷ കാലയളവിനുശേഷം കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലേക്ക് കൈമാറ്റം ചെയ്യണം.

സ്ഥാപനം നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേക്ക് കാലാവധി നീട്ടിനൽകണമെന്ന് കാർബൊറാണ്ടം കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. തുടർനടപടികൾ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കൂടി സഹായകരമാകണമെന്നാണ് വ്യവസായ വകുപ്പ് അറിയിച്ചിരിക്കുന്നത്.

കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് അനുവദിച്ച മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ബൂട്ട് കാലാവധി ദീർഘിപ്പിക്കുന്നത്

പ്രത്യക്ഷമായി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-ന് നഷ്ടം ഉണ്ടാക്കുകയും ആയത് പരോക്ഷമായി വൈദ്യുതി ചാർജ് വർധനയിലൂടെ പൊതുജനങ്ങളെയും ബാധിക്കാനിടയുണ്ടെന്ന് കെ.എസ്.ഇ.ബി.എൽ.-ഉം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുപ്പത് വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ മേൽ പദ്ധതി ഏറ്റെടുക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ. കാർബൊറാണ്ടം കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ശ്രീ. പിണറായി വിജയൻ)

P.22-01-2025
AV-NV
10.10-10.20

(സബ്മിഷൻ തുടർച്ച.......)

14. <u>മണിയാർ പ്രോജക്ട് കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിന് നടപടി</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട ശ്രീ.

രമേശ് ചെന്നിത്തല ചൂണ്ടിക്കാണിച്ചതിൽ ഒരു കാര്യം അദ്ദേഹം തന്നെ പറയുകയുണ്ടായി. ഇതിന്റെ ക്യാപ്റ്റീവ് ജനറേഷൻ എന്നത് മാറും. അതാണ് ഇതിൽ പ്രധാനം. ഇക്കാര്യത്തിൽ വ്യവസായ വകുപ്പും വൈദ്യുതി വകുപ്പും തമ്മിൽ അഭിപ്രായവ്യത്യാസമില്ല. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലും അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. കാരണം കേരളത്തിൽ വളരെ കൂടുതൽ വൈദ്യുതി ആവശ്യമായി വരുന്ന വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യം നൽകുന്നതിന്റെ ഭാഗമായാണ് ക്യാപ്റ്റീവ് ജനറേഷൻ യൂണിറ്റുകൾ നേരത്തെ അനുവദിച്ചിരുന്നത്. അതിന്റെ ഭാഗമായി വരുന്നൊരു പദ്ധതിയാണിത്. അനുവദിച്ച പലരും അത് നടപ്പാക്കിയിട്ടില്ല. എന്നാൽ കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി അത് നല്ല നിലയിൽ നടപ്പാക്കിയെന്നത് വസ്തുതയാണ്. അവർ കുറേ കാലമായി ഇവിടെ നിൽക്കുന്നതുപോലെ ഇനിയും തുടർന്ന് നിലനിൽക്കുന്നു. അത്തരം ക്യാപ്റ്റീവ് ജനറേഷൻ തുടർന്നുപോകണമെന്നാണ് സർക്കാരിന്റെ പൊതുവായ നയം. ആ കാര്യത്തിലൊരു തർക്കവുമില്ല. Ease of doing business-ന്റെ നമ്പർ വൺ സംസ്ഥാനമായി മാറിയ നാടാണ് കേരളം. അപ്പോൾ നേരത്തെയുള്ള സൗകര്യംപോലും നിഷേധിക്കുന്ന നിലയിലേയ്ക്ക് നമുക്ക് പോകാൻ കഴിയില്ല. അതാണ് നമ്മൾ കാണേണ്ടത്. ഇതിനകത്ത്

മറ്റ് തർക്ക വിഷയങ്ങളില്ല. അവർക്കാവശ്യമായ വൈദ്യുതി അവർ ഉത്പാദിപ്പിക്കുന്നു. അങ്ങ് പറഞ്ഞതുപോലെ മിച്ചമുണ്ടെങ്കിൽ അത് കെ.എസ്.ഇ.ബി.എൽ.-ന് നൽകണമെന്നൊരു ഭാഗമുണ്ട്. അക്കാര്യങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിക്കാവുന്നതേയുള്ളൂ. ക്യാപ്റ്റീവ് ജനറേഷൻ എന്ന തത്വം പൊതുവെ അംഗീകരിക്കേണ്ട കാര്യമാണ്. അത് തുടർന്നും അതേ നിലതന്നെ സ്വീകരിക്കുകയെന്നുള്ളതാണ് ഇക്കാര്യത്തിൽ കണ്ടിട്ടുള്ളത്.

മി. സ്പീക്കർ: റൂൾ 50.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.... (.....മൈക്ക് ഓഫ്......)

മി. സ്പീക്കർ: ഇത് ഡിബേറ്റല്ല, അങ്ങ് ക്ഷമിക്കണം. റൂൾ 50 പ്രകാരം BAC-യിലെടുത്ത തീരുമാനത്തിന്റെ ഭാഗമായി zero hour 10 മണിക്കും സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലും നേരത്തെ ആരംഭിക്കണമെന്നുമായിരുന്നു ധാരണ. അങ്ങ് സീനിയർ അംഗമാണ്. അങ്ങ് റൂൾ 26 വായിച്ചാൽ മതിയാകും.

(റൂൾ 50)

P.22-01-2025
AV-NV
10.10-10.20

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

<u>സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും വിവിധ ആനുകൂല്യങ്ങൾ നിഷേധിച്ചത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പളപരിഷ്കരണ കുടിശ്ശിക ക്ഷാമബത്ത കുടിശ്ശിക, ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാത്തതായും 12-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാത്തതായും പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ. പി. സി. വിഷ്ണുനാഥ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ധനകാര്യമന്ത്രി)

P.22-01-2025
AV-NV
10.10-10.20

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും വിവിധ ആനുകൂല്യങ്ങൾ നിഷേധിച്ചത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രതിപക്ഷം ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി കൊണ്ടുവന്ന വിഷയം വാസ്തവത്തിൽ കുറച്ച് വസ്തുതകൾ ജനങ്ങളുടെ മുമ്പിൽ എത്തിക്കാൻ സഹായിക്കുന്നതാണ്. കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ കുടിശ്ശികയും ക്ഷാമബത്ത കുടിശ്ശികയും ലീവ് സറണ്ടറും അടക്കമുള്ള ആനുകൂല്യങ്ങൾ കഴിഞ്ഞ 5 വർഷത്തിലേറെയായി നൽകുന്നില്ല എന്നുള്ള ആരോപണം പൂർണ്ണമായും വസ്തുതാപരമല്ല. ഇത്തരം ഡിമാന്റുകൾ ജീവനക്കാരുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നുണ്ട്. എല്ലാ സംഘടനകളും ഇത്തരം കാര്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അക്കാര്യത്തിൽ ജീവനക്കാരുടെ സംഘടനകൾ ഉന്നയിക്കുന്നതിനോട് ഒരു പ്രതികാര മനോഭാവവും സർക്കാരിനില്ല. പഴയ ചരിത്രവും നടന്ന കാര്യങ്ങളും പരിശോധിച്ച് എങ്ങനെയാണ് ഈ കാര്യങ്ങൾ ചെയ്യുന്നതെന്നുള്ള കാര്യത്തിൽ

ഉത്തരവാദിത്വപൂർവ്വമായ നിലപാടെടുക്കേണ്ടത് പ്രതിപക്ഷമാണ്. സർക്കാർ ജീവനക്കാരുടെ വിഷയം പരിശോധിച്ചാൽ കേരളത്തിലെ പ്രത്യേകിച്ച് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്തുണ്ടോ? ഇന്ത്യയിൽ കോൺഗ്രസ് ഗവൺമെന്റുകളടക്കം ചില ഗവൺമെന്റുകളുണ്ടല്ലോ. അവർക്ക് അങ്ങനെയൊരു നിലപാടുണ്ടോ? കേരളത്തിൽ നേരത്തെയുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് സർക്കാർ ജീവനക്കാരോടെടുത്ത നിലപാടാണോ ഇപ്പോഴത്തെ നിലപാട്? പഴയ രേഖകളും കാര്യങ്ങളും പരിശോധിച്ചാൽ സർക്കാർ ജീവനക്കാരുടെ സംവിധാനം ഇത്തരത്തിൽ വേണ്ടെന്ന അഭിപ്രായമുണ്ടായിരുന്നതായും അവർക്ക് ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന കാര്യവും ചെയ്തിട്ടുണ്ടെന്നും കാണാൻ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും കേരളത്തിലെ 5 ലക്ഷത്തിലധികം വരുന്ന സർക്കാർ ജീവനക്കാരും പെൻഷൻകാരും; ഇപ്പോഴത്തെ കണക്കനുസരിച്ച് എല്ലാംകൂടി പത്തേകാൽ ലക്ഷത്തോളം പേർ വരും; അവരുടെ കാര്യത്തിൽ ഒരു വെട്ടിക്കുറവും വരുത്താത്ത തരത്തിലുള്ള സമീപനം സ്വീകരിക്കുന്നുണ്ട്. ഏകദേശം നാൽപ്പതിനായിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

ഏറ്റവും കൃത്യമായി പി.എസ്.സി. തസ്തികകൾ വെട്ടിക്കുറയ്ക്കാതെ കാര്യങ്ങൾ ചെയ്യുകയും മറ്റ് സംസ്ഥാനങ്ങളെക്കാളും കൃത്യമായ സമീപനമെടുക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ ജീവനക്കാരുടെ കണക്കെടുത്താൽ ഒരു പക്ഷേ, കേരളത്തിലായിരിക്കും ഏറ്റവും കൂടുതൽ ആളോഹരി ജീവനക്കാരുള്ളത്. തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിന്റെയും കേരളത്തിന്റെയും കാര്യം പരിശോധിച്ചാൽ നമ്മുടെ പോപ്പുലേഷനെക്കാൾ എത്രയോ അധികമാണ് അവരുടേത്. അവിടെയുള്ള സർക്കാർ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ നമ്പർ കൂടെയുണ്ട്. കാരണം ഇന്ത്യയിലാകെ എല്ലാ മേഖലയിലും ഇത് വെട്ടിക്കുറച്ചുകൊണ്ടിരിക്കുമ്പോൾ നമ്മൾ അങ്ങനെ ചെയ്യുന്നില്ല. കഴിഞ്ഞ വർഷത്തെ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പുറത്തിറക്കിയ ഡേറ്റ അനുസരിച്ച് ഇന്ത്യയിലാകെ പി.എസ്.സി. നിയമനം നടത്തിയതിൽ കേരളമാണ് 60 ശതമാനത്തിലധികം ആളുകളെ നിയമിച്ചിട്ടുള്ളത്. ജീവനക്കാരുടെ കാര്യത്തിൽ ഏറ്റവും പ്രഥമ പരിഗണന കൊടുക്കുന്നുവെന്നതാണ് ഈ സർക്കാരിന്റെ സമീപനം. പ്രത്യേകിച്ചും കേന്ദ്ര ഗവൺമെന്റ് കേന്ദ്ര സർവീസിൽ പത്തുലക്ഷത്തോളം വേക്കൻസി ഒഴിച്ചിട്ടിരിക്കുന്ന തരത്തിലാണുള്ളത്. ഐ.എ.എസ്. പോസ്റ്റുകളായ ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി മുതലുള്ള പോസ്റ്റുകളിൽ കോൺട്രാക്ട്

അപ്പോയിന്റ്മെന്റുകളാണ് നടത്തിയിട്ടുള്ളത്. അമേരിക്കയിൽ ഡൊണാൾഡ് ട്രംപിന്റെ യുഗം തുടങ്ങിയപ്പോൾ അവിടത്തെ ടോപ്പ് പൊസിഷനിൽ പുറത്തുനിന്നുള്ള ആളുകളെ നിയമിച്ചതുപോലെയുള്ള സംവിധാനം ഇന്ത്യയിൽ ടോപ്പ് സീനിയർ പോസ്റ്റുകളിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ട 32 ലക്ഷത്തിലധികം വേക്കൻസികളാണ് ഒഴിഞ്ഞുകിടക്കുന്നത്. പക്ഷേ കേരളത്തിൽ ഒരു വേക്കൻസിയും ഒഴിഞ്ഞുകിടക്കുന്നില്ല. കേന്ദ്രസർക്കാർ സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കിയതാണ്. ആ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും നമ്മൾ ഇത് ചെയ്തു. ഡി.എ. കുടിശ്ശികയുടെയും ശമ്പളപരിഷ്കണത്തിന്റെയും പങ്കാളിത്ത പെൻഷന്റെയും മെഡിസെപ്പിന്റെയും കാര്യങ്ങളാണ് നോട്ടീസിൽ പറയുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ സർക്കാരിന്റെ പൊതുസമീപനം സംബന്ധിച്ച് റൂൾ 300 സ്റ്റേറ്റ്മെന്റ് പുറപ്പെടുവിച്ചിരുന്നു. അതിൽ പറഞ്ഞ കാര്യങ്ങൾ റെക്കോർഡിലുണ്ട്. ഇത് നമ്മൾ നിരന്തരം പറയുന്ന കാര്യങ്ങളാണ്. അതിൽ പൊതുവിലുള്ള സ്ഥിതി പറഞ്ഞശേഷം സർക്കാർ ജീവനക്കാരുടെ മേഖലയിലുള്ള കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. രണ്ട് ഡി.എ. ഈ വർഷവും രണ്ട് ഡി.എ. അടുത്ത വർഷവും കൊടുക്കുമെന്നും

മറ്റ് ആനുകൂല്യങ്ങൾ തുടർന്നും നമ്മൾ ചെയ്യുമെന്നും പറഞ്ഞു. ആ രണ്ട് ഡി.എ.-യും ഇപ്പോൾ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം അയ്യായിരം കോടി രൂപയിൽ അധികം വരുന്ന ഡി.എ. ഈ വർഷത്തെ സ്പെൻഡിംഗിൽത്തന്നെ വരുന്ന തരത്തിൽ സർക്കാർ ജീവനക്കാർക്ക് കൊടുക്കുന്നുണ്ട്. അടുത്തവർഷവും ആ ഡി.എ. കൊടുക്കുമെന്ന് മാത്രമല്ല, ഈ സർക്കാർ ഒരിക്കലും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുക്കാതെ പോകില്ല.

സറണ്ടറിന്റെ കാര്യത്തിൽ ഉയർന്ന വരുമാനക്കാർക്ക് പി.എഫ്.-ൽ ക്രെഡിറ്റ് ചെയ്യുന്നുണ്ട്. മറ്റുള്ളവർക്ക് അല്ലാതെ തന്നെ പണമെടുത്തുപോകാനുള്ള സംവിധാനമാണുള്ളത്. ഇന്ത്യയിലാകെ അപൂർവം സ്ഥലത്തേ സറണ്ടർ കൊടുക്കുന്നുള്ളൂ. 30 ദിവസത്തെ സറണ്ടർ കൊടുക്കുന്ന ഏക സംസ്ഥാനം കേരളമാണ്. ഇന്ത്യയിലെ രണ്ടോ മൂന്നോ സംസ്ഥാനങ്ങളിൽ മാത്രമെ സറണ്ടർ സംവിധാനമുള്ളൂ. യു.ഡി.എഫ്.-ന്റെ സമയത്ത് അത് പിൻവലിച്ചതാണ്. സറണ്ടറിന്റെ കാര്യത്തിൽ നോട്ടീസിൽ പറയുന്ന കാര്യങ്ങൾ ഉണ്ടായിട്ടില്ല. പെൻഷൻകാരുടെ ശമ്പളപരിഷ്കരണവും പെൻഷൻ പരിഷ്കരണവും വന്നപ്പോൾ പെൻഷൻ പരിഷ്കരണ കുടിശ്ശിക 4 ഗഡുവായിട്ടാണ് കൊടുക്കാൻ തീരുമാനിച്ചത്. അതിൽ ഒരു ഗഡു

കൊടുക്കാനുള്ളത് ഈ വർഷം സർക്കാർ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭ മുമ്പാകെ പറഞ്ഞിട്ടുണ്ട്. റൂൾ 300 അനുസരിച്ച് പെൻഷൻകാരുടെ കുടിശ്ശിക ഏകദേശം 600 കോടി രൂപ വരും. അത് ഈ വർഷം തന്നെ കൊടുക്കുമെന്ന് അന്ന് പറഞ്ഞതാണ്. ഈ സർക്കാർ പറഞ്ഞകാര്യം നടപ്പിലാക്കുക തന്നെ ചെയ്യും. അല്ലാതെ പിറകോട്ട് പോകുന്ന പ്രശ്നമില്ല; അത് കൃത്യമായി ചെയ്യും. ഡി.എ.-യുടെ കാര്യമുൾപ്പെടെ ഇത്തരം കാര്യങ്ങൾ ഒരുമിച്ച് ചേർത്തുതന്നെയാണ് പലപ്പോഴും കൊടുത്തിട്ടുള്ളത്. 22 ശതമാനത്തിലധികം ഡി.എ. കുടിശ്ശിക വരുത്തിയിട്ടുള്ള കരുണാകരൻ ഗവൺമെന്റിന്റെ കാലം മുതലുള്ള കണക്കുകൾ ഞാൻ പറയുന്നില്ല. ആ കണക്കുകളെല്ലാം നമ്മുടെ കൈവശമുണ്ട്.

ഒന്നാം പിണറായി സർക്കാർ ധാരാളം ജനക്ഷേമകരവും ജീവനക്കാർക്ക് അനുകൂലവുമായ തീരുമാനമെടുത്തിട്ടുണ്ട്. കോവിഡ് സമയത്ത് ഒരു സംസ്ഥാനത്ത് മാത്രമെ ശമ്പളവും പെൻഷനും പരിഷ്കരിച്ചിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റ് തന്നെ മൂന്ന് ഡി.എ. ഫ്രീസ് ചെയ്ത് കൊടുക്കാതിരുന്നപ്പോൾ സംസ്ഥാനത്ത് കൊടുത്തുവെന്ന് മാത്രമല്ല ശമ്പളപരിഷ്കരണവും നടപ്പിലാക്കി. ആ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഇരുപതിനായിരത്തിലധികം കോടി രൂപയാണ് അധിക ബാധ്യത വന്നത്.

16 ശതമാനത്തോളം ഡി.എ. അന്ന് ഒരുമിച്ച് ലയിപ്പിച്ചതാണ്. അതെല്ലാം ഈ സർക്കാർ കൊടുത്തിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതുകൊണ്ട് മാത്രമാണ് സംസ്ഥാനത്ത് ഇതെല്ലാം കൊടുത്തതെന്നുള്ള പ്രധാനപ്പെട്ട കാര്യം ഓർക്കണം. അന്നത്തെ പ്രതിപക്ഷനേതാവ് 15 ശതമാനം ശമ്പളം വെട്ടിക്കുറയ്ക്കണമെന്ന് പറഞ്ഞിട്ടുള്ള ലേഖനം എന്റെ കൈവശമുണ്ട്. അത് തൽക്കാലം ഫ്രീസ് ചെയ്യുകയാണ്. അന്നത്തെ സാഹചര്യത്തിൽ അദ്ദേഹം പറഞ്ഞ ലേഖനത്തെ ഞാൻ കുറ്റപ്പെടുത്തുകയല്ല. പക്ഷെ യു.ഡി.എഫ്.-ന്റെ സമീപനം അതാണ്. ഈ സർക്കാർ വന്നതുകൊണ്ടാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. അല്ലെങ്കിൽ ഒരു ധവളപത്രമിറക്കി മുമ്പ് ചെയ്തതുപോലെ ഇതെല്ലാം നിർത്താൻ തീരുമാനിച്ചിരുന്നവരായിരുന്നു നിങ്ങൾ; എന്നാൽ രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതുകൊണ്ടാണ് ഇതെല്ലാം കൊടുക്കാൻ സാധിച്ചത്. ഏറ്റവും വലിയ സാമ്പത്തികചെലവ് വന്ന ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് ഒരു ലക്ഷത്തി പതിമൂന്നായിരം കോടി രൂപയാണ് ചെലവാക്കിയാണ് ഇത് നടപ്പാക്കിയത്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ വലിയ തോതിൽ വെട്ടിക്കുറവ് വന്നിട്ടും ഒരു ലക്ഷത്തി അറുപതിനായിരം കോടി രൂപ ചെലവാക്കുന്നുണ്ട്.

അങ്ങനെ ചെയ്യുന്ന ഒരു സർക്കാരാണിത്. അതുകൊണ്ട് ഇവിടെ പറഞ്ഞ തരത്തിലുള്ള കാര്യങ്ങളിലൊന്നും അടിസ്ഥാനമില്ല. സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും കാലോചിതമായി നൽകുന്നതിനുള്ള തീരുമാനം ഓരോ സമയത്തുമെടുക്കും. ഇപ്പോൾ റൂൾ 300-ൽ പറഞ്ഞതനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യും. പെൻഷൻകാരുടെ കാര്യത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. ശമ്പളപരിഷ്കരണമടക്കമുള്ള കാര്യങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വ്യത്യസ്തമായ സമീപനവും പുതിയൊരു നയവും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. അതുകൊണ്ട് ജീവനക്കാരെ ആശങ്കപ്പെടുത്തേണ്ട യാതൊരു കാര്യവുമില്ല. രാഷ്ട്രീയമായി ഇതിനെ എതിർക്കുന്ന കാര്യമുണ്ടാകും. ജീവനക്കാർക്ക് അവരുടെ ആനുകൂല്യങ്ങളും പ്രശ്നങ്ങളും ഉന്നയിക്കുന്നതിൽ ഒരു എതിർപ്പും ഞങ്ങളെ സംബന്ധിച്ചില്ല. അവർക്ക് അത് ഉന്നയിക്കാം. പക്ഷേ രാഷ്ട്രീയമായി കാര്യങ്ങൾ കണ്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി കാണുന്നില്ല. അതുകൊണ്ട് ഇക്കാര്യം അംഗീകരിക്കേണ്ടതില്ലെന്ന അഭിപ്രായമാണുള്ളത്.

(ശ്രീ. പി. സി. വിഷ്ണുനാഥ്)

p-22-01-25
ks-NV-1
10.20-10.30

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

<u>സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും വിവിധ ആനുകൂല്യങ്ങൾ നിഷേധിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും സെറ്റോ സംഘടനകളുടെ നേതൃത്വത്തിൽ ഇന്ന് സംസ്ഥാന വ്യാപകമായി പണിമുടക്കുന്ന സാഹചര്യത്തിലാണ് പ്രതിപക്ഷം സഭയിൽ സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നത്. കേരളത്തിലെ സർക്കാർ ജീവനക്കാരിൽ ഒരു ചെറിയ ശതമാനം ജീവനക്കാർ മാത്രമാണ് ഉയർന്ന ശമ്പളം കൈപ്പറ്റുന്നത്. അവരിൽ ഭൂരിഭാഗംപേരും ശുഷ്ക വരുമാനക്കാരും മധ്യവർഗ്ഗ ജീവിതം നയിക്കുന്നവരുമാണ്. ഉയർന്ന ജീവിതച്ചെലവ്, കുട്ടികളുടെ വിദ്യാഭ്യാസം, ആശ്രിതരുടെ സംരക്ഷണം എന്നിവയ്ക്കൊക്കെയിടയിൽ ഓരോ മാസവും കൂട്ടിയും കിഴിച്ചും ഞെങ്ങി ഞെരുങ്ങി ജീവിക്കുന്നവരാണ് സർക്കാർ ജീവനക്കാരിൽ തൊണ്ണൂറ് ശതമാനംപേരുമെന്നതാണ് യാഥാർത്ഥ്യം. അവരുടെ അർഹതപ്പെട്ട അവകാശങ്ങളും ആനുകൂല്യങ്ങളുമാണ് ഈ സർക്കാർ നിഷേധിക്കുന്നത്. വിവിധ ആനുകൂല്യങ്ങളിലായി ഏതാണ്ട്

64923 കോടി രൂപ സർക്കാർ തടഞ്ഞുവച്ചിരിക്കുകയാണ്, അതിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ടത് ക്ഷാമബത്തയാണ്. ലഭ്യമാകേണ്ട തുകയുടെ ശരാശരി കണക്കെടുത്താൽ ഏതാണ്ട് 176830 രൂപ മുതൽ 1283304 രൂപ വരെ ഈ ഇനത്തിൽ ഒരു ജീവനക്കാരനിൽനിന്നും കവർന്നിട്ടുണ്ട്. ഇപ്പോൾത്തന്നെ 19 ശതമാനം വരുന്ന 6 ഗഡു ഡി.എ. ജീവനക്കാർക്ക് കുടിശ്ശികയാണ്. പ്രോവിഡന്റ് ഫണ്ടിലെ ലോക്ക്ഇൻ കാലം (lock-in period) കഴിഞ്ഞിട്ടും പിൻവലിക്കൽ തടഞ്ഞ 01-01-2019 മുതലുള്ള 3 ശതമാനം ഡി.എ., 26 മാസം; 01-07-2019 മുതലുള്ള അഞ്ച് ശതമാനം ഡി.എ., 20 മാസം; 01-01-2020 മുതലുള്ള നാല് ശതമാനം ഡി.എ., 14 മാസം; 01-07-2020 മുതലുള്ള നാല് ശതമാനം ഡി.എ., 8 മാസം എന്നിങ്ങനെ 68 മാസത്തെ കുടിശ്ശിക ജീവനക്കാർക്ക് അന്യമായിരിക്കുകയാണ്. ഇത്തരത്തിലുള്ള നടപടികൊണ്ട് ജീവനക്കാർക്കുള്ള ശരാശരി നഷ്ടം 43890 രൂപ മുതൽ 319200 വരെയാണ്.

രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട 01-01-2021-ലെയും 01-07-2021 മുതലുള്ള ഡി.എ.-യുടെ 39 മാസം വീതമുള്ള കുടിശ്ശിക നിഷേധിച്ചതിലൂടെ വീണ്ടും 78 മാസത്തെ നഷ്ടവും സർക്കാർ ജീവനക്കാർക്ക് ഉണ്ടായിരിക്കുകയാണ്. 1975-ൽ ജീവനക്കാർ

സമരംചെയ്ത് നേടിയെടുത്ത ഈ അവകാശ ലഭ്യതയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് മാനദണ്ഡങ്ങളൊന്നും പാലിക്കാതെ ഈ രൂപത്തിൽ ഡി.എ. അനുവദിക്കുന്നത്. മുൻകാല പ്രാബല്യമില്ലാതെയും കേന്ദ്ര ഡി.എ.-യുടെ റഫറൻസ് ഇല്ലാതെയുമാണ് ഉത്തരവിറങ്ങുന്നത് എന്നതുകൊണ്ടുതന്നെ ഇവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു, ഈ കണക്കുകളെല്ലാം വളരെ കൃത്യമായും വിശദമായും പറഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല.

അഞ്ചുവർഷമായി ലീവ് സറണ്ടർ തടഞ്ഞുവച്ചിരിക്കുകയാണ്, ഈയിനത്തിൽ ഒരു ജീവനക്കാരന് ശരാശരി 455000 രൂപവരെ ലഭിക്കേണ്ടതായിരുന്നു. അവധി കഴിഞ്ഞ് സ്കൂൾ തുറക്കുമ്പോൾ കുട്ടികൾക്കുള്ള യൂണിഫോം, പുസ്തകം, ഫീസ് എന്നിങ്ങനെയൊക്കെയുള്ള ചെലവുകൾക്കായി വളരെ പെട്ടെന്ന് തുക കണ്ടെത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ ലീവ് സറണ്ടർ ആനുകൂല്യത്തിലൂടെയുള്ള പണം കൊണ്ടാണ് സർക്കാർ ജീവനക്കാർ അതൊക്കെ പരിഹരിക്കുന്നത്. എന്നാൽ ആ ആനുകല്യങ്ങളെല്ലാം നഷ്ടമാകുന്ന സാഹചര്യമാണ് ഇന്നുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരിട്ട് പേരുപറയാതെ വ്യംഗ്യമായി ശ്രീ. എ. കെ. ആന്റണിയുടെ കാര്യം സൂചിപ്പിച്ചു. ശ്രീ. എ. കെ. ആന്റണി

ഗവൺമെന്റിന്റെ കാലത്ത് താൽക്കാലികമായി 20 ദിസത്തെ ലീവ് സറണ്ടർ തടഞ്ഞുവച്ചപ്പോൾ എൻ.ജി.ഒ. അസോസിയേഷൻ അടക്കമുള്ള യു.ഡി.എഫ് സംഘടനകൾ 32 ദിവസം ഈ സംസ്ഥാനത്ത് സമരംചെയ്തിരുന്നു, അതിനുശേഷം തടഞ്ഞുവയ്ക്കപ്പെട്ട ആനുകൂല്യങ്ങൾ തിരിച്ചുകൊടുക്കുകയുംചെയ്തു. അന്ന് താൽകാലികമായി 20 ദിസത്തെ ലീവ് സറണ്ടർ തടഞ്ഞുവച്ചപ്പോൾ ശ്രീ. എ. കെ. ആന്റണിക്കെതിരെ സമരം ചെയ്തവരായ നിങ്ങൾ, ഇന്ന് ഭരണപക്ഷത്തിരിക്കുമ്പോൾ 5 കൊല്ലമായി ലീവ് സറണ്ടർ നിഷേധിച്ചതിനെ ന്യായീകരിക്കുകയാണ്. 5 കൊല്ലം ലീവ് സറണ്ടർ നിഷേധിച്ചതിലൂടെ 5 മാസത്തെ പൂർണ്ണ ശമ്പളം ജീവനക്കാർക്ക് നിഷേധിച്ചതിനെയാണ് നിങ്ങൾ ഇവിടനിന്നുകൊണ്ട് ന്യായീകരിക്കുന്നത്. ലഭ്യമാകുന്ന ആനുകൂല്യങ്ങളിൽനിന്നുള്ള പണം സർക്കാർ ജീവനക്കാർ വിദേശ ബാങ്കുകളിലൊന്നും നിക്ഷേപിക്കില്ല, ആ പണം നേരെ നമ്മുടെതന്നെ കമ്പോളത്തിലേയ്ക്കാണ് പോകുന്നത്. ഇവരുടെ വാങ്ങൽശേഷി വർദ്ധിക്കുമ്പോൾ മാർക്കറ്റ് സജീവമാകുകയും സംസ്ഥാനത്തിന്റെ ഇക്കണോമി സജീവമാകുകയും അതിൽനിന്നും 18 ശതമാനം ജി.എസ്.ടി. ഈടാക്കുന്നതിലൂടെ ആ പണം ധനകാര്യ വകുപ്പിലേയ്ക്കുതന്നെ എത്തിച്ചേരുകയും ചെയ്യും. അത്തരത്തിൽ നമ്മുടെ ഇക്കോണമിയെക്കൂടി

ബാധിക്കുന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശമ്പളപരിഷ്കരണത്തിന്റെ കാര്യത്തെക്കുറിച്ചും അങ്ങ് ഇവിടെ പറഞ്ഞുകഴിഞ്ഞു, എന്നാൽ കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന്റെ അരിയർ അവർക്ക് ഇതുവരെ ലഭ്യമായിട്ടില്ല, അതും മാറ്റിവച്ചിരിക്കുകയാണ്. 'അത് കൃത്യസമയത്ത് കൊടുക്കും' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, എന്നാൽ ആ കൃത്യസമയം ജൂലൈ 2024 ആയിരുന്നു. പുതുക്കിയ ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യം സർക്കാർ ജീവനക്കാർക്ക് 01-07-2024-ന് കിട്ടേണ്ടതാണ്, കിട്ടേണ്ട സമയം 6 മാസം അതിക്രമിച്ചിട്ടും കൃത്യസമയത്ത് കൊടുക്കുമെന്നാണ് പറയുന്നത്, 'അര മണിക്കൂർ മുമ്പേ ഇറങ്ങാമെന്ന് "റാംജിറാവു സ്പീക്കിംഗ്" എന്ന സിനിമയിൽ മത്തായിച്ചേട്ടൻ എന്ന ഇന്നസെന്റ് കഥാപാത്രം പറയുന്നതുപോലെയാണ് ഈ വർത്തമാനം. ലഭ്യമാകേണ്ട സമയത്തേക്കാൾ 6 മാസം കഴിഞ്ഞിട്ടും കൃത്യസമയത്ത് കൊടുക്കുമെന്ന് പറയുന്നത് ആരെ കബളിപ്പിക്കാനാണ്? ഉമ്മൻചാണ്ടി കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശമ്പള പരിഷ്കരണം വരേണ്ടിയിരുന്നത് 01-07-2014-ന് ആയിരുന്നു. അദ്ദേഹം ആ തീയതിക്ക് എട്ടുമാസം മുൻപ് ശമ്പള പരിഷ്കരണത്തെക്കുറിച്ച് പഠിച്ച് ശിപാർശ

നൽകുന്നതിനായി ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷനെ ചുമതലപ്പെടുത്തി. എന്നാൽ ഇവിടെ ശമ്പള പരിഷ്ക്കണത്തിന്റെ കാലാവധി 2024 ജൂലൈ മാസത്തിൽ കഴിഞ്ഞിട്ടും ഇതുവരെ ശമ്പള പരിഷ്കരണം പഠിക്കുന്നതിനായി കമ്മീഷനെപ്പോലും നിയമിക്കാതിരിമ്പോൾ, അതിനെതിരെ ചെയ്യുന്ന സമരത്തെ ധനകാര്യ വകുപ്പുമന്ത്രി ഇത്രമേൽ അധിക്ഷേപിക്കുന്നതും പരിഹസിക്കുന്നതും എന്തിനാണ്?

മെഡിസെപ് കേരളത്തിൽ നിലവിൽ വന്നു, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഞാൻ സബ്മിഷനായിത്തന്നെ ഈ സഭയിൽ ഉന്നയിച്ചതായതിനാൽ ആ വിഷയത്തിന്റെ വിശദാംശങ്ങൾ ആവർത്തിക്കുന്നില്ല. മെഡിസെപ്കൊണ്ട് ജീവനക്കാർക്ക് അപമാനമല്ലാതെ മറ്റെന്തെങ്കിലും പ്രയോജനമുണ്ടോ? ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാരാണെങ്കിൽ രണ്ടുപേരിൽനിന്നുമായി 1000 രൂപ പ്രീമിയം പിടിക്കുമെങ്കിലും ഒരാൾക്കുമാത്രമെ ക്ലെയിം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇനി അഥവാ ക്ലെയിമിനായി പ്രൊപ്പോസൽ ചെന്നാലോ, അത് ഓറിയന്റൽ ഇൻഷ്വറൻസുകാർ നൽകുകയുമില്ല. അതുകൊണ്ടുതന്നെ ഒരു പ്രയോജനവുമില്ലാത്ത മെഡിസെപ് പദ്ധതി ജീവനക്കാരെയും പെൻഷൻകാരെയും അടിച്ചേൽപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ

ജീവനക്കാർക്കും പെൻഷൻകാർക്കുമായി സർക്കാർ പങ്കാളിത്തത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്നതാണ് ഇന്ന് സമരം ചെയ്യുന്നവരുടെ ഒരു ആവശ്യം. ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ജീവനക്കാർ സമരം ചെയ്യുന്നത്. അവരുടെ സമരത്തിന്റെ നോട്ടീസ് ഞാൻ വായിക്കാം (നോട്ടീസ് വായിച്ചു), " വിലക്കയറ്റത്തിന് ആനുപാതികമായി ജീവക്കാർക്ക് അർഹതപ്പെട്ട 19 ശതമാനം ക്ഷാമബത്ത കുടിശ്ശികയായിരിക്കുന്നു, ശമ്പള പരിഷ്കരത്തിന്റെ തീയതി കഴിഞ്ഞിട്ടും കമ്മീഷനെ നിയമിക്കാൻ തയ്യാറാകുന്നില്ല, ജീവനക്കാർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുക മാത്രമല്ല, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന ഉത്തരവാദിത്വം സർക്കാർ ജീവനക്കാരാണെന്ന് ബോധപൂർവ്വം പ്രചരിപ്പിക്കുകയും ചെയ്യുന്നു " - ഇങ്ങനെയെല്ലാം പറഞ്ഞിരിക്കുന്ന ഈ നോട്ടീസ് ജോയിന്റ് കൗൺസിൽ ഇറക്കിയതാണ്. സി.പി.ഐ.-യിൽ ഉൾപ്പെട്ട എം.എൽ.എ.-മാർ ഇക്കാര്യത്തിൽ എന്നോട് വിയോജിക്കില്ലല്ലോ; അവരിൽപലരും ജോയിന്റ് കൗൺസിലിന്റെ സമരവുമായി ബന്ധപ്പെട്ട യോഗങ്ങളിൽ ചെന്ന് പ്രസംഗിച്ചവരല്ലേ; രാപകൽ സമരത്തിൽ പങ്കെടുത്തിട്ടുള്ളവരല്ലേ? ജീവനക്കാരെ ഇടതുപക്ഷ സർക്കാർ വഞ്ചിക്കുന്നുവെന്ന് ജോയിന്റ്

കൗൺസിൽ ഇറക്കിയ നോട്ടീസ് പറയുന്നു. നമ്മുടെ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമായ നെടുമങ്ങാട് ഇന്നലെ സമരത്തിന്റെ മുന്നോടിയായി പ്രചരണം നടത്തിയ ജോയിന്റ് കൗൺസിൽ അംഗങ്ങളായ സി.പി.ഐ.-ക്കാരെ എൻ.ജി.ഒ. യൂണിയൻകാർ ആക്രമിച്ചു. കൊല്ലം സിവിൽ സ്റ്റേഷനിൽ എൻ.ജി.ഒ. അസോസിയേഷൻകാരെ എൻ.ജി.ഒ. യൂണിയൻ അംഗങ്ങൾ ആക്രമിച്ചു. ലീവ് സറണ്ടറും ക്ഷാമബത്തയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ലെങ്കിലും ജീവനക്കാർക്കെല്ലാം മുടങ്ങാതെ  കിട്ടുന്ന ഒന്നുണ്ട്, അത് ദേശാഭിമാനി പത്രമാണ്! അവരെക്കൊണ്ട് നിർബന്ധമായി പത്രം എടുപ്പിക്കുന്നുണ്ട്. അതുമാത്രമാണോ ഇവിടെ നടക്കുന്നത്?  ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയാനായി ഞാൻ ഒരു കാര്യം പറയുകയാണ്, ജീവനക്കാർക്ക് സർവ്വീസ് വെയിറ്റേജ് യു.ഡി.എഫ്. ഭരണത്തിൽ ലഭിച്ചിരുന്നു, എൽ.ഡി.എഫ്. വന്നു, എല്ലാം ശരിയായി, അത് എടുത്തുകളഞ്ഞു.  ഹൗസ് ബിൽഡിംഗ് അഡ്വാൻസ്(HBA), യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉണ്ടായിരുന്നു, എൽ.ഡി.എഫ്. വന്നു, എല്ലാം ശരിയായി, അതും എടുത്തുകളഞ്ഞു. സിറ്റി കോംപൻസേറ്ററി അലവൻസ്(CCA)  യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉണ്ടായിരുന്നു,

എൽ.ഡി.എഫ്. വന്നു, എല്ലാം ശരിയായി, അതും എടുത്തുകളഞ്ഞു. ഞാൻ കണക്ക് കൂട്ടിനോക്കിയപ്പോൾ, ഒരു ഓഫീസ് അറ്റൻഡൻന്റിന്(OA) ഒരു ദിവസം ലഭിക്കുന്ന ശരാശരി ശമ്പളം ഏകദേശം 825 രൂപയും എൽ.ഡി. ക്ലാർക്കിന് 905 രൂപയുമാണെന്ന് മനസ്സിലായി. അതിൽനിന്നും പങ്കാളിത്ത പെൻഷൻ വിഹിതമായി 10 ശതമാനം തുക പിടിക്കും. പ്രൊവിഡന്റ് ഫണ്ടിലേയ്ക്ക് 6 ശതമാനവും ജി.ഐ.എസ്., എസ്.എൽ.ഐ. മെഡിസെപ് എന്നിവയിലേയ്ക്കുള്ള വിഹിതങ്ങൾകൂടിയും ശമ്പളത്തിൽനിന്നും പിടിക്കും. എച്ച്.ബി.എ. എടുത്തുകളഞ്ഞതുകൊണ്ട് ഇതിനുപുറമേ ഹൗസ് ലോണുണ്ടെങ്കിൽ അതും പിടിക്കും. കുട്ടികൾക്കുവേണ്ടി വിദ്യാഭ്യാസ വായ്പ എടുത്തിട്ടുണ്ടെങ്കിൽ അതും പിടിക്കും. ഇതെല്ലാം പിടിച്ചുകഴിഞ്ഞാൽ ആയിരം രൂപ പോലും കൈയിൽ വാങ്ങിക്കൊണ്ട് വീട്ടിൽപ്പോകാൻ കഴിയാത്ത ജീവിതം നയിക്കുന്ന പാവപ്പെട്ട ജീവനക്കാരാണ് ഇന്ന് ഈ സമരം ചെയ്യുന്നത്. അവർ വരേണ്യവർഗ്ഗമാണ്, സമ്പന്ന വർഗ്ഗമാണ് എന്നരീതിയിൽ ക്ലാസ് വിഭജനമുണ്ടാക്കി ജനങ്ങളെയും അവരെയും തമ്മിലടിപ്പിക്കരുത്. സർക്കാരിൽ ഒരു കണ്ടിജൻസി സ്റ്റാഫിന് മുൻസിപ്പാലിറ്റിയിലോ, കോർപ്പറേഷനിലോ ലഭിക്കുന്ന ദിവസ ശമ്പളം 400 രൂപയാണ്, എന്നിരുന്നാലും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആ

വ്യക്തിക്ക് ഒരു വീടുപോലും ലഭ്യമാകില്ല, മനുഷ്യത്വപരമായ അനുഭാവ സമീപനത്തോടെ അവരെ കാണേണ്ടതുണ്ട്. ഈ വിലക്കയറ്റകാലത്ത് അവർ സമരം ചെയ്യുകയാണ്. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ബസ് ചാർജ്ജ്, ഓട്ടോറിക്ഷാചർജ്ജ് എന്നിവയുടെയെല്ലാം വില വർദ്ധിപ്പിച്ചു. അതുമാത്രമല്ല, നിത്യോപയോഗ സാധനങ്ങളുൾപ്പെടെയുള്ള എല്ലാത്തിന്റെയും വില വർദ്ധിപ്പിച്ചു. ഇത്തരത്തിലുള്ള വിലക്കയറ്റം അനുഭവിക്കുന്ന കാലത്ത് അവർ എങ്ങനെ ജീവിക്കും.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, സമയം അതിക്രമിച്ചിരിക്കുന്നു...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രണ്ട് മിനുട്ടുകൊണ്ട് നിർത്താം, ബന്ധപ്പെട്ട വിഷയമല്ലാതെ ഒന്നും ഞാൻ പറയുന്നില്ല. നേരത്തേ സൂചിപ്പിച്ചപോലെ, ലീവ് സറണ്ടർ, സർവ്വീസ് വെയിറ്റേജ്, എച്ച്.ബി.എ. തുടങ്ങിയവയൊന്നും ഇല്ലാതായിട്ടും അവർ എന്താണ് ചെയ്യുന്നത്, ഇല്ലാതായ ദുഃഖമെല്ലാം കടിച്ചമർത്തിക്കൊണ്ട് സെക്രട്ടറിയേറ്റിൽ നിന്നുകൊണ്ട്,

“ ചെങ്കൊടിക്ക് കാവലാൾ

ചെങ്കനൽ കണക്കൊരാൾ,

വർഗ്ഗബോധതാരയിൽ,

തൊഴിലാളികൾക്ക് തോഴനായ്,

ഇരുളടഞ്ഞ പാതയിൽ  ജ്വലിച്ച സൂര്യനായ്...... എന്നുപാടുകയാണ്.

സർ, വയലാർ രാമവർമ്മപാലും ഇങ്ങനെ എഴുതുമോ? ഈ പാട്ടും പാടി ആ സ്റ്റേജിന്റെ പിറകിലോട്ട് ചെന്ന് അവർ കൂട്ടക്കരച്ചിലായിരുന്നു.  ഈ പാട്ട് എഴുതിയ പൂവ്വത്തൂർ ചിത്രസേനന് പുനർനിയമനം ലഭിച്ചു, പക്ഷേ ഈ പാവങ്ങൾക്ക് കിട്ടിയത് എന്താണ്?

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ്, സമയം അതിക്രമിച്ചിരിക്കുന്നു...

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പെൻഷൻകാർക്ക് 40 മാസത്തെ ഡി.എ. കുടിശ്ശിക, ശമ്പളപരിഷ്കരണം നടന്നപ്പോൾ ലഭിക്കേണ്ട ആനുകൂല്യം എന്നിവയാക്കെ കിട്ടാനുണ്ട്.  85000 പെൻഷൻകാർ ഇതൊന്നും കിട്ടാതെ മരിച്ചുപോയി.  ഇനി നിങ്ങൾ കാത്തിരിക്കുന്നത് ആർക്കുവേണ്ടിയാണ്; കൂടുതൽ ആളുകൾ മരിക്കാൻവേണ്ടിയാണോ?  പോലീസ് ട്രെയിനിംഗ് കാലം സർവ്വീസ് കാലമായി പരിഗണിക്കണം, പെൻഷൻ ആനുകൂല്യങ്ങൾ നൽകണം എന്നിവയൊക്കെ സമരക്കാരുടെ ആവശ്യമാണ്. അതുകൊണ്ടുതന്നെ ഈ ന്യായമായ ആവശ്യങ്ങളെ സമയബന്ധിതമായി പരിഷ്കരിച്ചുകൊണ്ട് സംതൃപ്തമായ ഒരു സിവിൽസർവ്വീസിനുവേണ്ടി ഇവിടെ

സൂചിപ്പിച്ച കാര്യങ്ങൾ അംഗീകരിക്കാൻ സർക്കാർ തയ്യാറാകണം, സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

P.22-01-2025 RA-AY (1)
10.30-10.40 SY

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ കേട്ടിട്ട് അതിന് മറുപടിയില്ലാതെ, അദ്ദേഹം തയ്യാറാക്കി കൊണ്ടുവന്ന അല്ലെങ്കിൽ പറയാനുദ്ദേശിച്ച രാഷ്ട്രീയ കാര്യങ്ങൾ മാത്രമാണ് ഇവിടെ പറഞ്ഞത്. ഞാൻ പഴയ ചരിത്രമൊന്നും ഇവിടെ പറയുന്നില്ല. എന്നാൽ അങ്ങ് ഒന്നും പറഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞാൽ ചില കാര്യങ്ങൾ എനിക്ക് പറയേണ്ടതായിവരും. കെ. ശങ്കരനാരായണൻ മന്ത്രിയായിരുന്ന കാലത്ത് ശമ്പളം കൊടുത്തില്ലെങ്കിൽ ട്രഷറിലിടില്ലെന്ന് പറഞ്ഞതിന്റെ പത്രകട്ടിങാണിത്. സർക്കാർ ജീവനക്കാരുടെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് പറഞ്ഞതിനെ ഞാൻ കുറ്റപ്പെടുത്തിയതല്ല. അന്നത്തെ കോവിഡിന്റെയും മറ്റ് പൊതുസാഹചര്യവുമെല്ലാം നോക്കിയിട്ടായിരിക്കും 06-10-2020-ലെ മാതൃഭൂമിയിൽ അദ്ദേഹം കുറിപ്പ് എഴുതിയത്. "കേരള വികസനം: അതിജീവിക്കാനും സുസ്ഥിരമാക്കാനും"

എന്ന ലേഖനത്തിൽ "മന്ത്രിമാരും ജീവനക്കാരും സ്വമേധയാ 2023-24 വരെ 15 ശതമാനം വരുമാനം നീക്കിവച്ച് ഇതിൽ പങ്ക് വഹിക്കുന്നത് നന്നായിരിക്കും" എന്നീ കാര്യങ്ങളടങ്ങിയ അദ്ദേഹത്തിന്റെ വിശദമായ ലേഖനമാണത്. ഞാൻ അതുസംബന്ധിച്ചൊന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ ആ ലേഖനം അന്നത്തെ സന്ദർഭത്തിൽ തെറ്റാണെന്നല്ല ഞാൻ പറയുന്നത്. പക്ഷെ അന്ന് പറഞ്ഞതാണത്. ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുള്ളതാണെന്ന് നേരത്തെ അദ്ദേഹംതന്നെ ഇവിടെ പറഞ്ഞു. 2001-ൽ ധവള പത്രം ഇറക്കി അവർ പറഞ്ഞ കാര്യമുണ്ട്. കെ. കരുണാകരന്റെയും ഉമ്മൻ ചാണ്ടിയുടെയും ഭരണകാലത്ത് ഡി.എ. 22% വരെ കൊടുക്കാതെയിരുന്നിട്ടുണ്ട്. അതിന്റയെല്ലാം വിശദാംശങ്ങൾ ഇവിടെയുണ്ട്. അങ്ങനെ ഡി.എ. കൊടുക്കാതെയിരുന്നിട്ട് വലിയ സമരം നടന്നതും സറണ്ടർ സമ്പ്രദായം നിർത്തിവയ്ക്കുന്നതുമെല്ലാം നേരത്തെ ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ഇന്ത്യയിൽ ഇക്കാര്യങ്ങളെല്ലാം വളരെ അപൂർവം സ്ഥലങ്ങളിൽ മാത്രമാണ് നടക്കുന്നത്. കേരളവും ആന്ധ്രയും തെലങ്കാനയുമാണ് അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്. തെലങ്കാനയിൽ ഇപ്പോൾ ശമ്പള പരിഷ്കരണം വന്നിട്ടില്ല. കേന്ദ്രം പത്ത് വർഷത്തിലൊരിക്കലാണ് ശമ്പള പരിഷ്കരണം നടത്തുന്നത്.

2013-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പങ്കാളിത്ത പെൻഷൻ (പെൻഷൻ പരിഷ്കരണം) കേരളത്തിൽ നടപ്പിലാക്കിയത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്. എൻ.ജി.ഒ. യൂണിയനും ജോയിന്റ് കൗൺസിലും മറ്റുസംഘടനകളുമൊക്കെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യവും വർധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത് അവരുടെ ആവശ്യമാണെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇടതുപക്ഷ സർക്കാർ ഇല്ലെങ്കിൽ ഇതുമൊത്തത്തിൽ തകർന്നുപോകുമെന്ന രാഷ്ട്രീയം അവർക്കറിയാം. അവർ ഇത്തരം പ്രശ്നങ്ങളുന്നയിക്കും. പ്രശ്നങ്ങൾ ഉന്നയിക്കേണ്ടത് സംഘടനകളുടെ ആവശ്യമാണ്. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് അവർക്കറിയാം. ജീവനക്കാരെക്കൊണ്ട്............... ഞാൻ പറഞ്ഞതിനുശേഷം അങ്ങേയ്ക്ക് പറയാം, സമയപരിമിതിയുണ്ട്. ബഹുമാനപ്പെട്ട ചെയറിന് സമ്മതമാണെങ്കിൽ ഞാൻ തുടരാം.....

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇവിടെ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയപ്പോൾ അതിന്റെ ന്യായീകരണത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് അന്നത്തെ എൻ.ജി.ഒ. അസോസിയേഷൻ പ്രസിഡന്റായിരുന്ന ശ്രീ. കോട്ടാത്തല മോഹനൻ ഒരു പുസ്തകമിറക്കി.

അതിന്റെ ആമുഖം എന്റെ കൈയിലുണ്ട്. അത് വായിക്കാൻ ഞാൻ സമയമെടുക്കുന്നില്ല. എന്തുകൊണ്ടാണ് കേരളത്തിലെ ആയുസ്സ് വർധിക്കുന്നത്; ആയുസ്സ് വർധിക്കുമ്പോൾ അങ്ങനെ പെൻഷൻ നൽകാൻ സാധിക്കില്ല. പെൻഷൻ നൽകാൻ കഴിയാതിരിക്കുമ്പോൾ എങ്ങനെ പങ്കാളിത്ത പെൻഷനാക്കണം എന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. ഇതിനൊക്കെയെതിരെയാണ് അന്നത്തെ സംഘടനകൾ സമരം ചെയ്തത്. പെൻഷന്റെ കാര്യമെടുത്താൽ assured pension വേണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയുമടങ്ങുന്ന ഒരു കമ്മിറ്റിയെ ക്യാബിനറ്റ് നിശ്ചയിച്ചു. അതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങൾക്ക് ഇപ്പോഴും ഞങ്ങൾക്ക് വ്യക്തതയില്ല. ഞങ്ങൾ കേന്ദ്ര സർക്കാരിനോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും കൃത്യമായ വിവരം ലഭിച്ചിട്ടില്ല. സർക്കാരിന് assured pension വേണമെന്ന അഭിപ്രായമാണുള്ളതെന്ന കാര്യം നേരത്തെ സഭയിൽതന്നെ പറഞ്ഞതാണ്. പക്ഷെ, അതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് നിങ്ങൾക്ക് അറിയാം. രാജസ്ഥാനിൽ കോൺഗ്രസ് അധികാരത്തിലിരുന്നപ്പോൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച സമയത്ത് ഇത് നടപ്പിലാകുകയില്ലെന്ന്

നമുക്കറിയാമായിരുന്നു. അവിടെ കോൺഗ്രസ് ഭരണം മാറി ബി.ജെ.പി. അധികാരത്തിൽ വന്നു. ഹിമാചൽപ്രദേശിലും പഞ്ചാബിലുമൊക്കെ പങ്കാളിത്ത പെൻഷൻ മാറ്റുമെന്ന് പറഞ്ഞെങ്കിലും കേന്ദ്ര ഗവൺമെന്റ് അതിന് അനുവാദം നൽകിയിട്ടില്ല. അവരുടെ നിയമമനുസരിച്ച് അക്കാര്യം അംഗീകരിക്കുന്നില്ല. ഇങ്ങനെയൊരു സാഹചര്യത്തിൽ എങ്ങനെയാണ് assured pension നടപ്പിലാക്കുന്നതെന്ന കാര്യം ചർച്ച ചെയ്യേണ്ടതുണ്ട്. assured pension എന്ന കാഴ്ചപ്പാടിൽ ഗവൺമെന്റിന് യാതൊരു മാറ്റവുമില്ല. ഭരണത്തിലിരിക്കുമ്പോൾ ഒന്ന് പറയുകയും പ്രതിപക്ഷത്താകുമ്പോൾ മുമ്പ് പറഞ്ഞ മുഴുവൻ കാര്യങ്ങളെയും വിഴുങ്ങിക്കൊണ്ട് ജനങ്ങളെയും തൊഴിലാളികളെയും ജീവനക്കാരെയും പറ്റിക്കുന്നതിനുവേണ്ടി അഭിപ്രായം പറയുന്ന ആളുകളല്ല ഞങ്ങൾ. ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോഴും ഭരണപക്ഷത്തായപ്പോഴും സ്വീകരിക്കുന്ന നിലപാടുകൾ ഒന്നുതന്നെയാണ്. ജീവനക്കാരുടെ കാര്യത്തിൽ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. ജീവനക്കാരാണ് ഏറ്റവും വലിയ ബാധ്യത എന്ന അഭിപ്രായം ഞങ്ങൾക്കില്ല. നല്ല ജീവനക്കാരും നല്ല സർവീസുമുണ്ടെങ്കിൽ മാത്രമേ സംസ്ഥാനത്തിന് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. സർക്കാർ ജീവനക്കാരുടെ കാര്യത്തെ സംബന്ധിച്ച് ഒരുകാര്യംകൂടി ഞാൻ പറയാം. കേരളത്തിലെ ജനങ്ങൾ ഇത്

കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലേതുപോലെ ഇടതുപക്ഷം അധികാരത്തിലുണ്ടായിരുന്ന ബംഗാളിലും ത്രിപുരയിലും ഇപ്പോൾ ഇടതുപക്ഷം അധികാരത്തിലില്ല. ഏറ്റവും കൂടുതൽ പൊതുസ്കൂളുകൾ ഉണ്ടായിരുന്ന സംസ്ഥാനമാണ് ബംഗാൾ. ഇരുപതിനായിരത്തിലധികം സ്കൂളുകളുണ്ടായിരുന്ന ബംഗാളിൽ, കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷങ്ങളായി ശ്രീമതി മമതാ ബാനർജിയുടെ നേതൃത്വത്തിലുള്ള തൃണമൂൽകോൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷം അവിടെയുണ്ടായിരുന്നതിന്റെ നല്ലൊരുഭാഗം (8500) സ്കൂളുകളും അടച്ചുപൂട്ടി. എന്നുപറഞ്ഞാൽ അത്രയും അധ്യാപകരെയും ജീവനക്കാരെയും അവിടെനിന്നും പിരിച്ചുവിടുകയും കുട്ടികൾക്ക് പഠിക്കുന്നതിനായി സ്കൂളുകളില്ലാത്ത അവസ്ഥയുമാണുള്ളത്. ഇതാണ് ഇടതുപക്ഷം അധികാരത്തിൽ ഇല്ലാതെവന്നാലുണ്ടാകുന്ന അവസ്ഥ. കേരളത്തിൽ അഞ്ച് വർഷത്തിലൊരിക്കൽ ഇടതുപക്ഷവും വലതുപക്ഷവും അധികാരത്തിൽ മാറിമാറി വന്നുകൊണ്ടിരുന്നതുകൊണ്ടാണ് കേരളത്തിൽ ഇതിനെ സംരക്ഷിക്കാൻ സാധിച്ചത്. അഞ്ച് വർഷം കഴിഞ്ഞ് തുടർന്നും ഈ സർക്കാർ വന്നതുകൊണ്ടാണ് ഇന്ത്യയെ ആകെ തകർത്തപ്പോൾ കേരളത്തിലിത് നിലനിൽക്കുന്നതെന്ന കാര്യം മനസ്സിലാക്കണം. ഒന്നാം പിണറായി സർക്കാരിന്റെ സമയത്ത് കേരളത്തിൽ പല ആനുകൂല്യങ്ങളും നൽകിയപ്പോൾ

ഈ ആനുകൂല്യങ്ങൾ പലതും നൽകുന്നതിന് സമ്മതിക്കാൻ പാടില്ലെന്ന കാര്യം കേന്ദ്ര ഗവൺമെന്റിന് മനസ്സിലായി. അതിന്റെ ഭാഗമായി 57,000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. അത് ഏതെല്ലാമാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ; ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽമാത്രം 12,000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. അതുപോലെ, കേരളത്തിന് നൽകേണ്ട ഡിവിസിബിൾ പൂളിന്റെ കണക്ക്....... ഞാൻ ഒരു കാര്യം നന്ദിയോടെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. പതിനാറാം ധനകാര്യ കമ്മീഷൻ വന്ന സമയത്ത് പ്രതിപക്ഷം വളരെ ഉത്തരവാദിത്വത്തോടെയുള്ള നിലപാട് സ്വീകരിച്ചുവെന്നാണ് എന്റെ അഭിപ്രായം. കാരണം കേരളത്തിന് വലിയ തോതിൽ വെട്ടിക്കുറവ് വന്നിരിക്കുന്നുവെന്ന കാര്യങ്ങൾ ധനകാര്യ കമ്മീഷന്റെ മുമ്പിൽ കൃത്യമായി പറഞ്ഞു. കേരളത്തിന്റെ ഭാവിയിൽ, എന്നുപറഞ്ഞാൽ ഈ ഗവൺമെന്റിന്റെ കാലത്ത് അടുത്ത തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടാണ് അടുത്തത് വരുന്നത്. ഈ ഗവൺമെന്റിന്റെ കാലം കഴിഞ്ഞ് പതിനാറാം ധനകാര്യ കമ്മീഷൻ വരുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രാഷ്ട്രീയ പാർട്ടി നേതാക്കളെ വിളിച്ചിരുന്നു. കേരളത്തിന് വലിയ തോതിലുള്ള വെട്ടിക്കുറവുണ്ടെന്ന് അവർ ധനകാര്യ കമ്മീഷന്റെ മുമ്പിൽ പറഞ്ഞു. ആ വെട്ടിക്കുറവുണ്ടെന്നതിന്റെ ഒരു കാരണവും ഇപ്പോൾ നമ്മെ ബാധിക്കുന്നില്ല.

അത്രയും വെട്ടിക്കുറവ് വന്നതുകൊണ്ടാണ് ഇത്രയും സാമ്പത്തിക ബുദ്ധിമുട്ട് വന്നത്. എന്നിട്ടും ഒന്നാം പിണറായി സർക്കാറിന്റെ കാലം കഴിഞ്ഞ് രണ്ടാം പിണറായി സർക്കാരിന്റെ ഭരണകാലം ആയതുകൊണ്ടാണ് (ഈ സർക്കാർ ആയതുകൊണ്ടാണ്) നൽകിയത്. ബംഗാളിലെയും ത്രിപുരയിലെയും അനുഭവം മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ത്രിപുരയിൽ 159000 സർക്കാർ ജീവനക്കാരുണ്ടായിരുന്നു. കഴിഞ്ഞ ഏഴ് വർഷങ്ങളായി അവിടെ ബി.ജെ.പി.-യാണ് ഭരിക്കുന്നത്. അവിടെ 59000-ത്തിലധികം വരുന്ന സർക്കാർ അധ്യാപകരും ജീവനക്കാരുമടക്കമുള്ള ആളുകൾക്ക് പെൻഷനായെങ്കിലും അവർക്കുപകരം ജീവനക്കാരെ അവിടെ നിയമിച്ചിട്ടില്ല. നിലവിൽ അവിടെ തൊണ്ണൂറായിരത്തിലധികം ആളുകളാണ് സർവീസിലുള്ളത്. അതാണ് എൽ.ഡി.എഫ്. അധികാരത്തിൽനിന്നും പോയാലുള്ള അനുഭവം. അക്കാര്യം കേരളത്തിലെ ജീവനക്കാർക്ക് അറിയാം. സംസ്ഥാനത്തിന്റെയും സർക്കാർ ജീവനക്കാരുടെയും കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയുമെല്ലാം ഗ്യാരന്റി എൽ.ഡി.എഫ്. ആണെന്ന് അറിയാം. കാരണം ത്രിപുരയിലെയും ബംഗാളിലെയും അനുഭവം അതാണ്. ബംഗാളിൽ പി.എസ്.സി. മുഖേന കഴിഞ്ഞ പതിമൂന്ന് വർഷംകൊണ്ട് ആകെ 20000-ത്തിലധികം ആളുകളെ മാത്രമെ നിയമിച്ചിട്ടുള്ളൂ. ഇടതുപക്ഷം

അധികാരത്തിൽനിന്നും മാറിയാലുണ്ടാകുന്ന അനുഭവം മനസ്സിലാക്കുന്നതിനാണ് ഞാൻ ബംഗാളിലെയും ത്രിപുരയിലെയും കാര്യങ്ങൾ പറഞ്ഞത്. ഡിവിസിബിൾ പൂളിനെ സംബന്ധിച്ച് കഴിഞ്ഞ മാസം വന്ന കണക്കനുസരിച്ച് കേരളത്തിന് രണ്ട് മാസത്തെ ഡിവിസിബിൾ പൂളിന്റെ പണം ഒരുമിച്ച് അനുവദിച്ചു. അപ്പോൾ, കണ്ടില്ലേ കേരളത്തിന് കുറെ പണം അധികം നൽകിയിട്ടുണ്ടെന്നാണ് ബി.ജെ.പി. നേതാക്കൻമാർ പറഞ്ഞത്. ഇത് ഓരോ മാസവും ലഭിക്കേണ്ടതാണ്. രണ്ട് മാസത്തെ കണക്കായി കേരളത്തിന് ലഭിച്ചത് 3,330 കോടി രൂപയാണ്. ആസ്സാമിന് അയ്യായിരത്തിലധികം കോടി രൂപയും ഛത്തീസ്ഗഡിന് ആറായിരത്തോളം കോടി രൂപയും ഒഡീഷയ്ക്ക് 7800 കോടി രൂപയും ലഭിച്ചു. ഞാൻ ഈ കണക്കുപറഞ്ഞത് രണ്ടോ മൂന്നോ കമ്മീഷനുകൾക്ക് മുമ്പുള്ള കണക്കുകൾ പരിശോധിച്ചാൽ ഛത്തീസ്ഗഡിനും ഝാർഖണ്ഡിനും ആസാമിനും കേരളത്തിനും ലഭിക്കുന്ന വിഹിതം ഒരുപോലെയായിരുന്നുവെന്ന് മനസ്സിലാക്കാൻവേണ്ടിയാണ്. അതിന്റെ നേർപകുതിയാണ് ഇപ്പോൾ കേരളത്തിന് ലഭിക്കുന്നത്. എന്നിട്ടും ഈ ഗവൺമെന്റ്, കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിൽ യാതൊരു സംശയവും വേണ്ട. സർക്കാർ ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൃത്യമായി നൽകിക്കൊണ്ടുതന്നെ ഈ സർക്കാർ മുന്നോട്ടുപോകും.

(തുടരും)

P.22-01-2025 RL-AY-1

10.40-10.50

(അടിയന്തര പ്രമേയം ....തുടർച്ച)

മറ്റൊന്ന് മെഡിസെപ്പാണ്. മെഡിസെപ്പ് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു, മെഡിസെപ്പ് നിർത്തണമെന്ന അഭിപ്രായം ബഹുമാനപ്പെട്ട അംഗത്തിനും യു.ഡി.എഫ്.-നമുണ്ടോ; മെഡിസെപ്പ് എന്ന സംവിധാനം വഴി 500 രൂപാവച്ച് ഒരു ജീവനക്കാരനിൽനിന്ന് വാങ്ങിക്കും രണ്ടുപേരുണ്ടെങ്കിൽ രണ്ടുപേരും കൊടുക്കണം. പെൻഷൻകാരും കൊടുക്കണം. സർവീസിലുള്ളവർക്കും പെൻഷൻകാർക്കുമേ ഇതിൽ അംഗങ്ങളാകാൻ സാധിക്കുകയുള്ളൂ. ജീവനക്കാർക്കും അവരുടെ മക്കൾക്കും അച്ഛനും അമ്മയും ഉണ്ടെങ്കിൽ അവർക്കും മെഡിസെപ്പിന്റെ ആനുകൂല്യം ലഭിക്കും. പെൻഷൻകാർക്കും ഇത് ലഭിക്കും. ആകെ നമ്മൾ ഒരു വർഷം 500 കോടി രൂപയാണ് കമ്പനിക്ക് കൊടുത്തത്. ഏകദേശം 700 കോടി രൂപയുടെ ആനുകൂല്യങ്ങൾ കൊടുത്തുകഴിഞ്ഞു. മൂന്നുവർഷമായപ്പോൾ 2000 കോടി രൂപയോളമായി. സ്റ്റാർ ഇൻഷ്വറൻസിൽ 50-55 വയസ്സുള്ള ഒരാൾക്കും

അവരുടെ കുടുംബത്തിനും ചേരണമെങ്കിൽ 52000/-മുതൽ 60000/-രൂപ വരെ കൊടുക്കേണ്ടിടത്ത് ഈ ചെറിയൊരു തുക മാത്രം കൊടുക്കുന്ന പദ്ധതിയാണ് മെഡിസെപ്പ്. ഈ പദ്ധതി വഴി കുറെയധികം ആളുകൾക്ക് ഗുണം കിട്ടുന്നതാണ്. അത് വേണ്ടെന്നാണ് യു.ഡി.എഫ്.-ന്റെ അഭിപ്രായമെങ്കിൽ നിങ്ങൾ പറയണം. എന്നാലും ആ മെഡിസെപ്പ് കൃത്യമായി നടപ്പിലാക്കുക എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. ലോകത്താദ്യമായി ഒരു സംസ്ഥാനത്ത് ഇതുപോലൊരു ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പിലാക്കിയത് കേരളത്തിലാണ്. അതിനകത്ത് മൂന്ന് ലക്ഷം രൂപവരെ ഓരോരുത്തർക്ക് കിട്ടുന്നുണ്ട്. അതിൽ ഏറ്റവും പ്രായം കൂടിയ ആൾ 101 വയസ്സുണ്ടായിരുന്ന തൃശ്ശൂർ ജില്ലയിലുള്ള ചിത്രൻ നമ്പൂതിരിപ്പാടായിരുന്നു ആദ്യമായി ചേർന്നത്. അദ്ദേഹത്തിന് എവിടെയെങ്കിലും സാധാരണ ഇൻഷ്വറൻസ് കിട്ടുമോ; അദ്ദേഹം കേരളത്തിലെ എല്ലാവരുമറിയുന്ന എല്ലാവരും ബഹുമാനിക്കുന്ന സീനിയറായ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന് ഈ മെഡിസെപ്പിൽ ചേരാനും മെഡിസെപ്പിൽ ചികിത്സിക്കാനും സാധിച്ചു. 101 വയസ്സായ ആൾക്ക് മെഡിസെപ്പിൽ ചേരാൻ പറ്റുകയെന്ന് പറഞ്ഞാൽ, ഇൻഷ്വറൻസിൽ ചേരാൻ സാധിക്കുമെന്ന് പറഞ്ഞാൽ ആലോചിക്കാൻ പറ്റുന്ന കാര്യമാണോ; അത് നടപ്പിലാക്കിയ ഒരു

സർക്കാരാണിത്. അതിനകത്ത് പരിഹരിക്കാനുള്ള ചില പോരായ്മകൾ ഇപ്പോഴുമുണ്ട്. അദ്ദേഹത്തെപ്പോലെയുള്ള ആളുകളെയുൾപ്പെടെ ഈ പദ്ധതിയിൽ കൊണ്ടുവരാൻ സാധിച്ചു. നമ്മുടെ എല്ലാമേഖലയിലും ജീവനക്കാരെ കുറയ്ക്കുന്നുണ്ട്. എങ്കിലും മുപ്പതിനായിരത്തിലധികം അധ്യാപകരെ ഈ സമയത്ത് സംസ്ഥാനത്ത് നിയമിച്ചു. നമ്മൾ അങ്ങനെ ജീവനക്കാരെ കുറയ്ക്കുന്നില്ല. ഇന്ത്യയിലാകെ ജീവനക്കാരെ പട്ടാളത്തിൽപ്പോലും കോൺട്രാക്റ്റാക്കുന്നു. ഇവിടെയത് ചെയ്യുന്നില്ല. മെഡിസെപ്പ് പദ്ധതിയുണ്ട്, പെൻഷൻകാരുടെ കുടിശ്ശിക കൊടുക്കും, ബാക്കിയെല്ലാം കൊടുക്കും. ഇവിടെ ഇതെല്ലാം കൊടുക്കാൻ ഉത്തരവാദിത്വമുള്ള ഒരു സർക്കാരെന്നുള്ള നിലയിൽ ഇക്കാര്യങ്ങൾ ചെയ്യുമ്പോൾ സർക്കാരിനെ ശ്വാസം മുട്ടിക്കാനും ഇല്ലാതാക്കാനുംവേണ്ടി ശ്രമിക്കുന്നത് നാം മനസ്സിലാക്കണം. അതുകൊണ്ട് ഇത്തരമൊരുകാര്യത്തിനകത്ത് രാഷ്ട്രീയമായി ഓരോ കാര്യങ്ങളും പറഞ്ഞിട്ട് അങ്ങോട്ട് നേരിടാനല്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിൽ കൂട്ടലും ചെയ്യുമെന്ന് കഴിഞ്ഞ ദിവസം പറഞ്ഞിട്ടുണ്ട്. അതിൽ കൂട്ടലും ചെയ്യും. സർക്കാർ ജീവനക്കാർക്ക് ഞങ്ങൾക്ക് നൽകാനുള്ള ഉറപ്പ്

അതാണ്. ഞങ്ങൾ ഈ പറഞ്ഞതും അതിൽക്കൂടുതലും ചെയ്യുമെന്നതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അത് ചെയ്യും. നേരത്തെയുള്ള ചരിത്രത്തിൽ, തൊട്ടുമുമ്പത്തെ ശമ്പളപരിഷ്കരണത്തിൽ 16 ശതമാനം ഡി.എ. ഒരുമിച്ചാണ് കൂട്ടിച്ചേർത്തത്. അതിനുമുമ്പ് 22 ശതമാനം കൂട്ടിചേർത്തു. ഇതുപോലുള്ള കാര്യങ്ങളൊക്കെ മുമ്പും ഉണ്ടായിട്ടുണ്ട്. അപ്പോൾ ഇല്ലാത്ത കാര്യവും കൺഫ്യൂഷനുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. സർക്കാർ ജീവനക്കാർക്ക് മാത്രമല്ല, ശമ്പള പരിഷ്കരണത്തിന്റെ 20000 കോടി അധികമെടുത്തത് മാത്രമല്ല, കെ.എസ്.ആർ.ടി.സി.-യുടെ കാര്യം മാത്രം പറയാം. മറ്റൊന്നും ഞാൻ പറയുന്നില്ല. കെ.എസ്.ആർ.ടി.സി.-യിൽ ഒന്നും രണ്ടും പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ 16675 കോടി രൂപയാണ് കൊടുത്തത്. ഒന്നാം സർക്കാർ കൊടുത്തതുകൂടാതെ രണ്ടാം സർക്കാർ മൂന്നരവർഷംകൊണ്ട് കൊടുത്തത് 5703 കോടി രൂപയാണ്. പക്ഷേ ഉമ്മൻ ചാണ്ടി സർക്കാർ അഞ്ചുവർഷംകൊണ്ട് ആകെ നൽകിയത് 1483 കോടി രൂപയാണ്. ശമ്പള പരിഷ്കരണവും ശമ്പളവും നേരിട്ട് സർക്കാർ കൊടുക്കാനുള്ള ഒരു സ്ഥലമല്ല കെ.എസ്.ആർ.ടി.സി., അതൊരു പൊതുമേലാ സ്ഥാപനമാണ്. പ്രധാനപ്പെട്ട സ്ഥാപനത്തിൽപ്പോലും ചെയ്ത കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങനെ

ഓരോ മേഖലയെടുത്താലും കാണാം. ഇതൊന്നും ഞങ്ങളുടെ ഉത്തരവാദിത്വമല്ല, ഇത് അടച്ചുപൂട്ടിക്കോട്ടെ എന്ന സമീപനമെടുത്ത മുൻ മുഖ്യമന്ത്രിമാരിൽ പലരും ഇപ്പോൾ നമ്മുടെക്കൂടെയില്ല. അവർ പറഞ്ഞതിനെയൊന്നും ഞാനിവിടെ ക്വാട്ട് ചെയ്യുന്നില്ല. 'ഇതൊന്നും വേണ്ട ഇതിന്റെ ആവശ്യമില്ല. എന്നാൽ സ്കൂളും കോളേജും അടച്ചിട്ടാൽ കുറച്ചുപേർക്ക് ഇവിടെവല്ല കുഴപ്പവുമുണ്ടാകുമോ' ; 150 ദിവസം ജോലി ചെയ്യുന്ന അധ്യാപകർക്കെന്തിനാണ് 365 ദിവസത്തെ ശമ്പളം കൊടുക്കുന്നതെന്ന് ചോദിച്ചതാരാ; 2001-ലെ സമരത്തിന്റെ സമയത്ത് അന്നത്തെ മുഖ്യമന്ത്രിയല്ലേ ചോദിച്ചത്; ഇരുന്നൂറ്റി ചില്വാനം ദിവസം ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് എന്തിനാണ് മുഴുവൻ ശമ്പളവും കൊടുക്കുന്നത്; ഇതൊക്കെ ചോദിച്ചതിന്റെ തെളിവുകളുണ്ട്. വെറുതെ അടിസ്ഥാനമില്ലാതെ പറയുന്നതല്ല. ഇത് സംബന്ധിച്ച് പത്രത്തിൽവന്ന വാർത്തകളെല്ലാമുണ്ട്. എല്ലാം എടുത്ത് പറയേണ്ടകാര്യമില്ല. അങ്ങനെ ചോദിച്ച അനുഭവമുണ്ടല്ലോ ഇവിടെ. വലിയ സമരം കേരളത്തിലുണ്ടായെന്നും ഇതെല്ലാം നിർത്തിവയ്ക്കാൻ തീരുമാനിച്ചതും ശ്രീ. എ. കെ. ആന്റണിയുടെയും കെ. കരുണാകരന്റെയും ഉമ്മൻ ചാണ്ടിയുടെയും സമയത്തുമുണ്ടായിട്ടുള്ള സമരങ്ങളും അന്നത്തെ കാര്യങ്ങളും ഓർമ്മയുണ്ടല്ലോ; ഞാൻ ദീർഘിപ്പിക്കുന്നില്ല. സർക്കാർ

ജീവനക്കാർക്ക്, പണിയെടുക്കുന്ന ആളുകൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ കൊടുക്കാതെയും ഈ സംസ്ഥാനത്തെ സർക്കാർ സംവിധാനം തകർത്തുകൊണ്ട് മുന്നോട്ടുപോകാമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി വിചാരിക്കുന്നില്ലെന്ന് മാത്രമല്ല, പറഞ്ഞ കാര്യങ്ങൾ ചെയ്യുക, അതിലധികവും ചെയ്യുക എന്നുള്ളതാണ്. പറഞ്ഞ കാര്യങ്ങൾ ചെയ്യും അതിലധികവും ചെയ്യും ഇടതുപക്ഷ ജനാധിപത്യമുന്നണി. ഇവിടെ പ്രതിപക്ഷമായിരിക്കുമ്പോൾ വാഗ്ദാനങ്ങൾ കൊടുക്കുകയും ഭരണപക്ഷത്തേയ്ക്ക് വന്നാൽ ജീവനക്കാരുടെ താൽപര്യങ്ങൾ ഹനിക്കുകയും ചെയ്ത യു.ഡി.എഫ്.-നെ ആട്ടിൻതോലിട്ട ചെന്നായ ആണെന്നൊക്കെ തിരിച്ചറിയാൻ കേരളത്തിലെ ജനങ്ങൾക്കറിയാം, സർക്കാർ ജീവനക്കാർക്കുമറിയാമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് അടിസ്ഥാനമില്ല. സർക്കാർ, ജീവനക്കാരുടെയും തൊഴിലാളികളുടെയും ജനങ്ങളുടെയും ഒപ്പമുണ്ട്. അക്കാര്യങ്ങളെല്ലാം കൃത്യമായി നടപ്പിലാക്കിത്തന്നെ മുന്നോട്ടുപോകും.

(മി. സ്പീക്കർ)

P.22-01-2025 RL-AY-1
10.40-10.50

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപേക്ഷത്തിന് അനുമതി നിഷേധിക്കുന്നു.

(ശ്രീ. വി. ഡി. സതീശൻ)

P.22-01-2025 RL-AY-1
10.40-10.50

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ നോട്ടീസ് നൽകിയ കാര്യങ്ങൾക്ക് കൃത്യമായ മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയില്ല. He was beating around the bush. അതായത് അദ്ദേഹത്തിനറിയാം യഥാർത്ഥ സബ്ജക്ടിലേയ്ക്ക് വരാതെ വേറെ കാര്യങ്ങൾ പറഞ്ഞ് യഥാർത്ഥ വിഷയം മാറ്റുകയായിരുന്നു. അത് കലാപരമായി, കൗശലത്തോടുകൂടി അങ്ങ് ചെയ്തു. ഞാനത് സമ്മതിക്കുന്നു. ഇവിടെയുള്ള പ്രശ്നമെന്താണ്, ക്ഷാമബത്ത കുടിശ്ശിക 35000 കോടി രൂപയാണ്. അഞ്ചുവർഷത്തെ ലീവ് സറണ്ടർ 24500 കോടി രൂപയാണ്. പേ റിവിഷൻ കുടിശ്ശിക 5500 കോടി രൂപയാണ്. 65000 കോടി രൂപയാണ് കുടിശ്ശികയായി കൊടുക്കേണ്ടത്. അതുകൂടാതെ ശമ്പള പരിഷ്കരണത്തിൽ സർവീസ് വെയിറ്റേജ് എടുത്തുകളഞ്ഞു. സർവീസ് വെയിറ്റേജ്

ശമ്പളപരിഷ്കരണത്തിന്റെ ആത്മാവാണ്. അത് കളഞ്ഞപ്പോൾ കുറെ ലാഭം അതിനകത്തുനിന്നും കിട്ടി. ഇന്നിവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ സിറ്റി കോമ്പൻസേറ്ററി അലവൻസ് എച്ച്.ബി.എ. ഒരുപാട് കാര്യങ്ങൾ എടുത്തുകളഞ്ഞു. ജീവനക്കാർക്ക് അവരുടെ ആനുകൂല്യങ്ങൾ കൊടുക്കാതെ എടുത്തുകളഞ്ഞതും ഇപ്പോൾ കൊടുക്കാതെ കയ്യിൽ വച്ചിരിക്കുന്നതുമായിട്ട് ഏകദേശം ഒരു ലക്ഷം കോടി രൂപയുണ്ട്. ഈ ഒരു ലക്ഷം കോടി രൂപ കൊടുത്തിരുന്നെങ്കിൽ ശമ്പളം കൊടുക്കാൻ സാധിക്കില്ലായിരുന്നു. ഇത്രയും പണം കിട്ടിയിട്ടും ഈ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എത്ര ദയനീയമാണ്. ഈ പണം നിങ്ങളുടെ കൈകളിലാണ്. നിങ്ങൾക്ക് കൊടുക്കാൻ സ്റ്റാറ്റ്യൂട്ടറി ഒബ്ലിക്കേഷനുള്ള പണമാണ്. കൊടുക്കാൻ നിങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷനുള്ള പണം കൊടുക്കാതെ ഒരു ലക്ഷം കോടിയോളം രൂപ നിങ്ങൾ കൈയിൽ വച്ചിട്ടും നിങ്ങൾക്ക് സാമ്പത്തിക പ്രശ്നമാണെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവിടെ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത്, സാധാരണ ഒരു അഞ്ചുകൊല്ലം ഭരിക്കുന്ന ഒരു സർക്കാർ പത്ത് ഗഡു ഡി.എ. ആണ് ജീവനക്കാർക്ക് അനുവദിക്കേണ്ടത്. എട്ടരക്കൊല്ലം പൂർത്തിയാക്കിയ നിങ്ങളിപ്പോൾ ഏഴ് ഡി.എ. കുടിശ്ശികയാണുണ്ടാക്കിയിട്ടുള്ളത്. ഇത് മാസ

ശമ്പളത്തിന്റെ അഞ്ചിലൊന്ന് വരും. ഒരെണ്ണം നിങ്ങൾ കൊടുക്കാത്തതുംകൂടി കൂട്ടി ഉമ്മൻചാണ്ടി സർക്കാർ പതിനൊന്ന് ഗഡുവാണ് ക്ഷാമബത്ത കൊടുത്തത്. പത്ത് ഞങ്ങളുടേയും ഒരെണ്ണം നിങ്ങൾ കൊടുക്കാത്തതുംകൂടി കൂട്ടി കറക്ടായി പതിനൊന്ന് ഗഡു കൊടുത്തു. അതൊന്നും കൊടുത്തില്ലായെന്ന് പറയുന്നത് ഏത് കണക്കനുസരിച്ചാണ്; ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ പോയിന്റെന്താണ്; 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ ഭരണം വന്നു. എന്തായിരുന്നു സ്ഥിതി; നായനാർ ഭരണം അവസാനിക്കുമ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശിവദാസമേനോനായിരുന്നു. ഈ കേരളം അതുവരെ കണ്ട ഏറ്റവും ഗതികെട്ട സമയമായിരുന്നു അന്ന് സംസ്ഥാനത്തിന്റേത്. ഒരു നയാപൈസ ഖജനാവില്ലാതെ കോൺട്രാക്ടർമാർക്കും മറ്റും പേമെന്റ് കൊടുക്കാതെ ഇങ്ങനെ കിടക്കുകയാണ്. ദയനീയമായ സാമ്പത്തിക സ്ഥിതി വന്നപ്പോൾ അന്നത്തെ എ. കെ. ആന്റണി സർക്കാർ പറഞ്ഞത് ഇതൊന്നുമല്ല, ധവളപത്രമിറക്കി, സിറ്റുവേഷൻ ആളുകളോട് പറഞ്ഞ്, തൽക്കാലത്തേയ്ക്കൊന്ന് മുണ്ട് മുറുക്കിയുടുക്കണമെന്ന വാക്കാണ് അദ്ദേഹം ഉപയോഗിച്ചത്. എന്തിനാണ് നിങ്ങൾ അദ്ദേഹത്തെ ഇവിടെ ദുർവ്യാഖ്യാനം ചെയ്യുന്നത്; അദ്ദേഹം വേറൊന്നും പറഞ്ഞില്ല, ഒന്ന് മുണ്ടുമുറുക്കിയുടുക്കണം

തൽക്കാലം. ഇരുപത് ദിവസത്തെ ലീവ് സറണ്ടർ താൽക്കാലികമായൊന്ന് തടഞ്ഞുവച്ചു. അപ്പോൾ 32 ദിവസത്തെ സമരം നടത്തി, ഇപ്പോൾ എത്രയാ; അന്ന് 20 ദിവസത്തെ ലീവ് സറണ്ടർ, ഇപ്പോൾ മുപ്പത് ദിവസത്തെ ലീവ് സറണ്ടർ അഞ്ചുകൊല്ലമായി തടഞ്ഞുവച്ചിരിക്കുകയാണ്. നിങ്ങളുടെ സർവീസ് സംഘടനകളൊക്കെ എവിടെപ്പോയി; അവർ സമരം ചെയ്താൽ തെറ്റാണോ; ഞാൻ ചോദിക്കട്ടെ, ഞങ്ങളാണ് അധികാരത്തിലിരിക്കുന്നത്, ഇതുപോലെത്തെ സിറ്റുവേഷൻ വന്നു. 65000 കോടി രൂപ കൊടുക്കാനുണ്ട്. ഇപ്പോൾ ഈ സ്തുതിഗീതങ്ങൾ പാടിയ ഈ സംഘടന എന്തായിരുന്നു അതിനെ ചെയ്യേണ്ടിയിരുന്നത്, നിങ്ങളെന്തായിരുന്നു ചെയ്യുമായിരുന്നത്; ഇങ്ങനെയൊരു സിറ്റുവേഷൻ സംസ്ഥാനത്തെ സർവീസ് ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇതിന്റെ അഞ്ചിലൊന്ന് പണം കൊടുക്കാനുള്ള സ്ഥിതി ഒരു കാലത്തുമുണ്ടായിട്ടില്ല.

(തുടരും......)

പി. 22.01.2025 പി.എസ്./എ.വൈ. (1)
10:50 - 11:00

(ശ്രീ. വി. ഡി. സതീശൻ) തുടർച്ച...

കേരളം ഭരിച്ച ഒരു ഗവൺമെന്റും ഇതുപോലെ ജീവനക്കാർക്ക് കുടിശ്ശിക കൊടുക്കാതിരുന്നിട്ടില്ല. 103 മാസമായി തുടരുന്ന ഈ ഭരണത്തിൽ ആറ്

കൊല്ലമായി ഈ അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. പല റേഞ്ചിലുള്ള സാലറി സ്കെയിൽ ഉണ്ട്. 2,18,310/-രൂപ മുതൽ 25,09,356/- രൂപവരെയാണ് ഒരാൾക്ക് നഷ്ടപ്പെടുന്നത്. 2024 ശമ്പളം മുടങ്ങലിനുകൂടി സാക്ഷിയായി. നിങ്ങൾ പിടിച്ചുവച്ചിരിക്കുന്ന ക്ഷാമബത്ത 1,76,830/- രൂപ മുതൽ 12,83,304/- രൂപവരെയാണ്, അതായത് 19 ശതമാനം വരുന്ന ആറ് ഗഡു ഡി.എ. കുടിശ്ശികയായിരിക്കുന്നു. ശമ്പള പരിഷ്കരണത്തിൽ ഫിറ്റ്മെന്റ് ബെനഫിറ്റ് എടുത്തുകളഞ്ഞു. ശമ്പള പരിഷ്ക്കരണ കുടിശ്ശികയെപ്പറ്റി ഒന്നും പറയുന്നില്ല. അടുത്ത ശമ്പള കമ്മീഷനെ നിയമിച്ച് അതിന്റെ റിപ്പോർട്ട് വരേണ്ട സമയം കഴിഞ്ഞിട്ടും അതിനെക്കുറിച്ച് ഒരക്ഷരവും മിണ്ടിയിട്ടില്ല. ശമ്പള കമ്മീഷൻ ഇതെല്ലാം സ്റ്റഡി ചെയ്ത് റിപ്പോർട്ട് വരേണ്ട സമയമായിട്ടും ശമ്പള കമ്മീഷനെ നിയമിച്ചിട്ടില്ല. ശമ്പള കമ്മീഷനെ നിയമിക്കുമെന്നൊരു വാക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടില്ല. നിങ്ങൾ നിയമിക്കില്ലെന്നാണ് ഞങ്ങൾ അതിൽ നിന്ന് അർത്ഥമാക്കുന്നത്. മെഡിസെപ്പിനെക്കുറിച്ച് പ്രതിപക്ഷം വ്യക്തമാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് പകരമായി നിങ്ങൾ കൊണ്ടുവന്ന പുതിയ പ്രോജക്ട് അല്ലേ മെഡിസെപ്? മെഡിക്കൽ റീഇംപേഴ്സമെന്റിനായി സർക്കാരിന്റെ വാർഷിക ബജറ്റിൽ 240

കോടിയോളം രൂപ ഇതിനുമുമ്പ് വകയിരുത്തിയിരുന്നു. അത് ഒഴിവാക്കി. പുതിയ പദ്ധതിയിൽ 5664/- രൂപ ഇൻഷ്വറൻസ് കമ്പനിക്ക് കൊടുക്കേണ്ടിടത്ത് 6000/- രൂപ (500/- രൂപ വച്ച്) ജീവനക്കാരിൽ നിന്ന് ഈടാക്കുന്നു. ഈ ഇനത്തിൽ 40 കോടി രൂപ സർക്കാർ അടിച്ചുമാറ്റി പ്രത്യേക ഫണ്ടാക്കി. ജി.എസ്.ടി. ഇനത്തിൽ 42 കോടി രൂപ വേറെ ഈടാക്കുന്നുണ്ട്. ഫലത്തിൽ ഈ മെഡിസെപ്പ് 322 കോടി രൂപ സർക്കാരിന് നേട്ടമുണ്ടാക്കുന്ന പദ്ധതിയാണ്. മെഡിസെപ്പിന്റെ ആശുപത്രി ലിസ്റ്റ് നോക്കിയാൽ സർക്കാർ ഉദ്യോഗസ്ഥർ മുഴുവൻ നേത്ര രോഗികളാണോ എന്ന് തോന്നും. എല്ലാം കണ്ണാശുപത്രികളാണ്. വലിയ ഒന്നു-രണ്ട് ആശുപത്രികൾ പാനലിലുണ്ടെങ്കിലും അവിടുത്തെ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലെ ചികിത്സകളൊന്നും ലഭിക്കില്ല. എത്രയോ ജീവനക്കാരും പെൻഷൻകാരുമാണ് കേരളത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സതേടിയിട്ട് മെഡിസെപ് വഴി അവർക്ക് വരുന്ന ബില്ലിന്റെ പത്തിലൊന്നുപോലും കൊടുക്കാൻ കഴിയാതെ കൈയിൽനിന്നും പണമടച്ച് ഇറങ്ങിപ്പോകുന്നത്. നേരത്തെ കൊടുത്തിരുന്നൊരു ആനുകൂല്യമല്ലേ; എന്നിട്ട് ചോദിക്കുകയാണ് നിങ്ങൾ മെഡിസെപ്പിനെക്കുറിച്ച് എന്തുപറയുന്നുവെന്ന്; ഈ മെഡിസെപ്പ് വേണ്ടെന്നാണ് ഞങ്ങളുടെ

അഭിപ്രായം. ഞങ്ങൾക്ക് ഇക്കാര്യത്തിൽ നല്ല ക്ലാരിറ്റിയുണ്ട്. തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ ക്ഷാമബത്ത കുടിശ്ശിക മുഴുവൻ കൊടുത്തു. എന്തിനാണ് നമ്മൾ ത്രിപുരയിലേക്കും ഉഗാണ്ടയിലേക്കും പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുപറഞ്ഞ് ഉഗാണ്ട വരെ പോകുമോയെന്ന് ഞാൻ സംശയിച്ചിരുന്നു. കാരണം ഒരു ഗ്ലോബൽ ആസ്പെക്റ്റിലാണ് കുടിശ്ശിക നൽകാത്തതിനെപ്പറ്റി അദ്ദേഹം സംസാരിച്ചത്. ലോകത്തിന് മാതൃകയായിട്ടുള്ള ഗവൺമെന്റിനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. ജീവനക്കാർക്ക് കൊടുക്കാനുള്ള 65000 കോടി രൂപ പിടിച്ചുവച്ചിട്ടാണ് ത്രിപുരയിൽ കണ്ടില്ലേ എന്ന് ചോദിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം, യു.ഡി.എഫ്. ഭരിച്ചപ്പോൾ 1400 കോടിയേ കൊടുത്തിട്ടുള്ളൂ എന്നാണ് പറഞ്ഞത്. എന്നാൽ ശമ്പളം മുടങ്ങിയോ? അന്ന് സർക്കാരിന്റെ ഫണ്ട് 1400 കോടി രൂപ നൽകിയാൽ മതിയായിരുന്നു. കെ.എസ്.ആർ.ടി.സി. നന്നായി റൺ ചെയ്ത് പോകുകയായിരുന്നു. ശമ്പളം കൊടുക്കാൻ ചെറിയ ഗ്യാപ്പ് വരുമ്പോൾ ആ ഗ്യാപ്പ് അന്നത്തെ ഗവൺമെന്റ് കൃത്യമായി കൊടുക്കുമായിരുന്നു. 1400 കോടി കൊടുക്കേണ്ടിടത്ത് വെറുതേ എന്തിനാണ് 14000 കോടി കൊടുക്കുന്നത്; ജീവനക്കാരുടെ എണ്ണത്തിന്റെ കാര്യം പറഞ്ഞു. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 47000

ജീവനക്കാർ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായിരുന്നിടത്ത് ഇന്ന് 22000 പേരേയുള്ളൂ. ജീവനക്കാരുടെ എണ്ണം കുറച്ചത് ത്രിപുരയിലാണോ? 5200 ഷെഡ്യൂൾ ഉണ്ടായിരുന്നിടത്ത് നിന്നും എട്ടരകൊല്ലംകൊണ്ടാണ് ഈ സ്ഥിതിയിലായത്. ശ്രീ. കെ.ബി.ഗണേഷ് കുമാർ, അങ്ങ് ഗതാഗത വകുപ്പുമന്ത്രി ആയിരുന്നപ്പോഴുണ്ടായിരുന്ന 2500-ഓളം ഷെഡ്യൂളുകൾ ഇപ്പോൾ നഷ്ടപ്പെട്ടു. സിവിൽ സപ്ലൈസ് കോർപ്പറേഷന് 4000 കോടി രൂപ കൊടുക്കാനുണ്ട്. ഇന്ന് റേഷൻ സമരത്തെക്കുറിച്ച് മന്ത്രി പറഞ്ഞ മറുപടിയെന്താണ്; സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മാറുമ്പോൾ എല്ലാവർക്കും കുടിശ്ശിക നൽകും, നൽകില്ലെന്ന് പറയുന്നില്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെക്കുറിച്ച് ഇന്നത്തെ വാർത്തയെന്താണ്? ഒരു ആശുപത്രിയിലും മരുന്നില്ല. സ്റ്റെന്റ് ഇല്ല. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വ്യാപകമായി മരുന്ന് ക്ഷാമം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് എത്രകോടി കൊടുക്കാനുണ്ട് നിങ്ങൾ? കെ.എസ്.ഇ.ബി.-യുടെ സ്ഥിതി എന്താണ്. ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ ആയിരം കോടി കടമായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്....

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾ എത്രയാണ് കടം? 45000

കോടി രൂപയാണ് കെ.എസ്.ഇ.ബി.-യുടെ കടം. നിങ്ങൾ ഈ സംസ്ഥാനത്തെ തകർത്ത് തരിപ്പണമാക്കി. കേന്ദ്രസർക്കാരിനോട് പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്ന് നിങ്ങൾ ചോദിച്ചു, ഞാൻ ഈ നിയമസഭയിൽ ഞങ്ങളുടെ നിലപാട് പറഞ്ഞു. ഡെവല്യൂഷൻ ഓഫ് ടാക്സിന്റെ കാര്യം, പത്താം ധനകാര്യ കമ്മീഷന് കിട്ടിയിരുന്ന തുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ തുകയുമായല്ല ഞങ്ങൾ താരതമ്യം ചെയ്യുന്നത്. പതിനാലാം ധനകാര്യ കമ്മീഷൻ അനുവദിച്ച നിരക്കായ 2.5-ൽ നിന്ന് 1.92 ആയി കുറച്ചു. അത് തെറ്റാണ്. ഞങ്ങൾക്ക് കൂടുതൽ അർഹതയുണ്ട്. മാനദണ്ഡങ്ങൾ മാറ്റി നിശ്ചയിക്കണം. സർക്കാർ പറയുന്നതിനേക്കാൾ വീറോട്ടുകൂടി ഞങ്ങൾ കേരളത്തിനുവേണ്ടി വാദിച്ചു. അത് അടുത്ത ഗവൺമെന്റ് നിങ്ങൾ വരും എന്നൊരു പ്രതീക്ഷയിലാണ് എന്ന് അങ്ങ് മുനവച്ചൊരു വർത്തമാനം പറഞ്ഞു. ഏത് ഗവൺമെന്റാണ് വരേണ്ടതെന്ന് ജനങ്ങളാണ് തീരുമാനിക്കുന്നത്. ഞാൻ അതിന് അവകാശ വാദങ്ങളൊന്നും പറയുന്നില്ല. പക്ഷേ, ഞങ്ങൾ ഈ സംസ്ഥാനത്തിനുവേണ്ടി ധനകാര്യ കമ്മീഷന്റെ മുമ്പിൽ വീറോടെ വാദിച്ചു. ഞാൻ തന്നെയാണ് പ്രസന്റേഷൻ നടത്തിയത്. യു.ഡി.എഫ്-ന്റെ എല്ലാ കക്ഷികളുമായി ആലോചിച്ചാണ് ചെയ്തത്.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾ നന്നായി അതിനുവേണ്ടി ആർഗ്യു ചെയ്തു. ജി.എസ്.ടി. കോമ്പൻസേഷനായി കിട്ടേണ്ട 12000 കോടി കിട്ടിയില്ല എന്ന് ഇവിടെ പറഞ്ഞു. ജി.എസ്.ടി. നിയമം പാസ്സാക്കിയത് പാർലമെന്റാണ്. പാർലമെന്റിന്റെ നിയമത്തിലുള്ളത് അഞ്ച് വർഷത്തേക്ക് കോമ്പൻസേഷൻ നൽകുമെന്നാണ്. അഞ്ച് വർഷവും കേരളത്തിന് കോമ്പൻസേഷൻ ലഭിച്ചു. ഒരു രൂപയുടെ കുടിശ്ശിക ബാക്കിയില്ല. ഇപ്പോൾ പറയുന്നത് ആറാമത്തെ വർഷവും കിട്ടുമായിരുന്നെങ്കിൽ 12000 കോടി കിട്ടുമായിരുന്നു. ആരെയാണ് നിങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നത്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ അഞ്ച് കൊല്ലമാണ് കോമ്പൻസേഷൻ ആറാമത്തെ കൊല്ലം കിട്ടുമായിരുന്നെങ്കിൽ 12000 കോടി നഷ്ടപ്പെടില്ലായിരുന്നു. ദയവായി അങ്ങ് നിയമസഭയിൽ ഇത് പറയരുത്. പാർട്ടിയുടെ പൊതുയോഗത്തിൽ പാർട്ടിക്കാരെയും പൊതുജനങ്ങളെയും കബളിപ്പിക്കാനും കൈയടിക്കുമായി പറയാം. നിങ്ങൾ കോടതിയിൽ പോയപ്പോൾ ഇക്കാര്യങ്ങളൊന്നും പറഞ്ഞില്ലല്ലോ.

രൂക്ഷമായ വിലക്കയറ്റമാണ്. രണ്ട് വർഷം മുമ്പുണ്ടായിരുന്ന വില നിലവാരത്തിൽ 200 ശതമാനം മുതൽ 300 ശതമാനം വരെ

വിലവർദ്ധനയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ടേബിളിൽ എല്ലാദിവസവും രാവിലെ വിലക്കയറ്റത്തെക്കുറിച്ചുള്ളൊരു ഫയൽ വരുമെന്നാണ് എന്റെ അറിവ്. എന്തിനാണ് ഡി.എ. കൊടുക്കുന്നത്? സർക്കാർ ഓഫീസിലെ പ്യൂൺ ആണെങ്കിലും മുതിർന്ന ഉദ്യോഗസ്ഥനാണെങ്കിലും അവർക്കെല്ലാം അവരുടേതായ സ്റ്റാൻഡേർഡ് ഓഫ് ലിവിങ്ങുണ്ട്. അതാണല്ലോ സർക്കാർ ജോലി എന്ന് പറയുന്നത്. അവർക്ക് വീട് വയ്ക്കാനെടുത്ത ലോണിന്റെ തുക അടയ്ക്കണം, കുട്ടികളെ പഠിപ്പിക്കാനുള്ള എഡ്യൂക്കേഷൻ ലോൺ അടയ്ക്കണം, ചിലപ്പോൾ വാടക വീട്ടിലായിരിക്കും താമസിക്കുന്നത് അവരുടെ സ്റ്റാൻഡേർഡ് അനുസരിച്ച് അതെല്ലാം നൽകണം. അവർക്ക് നൽകേണ്ട ആനുപാതികമായ ഈ തുക നിഷേധിക്കുകയാണ് യഥാർത്ഥത്തിൽ സർക്കാർ ചെയ്തത്. അതിനകത്ത് യാതൊരു ന്യായീകരണവും വേണ്ട. സർക്കാർ ജീവനക്കാരോടുള്ള അവഗണനയാണ് പൂർണ്ണമായും ചെയ്തിരിക്കുന്നത്. ഇത് എന്ന് നടപ്പിലാക്കും എപ്പോൾ നടപ്പിലാക്കുമെന്ന് യാതൊരു വിധത്തിലുമുള്ള ഒരു ഉറപ്പും സർക്കാർ നൽകുന്നില്ല. അപകടകരമായ നിലയിലേക്ക് ഇത് പോകുകയാണെന്ന് മാത്രം ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് പഴയ രാജകൊട്ടാരങ്ങളിൽ ധാരാളം

വിദൂഷകരുണ്ടായിരുന്നു. 'മന്നവേന്ദ്ര വിളങ്ങുന്നു നിൻ മുഖം ചന്ദ്രനെപ്പോലെ ' എന്ന് പാടിയ വിദൂഷകരുടെ കാലമുണ്ടായിരുന്നു. അങ്ങ് ഇതിലൊന്നും വീഴരുത്. അങ്ങയെ പറ്റിക്കാനായി ഇവരെല്ലാം ഇങ്ങനെ വാഴ്ത്തുപാട്ടുമായി വരുകയാണ്. അവർ തന്നെ വിലാപകാവ്യം രചിക്കേണ്ട ഒരവസ്ഥയിലേക്ക് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുകയാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരോടും പെൻഷൻകാരോടും അവരുടെ കുടുംബങ്ങളോടുമുള്ള പൂർണ്ണമായ അവഗണനയിൽ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു. ഞാൻ ജോയിന്റ് കൗൺസിലിൽ കൂടി ഇന്ന് സമരം ചെയ്യുന്നതുകൊണ്ട് വാക്കൗട്ടിൽ പങ്കെടുക്കാൻ സി.പി.ഐ. അംഗങ്ങളെക്കൂടി ക്ഷണിക്കുന്നു.

(പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)

P-22-1-2025-UV-AM(1)-LV
11.00-11.10

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതൊരു രാഷ്ട്രീയ സമരമാണെങ്കിലും അക്കാര്യം ഭരണകക്ഷിയെ എങ്കിലും ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. ഇത് രാഷ്ട്രീയ

സമരമമല്ലാത്തതുകൊണ്ടും സർക്കാർ ജീവനക്കാർ ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നതുകൊണ്ടാണ് സമരം നടത്തുന്നതെന്നതിന് ഉത്തമ തെളിവാണ് സി.പി.ഐ.-യുടെ സർവ്വീസ് സംഘടനപോലും ഈ പണിമുടക്കിൽ പങ്കെടുക്കുന്നുവെന്നത്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെയല്ലായിരുന്നുവെങ്കിൽ സി.പി.ഐ. സർവ്വീസ് സംഘടനാ നേതാക്കളെയെങ്കിലും ബോധ്യപ്പെടുത്താൻ സർക്കാരിന് കഴിയണ്ടേ? സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന കാര്യം സമ്മതിക്കാനും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്രയൊക്കെ ആനുകൂല്യങ്ങൾ മാത്രമേ ജീവനക്കാർക്ക് നൽകാൻ സാധിക്കുകയുള്ളൂവെന്നുമുള്ള യാഥാർഥ്യബോധത്തോടുകൂടിയ സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്ടേ? 2001-ൽ കോൺഗ്രസ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതിനുമുമ്പുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കടുത്ത സാമ്പത്തിക പരാധീനത നിലനിന്നിരുന്ന സാഹചര്യമായിരുന്നു. തുടർന്ന്, അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ധവളപത്രം ഇറക്കുകയും സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം താൽക്കാലികമായി നിർത്തിയപ്പോൾ എത്ര വലിയ സമരമാണ് അന്നത്തെ പ്രതിപക്ഷാംഗങ്ങളുടെ നേതൃത്വത്തിൽ ഇവിടെ സംഘടിപ്പിച്ചത്. കഴിഞ്ഞ

അഞ്ചുവർഷമായി ലീവ് സറണ്ടർ നിർത്തലാക്കിയ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ജീവനക്കാർ ഇത്തരത്തിലുള്ള ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതൊക്കെ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിന് കൂടുതൽ ഫണ്ട് ലഭിക്കണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുമുള്ളത്. സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടിയാണ് പതിനാറാം ധനകാര്യ കമ്മീഷനുമുമ്പാകെ ഞങ്ങൾ കാര്യങ്ങൾ അവതരിപ്പിക്കുകയും പ്രസന്റേഷൻ നടത്തുകയും വാദിക്കുകയുമൊക്കെ ചെയ്തത്. പക്ഷെ, നിലവിൽ നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സ്ഥിതിയെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി; കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് വെട്ടിച്ചുരുക്കിയതിന്റെ ഫലമായി ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പൊതു മേഖലാ സ്ഥാപനങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് ജീവനക്കാർക്ക് അല്പാല്പമായി പണം കൊടുത്ത് ശമ്പളം മുടങ്ങാതെ നോക്കുന്നതിനിടയിൽ ശമ്പളം കുടിശ്ശികയായാൽ വലിയ പ്രക്ഷോഭം നടത്തിയിരുന്ന അന്നത്തെ പ്രതിപക്ഷാംഗങ്ങൾ

ഭരണപക്ഷത്തെത്തിയപ്പോൾ സംസ്ഥാനത്ത് ഇപ്പോഴത്തെ സ്ഥിതി എന്താണ്? നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് യു.ഡി.എഫ്. ഭരണകാലത്തേതുപോലെ എപ്പോഴെങ്കിലും ശമ്പളം മുടങ്ങുകയല്ല ചെയ്യുന്നത്, പകരം ഒരു വർഷത്തിൽ രണ്ടുമാസത്തെ ശമ്പളമെങ്കിലും ലഭിക്കാൻവേണ്ടിയാണ് അവർ സമരം ചെയ്യുന്നതെന്ന് മനസ്സിലാക്കണം. യു.ഡി.എഫ് ഭരണകാലത്ത് നിന്ന് എൽ.ഡി.എഫ്. ഭരണകാലത്തേയ്ക്ക് വന്നപ്പോൾ സാമ്പത്തിക സ്ഥിതിയിൽ വന്ന മാറ്റം അത്ര വലുതാണ്. കെ.എസ്.ആർ.ടി.സി.- ജീവനക്കാരുടെ ശമ്പള കുടിശ്ശിക അത്ര വലുതാണ്. അതേ പ്രശ്നം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമുണ്ട്. ഇല്ലെന്നുപറഞ്ഞിട്ടൊന്നും കാര്യമില്ല. ഈയിനത്തിൽ വൻ തുക കുടിശ്ശികയായി നിലനിൽക്കുകയാണ്. ഈ സർക്കാർ സമീപനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്ന് അങ്ങ് പറയുന്നുണ്ട്. ശരിയാണ്, ഈ സർക്കാരിന്റെ സമീപനമൊന്നും മാറ്റിയിട്ടില്ല. പ്രസംഗം പഴയതുതന്നെയാണ്, എന്നാൽ പ്രവൃത്തി പുതിയതാണെന്ന ഒരു വ്യത്യാസം മാത്രമേയുള്ളൂ. ഏതായാലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും ഇപ്പോഴും കൊടുക്കുന്നില്ല. ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങളൊക്കെ കൊടുക്കേണ്ടതുതന്നെയാണ്. കോൺട്രിബ്യൂട്ടറി പെൻഷനുപകരം സ്റ്റാറ്റ്യൂട്ടറി

പെൻഷൻ പദ്ധതി തന്നെയാണ് നല്ലതെന്നൊക്കെ പറയുന്നുണ്ടെങ്കിലും യാതൊന്നും കൊടുക്കുന്നില്ലെന്ന് മാത്രമല്ല, വമ്പിച്ച കുടിശ്ശികയുമാണ്. ഇങ്ങനെ കുടിശ്ശിക നിലനിൽക്കുന്ന സ്ഥിതി അഡ്മിറ്റ് ചെയ്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിൽ ആയതിന് പരിഹാരം കാണുകയാണ് വേണ്ടത്. അല്ലാതെ ഇതൊക്കെ സർക്കാരിന്റെ സൗജന്യമാണെന്ന രീതിയിലാണ് ഇവിടെ സംസാരിക്കുന്നത്. ഞങ്ങൾ ഇത്രയെങ്കിലും കൊടുക്കുന്നില്ലേ എന്നൊരു സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിലെ വളരെ മോശമായൊരു സാഹചര്യത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അതിന് പരിഹാരമെന്താണെന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം. അത് പറയാതിരിക്കാൻ നിർവാഹമില്ല. അതുകൊണ്ട് സർക്കാരിന്റെ ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(ശ്രീ. പി. ജെ. ജോസഫ്)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, സംസ്ഥാനത്ത് 65,000 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന വസ്തുത സമ്മതിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ സന്നദ്ധമാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(ശ്രീ. അനൂപ് ജേക്കബ്)

P-22-1-2025-UV-AM(1)
11.00-11.10

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സർക്കാർ ജീവനക്കാരെ പൂർണ്ണമായും വഞ്ചിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വിവിധ ഇനങ്ങളിലായി 65,000 കോടിയോളം രൂപ കുടിശ്ശികയാണെന്ന് പറയുമ്പോൾ ആ മേഖലയിലെ വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കേണ്ടിവരുന്ന ദുരിതം വളരെ വലുതാണ്. അതുകൊണ്ടാണ് ഇന്നത്തെ സമരത്തിൽ വിവിധ സംഘടനകളും ജോയിന്റ് കൗൺസിലുമുൾപ്പെടെ പങ്കെടുക്കുന്നത്. മെഡിസെപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപം വളരെ വ്യാപകമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുമായി

ബന്ധപ്പെട്ട് ധാരാളം പരാതികളാണ് വരുന്നത്. എൻലിസ്റ്റ് ചെയ്ത ആശുപത്രികൾ സംബന്ധിച്ചുള്ള പരാതിയും തുക ലഭ്യമാകാത്തത് സംബന്ധിച്ചുള്ള പരാതിയുമൊക്കെ ഉൾപ്പെടുന്നുണ്ട്. മെഡിസെപ്പ് പദ്ധതിക്കുപകരം സമഗ്രമായ മറ്റൊരു ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കേണ്ടതുണ്ട്. മെഡിസെപ്പ് അതിന്റെ ലക്ഷ്യത്തിലേയ്ക്ക് എത്തുന്നില്ലെന്നത് വസ്തുതയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ളതാണെന്ന് ഞാൻ കരുതുന്നു. അങ്ങ് ഇവിടെനിന്ന് വെല്ലുവിളിച്ച് പ്രസംഗിച്ചതായിരിക്കാം. മെഡിസെപ്പിന്റെ പരാജയം വളരെ വലുതാണ്. അതുസംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതിയെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. കോവിഡ് മഹാമാരി കാലഘട്ടത്തിൽ നിർത്തലാക്കിയ ഒട്ടേറെ സർവീസുകൾ നാളിതുവരെ പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയുകയാണ്. കേരളത്തിലെ ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിലെ ഒരു ജീവനക്കാരന് ശമ്പളം ലഭിക്കാത്തതിനാൽ ആത്മഹത്യയിൽ അഭയം തേടേണ്ടിവന്നു. അദ്ദേഹം ഭരണകക്ഷി യൂണിയനിൽപ്പെട്ടൊരു തൊഴിലാളിയാണ്. ഇതാണ് പൊതുമേഖലാ

സ്ഥാപനങ്ങളിലെ നിലവിലെ സ്ഥിതി. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ കാര്യം മാത്രമാണ് ഞാൻ ഇവിടെ എടുത്തുപറഞ്ഞത്. ഇതുപോലുള്ള ധാരാളം പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന ദുരിതം വളരെ വലുതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൃത്യമായ ഇടപെടൽ നടത്താനും സർക്കാർ ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള നടപടിയുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

P-22-1-2025-UV-AM(1)

11.00-11.10

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ആദരണീയനായ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി

പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ നയരേഖയാണ് ഗവർണർ ഇവിടെ അവതരിപ്പിച്ചത്. കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ പടുത്തുയർത്തുകയെന്നതാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടി ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക, എല്ലാവർക്കും വാസയോഗ്യമായ വീടുകൾ നൽകുക, മികച്ച ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുക, അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക, പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകവഴി ആളുകളുടെ വരുമാനവും ജീവിതനിലവാരവും ഉയർത്തുക എന്നിവയാണ് ഈ ഗവൺമെന്റ് പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിലൂടെ ആധുനിക നവകേരളം സൃഷ്ടിക്കുന്നതിനുവേണ്ടി പ്രതിജ്ഞാബദ്ധമായ പ്രവർത്തനമാണ് പിണറായി സർക്കാർ കേരളത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്. എന്നാൽ, ഈ കേരള വികസനത്തെ അട്ടിമറിക്കുകയെന്നതാണ് യു.ഡി.എഫ്.-ന്റെ ലക്ഷ്യം. എല്ലാ വികസന പ്രവർത്തനങ്ങളെയും എതിർക്കുകയും തകർക്കുകയും ചെയ്യുകയെന്നതാണ് യു.ഡി.എഫ്.-ന്റെ  പരിപാടി. അതിന് ഏതാനും മാധ്യമങ്ങളുടെ സഹായം അവർക്കുണ്ട്. അതിന് ആദ്യം തകർക്കേണ്ടത് കേരളത്തിന്റെ മുഖ്യമന്ത്രിയെ

ആയിരിക്കണമെന്നാണ് അവർ കണ്ടെത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി എല്ലാ കാര്യത്തിലും അഴിമതി ആരോപണങ്ങൾ ഉന്നയിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രിയെയും എൽ.ഡി.എഫ്. സർക്കാരിനെയുമാണ് ഇവിടത്തെ പ്രതിപക്ഷം ഏറ്റവും കൂടുതൽ ഭയപ്പെടുന്നത്; ഈ സർക്കാരാണെന്ന് നിങ്ങളുടെ ഉറക്കം കെടുത്തുന്നതെന്ന് ഈ നാട്ടിലെ ജനങ്ങൾക്കൊക്കെ അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ വികസന കാര്യങ്ങളിൽ ആർജ്ജവത്തോടുകൂടിയുള്ള നിലപാടുകളെടുക്കുകയും തീരുമാനിച്ച കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഭരണകാലത്ത് ഉപേക്ഷിച്ച പദ്ധതികളുൾപ്പെടെ നടപ്പാക്കാൻ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവന്നു. അങ്ങനെയൊരു സർക്കാരിന്റെ തലവനായ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കെതിരെ അഴിമതി ആരോപണങ്ങൾ ഉന്നയിച്ച് ജനമധ്യത്തിൽ താറടിച്ച് കാണിക്കാൻ കഴിയുമോയെന്നാണ് പ്രതിപക്ഷം ഗവേഷണം നടത്തുന്നത്. എന്നാൽ, പ്രതിപക്ഷം നാളിതുവരെ ഉന്നയിച്ച അഴിമതി ആരോപണങ്ങളുടെ ആയുസ്സ് എത്രയായിരുന്നു; എല്ലാം അകാലചരമമടഞ്ഞു. നിങ്ങൾ ഉന്നയിച്ച ഏതെങ്കിലുമൊരു ആരോപണത്തിന്മേൽ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ; ഈയടുത്ത

കാലത്തായി വന്ന ചില റിപ്പോർട്ടുകൾ മാത്രം പരിശോധിച്ചാൽ മതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് അഴിമതി ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അതിൽ യാതൊരടിസ്ഥാനവുമില്ലെന്ന് നിങ്ങൾക്ക് ബോധ്യമുണ്ടെങ്കിലും ജനങ്ങളിൽ തെറ്റിധാരണ പരത്താൻ കഴിയുമോയെന്നാണ് പ്രതിപക്ഷം നോക്കുന്നത്. കോൺഗ്രസ് ഭരിക്കുന്ന കർണാടക മുഖ്യമന്ത്രിയുടെ അവസ്ഥയെന്താണ്; അവിടെ സി.എം.എസ്. നടത്തിയ സർവ്വേ പ്രകാരമുള്ള അഴിമതിയുടെ തോത് എത്രയാണ്; കർണാടക-77%, ആന്ധ്രാപ്രദേശ്-73%, തമിഴ്നാട്-68%, ഗുജറാത്ത്-45%, മഹാരാഷ്ട്ര-48%, കേരളം-4% എന്നിങ്ങനെയാണ്. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഴിമതിയുടെ പേരിൽ കേന്ദ്ര ഏജൻസികളെകൊണ്ട് അന്വേഷിപ്പിക്കാൻ നിങ്ങൾ നടത്തിയ ശ്രമങ്ങൾ ഏതെങ്കിലും ഫലവത്തായോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ഇത്തരത്തിൽ അഴിമതിയുടെ പുകമറ സൃഷ്ടിച്ച് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ തകർത്ത് എങ്ങനെയെങ്കിലും അധികാരത്തിൽ വരാൻ കഴിയുമോയെന്നല്ലേ ഇവിടത്തെ പ്രതിപക്ഷം നോക്കുന്നത്; അടുത്ത പ്രാവശ്യമെങ്കിലും യു.ഡി.എഫ്-ന് ഭരണം ലഭിക്കുമോയെന്നതാണ് നിങ്ങളുടെ പരീക്ഷണം. ഏതായാലും ഒരു കാര്യം

നിങ്ങൾക്കുറപ്പിക്കാം, അടുത്ത തവണയും കോൺഗ്രസിന്റെ സ്ഥാനം പ്രതിപക്ഷത്തുതന്നെയാണ്. കേരളത്തിൽ എൽ.ഡി.എഫ്. വീണ്ടും അധികാരത്തിൽ വരും. അതിനിടെ 69 സീറ്റിൽ കോൺഗ്രസ് ജയിക്കുമെന്ന് പറഞ്ഞുകൊണ്ട് ഒരു ലിസ്റ്റുമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കെ.പി.സി.സി. യോഗത്തിൽ പോയെന്നും അങ്ങനെ 69 സീറ്റിലൊന്നും ജയിക്കാൻ പോകുന്നില്ലെന്ന് പറഞ്ഞ് അത് ചവിറ്റുകുട്ടയിലേയ്ക്കിട്ടുവെന്നൊക്കെ നിങ്ങൾതന്നെ പറയുന്നുണ്ട്. കേരളത്തിൽ കോൺഗ്രസ് പാർട്ടി ഇതേ സമീപനവുമായി മുന്നോട്ടുപോയാൽ അടുത്ത പ്രാവശ്യവും എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമെന്നും കേരളം വീണ്ടും വികസന കുതിപ്പിലേക്ക് നീങ്ങുമെന്നും ഉറപ്പാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

(തുടരും.....)

P. 22.01.2025-LJ/ AM -(1)
11.10-11.20

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു....... തുടർച്ച)

കേരളത്തിലെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ മാത്രമെടുത്ത് പരിശോധിച്ചുനോക്കൂ; കിഫ്ബിയില്ലായിരുന്നുവെങ്കിൽ കേരളത്തിലെ

റോഡുകൾ ഇന്നത്തെ അവസ്ഥയിലാകുമായിരുന്നോ? എത്ര റോഡുകളുടെയും പാലങ്ങളുടെയും സ്കൂൾ-ആശുപത്രി കെട്ടിടങ്ങളുടെയും വികസനപ്രവർത്തനങ്ങളാണ് കിഫ്ബി മുഖേന യാഥാർഥ്യമാക്കിയത്. എന്നാൽ, പ്രതിപക്ഷം കിഫ്ബിയെ എതിർക്കുകയാണ് ചെയ്തത്. കിഫ്ബി നിലവിൽവന്നതുകൊണ്ടുമാത്രമാണ് കേരളത്തിലെ റോഡുകൾ ഇന്ന് ഇത്രയും മികച്ചനിലയിലെത്തിയത്. 60% റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലും പല റോഡുകളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുമുയർന്നു. ഇന്നലെ കാസർഗോഡ് അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രസംഗിച്ചപ്പോൾ കാഞ്ഞങ്ങാട്-കാസർഗോഡ് റോഡിന്റെ കുറച്ചുഭാഗം പൊളിഞ്ഞുപോയെന്ന് പറയുകയുണ്ടായി. ആ റോഡ് ഓവർലേ ചെയ്യുന്നതിനുവേണ്ടി, sanctioned accorded orders issued…, dated 27-11-2024, പ്രകാരം കാഞ്ഞങ്ങാട്-കാസർഗോഡ് KSTP റോഡിനും ചെർക്കള-ജാൽസൂർ KSTP റോഡിനും ഓവർ ലേ ചെയ്യുന്നതിന് അനുമതി ലഭ്യമായതിനുശേഷമാണ് അതിപ്പോൾ കുറച്ച് പൊളിഞ്ഞുപോയെന്ന് അദ്ദേഹം പറഞ്ഞത്. യു.ഡി.എഫ്. ഭരണകാലത്ത് റോഡിന്റെ അവസ്ഥയെന്തായിരുന്നു? എന്റെ ഗ്രാമത്തിലൂടെ കടന്നുപോകുന്നൊരു റോഡുണ്ട്; തെക്കിൽ-ആലട്ടി റോഡ്. ഞാൻ ജനിച്ചതുമുതൽ ആ റോഡ്

പൊട്ടിപ്പൊളിഞ്ഞുതകർന്ന അവസ്ഥയിലാണ് കാണുന്നത്. ആ റോഡിലൂടെയായിരുന്നു ഞങ്ങളൊക്കെ സഞ്ചരിച്ചത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കിഫ്ബി നിലവിൽ വന്നതോടുകൂടിയാണ് 85 കോടിരൂപ ചെലവഴിച്ച് ആ റോഡ് നവീകരിക്കുകയും വികസിപ്പിക്കുകയും ചെയ്തത്. കാസർഗോഡ് ജില്ലയിലെ എല്ലാ റോഡുകളും കിഫ്ബിയിലൂടെയാണ് നവീകരിച്ചത്.

ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ മണ്ഡലത്തിൽ കാസർഗോഡും മഞ്ചേശ്വരവും ചേർത്തൊരു കുമ്പള-ബദിയടുക്ക-മുള്ളേരിയ റോഡുണ്ട്. 145 കോടിരൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിൽ കാസർഗോഡ് ജില്ലയിൽ ഉയർന്നുവന്ന ഒരു റോഡാണ് ആ മണ്ഡലത്തിലുള്ളത്. അതിനെക്കുറിച്ചൊന്നും യാതൊന്നും പറയുന്നില്ല. ആ നാടിന്റെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ഒരക്ഷരവും മിണ്ടുന്നില്ല. അതേസമയം അവിടത്തെ ഒരു റോഡിൽ ആകെ രണ്ട് കുഴി വീണപ്പോൾ അതാണ് മഹാസംഭവമെന്ന് ചൂണ്ടിക്കാട്ടി പൊതുമരാമത്ത് വകുപ്പ് കേരളത്തിൽ നടത്തിയ മൊത്തം വികസനപ്രവർത്തനങ്ങളെയും എങ്ങനെയെങ്കിലും മോശമാക്കി ചിത്രീകരിക്കാൻ കഴിയുമോയെന്ന പരീക്ഷണമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം ജനങ്ങൾ നേരിട്ട് കാണുന്നതിനാൽ

നടന്ന വികസനപ്രവർത്തനങ്ങളെയോ നാട്ടിൽ നടക്കുന്ന മറ്റ് കാര്യങ്ങളെയോ സംബന്ധിച്ച് ജനങ്ങൾക്കൊരു തെറ്റിദ്ധാരണയുമുണ്ടാകുമെന്ന് ധരിക്കേണ്ടതില്ല.

കിഫ്ബിവഴി 223 റോഡുകൾ ഹൈടെക്കായി. 91 പാലങ്ങൾ പൂർത്തീകരിച്ചു. 57 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 15 ഫ്ലൈ ഓവറുകൾ അംഗീകരിച്ചു. 18,445 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ രംഗത്ത് മാത്രമായി നടത്തിയിട്ടുള്ളത്. ആതുരസേവനരംഗത്ത് 10 കാത്ത് ലാബുകളും 44 ഡയാലിസിസ് സെന്ററുകളുമാരംഭിച്ചു. ഓരോ മണ്ഡലത്തിലും ഓരോ ഐസൊലേഷൻ വാർഡ് എന്നതിൽ പലതും നടപ്പാക്കുകയും ചിലത് പുരോഗമിക്കുകയുമാണ്. 44,705 സ്കൂൾ ക്ലാസ് റൂമുകൾ ഹൈടെക് ആയതോടൊപ്പം സ്കൂളുകളിൽ 11,257 ലാബുകൾ ആരംഭിച്ചു. മുന്നൂറിലേറെ സ്കൂളുകൾക്ക് അതിമനോഹരമായ കെട്ടിടങ്ങൾ നിർമ്മിച്ചു. അങ്ങനെ എത്രയെത്ര പ്രവർത്തനങ്ങളാണ് ഈ കേരളത്തിൽ നടന്നത്. ഈ പ്രവർത്തനങ്ങളാകെ നടക്കുമ്പോൾ ഇതുസംബന്ധിച്ച് ഒരക്ഷരവും പറയാതെ കേരളമാകെ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണെന്നും വികസനം മുരടിച്ചിരിക്കുന്നുവെന്നും സ്ഥാപിച്ച് മറ്റെന്തെങ്കിലും കെട്ടുകഥകൾ

പ്രചരിപ്പിക്കാനും ഇല്ലാക്കഥകൾ പറയാനും ഏതാനും മാധ്യമങ്ങളുടെ സഹായത്തോടുകൂടി പ്രതിപക്ഷം നടത്തുന്ന ഈ ശ്രമങ്ങളൊന്നും കേരളത്തിലെ ജനങ്ങൾ വിശ്വാസത്തിലെടുക്കില്ലെന്നതിന്റെ ഉദാഹരണം നമ്മുടെ മുന്നിലുണ്ട്.

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ട് പാറ്റേൺ പരിശോധിച്ചതിനുശേഷം എല്ലാ കാര്യങ്ങളും തീരുമാനിച്ചുകളയാമെന്നാണ് നിങ്ങൾ ധരിക്കുന്നതെങ്കിൽ അതൊരിക്കലും നടക്കാൻ പോകുന്നില്ല. ലോക് സഭാ തിരഞ്ഞെടുപ്പിൽ ജനങ്ങൾ വോട്ട് ചെയ്യുന്ന ഒരു രീതിയുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പുവേളയിൽ നേരെ വിപരീത സാഹചര്യം സംജാതമാവുകയും ചെയ്യും. ഇതേ സാഹചര്യം കഴിഞ്ഞ ലോക്സഭ-നിയമസഭാ തിരഞ്ഞെടുപ്പുകളിലും പ്രകടമായിരുന്നു. ഇത്തവണയും അതുതന്നെയാണ് സംഭവിക്കാൻ പോകുന്നതെന്ന് നിങ്ങൾ ആലോചിക്കണം.

ക്ഷേമപ്രവർത്തനങ്ങളുടെ കാര്യം പരിശോധിച്ചാൽ, സാമൂഹികക്ഷേമ പെൻഷൻ എങ്ങനെയെങ്കിലും നിർത്തലാക്കണമെന്നതാണ് നിങ്ങളുടെ ലക്ഷ്യം. സാമൂഹികക്ഷേമ പെൻഷൻ നിർത്തലാക്കിയാൽ അതിലൂടെ കുറച്ച് വോട്ട് നേടാൻ കോൺഗ്രസ് പാർട്ടിക്ക് സാധിക്കുമോയെന്ന ശ്രമം നിങ്ങൾ നടത്തിനോക്കി. യു.ഡി.എഫ്. ഭരണകാലത്ത് എത്ര രൂപയാണ്

കൊടുത്തത്; എന്നാൽ ഇപ്പോൾ ഈ സർക്കാർ എത്ര രൂപയാണ് കൊടുക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അഞ്ചാറുമാസത്തെ ക്ഷേമപെൻഷനുകൾ കുടിശ്ശികയായപ്പോൾ യു.ഡി.എഫ്. വലിയ പ്രചരണമാണ് നടത്തിയത്. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ 18 മാസത്തെ കുടിശ്ശിക വരുത്തിയതുസംബന്ധിച്ച് നിങ്ങൾ ഒരക്ഷരവും പറയുന്നില്ല. ഇപ്പോൾ കുടിശ്ശികയെല്ലാം തീർത്തില്ലേ; എല്ലാ കുടിശ്ശികയും സമയബന്ധിതമായി കൊടുത്തുതീർക്കുമെന്ന് കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് ഇപ്പോൾ അതെല്ലാം തീർത്തില്ലേ? എല്ലാം സമയബന്ധിതമായി കൊടുക്കാൻ തുടങ്ങിയില്ലേ? ഇപ്പോൾ കുടിശ്ശികയുൾപ്പെടെ രണ്ട് ഗഡു കൊടുക്കാൻ തീരുമാനിച്ചല്ലോ; 1600 രൂപ നിരക്കിൽ 62 ലക്ഷം പേർക്കാണ് ക്ഷേമപെൻഷൻ കൊടുക്കുന്നത്. ഇക്കഴിഞ്ഞ ഒമ്പത് വർഷംകൊണ്ട് 1,64,800 രൂപയാണ് ഒരാളുടെ കയ്യിലെത്തിയത്. ഒരു വീട്ടിൽ രണ്ടുപേർക്ക് പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ 3,29,600 രൂപ ലഭിച്ചിട്ടുണ്ട്. ഈ പെൻഷൻ കൊടുക്കാനായി രൂപീകരിച്ചൊരു കമ്പനിയെ തകർക്കാൻ യു.ഡി.എഫ്. അംഗങ്ങൾ ബി.ജെ.പി. ഗവൺമെന്റിനോടൊപ്പം നിന്നില്ലേ? സമയമില്ലാത്തതിനാൽ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ക്ഷേമപെൻഷനുകളെയും വികസനപ്രവർത്തനങ്ങളെയും അട്ടിമറിക്കുകയെന്നതാണ് പ്രതിപക്ഷ നിരയുടെ പരിപാടി. യു.ഡി.എഫ്.-ന്റെ ഭാഗമാണെങ്കിലും അതിനോടൊപ്പം മുസ്ലീം ലീഗും കൂട്ടുനിന്നു. ലീഗിപ്പോൾ ഒരു അഗാധഗർത്തത്തിലാണ് ചെന്നെത്തിയിരിക്കുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ SDPI-യുടെയും ജമാഅത്തെ ഇസ്ലാമിയുടെയും തൊഴുത്തിലേയ്ക്ക് ലീഗിനെ കെട്ടിയതിന്റെ ഫലമായി അവിടത്തെ ആളുകളുടെ ചവിട്ടും തൊഴിയും കൊണ്ട് ലീഗ് അവിടെ പിടയുകയാണ്; ലീഗ് രക്ഷപ്പെടില്ല. തൽക്കാലം നിങ്ങൾക്ക് കുറച്ച് വോട്ട് അധികം ലഭിച്ചുവെന്നും ഒരു സീറ്റ് ലഭിച്ചുവെന്നും വരും.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.... പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ഒരു മിനിട്ടുകൂടി...

<u>മി. സ്പീക്കർ</u>: ഒരു മിനിട്ടൊന്നും നൽകാൻ കഴിയില്ല. പെട്ടെന്ന് കൺക്ലൂഡ് ചെയ്യണം....

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: അതുകൊണ്ട് മുസ്ലീം ലീഗ് നിങ്ങളുടെ നിലപാട് മാറ്റണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

(ശ്രീ. രമേശ് ചെന്നിത്തല)

P. 22.01.2025-LJ/ AM -(1)
11.10-11.20

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കഴിഞ്ഞകാലത്തെയും ഇത്തവണത്തെയും ഗവർണർമാരുടെ നയപ്രഖ്യാപന പ്രസംഗങ്ങൾ എടുത്തുപരിശോധിച്ചാൽ നടപ്പാക്കാത്ത പദ്ധതികളും ആശയങ്ങളുമാണ് ഈ പ്രസംഗത്തിലും കാണാൻ കഴിയുന്നത്. ഈ നയപ്രഖ്യാപനത്തിൽ ഒരു നയവുമില്ല. കേരളത്തിന്റെ സമഗ്രവികസനത്തിനോ പുരോഗതിക്കോ വഴിതെളിക്കുന്ന ഒരു പദ്ധതിയും നമുക്കിതിൽ കാണാൻ കഴിയുന്നില്ല. കഴിഞ്ഞകാലത്ത് ഗവൺമെന്റ് കാബിനറ്റ് മീറ്റിംഗ് കൂടി ഗവണർക്കുള്ള നയപ്രഖ്യാപന പ്രസംഗം തയ്യാറാക്കികൊടുക്കുകയും അദ്ദേഹത്തെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്തിട്ട് നടപ്പാക്കാത്ത പദ്ധതികളുടെ വലിയൊരു ലിസ്റ്റാണ് എന്റെ കൈവശമുള്ളത്. റൂൾ 285 അനുസരിച്ച് അങ്ങേയ്ക്ക് ഒരു അഴിമതി ആരോപണം ഞാൻ എഴുതി തന്നിട്ടുണ്ട്. കേരളത്തിന്റെ ജനങ്ങളെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നൊരു വിഷയവുമായി ബന്ധപ്പെട്ട അഴിമതിയാണ് ഞാൻ ഉന്നയിക്കുന്നത്. സാധാരണ സർക്കാരുകൾ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാറുണ്ട്. എന്നാൽ, അഴിമതിയുടെ നടത്തിപ്പിനും അതിന്റെ പൂർത്തീകരണത്തിനുംവേണ്ടി നിലകൊള്ളുന്നൊരു സർക്കാർ കേരളത്തിന്റെ

ചരിത്രത്തിൽ ആദ്യത്തേതാണ്. 2018-ലാണ് ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിക്കാനുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുത്തത്. അന്ന് പ്രതിപക്ഷം ശക്തമായി എതിർത്തതുകൊണ്ട് അത് നിർത്തിവയ്ക്കേണ്ടിവന്നു. അന്ന് മുഖ്യമന്ത്രി പറഞ്ഞൊരു വാചകം ഞാനോർക്കുകയാണ്. 'നനയാതെ വിഴുപ്പ് ചുമക്കേണ്ട ആവശ്യമില്ല' എന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. മി. പിണറായി വിജയൻ, അങ്ങ് ഇപ്പോൾ നനഞ്ഞിട്ടാണോ വിഴുപ്പ് ചുമക്കുന്നതെന്നാണ് എനിക്കറിയേണ്ടത്.

അന്ന് നടപ്പിലാക്കാൻ സാധിക്കാതിരുന്ന ബ്രൂവറി ഏഴുവർഷങ്ങൾക്കുശേഷം അങ്ങ് നടപ്പിലാക്കിയിരിക്കുകയാണ്. അഴിമതിയുടെ കാര്യത്തിലുള്ള ഈ നിശ്ചയദാർഢ്യത്തിന് അങ്ങയെ അഭിനന്ദിക്കേണ്ടിവരുമെന്നാണ് എനിക്ക് പറയാനുള്ളത്. 2018-ഉം 2025-ഉം തമ്മിലൊരു വ്യത്യാസമുണ്ട്. അന്ന് ചെവിക്കുചെവി അറിയാതെ പരമരഹസ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏറ്റവും താൽപ്പര്യമുള്ള ആളുകൾക്കാണ് ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിച്ചുകൊടുത്തത്. മന്ത്രിസഭയോ ഇടതുമുന്നണിയോ കാബിനറ്റോ വകുപ്പുമന്ത്രി പോലുമറിഞ്ഞില്ല. ചില മോഷ്ടാക്കൾക്ക് ഒരു സ്വഭാവമുണ്ട്. ഒരിക്കൽ മോഷണം നടത്തി പിടിച്ചാൽ വീണ്ടും എങ്ങനെയെങ്കിലും ആ മോഷണം നടത്തി

മോഷണമുതലുകൾ കൈവശമാക്കാനുള്ള ഒരു സ്വഭാവം. അതവരുടെ കുഴപ്പമല്ല; അത് അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ളതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ജീനിൽ അഴിമതി അലിഞ്ഞുചേർന്നിരിക്കുന്നു എന്നാണെനിക്ക് പറയാനുള്ളത്. അതിനാലാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് മൂന്ന് ബ്രൂവറികളും ഒരു ഡിസ്റ്റിലറിയും രഹസ്യമായി അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുകയും അത് പിൻവലിച്ച് ഓടേണ്ടിവരികയും ചെയ്തത്. അന്ന് കണ്ടം വഴി ഓടിയവരാണ് ഇപ്പോൾ പുതിയ ബ്രൂവറിയും ഡിസ്റ്റിലറിയും അനുവദിക്കാൻ തയ്യാറായിരിക്കുന്നത്. (തുടരും.....)

P-22-01-2025-PT-AM
11.20-11.30

(ശ്രീ. രമേശ് ചെന്നിത്തല...... തുടർച്ച)

കണ്ണൂർ ജില്ലയിലെ വാരത്ത് ശ്രീധരൻ ബ്രൂവറി പ്രൈവറ്റ് ലിമിറ്റഡ് അങ്ങ് അനുവദിച്ചു. പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ പ്രതിവർഷം അഞ്ചുലക്ഷം ലിറ്റർ ബിയർ ഉൽപാദിപ്പിക്കാനായി Appollo Distilleries And Breweries Private Limited എന്ന കമ്പനിക്ക് അനുമതി നൽകി. എറണാകുളത്ത് കിൻഫ്രാ വ്യവസായ പാർക്കിൽ സ്ഥലം പോലുമില്ലാതെ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കനുവാദം നൽകി.

തൃശ്ശൂരിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉൽപാദിപ്പിക്കുന്നതിന് കോംപൗണ്ടിംഗ്, ബ്ലന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പേരുപോലുമില്ലാത്ത കമ്പനിയായ ശ്രീചക്ര ഡിസ്റ്റിലറീസിന് അനുവാദം നൽകി. എല്ലാ ചട്ടങ്ങളും നടപടിക്രമങ്ങളും മറികടന്ന് എക്സൈസ് വകുപ്പുമന്ത്രിപോലുമറിയാതെ അന്ന് മദ്യശാലകളനുവദിച്ച് നൽകാനുള്ള ഉത്തരവിറക്കി. അതൊക്കെ മിക്കവാറും കടലാസ് കമ്പനികളായിരുന്നു. ഇ. കെ. നയനാർ ഗവൺമെന്റിന്റെ കാലത്താണ് മദ്യനിർമ്മാണ കമ്പനികൾ ഇനി കേരളത്തിൽ വേണ്ടെന്ന് തീരുമാനിച്ചത്. 1999-ലെ ഗവൺമെന്റ് 29-9-1999-ലെ G.O (RT) NO.689/99/TD ഉത്തരവുപ്രകാരം കേരളത്തിൽ മദ്യനിർമ്മാണ കമ്പനികൾ ആവശ്യമില്ലെന്നുപറഞ്ഞു. തുടർന്ന് അധികാരത്തിൽ വന്ന വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റും ഉമ്മൻ ചാണ്ടി ഗവൺമെന്റും മദ്യശാലകൾ ആരംഭിച്ചില്ല. ഇപ്പോൾ കേരളത്തിലെ മദ്യശാലകൾ ആരംഭിക്കണമെന്ന് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റിന് ഇത്ര നിർബന്ധമെന്താണ്; 2018-ൽ നിങ്ങൾ ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ അതിനെ എതിർത്തു. നിങ്ങൾക്ക് അന്നത് ക്യാൻസൽ ചെയ്യേണ്ടതായിവന്നു. ഞാൻ മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി

നൽകണമെന്നാവശ്യപ്പെട്ട് ഞാൻ ഗവർണറെ സമീപിച്ചിരുന്നു. അന്ന് അതിന് ഗവർണർ എനിക്ക് അനുമതി നൽകിയില്ല. ഞാൻ തിരുവനന്തപുരം വിജിലൻസ് കോടതിയെ സമീപിച്ചു. വിജിലൻസ് കോടതി എനിക്കതിന് അനുവാദം നൽകി. നിങ്ങൾ അതിനെതിരെ ബഹുമാനപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങി. ആ കേസ് ഇപ്പോഴും ഹൈക്കോടതിയിൽ പെന്റിംഗിലാണ്; ആ കേസ് ഇതുവരെ ഡിസ്പോസ് ചെയ്തിട്ടില്ല. ഡൽഹി മദ്യനയ കേസിന് സമാനമായ സംഭവമാണ് ഇവിടെ നടക്കുന്നത്. മദ്യനയത്തിൽ ഗവൺമെന്റ് വരുത്തിയമാറ്റം ശ്രീ. അരവിന്ദ് കെജ്രിവാളിനെ ജയിലിലാക്കി. നിങ്ങളത് മറികടക്കാൻ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം ക്യാബിനറ്റിൽ വച്ച് നടപ്പാക്കുന്നു. ആർക്കുവേണ്ടിയാണ് ക്യാബിനറ്റ് ഈ തീരുമാനമെടുത്തിട്ടുള്ളത്. പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനിയെ പൂട്ടാൻവേണ്ടി സമരം നടത്തിയ ഇടതുപക്ഷക്കാർ മറുപടി പറയണം. ഒരു തുള്ളി വെള്ളംപോലും കുടിക്കാനില്ലാതെ പുതുശ്ശേരിയിലും എലപ്പുള്ളിയിലും ജനങ്ങൾ കഷ്ടപ്പെടുമ്പോൾ പ്രതിദിനം അഞ്ചുലക്ഷം ലിറ്റർ വെള്ളം വേണ്ടിവരുന്ന ഈ പദ്ധതി ആരംഭിക്കാൻ നിങ്ങൾ എങ്ങനെയാണ് മുന്നോട്ടുവരുന്നത്; ഇതിന്റെ പിന്നിൽ വൻ അഴിമതിയാണ് നടക്കുന്നത്. എങ്ങനെയാണ് ഈ കമ്പനിയെ

നിങ്ങൾ തിരഞ്ഞെടുത്തത്; മന്ത്രിസഭായോഗത്തിനുശേഷം കേരളാ ഗവൺമെന്റ് ഇറക്കിയ നോട്ടിഫിക്കേഷനിൽ ഈ കമ്പനിയെക്കുറിച്ച് വലിയ തോതിലുള്ള അപ്രീസിയേഷനും പുകഴ്ത്തലുമാണ് നടത്തിയിരിക്കുന്നത്. ഈ കമ്പനിയെക്കുറിച്ച് വലിയ കാര്യങ്ങളാണ് പറയുന്നത്. ഡൽഹി മദ്യനയക്കേസിൽ പ്രതിയായ ആളുകളാണിവർ. പഞ്ചാബിൽ ജലം മലിനീകരണത്തിന്റെ പേരിൽ നിരവധി കേസുകൾ നേരിടുന്നൊരു കമ്പനിയാണിത്. ഈ കമ്പനിയെ നിങ്ങൾ തിരഞ്ഞെടുത്തത് എങ്ങനെയാണ് ; ‘ Oasis Commercial Private Limited’ കമ്പനി മാത്രമാണോ ഇന്ത്യയിൽ മദ്യനിർമ്മാണ രംഗത്തുള്ളത്? ‘ It is favouritism; It is nepotism; It is amount to corruption’ എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ പാലക്കാട് മഴ നിഴൽപ്രദേശമാണ്. അവിടെ വെള്ളം ലഭിക്കുന്നില്ല. മഴവെള്ളം സംഭരിച്ച് ഈ പദ്ധതി നടപ്പാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ മഴനിഴൽ പ്രദേശത്ത് എത്ര മഴ ലഭിക്കും; ഇക്കാര്യത്തിൽ നിങ്ങൾ ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; ഈ കമ്പനിയെ നിങ്ങൾ എങ്ങനെയാണ് തിരഞ്ഞെടുത്തത്; ഇക്കാര്യത്തിൽ ടെണ്ടർ വിളിച്ചിട്ടുണ്ടോ; ഇതല്ലാതെ വേറെ കമ്പനികളുണ്ടോയെന്ന് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

നിങ്ങൾ ഈ കമ്പനിക്ക് കൊടുക്കാൻ മനഃപൂർവ്വമായി ആഗ്രഹിച്ച് താൽപര്യമെടുത്ത് പ്രസ്തുത കമ്പനിക്ക് ബ്രൂവറിയും, ഡിസ്റ്റിലറികളും എഥനോളും നിർമ്മിക്കാനുള്ള അനുവാദം നൽകി. മലബാർ ഡിസ്റ്റിലറീസ് സംസ്ഥാന ഗവൺമെന്റിന്റെ കമ്പനിയല്ലേ, അവർക്ക് നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള അനുവാദം നൽകിയോ? ഉദാഹരണത്തിന് കേരളത്തിൽ 'ജവാൻ' എന്ന മദ്യമുൽപാദിപ്പിക്കാൻ വെള്ളം നൽകുന്നില്ല. വെള്ളമില്ലെന്നാണ് പറയുന്നത്. മലബാർ ഡിസ്റ്റിലറിക്ക് നിങ്ങൾ എന്തുകൊണ്ടാണ് വെള്ളം കൊടുക്കാത്തത്; എന്തുകൊണ്ടാണ് കിൻഫ്രയിലെ വ്യവസായങ്ങൾക്ക് നിങ്ങൾ വെള്ളം കൊടുക്കാത്തത്? അതുകൊണ്ടുതന്നെ വ്യവസായങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കുന്നില്ല, ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെയൊരു കമ്പനിക്ക് അനുവാദം കൊടുത്തിരിക്കുന്നത്. ഇത് നഗ്നമായ അഴിമതിയാണ്/കൊള്ളയാണെന്ന് പറയേണ്ടിവരുന്നു. മാർക്സിസ്റ്റ് പാർട്ടിക്ക് എന്നും എക്സൈസ് വകുപ്പ് ഒരു കറവ പശുവാണ്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ നിങ്ങളിത് നടപ്പാക്കാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ ഇക്കാര്യത്തിൽ ഏതെങ്കിലും രീതിയിലുള്ള ശാസ്ത്രീയമായ പഠനമോ അന്വേഷണമോ നടത്തിയോ; നിങ്ങൾ അവിടത്തെ

പഞ്ചായത്തംഗങ്ങളോട് ചോദിച്ചോ? പഞ്ചായത്ത് കമ്മിറ്റി ഈ പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉപക്ഷേപം പാസാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നിയോജകമണ്ഡലത്തിന് തൊട്ടടുത്താണിത്. പ്ലാച്ചിമട കൊക്കക്കോള കമ്പനി പൂട്ടാൻ അദ്ദേഹവും മാതൃഭൂമിയുടെ മുൻ ചീഫ് എഡിറ്ററായിരുന്ന എം. പി. വീരേന്ദ്രകുമാറും നടത്തിയ സമരം നമുക്കറിയാവുന്ന കാര്യമാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. കെ. കൃഷ്ണൻകുട്ടി മന്ത്രി ഒരക്ഷരം ക്യാബിനറ്റിൽ പറഞ്ഞിട്ടുണ്ടോയെന്ന് അങ്ങിവിടെ പറയണം. അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് അങ്ങൊരു വാചകം പറഞ്ഞോ; ആർക്കുവേണ്ടിയാണ് ഈ പദ്ധതി; കേരളത്തിനുവേണ്ടിയാണോ? ഇന്നലെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ഒരു പ്രസ്താവനയുണ്ട്, കേരളത്തിൽ സ്പിരിറ്റ് ഉൽപാദിപ്പിച്ചാൽ മറ്റ് സംസ്ഥാനങ്ങളിലെ ചിലരുടെ കച്ചവടം പൂട്ടുകയും എതിർക്കുന്നവർക്ക് അത്തരക്കാരുടെ പിന്തുണയുണ്ടാകുമെന്നും പക്ഷേ തെളിവില്ലാത്തതിനാൽ ഞാനിതൊന്നും ഇപ്പോൾ ഉന്നയിക്കുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഉണ്ടയില്ലാത്ത വെടികളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

അദ്ദേഹത്തിന്റെ കൈവശം തെളിവില്ല. അന്യ സംസ്ഥാനത്തെ സ്പിരിറ്റ് ലോപിക്കുവേണ്ടി ഞങ്ങളിതുപറയുന്നതെന്നാണ് ഇടതുപക്ഷ എം. എൽ. എ. ശ്രീ. പി. പി. ചിത്തരഞ്ജൻ പറഞ്ഞത്. പാലക്കാട്ടുള്ള പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുവേണ്ടിയാണ്, കുടിക്കാൻ ഒരുതുള്ളി വെള്ളമില്ലാതെ കഷ്ടപ്പെടുന്ന പാവങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ പറയുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് തെളിവില്ലാത്തതുകൊണ്ട് ഞാൻ അക്കാര്യമൊന്നും പറയുന്നില്ലെന്നാണ്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററിന് ലഭിക്കാത്ത തെളിവ് ശ്രീ. പി. പി. ചിത്തരഞ്ജന് എങ്ങനെ ലഭിച്ചുവെന്ന് എനിക്കറിയില്ല. ബ്രൂവറി അനുവദിക്കാനുള്ള മന്ത്രിസഭാ തീരുമാനം പിൻവലിക്കണം. കേരളത്തിലെ ജനങ്ങൾക്കാവശ്യമില്ലാത്തൊരു പദ്ധതിയാണിത്. കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നടപടിയാണിത്. ഒരു കാരണവശാലും ഇത് അംഗീകരിച്ചുകൊടുക്കാൻ സാധിക്കില്ല.

അതുപോലെതന്നെയാണ് പി.പി.ഇ. കിറ്റുമായി ബന്ധപ്പെട്ട കാര്യം. പി.പി.ഇ. കിറ്റ് അഴിമതിയെക്കുറിച്ച് സി&എ.ജി. റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുകയാണ്. ഞാൻ പ്രതിപക്ഷ നേതാവായിരുന്ന സമയത്ത് ഇതേ വിഷയം സഭയിൽ ഉന്നയിച്ചതാണ്. 450 രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന

പി.പി.ഇ. കിറ്റ് പതിനായിരം എണ്ണം വാങ്ങിയശേഷം നിർത്തലാക്കുകയും പിന്നീട് അത് 1500 രൂപയ്ക്ക് വാങ്ങാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു. ഇത് കൊള്ളയല്ലെങ്കിൽ പിന്നെ മറ്റെന്താണ്; കോവിഡിന്റെ പേരിൽ നിങ്ങൾ നടത്തിയ നഗ്നമായ അഴിമതിയാണിത്. 'പുര കത്തുമ്പോൾ വാഴവെട്ടുക' എന്ന രീതിയാണ് നിങ്ങൾ ചെയ്തത്. ദുരന്തത്തെ വിറ്റ് കാശാക്കാൻ നിങ്ങൾ ശ്രമിക്കുകയായിരുന്നു. പി.പി.ഇ. കിറ്റ് അഴിമതിയെക്കുറിച്ച് അന്നത്തെ ആരോഗ്യമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എപ്പോഴും പറയുന്നത് മുഖ്യമന്ത്രി അറിഞ്ഞിട്ടാണെന്നാണ്. മുഖ്യമന്ത്രി അറിഞ്ഞിട്ടാണെങ്കിലും ഇത്തരത്തിലൊരു അഴിമതി ചെയ്യാമോ; എന്നാൽ, മുഖ്യമന്ത്രി മറുപടി പറയട്ടെ, അന്നത്തെ സാഹചര്യത്തിൽ (......ബഹളം......)

മി. സ്പീക്കർ: അങ്ങ് ആ പോയിന്റ് കൺക്ലൂഡ് ചെയ്യൂ. അങ്ങ് സമയത്തിനുള്ളിൽ പ്രസംഗിക്കാൻ കഴിവുള്ള ആളാണ്. പക്ഷെ എന്താണെന്ന് അറിയില്ല. (......ബഹളം......)

ശ്രീ. രമേശ് ചെന്നിത്തല: സർ, കാര്യം പറയാൻ അനുവദിക്കു (......ബഹളം......)

മി. സ്പീക്കർ: പെട്ടെന്ന് അങ്ങ് പറയൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, സർക്കാരിന് മംഗള പത്രം എഴുതുന്നത് മാത്രമെ കേൾക്കാവൂവെന്ന് നിർബന്ധമുണ്ടോ; പി.പി.ഇ. കിറ്റ് അഴിമതി സി&എ.ജി. റിപ്പോർട്ടിലൂടെ ഇവിടെ വ്യക്തമായ കാര്യമാണ്. സി&എ.ജി.-

യുടെ വ്യക്തമായ പഠനത്തിനുശേഷമാണ് ഈ റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നത്.

(തുടരും......)

P 22-01-2025
BL-LD-1
11.30-11.40 (SV)

(തുടർച്ച....ശ്രീ. രമേശ് ചെന്നിത്തല)

ഈ സർക്കാരിന്റെ മുഖമുദ്ര അഴിമതിയാണ്. പൂച്ച പാൽ കുടിക്കുന്നതുപോലെ കാര്യങ്ങൾ ചെയ്യുന്നു. എന്റെ കയ്യിൽ ഒരു ഗസറ്റ് നോട്ടിഫിക്കേഷനുണ്ട്. 89 കേന്ദ്രങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്ന ഗസറ്റ് നോട്ടിഫിക്കേഷനാണത്. ഒരു പത്രത്തിലും വന്നില്ല, എന്തിനാണെന്നറിയാമോ; വൈനിന്റെയും ബിയറിന്റെയും യൂണിറ്റുകൾ ആരംഭിക്കാൻ വേണ്ടിയാണ് ഇതുചെയ്തിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... പ്ലീസ്....

ശ്രീ. രമേശ് ചെന്നിത്തല: സർ, 89 സ്ഥലം...

മി. സ്പീക്കർ: അങ്ങ് എഴുതിത്തന്നതിൽ ഒന്നുമില്ല. അതിൽ വെറും ബ്രൂവറി പോയിന്റേയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് പ്രസംഗിക്കാമല്ലോ?

<u>മി. സ്പീക്കർ</u>: സമയം കഴിഞ്ഞു. അങ്ങയെ പോലുള്ള ഒരാളുടെ മൈക്ക് ഓഫാക്കേണ്ടി വരുന്നത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. പ്ലീസ്... അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 89 സ്ഥലങ്ങൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി പ്രഖ്യാപിച്ചുകൊണ്ട് ബിയറും വൈനും കൊടുത്ത് കേരളത്തെ മദ്യാലയമാക്കാൻ ശ്രമിക്കുന്ന ഈ സർക്കാരിന്റെ നടപടിയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. അതുകൊണ്ട് ഈ അഴിമതിക്ക് കളമൊരുക്കുന്ന ബ്രൂവറികളും ബോട്ടിലിങ് പ്ലാന്റുകളും എഥനോൾ പ്ലാന്റും പാലക്കാട് എലപ്പുള്ളിയിൽ അനുവദിക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് അങ്ങയിലൂടെ ഞാൻ സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

(ശ്രീ. ഇ. കെ. വിജയൻ)

P 22-01-2025
BL-LD-1
11.30-11.40

ശ്രീ. ഇ. കെ. വിജയൻ: സർ, കേരള ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട്.... (....ബഹളം...)

മി. സ്പീക്കർ: യെസ്, അദ്ദേഹം പ്രസംഗിക്കട്ടെ, ബഹളം വരുമ്പോഴാണ് സമയം നഷ്ടമാകുന്നത്. (.....ബഹളം.....) അങ്ങ് സംസാരിക്കൂ.

ശ്രീ. ഇ. കെ. വിജയൻ: സർ, (....ബഹളം...) ശ്രീ. ടി. പി. രാമകൃഷ്ണൻ രേഖപ്പെടുത്തിയ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. (...ബഹളം...) (....ബഹളം...) ബഹുമാനപ്പെട്ട ചെയർ, ഞാൻ പ്രസംഗിക്കണോ? (...ബഹളം...)

മി. സ്പീക്കർ: ഇങ്ങനെയാണ് സമയം പോകുന്നത്. അദ്ദേഹം പ്രസംഗിക്കുമ്പോൾ നിങ്ങൾ ഇന്ററപ്റ്റ് ചെയ്ത് സമയം കളയുകയാണ്. (...ബഹളം....) പ്ലീസ്... ശ്രീ. പി. കെ. ബഷീർ, പ്ലീസ് (...ബഹളം....) അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പി. എസ്. സുപാൽ: സർ, ശ്രീ. ഇ. കെ. വിജയന് ബഹളം കാരണം നഷ്ടപ്പെടുന്ന സമയം അനുവദിക്കണം.

മി. സ്പീക്കർ: യെസ്, ഡിജിറ്റൽ ബോർഡിലെ സമയം സീറോ മുതൽ

സ്റ്റാർട്ട് ചെയ്യണം. (...ബഹളം...) യെസ്... അങ്ങ് ഇരിക്കൂ. (...ബഹളം...) അങ്ങ് ഇരിക്കൂ (...ബഹളം...) പ്ലീസ്... പ്ലീസ്... പ്ലീസ്...

ശ്രീ. പി. കെ. ബഷീർ: സർ, 40 വർഷത്തെ എക്സ്പീരിയൻസുള്ള ഒരു സീനിയർ മെമ്പർക്ക് ഒരു മിനിട്ടുപോലും നൽകിയില്ല. (...ബഹളം...)

മി. സ്പീക്കർ: യെസ്.... (...ബഹളം...) ഒന്നര മിനിട്ട് സമയം നൽകി. (...ബഹളം...) അങ്ങനെയെങ്കിൽ 40 വർഷത്തെ എക്സ്പീരിയൻസുള്ള സീനിയർ മെമ്പർക്ക് കുറച്ചുകൂടി സമയം നൽകാമായിരുന്നു. 27 മിനിട്ട് കോൺഗ്രസിനുണ്ട്. (...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ചെയറിലിരിക്കുമ്പോഴും അങ്ങ് പോയതിനുശേഷം മറ്റുള്ളവർ ചെയറിലിരിക്കുമ്പോഴും മൂന്നുമിനിട്ടും നാലുമിനിട്ടും അധികം സംസാരിക്കുന്ന അംഗങ്ങളുണ്ട്. പ്രസംഗം സമയത്ത് അവസാനിപ്പിക്കണമെന്ന കാര്യത്തോട് ഞങ്ങളും യോജിക്കുന്നു. ഈ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട, സീനിയറായ ഒരംഗത്തിന് അനുവദിച്ച സമയം കഴിഞ്ഞ് 10 സെക്കന്റ് കഴിഞ്ഞതുമുതൽ, അദ്ദേഹത്തിന് കൺക്ലൂഡ് ചെയ്യാൻപോലും അവസരം നൽകാതെ നിരന്തരം അങ്ങ് തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. അത് ശരിയായില്ല. അതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അത് ഞങ്ങൾ രേഖപ്പെടുത്തുന്നു.

എല്ലാ മന്ത്രിമാർക്കുംകൂടി സംസാരിക്കാനുള്ള സമയം 90 മിനിട്ടായിരുന്നപ്പോൾപോലും രണ്ട് മണിക്കൂർ നാൽപത് മിനിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം ഒരു ബഹളവുമുണ്ടാക്കാതെ ഞങ്ങൾ കേട്ടിരുന്നിട്ടുണ്ട്. എന്നാൽ ഒരു സീനിയർ മെമ്പർക്ക് 10 സെക്കന്റ് പോലും, അദ്ദേഹത്തിന് ആ സെന്റൻസൊന്ന് കൺക്ലൂഡ് ചെയ്യാൻ പോലും അവസരം നൽകാതെ അങ്ങ് നിരന്തരമായി ശല്യപ്പെടുത്തി. അത് ഒരാളെ ഇൻസൾട്ട് ചെയ്യുന്നതുപോലെയാണ്. ഞങ്ങൾ അതിലുള്ള പ്രതിഷേധം പ്രകടിപ്പിക്കുന്നു.

മി. സ്പീക്കർ: യെസ്. അതിൽ ഒരു കാര്യം പറയാനുള്ളത്..... (ബഹളം) Let me complete my point. ഒരു മിനിട്ട് കഴിഞ്ഞതിനുശേഷമാണ് ഇന്ററപ്റ്റ് ചെയ്തത്. അദ്ദേഹം ഒന്നര മിനിട്ടിലധികം സംസാരിച്ചു. അദ്ദേഹം സീനിയർ എന്ന കാര്യം നിങ്ങൾ, കോൺഗ്രസ് പാർലമെന്ററി പാർട്ടി ശ്രദ്ധിക്കേണ്ടതായിരുന്നു. ഞാൻ സമയം നൽകിയിട്ടുണ്ട്. (...ബഹളം...) യെസ്.. യെസ്.. പ്ലീസ്.. പ്ലീസ്.. പ്ലീസ്... ശ്രീ. ഇ. കെ. വിജയൻ, അങ്ങേക്ക് സംസാരിക്കാം.

(ശ്രീ. ഇ. കെ. വിജയൻ)

P 22-01-2025
BL-LD-1
11.30-11.40

ശ്രീ. ഇ. കെ. വിജയൻ: സർ, കേരള ഗവർണ്ണർ ജനുവരി മാസം 17-ാം തീയതി നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ നടത്തിയ പ്രസംഗത്തിന് ഞാൻ എല്ലാവിധ പിന്തുണയും നൽകുന്നു. അതിനുമുമ്പ് ഒരു വിഷയംകൂടി നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞദിവസം അമേരിക്കൻ പ്രസിഡന്റ് നടത്തിയ പ്രസംഗം നമ്മളെല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ആഗോള ഐക്യത്തെ തകർക്കുന്നതും അസ്ഥിരപ്പെടുത്തുന്നതും സാമ്രാജ്യത്വനയങ്ങൾ അടിച്ചേൽപ്പിക്കുന്നതുമായ പ്രസംഗമാണ് അമേരിക്കൻ പ്രസിഡന്റ് കഴിഞ്ഞദിവസം ചുമതല ഏറ്റെടുത്തുകൊണ്ട് നടത്തിയത്. അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ പാരീസ് ഉടമ്പടിയിൽനിന്നും ലോകാരോഗ്യ സംഘടനയിൽനിന്നുമുള്ള പിന്മാറ്റം പ്രഖ്യാപിച്ചിരുന്നു. കൂടാതെ, യു.എസ്. ആഭിമുഖ്യം അദ്ദേഹം എടുത്തുപറയുകയും ചെയ്യുന്നുണ്ട്. കേരളത്തെയും ഇന്ത്യയെയും ഏറെ ബാധിക്കുന്ന പ്രശ്നമാണ്. അത് കുടിയേറ്റ സമൂഹത്തെത്തന്നെ ബാധിക്കുന്ന പ്രശ്നമാണ്. പ്രത്യേകിച്ച് നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി

അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സുഹൃത്തുകൂടിയാകുമ്പോൾ ഏതെല്ലാം രീതിയിലാണ് ഇതുവന്ന് ഭവിക്കുകയെന്ന് പറയാൻ കഴിയുകയില്ല. ആയുധ കച്ചവടക്കാരനായ ഒരാൾ ഭരണം നടത്തുന്ന സാഹചര്യം വരുമ്പോൾ, ലോകത്ത് ഇന്നുണ്ടാകുന്ന സമാധാന ശ്രമങ്ങളെയെല്ലാം തകർക്കുന്ന രീതിയിലേക്ക് വീണ്ടുമത് ശക്തിപ്രാപിക്കും. യു.എസ്.എസ്.ആർ. തകർന്നതിനെത്തുടർന്നുണ്ടായ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതിന് ആക്കംകൂട്ടുന്ന തരത്തിലേക്ക് ആയുധ കച്ചവടക്കാരൻ അമേരിക്കൻ ഭരണാധികാരിയായി വന്ന രണ്ടാം വരവ് തീർച്ചയായും നമുക്ക് ഏറെ പ്രതിസന്ധി ഉണ്ടാക്കുന്നതായിരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. നമ്മൾ അക്കാര്യം ഗൗരവപൂർവം കാണേണ്ടതാണ്.

നവകേരളം പടുത്തുയർത്താനുള്ള ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഈ ഭരണം മുന്നോട്ടുപോകുന്നത്. അതിനായി 'ഉയർന്ന നിലവാരത്തിലുള്ള ഭൗതിക അടിസ്ഥാന സൗകര്യം, വിജ്ഞാനത്തിൽ അധിഷ്ഠിതമായ സമ്പദ്ഘടന, നിലവാരമുള്ള വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും എല്ലാവർക്കും ഭവനം എന്ന ഉറപ്പ്, അതിദാരിദ്ര്യ നിർമ്മാർജനം, എന്നിവയിലധിഷ്ഠിതമായ' ഒരു നവകേരളമാണെന്ന് പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അതാണ്

കേരളത്തിലെ ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ നേട്ടങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റുന്നുവെന്ന് എത്രയോപേരുടെ അഭിപ്രായങ്ങളിലൂടെ നമുക്ക് അറിയാൻ കഴിഞ്ഞതാണ്. എന്നാൽ എന്തെല്ലാം പ്രതിസന്ധികൾ നേരിട്ടാണ് കേരളം മുന്നോട്ടുപോകുന്നത്? പ്രളയങ്ങൾ, കോവിഡ്, ഉരുൾപൊട്ടൽ, നോട്ടുനിരോധനം തുടങ്ങി എത്രയോ പ്രതിസന്ധികളെയാണ് ഒറ്റ മനസ്സോടെ ഗവൺമെന്റിനോടൊപ്പം നിന്നുകൊണ്ട് കേരള സമൂഹം നേരിട്ടത്. സർക്കാരിനോടൊപ്പം കേരള സമൂഹത്തെ നിലനിർത്തിയാണ് ഇതെല്ലാം അതിജീവിക്കാൻ കേരള ഗവൺമെന്റ് പരിശ്രമിച്ചത്. ഈ വിഷയങ്ങളിൽ കേന്ദ്രസർക്കാർ നമ്മുടെ ഫെഡറൽ സംവിധാനം തകർക്കുന്ന നിലപാടുകൾ സ്വീകരിച്ച് നമുക്ക് വേണ്ടുന്ന സഹായം നൽകിയിരുന്നില്ലെന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്. അതിൽ യു.ഡി.എഫ്. സ്വീകരിച്ച നിലപാടും നാം ശ്രദ്ധിക്കേണ്ടതുണ്ട്. പലതവണകളായി കേരളത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന അവഗണനയ്ക്കെതിരെ അവസാനം കേരളത്തിലെ ഭരണകക്ഷി അംഗങ്ങളെല്ലാംതന്നെ സമരരംഗത്തേക്ക് നീങ്ങിയ സന്ദർഭത്തിൽപോലും അവർ വിമുഖത കാണിച്ച അനുഭവം നമ്മുടെ മുമ്പിലുണ്ട്.

മനുഷ്യ സ്നേഹത്തിലൂന്നിയ പുരോഗതിയെന്ന ലക്ഷ്യം കൈവരിക്കാൻ,

ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റണമെന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിലേക്കായി കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 180887 കുടുംബത്തിന് പട്ടയം നൽകിയെന്നത് ചെറിയ കാര്യമല്ലല്ലോ; 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ 424800 കുടുംബങ്ങൾക്ക് വീട്, കൂടാതെ, 113700 കുടുംബങ്ങൾക്കുകൂടി വീട് നിർമ്മിക്കാനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തിരിക്കുകയാണ്. അപ്പോഴാണ് 64006 കുടുംബങ്ങൾ അതിദരിദ്രരാണെന്ന് കണ്ടെത്തിക്കൊണ്ട്, ഈ ഗവൺമെന്റ് ആരോടൊപ്പമാണ് നിൽക്കുന്നതെന്ന് തെളിയിച്ചുകൊണ്ട്, അവരെ കൈപിടിച്ച് ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തി അവർക്ക് വീട്, പാർപ്പിടം, വിദ്യാഭ്യാസം, മറ്റിതര സംവിധാനങ്ങളെല്ലാം ഒരുക്കിക്കൊടുത്ത് അവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനത്തിന് ഈ ഗവൺമെന്റ് തുനിഞ്ഞിട്ടുള്ളത്. പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായി പഠിക്കാനുള്ള എല്ലാ സൗകര്യവുമുണ്ടാക്കുന്നു. രോഗം വന്നാൽ ചികിത്സിക്കാനുള്ള ആശുപത്രി സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നു. എല്ലാ മേഖലകളിലും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നു. ഒരു ഗവൺമെന്റ്

ഇതിനുമപ്പുറം എന്താണ് ചെയ്യേണ്ടത്; 62 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിച്ച് നൽകുന്നു. ഇന്നലെ 3200/- രൂപ വിവിധങ്ങളായ പെൻഷൻ ലഭിക്കുന്ന ആളുകളുടെ കൈകളിൽ എത്തി. അത് വർധിപ്പിക്കാനും ഈ ഗവൺമെന്റ് ഇനിയും മടിക്കില്ല, അത് വർധിപ്പിച്ച് നൽകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായം (പി.ഡി.എസ്.) ആധുനികീകരിച്ച് വിതരണശൃംഖല മാനേജ്മെന്റ് മുഖേന എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. കൃഷിയെ പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള പരിശ്രമത്തിലാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സമഗ്ര കാർഷിക വികസന പദ്ധതിയായ 'കൃഷി സമൃദ്ധി' നടപ്പാക്കുന്നു. 'തരിശുരഹിത ഗ്രാമ'ങ്ങൾ സൃഷ്ടിക്കുകയെന്നതാണ് പ്രഖ്യാപിത ലക്ഷ്യം. ക്ഷീരോൽപാദന രംഗം സ്വയംപര്യാപ്തതയിലേക്ക് മുന്നേറുകയാണ്.

പൊതുവിദ്യാഭ്യാസ രംഗത്ത്, 16 വർഷത്തെ ആദ്യത്തെ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തെ അടയാളപ്പെടുത്തുന്നതും ശാസ്ത്ര-സാങ്കേതിക വിദ്യ, വിവര വിനിമയ സാങ്കേതികവിദ്യ എന്നിവയിലൂടെ വളർന്നുവരുന്ന ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തുന്നു.

കേന്ദ്രസർക്കാർ സാമ്പത്തികമായി തകർക്കാൻ ശ്രമിക്കുമ്പോഴും ക്ഷേമ പദ്ധതികളും ചെറുതും വലുതുമായ വികസന പ്രവർത്തനങ്ങളും ഒന്നുംതന്നെ നിർത്താതെ, പ്രകടന പത്രികയിൽ പറഞ്ഞ എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുന്നുവെന്നതാണ് പ്രത്യേകം എടുത്തുപറയേണ്ടത്.

(തുടരും)

P 22.01.2025
TB - LD(I)
11.40 - 11.50

(ശ്രീ. ഇ. കെ. വിജയൻ തുടർച്ച .......)

2020-21 സാമ്പത്തിക വർഷത്തിൽ സ്വന്തം നികുതിയിൽനിന്നുള്ള റവന്യൂ വരവ് 47,661 കോടി രൂപയായിരുന്നു. നിരന്തരശ്രമത്തിലൂടെ 2023-24 സാമ്പത്തിക വർഷം പ്രസ്തുത തുക 77,038 കോടി രൂപയായി വർധിപ്പിക്കാൻ സാധിച്ചുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് വിഭജന പൂളിൽനിന്ന് കേരളത്തിന് ലഭിച്ച വിഹിതം 3.875 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.925 ശതമാനമായി ക്രമാനുഗതമായി കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരവും റവന്യൂകമ്മി ഗ്രാന്റുകളും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ നിയന്ത്രണ വ്യവസ്ഥകളുമായി കൂട്ടിയോജിപ്പിച്ച് നിർത്തലാക്കിയതും പുതിയ വായ്പാ നിയന്ത്രണങ്ങളും സർക്കാരിന് സാമ്പത്തിക

വെല്ലുവിളിയുണ്ടാക്കുകയാണ്. എന്നാൽ ഈ തടസ്സങ്ങൾക്കിടയിലും കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പാക്കുകയാണ്.

'മാലിന്യമുക്ത കേരളം കാമ്പയിൻ' പോലുള്ള സംരംഭങ്ങളിലൂടെ മാലിന്യം സംസ്കരിക്കാനുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു, 88 ശതമാനം കുടുംബങ്ങൾ 'വാതിൽപ്പടി മാലിന്യശേഖരണം' പ്രയോജനപ്പെടുത്തി ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്തിക്കൊണ്ട് അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന രംഗത്തും ദേശീയപാത വികസന രംഗത്തും വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ആകെ റോഡുകളിൽ 60 ശതമാനവും ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർന്നുകഴിഞ്ഞു. സാമ്പത്തികമായി തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോഴും ഗ്രാമീണ മേഖലയിൽ കൂടുതൽ വേതനം നൽകി കേരളം അഭിമാനപൂർവം തല ഉയർത്തി നിൽക്കുകയാണ്. ഊർജസംരക്ഷണത്തിലൂടെ കേന്ദ്ര പട്ടികയിൽ രണ്ടാം സ്ഥാനത്തെത്താൻ സാധിച്ചു. സ്റ്റാർട്ടപ്പ് വ്യവസായ സംരംഭം, ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നീ മേഖലകളിൽ കേരളത്തിന് വലിയ

മുന്നേറ്റമാണുള്ളത്. ശ്രീ. നരേന്ദ്ര മോദിക്ക് മുമ്പിൽ മുട്ടുമടക്കാനല്ല പോരാടാനാണ് കേരളം തയ്യാറാകുന്നതെന്ന് തെളിയിക്കുന്നതാണിത്. ഗ്രാമങ്ങളിൽ ഏറ്റവും ഉയർന്ന വേതനം നിലനിൽക്കുന്നതും മാതൃമരണ നിരക്കും ശിശു മരണനിരക്കും ഏറ്റവും കുറവും കേരളത്തിലാണ്. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന ജമ്മുകാശ്മീർ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ മാതൃമരണ നിരക്കും ശിശുമരണ നിരക്കും താരതമ്യേന കുറവാണ്. എന്നാൽ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം ലഭിക്കുന്ന മധ്യപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ മാതൃമരണ നിരക്കും ശിശുമരണ നിരക്കും വളരെ കൂടുതലാണ്. തൊഴിലാളികളുടെ വേതനത്തിന് ആരോഗ്യ സാമൂഹിക മേഖലകളിലെ മികവുമായി ബന്ധമുണ്ടെന്നാണ് റിസർവ് ബാങ്ക് സൂചിപ്പിക്കുന്നത്. അതാണ് കേരളത്തിന്റെ നേട്ടം.

കാർഷിക മേഖലയിൽ മൂന്ന് ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുപോലെ കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത സംരംഭക മുന്നേറ്റം ഈ കാലയളവിലുണ്ടായി. 139840 സംരംഭകരാണ് പുതുതായി കടന്നുവന്നത്. എല്ലാവർക്കും റേഷൻ കാർഡ് നൽകുന്ന സംവിധാനം ഉറപ്പാക്കിയിട്ടുണ്ട്. 50 വർഷം മുന്നിൽകണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ കേരളത്തിൽ നടത്തുന്നത്.

ഈ വിഷയത്തെക്കുറിച്ച് പല അംഗങ്ങളും സഭയിൽ നേരത്തെ പ്രതിപാദിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

ഇന്ന് ജോയിന്റ് കൗൺസിൽ പണിമുടക്ക് നടത്തുന്നുണ്ട്. നേരത്തെ പ്രതിപക്ഷത്തുനിന്ന് അക്കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ജോയിന്റ് കൗൺസിൽ പണിമുടക്കുന്നത് കേരളത്തിലെ സർക്കാരിനെ തകർക്കാനല്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉമ്മൻ ചാണ്ടി സർക്കാർ സ്വീകരിച്ച നിലപാടിന്റെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം നിർത്തലാക്കിയിരുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു സംഘടന എന്ന നിലയ്ക്ക് അത് പുനഃസ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നു. സംഘടനകൾ പോരാട്ടത്തിലൂടെയാണ് അവകാശങ്ങൾ നേടിയെടുക്കുന്നത്. ആ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയെന്ന അടിസ്ഥാനത്തിലാണ് മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് ജോയിന്റ് കൗൺസിൽ ആ പ്രക്ഷോഭത്തിലേക്ക് വന്നത്. അത് പെട്ടെന്നുണ്ടായ ഒരു സമരമല്ല. വളരെ ശക്തമായ കാൽനട പ്രചരണ ജാഥയിലൂടെ കേരളത്തിലുടനീളം കാമ്പയിൻ നടത്തിക്കൊണ്ടാണ് ആ സംഘടന സമരം നടത്തുന്നത്. കേരളത്തിൽ ഇതേ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരുടെ സംഘടനകളായ സി.ഐ.ടി.യു.,

എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., എന്നിവരും പ്രക്ഷോഭരംഗത്തേക്ക് വന്നിട്ടുണ്ട്. മറ്റ് ചില തൊഴിലാളി സംഘടനകളും അത്തരം പണിമുടക്കുകളിലേക്ക് വന്നിട്ടുണ്ട്. പക്ഷെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കിയത് ഉമ്മൻ ചാണ്ടി സർക്കാരാണെന്ന കാര്യം മറക്കരുത്. അത് പുനഃസ്ഥാപിക്കാനാണ് ഇടതുപക്ഷ സർക്കാരിനോട് ആവശ്യപ്പെടുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ സൂചിപ്പിച്ച കാര്യം കൂടിയാണിതെന്ന് ഞാൻ സൂചിപ്പിക്കുന്നു.

എല്ലാവർക്കും റേഷൻ കാർഡ് പദ്ധതി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 508421 പുതിയ റേഷൻ കാർഡുകൾ നൽകാൻ സാധിച്ചുവെന്നത് നിസ്സാര കാര്യമല്ല. വഴിയോരത്ത് താമസിക്കുന്ന വീടില്ലാത്തവർക്കുകൂടി ആധാർ കാർഡുമായി ലിങ്ക് ചെയ്തുകൊണ്ട് റേഷൻ കാർഡ് നൽകുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. പൊതുവിതരണ രംഗത്ത് പുതിയ ദിശാബോധമുള്ള 'കെ-സ്റ്റോർ' പദ്ധതി കൂടി ആവിഷ്കരിച്ചിട്ടുണ്ട്. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടന പത്രികയിൽ സൂചിപ്പിച്ച പദ്ധതികളോടൊപ്പംതന്നെ പ്രകടന പത്രികയിൽ സൂചിപ്പിക്കാത്ത ഒട്ടേറെക്കാര്യങ്ങൾ ഈ കാലയളവിൽ ചെയ്തുവെന്ന കാര്യംകൂടി

ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു. നമസ്കാരം.

(ശ്രീ. കെ. പി. എ. മജീദ്)

P 22.01.2025
TB - LD(I)
11.40 - 11.50

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

സാധാരണ ഗതിയിലുള്ള ഒരു നന്ദിപ്രമേയ പ്രസംഗമാണ് ഇവിടെ നടന്നത്. സാധാരണ ഇടതുപക്ഷ സർക്കാരുകൾ നടത്തിയിട്ടുള്ള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലാണെങ്കിലും ബജറ്റിലാണെങ്കിലും ഊന്നിപ്പറയാറുള്ളത് കേന്ദ്ര സർക്കാരിന്റെ അവഗണനയെക്കുറിച്ചാണ്. സാധാരണഗതിയിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നിരന്തരമായ അവഗണനയ്ക്കെതിരായുള്ള ശബ്ദമാണ് ഉയർന്നുവരാറുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ പ്രസംഗിക്കുമ്പോഴും കേന്ദ്ര അവഗണനയെ സംബന്ധിച്ച ധാരാളം കാര്യങ്ങൾ പറയുകയുണ്ടായി. പ്രത്യേകിച്ച് വയനാട്ടിലെ ദുരന്തത്തിനുശേഷം ചേരുന്ന നിയമസഭയുടെ

നയപ്രഖ്യാപന പ്രസംഗമാകുമ്പോൾ സ്വാഭാവികമായും കേന്ദ്ര സർക്കാരിന്റെ തെറ്റായ നയസമീപനങ്ങളെ സംബന്ധിച്ച് പറയുമെന്നാണ് നമ്മളെല്ലാവരും ഉദ്ദേശിച്ചത്. അതിൽനിന്നൊരു വ്യതിയാനമാണ് ഈ പ്രസംഗത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. അതോടൊപ്പം പ്രതിപക്ഷ ഭാഗത്തുനിന്നുള്ള എം.പി.-മാരും പാർട്ടികളും കേന്ദ്ര അവഗണനയ്ക്കെതിരെ ഒന്നും ചെയ്യുന്നില്ലെന്നുള്ള പ്രഖ്യാപനവും അവരുടെ പ്രസംഗത്തിലൂടെവരുന്നുണ്ട്. അതിന്റെ അർത്ഥം അവർ സത്യം മനസ്സിലാക്കുന്നില്ലെന്നാണ്. പാർലമെന്റിൽ വയനാട് എം.പി.-യായ ശ്രീമതി പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കെതിരായി സഭയുടെ അകത്തും പുറത്തും സമരം നടത്തിയത് ഭരണപക്ഷം മറച്ചുവച്ചിട്ട് കാര്യമില്ല. രാജ്യസഭയിൽ മുസ്ലീംലീഗിന്റെ അംഗം ശ്രീ. വി. കെ. ഹാരിസ് ബീരാൻ, കേന്ദ്രസർക്കാർ കേരള സർക്കാരിനോട് കാണിക്കുന്ന വിവേചനത്തിനെതിരായും ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നിലപാടുകൾക്കെതിരായും രാജ്യസഭയിൽ ഈ അടുത്ത സമയത്ത് പ്രസംഗിച്ചിട്ടുണ്ട്. ഭരണപക്ഷത്തിന്റെകൂടെ പ്രതിപക്ഷം സമരം ചെയ്യുന്നത് ശരിയാണോ? പക്ഷെ സംസ്ഥാനത്തിന് ലഭിക്കാനുള്ള ന്യായമായ വിഹിതത്തിന്റെ കാര്യത്തിൽ ഉറച്ചനിലപാട് യു.ഡി.എഫ്.-നും പ്രതിപക്ഷ കക്ഷികൾക്കുമുണ്ടെന്ന് നിങ്ങൾ സമ്മതിക്കണം. നിങ്ങൾക്ക്

ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ മറച്ചുവയ്ക്കുന്നതിനുള്ള ഒരു പ്രചാരണം മാത്രമാണിതെന്നാണ് എനിക്ക് തോന്നുന്നത്.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആരുടെ കാര്യമാണ് പറഞ്ഞിട്ടുള്ളത്; എന്തെല്ലാം പ്രശ്നങ്ങളാണ് നമ്മൾ ഇപ്പോൾ അഭിമുഖീകരിക്കുന്നത്. സാധാരണ ജനങ്ങളെയും ദുർബല വിഭാഗങ്ങളെയും ബാധിക്കുന്ന എത്രയോ പ്രശ്നങ്ങൾക്ക് തീരുമാനമുണ്ടാകുന്നില്ലെന്ന് മാത്രമല്ല, ഭരണപക്ഷം എടുത്ത തീരുമാനങ്ങൾ നടപ്പാക്കാത്ത സമയത്താണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ ഈ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുന്നത്. ഞാൻ കഴിഞ്ഞ ദിവസം പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ വയോമിത്രം കേന്ദ്രം സന്ദർശിച്ചിരുന്നു. അവിടത്തെ സ്ഥിതി വളരെ ദയനീയമാണ്. 60 വയസ്സ് കഴിഞ്ഞ ആളുകൾക്കുള്ള ചികിത്സയും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കാനും അവരുടെ പ്രാഥമിക കാര്യങ്ങൾ ചെയ്യാനും വേണ്ടിയുള്ള പദ്ധതിയാണിത്. 27 കോടി രൂപ ബജറ്റിൽ അതിനായി വകയിരുത്തിയെങ്കിലും എട്ട് കോടി രൂപയാണ് അനുവദിച്ചത്. അതിന്റെ ഇപ്പോഴത്തെ സ്ഥിതി വളരെ മോശമാണ്. മെഡിക്കൽ ഓഫീസർമാർക്കും നഴ്സുമാർക്കും കൃത്യമായി ശമ്പളം ലഭിക്കുന്നില്ല, അതുപോലെ അവർക്ക് സഞ്ചരിക്കാനുള്ള വാഹനത്തിന്റെ അപര്യാപ്തതമൂലം

അതിന്റെ പ്രവർത്തനം ഏറെക്കുറെ നിലച്ച അവസ്ഥയിലാണ്. ശമ്പളം ലഭിച്ചിട്ട് നാല് മാസത്തോളമായതിനാൽ സ്റ്റാഫുകൾ അവിടത്തെ ജോലി ഉപേക്ഷിച്ച് പോകുന്ന സ്ഥിതിയിലായി. മരുന്നുകൾ കൃത്യമായി ലഭിക്കാതായിരിക്കുന്നു. മരുന്ന് വാങ്ങിയ ഇനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (കെ.എം.എസ്.സി.എൽ.) കുടിശ്ശികയായി കോടിക്കണക്കിന് രൂപ നൽകാനുണ്ട്. ഇതുവരെ നൽകിയിരുന്ന മരുന്നുകൾതന്നെ അവർ നിർത്തിയിരിക്കുകയാണ്. വളരെയധികം ശ്രദ്ധിക്കപ്പെട്ട മുതിർന്ന പൗരന്മാരെ സംബന്ധിച്ച 'വയോമിത്രം' പദ്ധതി നാല് മാസമാത്തോളമായി ഏറെക്കുറെ നിശ്ചലമായ അവസ്ഥയിലാണ്.

മെഡിസെപ്പിന്റെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു. നമ്മുടെ ആശുപത്രികളിൽ മെഡിസെപ്പിന്റെ ഇൻഷ്വറൻസ് അനുസരിച്ച് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് അന്വേഷിച്ചാൽ യാഥാർഥ്യം അറിയാൻ സാധിക്കും. ആശുപത്രികൾക്ക് വലിയ തോതിൽ പണം ലഭിക്കാനുണ്ട്. അതുകൊണ്ട് ആശുപത്രികളിൽ ഇതുമായി ബന്ധപ്പെടുമ്പോൾ അവർ ആനുകൂല്യം നൽകാൻ തയ്യാറാകുന്നില്ല. അതുപോലെ നടപ്പാക്കാൻ തീരുമാനിച്ച വിവിധ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്.

(തുടരും ...)

പി. 22-01-2025
ആർ.ആർ.-എൽ.ഡി.-1
11.50-12.00

(ശ്രീ. കെ. പി. എ. മജീദ് തുടർച്ച)

ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നാട്ടുകാണി-പരപ്പനങ്ങാടി റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് അങ്ങും എം.എൽ.എ.-മാരും ഉദ്യോഗസ്ഥരും മലപ്പുറത്ത് യോഗം ചേർന്നിട്ടുള്ളതാണ്. നേരത്തെ പ്രവൃത്തി ഏൽപ്പിച്ച കരാർ കമ്പനി ഇടയ്ക്കുവച്ച് പണി നിർത്തിവച്ചതായിരുന്നു. പണി പൂർത്തിയാകാത്ത റോഡിന്റെ ബാക്കി ഭാഗം ഏറ്റെടുക്കാമെന്ന് യോഗത്തിൽ അങ്ങ് സൂചിപ്പിച്ചിരുന്നു. മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഏറനാട്, മഞ്ചേരി, മലപ്പുറം, വേങ്ങര, തിരൂരങ്ങാടി നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഒരു സുപ്രധാന റോഡാണിത്. പണി പൂർത്തിയാകാത്തതിനാൽ പല സ്ഥലങ്ങളിലും ഗതാഗത സൗകര്യം പോലും നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പ്രവൃത്തി വീണ്ടും ഏറ്റെടുത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. ടി നിയോജകമണ്ഡലങ്ങളിൽ പ്രോജക്റ്റിൽ

ഉൾപ്പെട്ട എല്ലാ റോഡുകളും തകർന്ന് കിടക്കുകയാണ്. ഇത് വെറുമൊരു വിമർശനത്തിനുവേണ്ടി ഞാൻ പറയുന്നതല്ല. ഒട്ടനവധി കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനുള്ളത് സമയപരിമിതി കാരണം പറയുന്നില്ല.

സഭയിൽ ഒരു അംഗം ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. തുടങ്ങിയ സംഘടനകളെക്കുറിച്ചുള്ള കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. വിഷയദാരിദ്ര്യം കാരണമാണ് ഇതെല്ലാം പറയുന്നതെന്നാണ് ഞാൻ കരുതുന്നത്. നിങ്ങൾക്ക് മീഡിയ സഹായമുണ്ട്, പുറത്ത് ധാരാളം പ്രശ്നങ്ങൾ നടന്നിട്ടുണ്ട്. അത് സഭയിലും പറയാം. എസ്.ഡി.പി.ഐ., ജമാഅത്തെ ഇസ്ലാമി, പി.ഡി.പി. എന്നീ സംഘടനകളുമായി ഇടതുപക്ഷ മുന്നണി നേതാക്കൾ സംസാരിച്ചിട്ടുണ്ടോയെന്നാണ് ഭരണകക്ഷി എം.എൽ.എ.-മാരോട് ഞാൻ ഈ അവസരത്തിൽ ചോദിക്കുന്നത്. അവരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം സ്ഥാപിച്ചിരുന്നോ? ഈ സംഘടനകളിൽ നിന്നുള്ള വോട്ട് ലഭിക്കാനായി നേതാക്കളുമായി ഔദ്യോഗികമായി സംസാരിച്ചിരുന്നോ; വോട്ട് ആവശ്യപ്പെട്ടിരുന്നോ? ദയവായി അംഗങ്ങൾ മറുപടി പറയണം.

ചെയർപേഴ്സൺ: താങ്കൾക്ക് അനുവദിച്ച സമയം കഴിയാറായി.

ശ്രീ. കെ. പി. എ. മജീദ്: സർ, പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി

വിജയൻ, ജമാഅത്തെ ഇസ്ലാമിയുടെ അമീർ അസീസ് സാഹിബ്, ഡോ. കെ. ടി. ജലീൽ എന്നിവരടങ്ങുന്ന ചിത്രമാണ് എന്റെ കയ്യിലുള്ളത്. പ്രിയപ്പെട്ട മുഖ്യമന്ത്രി ജമാഅത്തെ ഇസ്ലാമി അമീറുമായി തിരഞ്ഞെടുപ്പുകാലത്ത് വോട്ടിനുവേണ്ടി സംസാരിക്കുന്നതിന്റെ ചിത്രമാണിത്. (ചിത്രം കാണിക്കുന്നു.)

ചെയർപേഴ്സൺ: സമയം കഴിഞ്ഞു. ദയവായി താങ്കൾ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. പി. എ. മജീദ്: സർ, ജമാഅത്തെ ഇസ്ലാമി കേരള അമീർ പി. മുജീബ് റഹ്മാൻ, കൊടിയേരി ബാലകൃഷ്ണൻ, ശ്രീ. ടി. ആരിഫലി എന്നിവർ സംസാരിക്കുന്നതാണ് മറ്റൊരു ചിത്രം (ചിത്രം കാണിക്കുന്നു). നിങ്ങൾ ഇവരെല്ലാരുമായി സംസാരിച്ച് അവരുടെ വോട്ട് വാങ്ങി. എന്നാൽ ലോക്സഭ തിരഞ്ഞെടുപ്പിൽ അവർ നയപരമായ സമീപനം സ്വീകരിച്ച് യു.ഡി.എഫ്.-ന് വോട്ട് നൽകിയപ്പോൾ നിങ്ങൾക്ക് പരാതിയുമുണ്ടായി. എന്നാൽ, അവസരം ലഭിച്ചാൽ നിങ്ങൾ അവരുമായി ഇപ്പോഴും സഖ്യം ചേരുകയും വോട്ട് വാങ്ങുകയും ചെയ്യും. നിങ്ങൾ പരസ്യമായി പി.ഡി.പി.-യുടെ വോട്ട് ആവശ്യപ്പെട്ടിട്ടുണ്ടല്ലോ; ഇപ്പോഴും വോട്ട് വാങ്ങുന്നുമുണ്ട്. പി.ഡി.പി.-യുമായും ജമാഅത്തെ ഇസ്ലാമിയുമായുള്ള നിങ്ങളുടെ

നിലപാടെന്താണ്?

ചെയർപേഴ്സൺ: താങ്കളുടെ സമയം കഴിഞ്ഞു. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ..

ശ്രീ. കെ. പി. എ. മജീദ്: സർ, നിങ്ങൾക്ക് എന്ത് നിലപാടാണുള്ളതെന്നാണ് ഞാൻ ചോദിക്കുന്നത്; തുച്ഛമായ വോട്ടിനുവേണ്ടി ഭൂരിപക്ഷ സമുദായത്തെ പ്രീണിപ്പിക്കാനായി ന്യൂനപക്ഷങ്ങളെ നിരന്തരമായി കുറ്റം പറയുകയെന്നല്ലാതെ നിങ്ങളുടെ മുന്നിൽ മറ്റെന്ത് അജണ്ടയാണുള്ളത്? (മൈക്ക് ഓഫ്)

(ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ)

പി. 22-01-2025
ആർ.ആർ.-എൽ.ഡി.-1
11.50-12.00

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ നന്ദി രേഖപ്പെടുത്തുന്ന ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു.

ഉപക്ഷേപത്തിന് ആസ്പദമായ നയപ്രഖ്യാപനം പൂർണ്ണമായും പ്രസംഗിക്കാനുള്ള മാന്യതയും മര്യാദയും കാണിച്ച ബഹുമാനപ്പെട്ട ഗവർണ്ണറോടുള്ള നന്ദികൂടി അറിയിക്കുന്നു. പ്രസംഗത്തിലേക്ക് കടക്കുന്നതിനുമുമ്പ് മറ്റൊരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

അല്പസമയം മുമ്പ് സംസാരിച്ച ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്പിരിറ്റ് ലോബിയുടെ ശബ്ദമാണ് അദ്ദേഹത്തിലൂടെ ഈ സഭയിൽ മുഴങ്ങിക്കേട്ടതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരള സർക്കാർ ടെൻഡർ വിളിക്കാത്തത് സംബന്ധിച്ച് അദ്ദേഹം ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഒരു സ്ഥാപനം തുടങ്ങാൻ ആരെങ്കിലും അപേക്ഷ നൽകുമ്പോൾ അതിലെ മാനദണ്ഡങ്ങളും നിയമങ്ങളും പരിശോധിച്ച് യോഗ്യമാണെങ്കിൽ അംഗീകാരം നൽകുകയെന്ന സ്ഥിതിയും നിയമപരമായ സാഹചര്യവും നിലവിലുള്ളപ്പോൾ സർക്കാർ ടെൻഡർ വിളിക്കുന്നതെന്തിനാണ്? ഇത്തരം കാര്യങ്ങളിൽ സാമാന്യ പരിജ്ഞാനമുണ്ടെങ്കിലും അത് മറച്ചുവച്ച് ഇത്തരം ചോദ്യങ്ങളിലൂടെ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സംസ്ഥാനത്ത് ഏതൊരു സംരംഭം ആരംഭിച്ചാലും അതിനെയെല്ലാം എതിർത്ത് വഴിപാടുപോലെ അഴിമതി ആരോപണം ഉന്നയിക്കുന്ന രീതിയിലേക്ക് പ്രതിപക്ഷം അധഃപതിച്ചിരിക്കുന്നു. K-FON (Kerala Fibre Optic Network)-മായും എ.ഐ. ക്യാമറയുമായും ബന്ധപ്പെട്ട വിഷയങ്ങളിൽ അഴിമതി ആരോപിച്ച്

പ്രതിപക്ഷം ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഇത്തരം വിഷയങ്ങളിൽ നിലവിലെ സ്ഥിതിയെന്താണെന്നുകൂടി നമ്മൾ മനസ്സിലാക്കണം. K-FON-മായി ബന്ധപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തലയും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും ചേർന്ന് കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി ചവറ്റുകുട്ടയിലേക്ക് തള്ളുകയാണുണ്ടായത്. കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുമെന്നാണ് പ്രതിപക്ഷനേതാവ് അന്ന് മാധ്യമങ്ങളോട് പറഞ്ഞത്. പിന്നെന്തുകൊണ്ടാണ് സമീപിക്കാതിരുന്നത്? നമ്മുടെ സർക്കാരിനെ മോശമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത് എന്നതിനപ്പുറം ഇത്തരം ആരോപണങ്ങൾക്ക് യാതൊരു വിലയുമില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഞാൻ കോട്ടയം ജില്ലയിൽ നിന്നാണ് വരുന്നത്. കോട്ടയം ജില്ലയുടെ ആസ്ഥാനമായ കോട്ടയം നഗരസഭയിൽ ഇരുപത് വർഷമായി ഒരു യു.ഡി.എഫ്. ഭരണസമിതിയാണ് ഭരണം നടത്തുന്നത്. ടി ഭരണസമിതി 211 കോടി രൂപയുടെ ക്രമക്കേട് നടത്തിയെന്ന ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ട് മൂടിവച്ച് മുന്നോട്ടുപോകുന്ന ആളുകളാണിത്. ജാമ്യ ഹർജി നൽകിയതിനുശേഷം ഒളിവിൽപ്പോയ ഒരു എം.എൽ.എ.-യെയും ഒപ്പം

നിർത്തിയിട്ടുണ്ട്. വയനാട് ഡി.സി.സി. ഓഫീസ്, കുംഭകോണം, ബാങ്ക് നിയമന അഴിമതി അടക്കം ഒട്ടനവധി വിഷയങ്ങൾ നിലനിൽക്കുമ്പോഴാണ് പ്രതിപക്ഷം പുകമറയുമായി മുന്നോട്ടുവരുന്നത്. കഴിഞ്ഞ ദിവസമാണ് വയനാട് ഡി.സി.സി. ഓഫീസിൽ ഡി.സി.സി. പ്രസിഡന്റിനെയും കൊണ്ട് പോലീസ് തെളിവെടുപ്പിന് പോയത്. ഇത്തരം സ്ഥിതിയിൽ നിൽക്കുന്ന കോൺഗ്രസാണ് ഇക്കാര്യങ്ങളെല്ലാം പറയുന്നതെന്ന് ഓർക്കണം.

കർണ്ണാടകയിൽ കഴിഞ്ഞ ദിവസം ഒരു കരാറുകാരൻ ആത്മഹത്യ ചെയ്തു. എ.ഐ.സി.സി. പ്രസിഡന്റ് ശ്രീ. മല്ലികാർജ്ജുൻ ഖർഗെയുടെ മകനും കർണ്ണാടക മന്ത്രിസഭയിലെ അംഗവുമായ ശ്രീ. പ്രിയങ്ക് ഖാർഗെ കോടിക്കണക്കിന് രൂപ അഴിമതിപ്പണം ആവശ്യപ്പെട്ടുകൊണ്ട് സമ്മർദം ചെലുത്തുന്നെന്നും ജീവിക്കാൻ കഴിയില്ലെന്നുമാണ് ആത്മഹത്യ കുറിപ്പിലുള്ളത്. എ.ഐ.സി.സി. പ്രസിഡന്റിന്റെ മകനെതിരെ വരെ ആരോപണം ഉന്നയിക്കപ്പെട്ട് ആളുകൾ ആത്മഹത്യ ചെയ്യുന്ന സ്ഥിതിയിലേക്ക് കാര്യങ്ങളെത്തുന്ന സാഹചര്യമാണ് ഇവിടെയുള്ളത്.

കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ് രാജ്യത്തെ ഏറ്റവും മികച്ച സർക്കാരെന്ന് നീതി ആയോഗ് വിലയിരുത്തിയിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലെ സ്കോർ അനുസരിച്ച്, ഒന്നാം പിണറായി

സർക്കാരിന്റെ സ്കോർ 75-ഉം രണ്ടാം പിണറായി സർക്കാരിന്റെ സ്കോർ 79-ഉം ആണ്. ഇത് മുന്നോട്ട് കുതിക്കുകയാണെന്ന് വ്യക്തമാണ്. രണ്ടാം സ്ഥാനത്തുള്ള സംസ്ഥാനത്തിന്റെ സ്കോർ 52 ആണ്. അതിനാൽ നമ്മുടെ സർക്കാർ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാം. സമീപ കാലത്തുനടന്ന സ്കൂൾ യുവജനോത്സവം, രണ്ട് ദിവസം മുമ്പ് പരിസമാപ്തി കുറിച്ച ശബരിമല മകരവിളക്ക് മഹോത്സവം എന്നിവയെല്ലാം എത്ര മികച്ച രീതിയിലാണ് സർക്കാർ നേതൃത്വം നൽകി പൂർത്തീകരിച്ചത്. ക്ഷേമപെൻഷൻ, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച K-FON പദ്ധതി, 70 ലക്ഷം കുടുംബങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതി, 180000 പേർക്ക് പട്ടയം നൽകിയത് അടക്കം എത്രയോ വലിയ നേട്ടങ്ങൾ ഈ സർക്കാരിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതാൻ പര്യാപ്തമായ നിലയിൽ സംഭവിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സംസ്ഥാനത്തെ റോഡുകൾ ഏറ്റവും മനോഹരമായ രീതിയിലാണുള്ളത്. ആകെയുള്ള പൊതുമരാമത്ത് റോഡുകളിൽ പകുതിയിലധികവും ബി.എം.&ബി.സി. നിലവാരത്തിലെത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം

600 കിലോമീറ്ററോളം പി.ഡബ്ല്യൂ.ഡി. റോഡുകളുള്ളതിൽ 95 ശതമാനം റോഡുകളും മികച്ച രീതിയിലാണുള്ളത്. അതിൽ 10 എണ്ണം ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുമുണ്ട്. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ മുഖം പോലെ സുന്ദരമാണ് നമ്മുടെ സംസ്ഥാനത്തെ മഹാഭൂരിപക്ഷം റോഡുകളുമെന്ന കാര്യം എടുത്തുപറയേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഡയസിനെയും ഭരണകക്ഷികളെയും നോക്കി ആക്രോശിക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ മുഖസ്ഥിതിയിൽ അപൂർവം റോഡുകൾ മാത്രമാണുള്ളതെന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഗതാഗതം, മറ്റ് അടിസ്ഥാന വികസന രംഗങ്ങൾ ഉൾപ്പെടെ ഒട്ടേറെ മേഖലകളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ സർക്കാരിനെയും മുഖ്യമന്ത്രിയെയും വെല്ലുവിളിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. 'ഞാൻ ഇടയനെ അടിക്കും; ആടുകൾ ചിതറിപ്പോകും' എന്ന് വിശുദ്ധ ബൈബിളിൽ ഒരു വാചകമുണ്ട്. ഈ ബൈബിൾ വാക്യത്തിന്റെ രീതിയിലാണ് പ്രതിപക്ഷവും ബി.ജെ.പി.-യും കേന്ദ്രസർക്കാരുമെല്ലാം ചേർന്ന് കേരള സർക്കാരിനെ ആക്രമിക്കുകയും

മുഖ്യമന്ത്രിയെ എതിർക്കുകയും ചെയ്യുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന കേരള കോൺഗ്രസ് (എം.) പാർട്ടി സർക്കാരിന് മുന്നിൽ സമർപ്പിക്കുന്ന എല്ലാ കാര്യങ്ങളും അംഗീകരിക്കുന്നുണ്ടെന്ന സന്തോഷം കൂടി ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

വനനിയമ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ, ഭേദഗതി സ്വീകരിക്കാതിരിക്കാനുള്ള മനസ്സ് കാണിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വനം-വന്യജീവി വകുപ്പുമന്ത്രിയെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. മുമ്പ് ബഫർ സോൺ വിഷയമുണ്ടായപ്പോഴും പരിസ്ഥിതി ദുർബല പ്രദേശമായി ജനവാസമേഖലകളെ പ്രഖ്യാപിക്കുന്ന വിഷയത്തിലും റബ്ബർ ഇൻസെന്റീവ് സ്കീം കൊണ്ടുവരുന്നതിലും കോട്ടയത്ത് റബ്ബർ പാർക്ക് സ്ഥാപിക്കുന്നത് അടക്കമുള്ള വിഷയങ്ങളിലും ഞങ്ങൾ മുന്നോട്ടുവച്ച ആവശ്യങ്ങളൊക്കെ അംഗീകരിച്ച ഒരു സർക്കാരാണിത്. ഞങ്ങളെ കണ്ടുകൊണ്ട് ആരെങ്കിലും മനക്കോട്ട കെട്ടുന്നുണ്ടെങ്കിൽ അത് മലർകൊടിക്കാരന്റെ സ്വപ്നം പോലെയാണെന്ന് സൂചിപ്പിക്കുന്നു.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വയലാറിന്റെ പ്രസിദ്ധമായ കവിതയിൽ,

'ആരൊരാളെൻ കുതിരയെ കെട്ടുവാൻ

ആരൊരാളതിൻ മാർഗം മുടക്കുവാൻ?'

എന്ന വരികളിൽ സൂചിപ്പിക്കുന്നതുപോലെ സർക്കാരിന്റെ മുന്നോട്ടുള്ള മാർഗം മുടക്കാൻ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കേന്ദ്ര ഏജൻസികളും ന്യൂനപക്ഷ ഭൂരിപക്ഷ വർഗീയ ശക്തികളും ചേർന്നുള്ള മഴവിൽ സഖ്യത്തിന് കഴിയില്ലെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കിക്കൊണ്ട് ഒരിക്കൽക്കൂടി ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു.

(ശ്രീ. മാണി സി. കാപ്പൻ)

P 22-01-2025
NR/SR (1)
12.00-12.10
SM

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിലെ ജനപ്രതിനിധികളുടെ മഹനീയ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപനത്തെ ഞാൻ എതിർക്കുന്നു. ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതുമകളില്ലാത്ത വഴിപാടായി ഈ നയപ്രഖ്യാപനം മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന രൂക്ഷമായ ധനപ്രതിസന്ധി, ജനകീയ പ്രശ്നങ്ങൾ

എന്നിവ പരിഹരിക്കാനുള്ള ഒരു നടപടികളും ഈ നയപ്രഖ്യാപനത്തിൽ കാണുന്നില്ല. വന്യജീവി ആക്രമണത്തിൽ ജനങ്ങൾ മരിച്ചുവീഴുമ്പോഴും മനുഷ്യ-വന്യജീവി സംഘർഷവും മനുഷ്യ നഷ്ടവും കുറയ്ക്കാനുള്ള നടപടികൾ ആരംഭിച്ചുവെന്ന വിചിത്രമായ വാദമാണ് സർക്കാർ ഉയർത്തി കാണിക്കുന്നത്. 2016 മുതൽ വന്യജീവി ആക്രമണത്തിൽ അനേകം ആളുകൾ മരിക്കുകയും എണ്ണൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഗുരുതര സാഹചര്യത്തിൽ സർക്കാരിന്റെ ഈ കണ്ടെത്തൽ ജനങ്ങളോടുള്ള പരിഹാസമാണ്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവർക്ക് നഷ്ടപരിഹാരമായി ഇരുപത് ലക്ഷം രൂപയും പരിക്കേറ്റവർക്ക് പത്തുലക്ഷം രൂപയും നൽകുന്നതിനുള്ള നടപടികളുണ്ടാകണം.

വ്യവസായ മേഖലയിലും സാമ്പത്തിക രംഗത്തും കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിഞ്ഞുവെന്നാണ് നയപ്രഖ്യാപനം അവകാശപ്പെടുന്നത്. യുവതലമുറ വിദേശ രാജ്യങ്ങളിലേക്ക് കുടിയേറാനായി ബാങ്കുകളിൽ വായ്പയ്ക്കായി ക്യൂ നിൽക്കുമ്പോൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെന്ന് പറയുന്നത് യുവതലമുറയോടുള്ള വെല്ലുവിളിയാണ്. അങ്ങനെയൊരു വെല്ലുവിളിയായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. നെല്ലിന്റെ താങ്ങുവില കേന്ദ്രസർക്കാർ

വർധിപ്പിക്കുമ്പോൾ ആനുപാതികമായി സംസ്ഥാന സർക്കാർ അത് കുറയ്ക്കുന്ന വിചിത്ര കാർഷിക സംരക്ഷണ രീതിയാണ് സംസ്ഥാനത്ത് നടക്കുന്നത്.

റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം പാലിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. യുവതീയുവാക്കൾ സംസ്ഥാനത്ത് തൊഴിലില്ലാതെ അലയുകയാണ്. ഇവരിൽ ഭൂരിഭാഗവും ലഹരിക്ക് അടിമപ്പെട്ട് ക്രിമിനലുകളായി മാറുന്ന സാഹചര്യമാണ് ഇതുമൂലം സംജാതമാകുന്നത്.

സമസ്ത മേഖലയിലും വിലക്കയറ്റമാണ്, വരുമാനദായകമായ ഒരു തൊഴിൽ മേഖലയും നാട്ടിലില്ല. ഇതിനുപുറമെ വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, ഭൂനികുതി, കെട്ടിട നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ചാർജ് എന്നിവ അനിയന്ത്രിതമായി വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ മനുഷ്യർക്ക് ജീവിക്കാൻ യാതൊരു നിവൃത്തിയുമില്ലാത്ത അവസ്ഥയാണ്. ഇവിടെ കോൾഡ് സ്റ്റോറേജുകളും ഫുഡ്പാർക്കുകളും വ്യവസായ പാർക്കുകളും സ്ഥാപിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചാൽ ഒരു പരിധിവരെ ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

കേന്ദ്രത്തിന്റെ ജനവിരുദ്ധ നയങ്ങളെ ശക്തമായി എതിർക്കുന്നതിനോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും പരമാവധി കേന്ദ്ര ഫണ്ട് നേടുന്നതിനും നമുക്ക് കഴിയണം. നയത്തെ എതിർക്കുമ്പോൾ ബദൽ നയങ്ങളും പദ്ധതികളും മുന്നോട്ടുവച്ച് നമുക്ക് മുന്നേറാൻ സാധിക്കണം. എങ്കിൽ മാത്രമേ ധനപ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ ബജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ച പ്ലാൻ 'ബി' എന്താണെന്ന് ഈ ബജറ്റിന് മുമ്പെങ്കിലും പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭിന്നശേഷി സൗഹൃദം പറയുന്ന സർക്കാർ, ഭിന്നശേഷി ഒളിമ്പിക്സിൽ പങ്കെടുത്ത് മെഡൽ നേടിയ താരങ്ങൾക്ക് ഒരു ക്യാഷ് അവാർഡുപോലും നൽകി ആദരിക്കാൻ തയ്യാറായില്ലെന്നുള്ളത് ഖേദകരമാണ്. എൻ.സി.സി. കേഡറ്റുകൾക്ക് ഭക്ഷണത്തിന് പണമില്ല. സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾ സമരം ചെയ്തു. അതുപോലെ വിദ്യാഭ്യാസ രംഗത്ത് ഉച്ചഭക്ഷണം നൽകാനുള്ള സംവിധാനമില്ല. അതിന് പണവും നൽകുന്നില്ല. ഇതൊക്കെകൊണ്ട് ബഹുമാന്യനായ ഗവർണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപനത്തിൽ കേരള സമൂഹത്തിന്റെ വികസനത്തിന് ഉതകുന്ന ഒരു നിർദേശവും

ഉൾപ്പെട്ടതായി കാണാത്തതിനാൽ ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

(ശ്രീ. പി. വി. ശ്രീനിജിൻ)

22-01-2025
NR/SR (1)
12.00-12.10

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ ദിവസം വളരെ രസകരമായതും എന്നെ വളരെ അത്ഭുതപ്പെടുത്തിയതുമായ ഒരുകാര്യം നമ്മുടെ സഭയിൽ നടന്നു. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചതിന്റെ ഭാഗമായി സ്വാഭാവികമായിട്ടുള്ള പ്രതികരണങ്ങൾ ഭരണപക്ഷത്തുനിന്നുമുണ്ടായപ്പോൾ അദ്ദേഹം വളരെ രൂക്ഷമായാണ് പ്രതികരിച്ചത്. ഇത്രയും ആരാധ്യനായിട്ടുള്ള, അഞ്ച് പ്രാവശ്യം സഭയിൽ അംഗമായിട്ടുള്ള അദ്ദേഹത്തിന്റെ പ്രതികരണം കണ്ടപ്പോൾ ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. അതായത് കൈയിലിരുന്ന പേപ്പർ ഡെസ്കിലടിച്ച് സ്പീക്കറുടെ നേരെ കൈകൾ ഉയർത്തിയുള്ള അദ്ദേഹത്തിന്റെ സംസാരമാണ് എന്നെ അത്ഭുതപ്പെടുത്തിയത്. അതിനുശേഷം ഞാൻ സഭയ്ക്ക് പുറത്തിറങ്ങിയപ്പോൾ എനിക്ക് ഒരു വീഡിയോ ലഭിക്കാനിടയായി.

കഴിഞ്ഞ ദിവസം കെ.പി.സി.സി.-യുടെ രാഷ്ട്രീയകാര്യ സമിതി കൂടിയെന്നും അതിൽ പ്രതിപക്ഷനേതാവിനെതിരെ രൂക്ഷമായ വിമർശനങ്ങൾ ശ്രീ. എ. പി. അനിൽകുമാർ ഉൾപ്പെടെയുള്ള ആളുകൾ ഉന്നയിച്ചെന്നും ആ വീഡിയോ കണ്ടപ്പോൾ മനസിലായി. അദ്ദേഹത്തെ സംസാരിക്കാൻപോലും അനുവദിച്ചില്ലെന്നായിരുന്നു പരാതി. അതുകൊണ്ടാകാം ഇന്നലെ സഭയിൽ ഭരണപക്ഷത്തുനിന്നും സ്വാഭാവികമായുള്ള ഒരു പ്രതികരണം വന്നപ്പോൾ അദ്ദേഹത്തിന് നിയന്ത്രണം വിട്ടുപോകാൻ കാരണമായതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഇവിടെ വികസനങ്ങൾ നടക്കുന്നില്ല, ആനുകൂല്യങ്ങൾ നൽകുന്നില്ല എന്നൊക്കെ പറഞ്ഞുകൊണ്ട് പ്രതിപക്ഷം സഭയിൽ സർക്കാരിനെതിരെ വളരെ രൂക്ഷമായ വിമർശനങ്ങളാണ് ഉന്നയിക്കുന്നത്. എയർ കേരള എന്ന വിമാന കമ്പനിയുടെ ഉദ്യോഗസ്ഥരെ സഭയുടെ പുറത്തുവച്ച് ശ്രീ. അൻവർ സാദത്തിനോടൊപ്പം കാണാനിടയായി. കേരളത്തിൽ ഒരു വികസനവും നടക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് നടക്കുന്ന പ്രതിപക്ഷത്തിൽനിന്നും വ്യത്യസ്തനായി ഒരു പ്രതിപക്ഷ എം.എൽ.എ. ഈ ഉദ്യോഗസ്ഥരെ കൊണ്ടുവന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും സ്പീക്കറെയുമൊക്കെ കാണിക്കുന്നു. പ്രതിപക്ഷത്തെ ഒരു എം.എൽ.എ. തന്നെ

ഇക്കാര്യത്തിൽ മുൻകൈയെടുത്തതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് സഭയിൽ പറയുകയുണ്ടായി. നമ്മുടെ ചെറുപ്പക്കാലത്ത് സർക്കാരിൽനിന്നും കാര്യമായ ആനുകൂല്യങ്ങളൊന്നും ലഭിച്ചിരുന്നില്ല. പക്ഷേ ഇന്ന് എന്താണ് സ്ഥിതി; സർക്കാരിന്റെ ആനുകൂല്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു പുസ്തകം സർക്കാർതന്നെ ഇറക്കുന്നുണ്ട്. അതിൽ ഏകദേശം അറുന്നൂറോളം ആനുകൂല്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ജനങ്ങൾ കൃത്യമായി അപേക്ഷ നൽകിയാൽ അവയെല്ലാം ലഭ്യമാകുന്ന തരത്തിലേക്ക് ഇന്ന് നമ്മുടെ ഭരണസിരാകേന്ദ്രങ്ങൾ മാറിയിരിക്കുകയാണ്. ഞാൻ യാത്രകൾ ഇഷ്ടപ്പെടുന്ന വ്യക്തിയാണ്. റോഡ് കണക്ടിവിറ്റിയുടെ കാര്യത്തിൽ, കേരളത്തിൽ വടക്ക് നിന്നും തെക്കോട്ട് യാത്ര ചെയ്യുമ്പോൾ റോഡുകൾ എത്ര മനോഹരമായിട്ടാണ് BM&BC നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഭരണപക്ഷത്തിന്റെയായാലും പ്രതിപക്ഷത്തിന്റെയായാലും എല്ലാ സിരാകേന്ദ്രങ്ങളും തമ്മിലുള്ള

കണക്ടിവിറ്റി കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. കോടികണക്കിന് രൂപയുടെ പദ്ധതികളാണ് പി.ഡബ്ല്യൂ.ഡി. നടപ്പാക്കിയിരിക്കുന്നത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ടൂറിസം മേഖലയെ സംബന്ധിച്ച് പറയുമ്പോൾ, നിരവധിയായിട്ടുള്ള ആഭ്യന്തര ടൂറിസ്റ്റുകൾ..... നമ്മുടെ ലോക്കൽ സംവിധാനത്തിൽ കുടുംബങ്ങളുമായി വൈകുന്നേരങ്ങളിൽ അതത് പ്രാദേശിക സ്ഥലത്ത് യാത്ര പോകാനും അവരുമായി സംസാരിക്കാനുമൊക്കെ ഇപ്പോൾ അവസരം ലഭിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ളതാണ് കടമ്പ്രയാർ ടൂറിസം ഡെസ്റ്റിനേഷൻ സെന്റർ. അതിന്റെ നവീകരണത്തെ സംബന്ധിച്ച് സർക്കാരിനെയും നവകേരള സദസ്സിനെയുമൊക്കെ എല്ലാവരും വിമർശിക്കുന്നുണ്ട്. ഞാൻ നവകേരള സദസ്സിന്റെ ഭാഗമായി മൂന്നരകോടി രൂപയാണ് പ്രൊപ്പോസൽ വച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്, എല്ലാ സ്കൂളുകളിലും ഏറ്റവും ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും അധ്യയനവുമാണ് നടപ്പാക്കുന്നത്, കുട്ടികൾ സന്തോഷത്തിലാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചില ഫേസ്ബുക്ക് പോസ്റ്റിൽ കുട്ടികളുമായി നിൽക്കുന്ന ചിത്രങ്ങൾ കാണുമ്പോൾതന്നെ പുതിയ തലമുറ എത്ര

സന്തോഷത്തിലാണെന്ന് നമുക്കറിയാൻ കഴിയും. ആ പുതിയ തലമുറ ഇനിയും ഈ സർക്കാരുമായി ചേർന്നുകൊണ്ട് മൂന്നാം പിണറായി സർക്കാരിലേക്ക് പോകണമെന്നാണ് ആഗ്രഹിക്കുന്നത്. അതൊന്നും മനസ്സിലാക്കാതെയാണ് ഇന്ന് പ്രതിപക്ഷം അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കുന്നത്. ഇന്ന് കേരളത്തിൽ ദാരിദ്ര്യത്തെക്കുറിച്ച് പറയുമ്പോൾ, അങ്ങനെയൊരു ദാരിദ്ര്യം കേരളത്തിലുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. പണ്ട് നമുക്ക് ഭക്ഷണം കിട്ടാത്ത അവസ്ഥയിൽനിന്ന് ഇന്ന് ഒരുപക്ഷെ മൊബൈൽ ഫോൺ റീചാർജ് ചെയ്യാൻ പൈസയില്ല അല്ലെങ്കിൽ അത്തരം കാര്യങ്ങളിലേക്ക് re-define ചെയ്യേണ്ടതായി നമ്മുടെ ദാരിദ്ര്യം മാറിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത് (ബഹളം)... ഇപ്പോൾ ആശുപത്രികൾ....... നിങ്ങൾക്ക് എന്തുവേണമെങ്കിലും പറയാം. ഞാൻ എന്റെ അഭിപ്രായമാണ് പറയുന്നത്, നിങ്ങൾക്ക് സംസാരിക്കാൻ അവസരം ലഭിക്കുമ്പോൾ നിങ്ങളുടെ അഭിപ്രായം പറയാം. കേരളത്തിലെ അതിദരിദ്രരുടെ പട്ടികയിൽപ്പെട്ടവരുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിയുന്നുണ്ട്. ഓരോ മേഖലകളിലും ... (ബഹളം) ...

<u>ചെയർപേഴ്സൺ</u>: ഇത് അദ്ദേഹത്തിന്റെ പ്രസംഗമാണ്. നിങ്ങൾക്ക് നിങ്ങളുടെ പ്രസംഗത്തിൽ സംസാരിക്കാം.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, പ്രതിപക്ഷം തടസ്സപ്പെടുത്തിയാലൊന്നും ഞാൻ പ്രസംഗം നിർത്താൻ പോകുന്നില്ല. നമ്മുടെ സമസ്ത മേഖലകളിലെയും ഈ വികസനം ഓരോ സാധാരണക്കാരന്റെയും അടുത്തേക്ക് എത്തിക്കാൻ കഴിയുന്നുവെന്നതാണ് വികസന കാഴ്ചപ്പാടായി നമുക്ക് കാണാൻ കഴിയുന്നത്. സാധാരണഗതിയിൽ രണ്ട് അടിയന്തര പ്രമേയങ്ങൾക്ക് സാധ്യതയുണ്ടായിരുന്ന വിഷയങ്ങളെ സംബന്ധിച്ച് ഇന്ന് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സംസാരിച്ചു. പി.പി.ഇ. കിറ്റിനെയും ഡിസ്റ്റിലറിയെയും സംബന്ധിച്ചാണ് അദ്ദേഹം സംസാരിച്ചത്. അതുകേട്ടപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മുഖമാകെ മാറിയിരിക്കുകയാണ്. കാരണം യു.ഡി.എഫ്.-ൽ ചർച്ച ചെയ്തിട്ടാണോ അദ്ദേഹം ഈ വിഷയങ്ങൾ സംസാരിച്ചതെന്ന് അദ്ദേഹംതന്നെ അത്ഭുതപ്പെട്ടുപോയി. മുൻ പ്രതിപക്ഷനേതാവിന്റെ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ യു.ഡി.എഫ്.-ലെ അഭിപ്രായ വ്യത്യാസങ്ങൾ മറനീക്കി പുറത്തുവരുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്.

(തുടരും)

P 22-01-2025
HS/SR -(1)
12.10-12.20

(ശ്രീ. പി. വി. ശ്രീനിജിൻ തുടർച്ച)

അതെല്ലാം നിങ്ങളുടെ പ്രദേശികമായ വിഷയങ്ങളാണ്. അടുത്ത പ്രാവശ്യത്തെ മന്ത്രിസഭയിൽ ആരെല്ലാം ഉണ്ടാകണമെന്ന ചർച്ചയുടെ ഭാഗമായാണ് അവരുടെ ഇടയിൽ പ്രശ്നങ്ങൾ തുടങ്ങിയിരിക്കുന്നത്. പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ട്, ഏതെങ്കിലും സർക്കാർ വരട്ടെ, അതിൽ പ്രശ്നമില്ലെന്ന നിലയിലേക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മനസ് മാറിയതായാണ് ഇന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ എനിക്ക് തോന്നിയത്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിലും ശ്രീ. ചാണ്ടി ഉമ്മനും ഒരു നിയോഗംപോലെ ഒരേ സീറ്റിൽ എത്താൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം ഇലക്ഷനുമായി ബന്ധപ്പെട്ട് ശ്രീ. ചാണ്ടി ഉമ്മനെ വിളിച്ചില്ലെന്ന് പരസ്യമായി അദ്ദേഹം പറയുമ്പോഴും സഭയിൽ ഒരുമിച്ചിരിക്കാനുള്ള അവസരം നിങ്ങൾക്കുണ്ടായി. അക്കാര്യത്തിൽ ശ്രീ. രാഹുൽ മാങ്കൂട്ടത്തിലിന് പ്രത്യേകം അഭിനന്ദനം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന് ഒന്നര വർഷം ഈ നിയമസഭയിൽ നല്ല ഭാവിയുണ്ടാകട്ടെ എന്നുകൂടി ആശംസിച്ചുകൊണ്ട് എന്റെ പ്രസംഗം

ചുരുക്കുകയാണ്. നന്ദി, നമസ്കാരം.

(ശ്രീ. എൻ. കെ. അക്ബർ)

P 22-01-2025
HS/SR -(1)
12.10-12.20

ശ്രീ. എൻ. കെ. അക്ബർ: സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തി ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. കെ.പി.സി.സി.-യിൽനിന്നും ലഭിച്ച പി.പി.ഇ. കിറ്റും സ്പിരിറ്റുമായിട്ടാണ് ഇന്ന് മുൻ പ്രതിപക്ഷ നേതാവ് സംസാരിക്കാൻ തുടങ്ങിയതെങ്കിലും അത് 'മല എലിയെ പ്രസവിച്ചതുപോലെയായി' എന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. കഴിഞ്ഞ ദിവസം ഗുരുവായൂരിൽവച്ച് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ്, മുൻ എം.എൽ.എ., വി. ബലറാമിന്റെ പേരിലുള്ള അവാർഡ് ശ്രീ. ടി. എൻ. പ്രതാപന് നൽകുകയുണ്ടായി. ആ അവാർഡ് നൽകിയത് സംബന്ധിച്ച് അവിടെ പ്രശ്നങ്ങളുണ്ടായിരുന്നു. കാരണം ശ്രീ. കെ. മുരളീധരനെ തോൽപ്പിച്ച കേസിൽ കെ.പി.സി.സി. നടത്തുന്ന അന്വേഷണവുമായി ബന്ധപ്പെട്ട ചാർജ്ജ്ഷീറ്റിലെ ഒന്നാം പ്രതിയാണ് ശ്രീ. ടി. എൻ. പ്രതാപൻ. അദ്ദേഹത്തിനാണ് അവാർഡ് നൽകിയിരിക്കുന്നത്. അങ്ങനെ അവാർഡ്

നൽകിയാൽ നമ്മുടെ 'കഷായം' ഗ്രീഷ്മയ്ക്ക് വനിതകൾക്കുള്ള നല്ല അവാർഡ് നൽകുമോ എന്നാണ് ഗുരുവായൂരിലെ കോൺഗ്രസുകാർ ചോദിക്കുന്നത്. അത് എന്തായാലും അവിടെ നിൽക്കട്ടെ; പ്രശ്നം അതല്ല, അവിടെ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത്, തൃശ്ശൂരിൽ ശ്രീ. ടി. എൻ. പ്രതാപൻ മത്സരിച്ചിരുന്നുവെങ്കിൽ ജയിക്കുമായിരുന്നുവെന്നാണ്. അപ്പോൾ ശ്രീ. ടി. എൻ. പ്രതാപനെ മത്സരിപ്പിക്കാതെ ശ്രീ. കെ. മുരളീധരനെ വടകരയിൽനിന്ന് കൊണ്ടുവന്നത് ശ്രീ. സുരേഷ് ഗോപിയെ ജയിപ്പിക്കാൻ വേണ്ടിയായിരുന്നോ എന്നുള്ള കാര്യമാണ് അറിയേണ്ടത്. അതുകൊണ്ട് ശ്രീ. കെ. മുരളീധരനെ കൊണ്ടുവന്ന് ശ്രീ. ടി. എൻ. പ്രതാപൻ കൊടുത്ത കഷായം കുടിച്ച് അദ്ദേഹം അവിടെ സമാധിയായിട്ടുണ്ട്. കഷായം ഗ്രീഷ്മയ്ക്ക് ബഹുമാന്യനായ നമ്മുടെ ജഡ്ജി വധശിക്ഷ വിധിച്ചിട്ടുണ്ട്. അവർക്ക് കേരളത്തിന്റെ ജനകീയ കോടതി കാപ്പിറ്റൽ പണിഷ്മെന്റ് നൽകുമെന്ന കാര്യത്തിൽ തർക്കമില്ല. പാലക്കാട് നിന്നും ഒരു എം.എൽ.എ. വന്നിട്ടുണ്ടെന്നത് നല്ല കാര്യമാണ്. പക്ഷെ ചേലക്കരയിൽനിന്നും ഒരു എം.എൽ.എ. വന്നിട്ടുണ്ട്. സാധാരണ ആരാണോ ജയിക്കുന്നത് അവരാണ് ജാഥ നടത്തുന്നത്. പാലക്കാട് കോൺഗ്രസ് ജയിച്ചപ്പോൾ ആൾക്കാർ ജാഥ

നടത്തി, പക്ഷെ അത് എസ്.ഡി.പി.ഐ.-കാരായിരുന്നു. ഞാൻ വലത് കൈ പിടിച്ചിട്ടാണ് പാലക്കാട് നിന്നും ഒരു എം.എൽ.എ.-യെ കൊണ്ടുവന്നതെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറയുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ വലത് കൈയിൽ ശ്രീ. രാഹുൽ മാങ്കൂട്ടത്തിലും ഇടത് കൈയിൽ എസ്.ഡി.പി.ഐ. പ്രവർത്തകരുമായിരുന്നു. എസ്.ഡി.പി.ഐ. പ്രകടനം നടത്തിയപ്പോഴും കോൺഗ്രസ് ആകെ സന്തോഷിച്ചപ്പോഴും എന്റെ നാട്ടിൽ ഒരു കുടുംബം കരയുകയായിരുന്നു. അത് എസ്.ഡി.പി.ഐ. പ്രവർത്തകരാൽ അരുംകൊല ചെയ്യപ്പെട്ട കോൺഗ്രസ് വാർഡ് പ്രസിഡന്റായ പുന്ന നൗഷാദിന്റെ ഭാര്യയും മകളും മകനുമാണ്. അതുകൊണ്ട് ഈ വിജയം പുന്ന നൗഷാദിനെ കൊലപ്പെടുത്തിയവർക്കുള്ള അവാർഡ് പോലെയായിപ്പോയി എന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ഞാൻ നമ്മുടെ പ്രതിപക്ഷ നേതാവിനെ ഗാന്ധിയുടെ ഏറ്റവും മികച്ച അനുയായിയായി അംഗീകരിക്കുകയാണ്. കാരണം മഹാത്മാ ഗാന്ധി വിദേശ വസ്ത്ര ബഹിഷ്കരണം, നിസ്സഹകരണ സമരം എന്നിവ നടത്തിയ വ്യക്തിയാണ്. അദ്ദേഹം കോൺഗ്രസിന്റെ അഖിലേന്ത്യാ പ്രസിഡന്റായതിന്റെ നൂറാം വാർഷികം ഈയിടെ ആഘോഷിച്ചു. മഹാത്മാ ഗാന്ധി വിദേശ വസ്ത്ര ബഹിഷ്കരണം നടത്തിയിട്ടാണ് സമരം

നടത്തിയതെങ്കിൽ കെ.പി.സി.സി.-യുടെ ആ യോഗം ബഹിഷ്കരിച്ചുകൊണ്ടാണ് നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബഹിഷ്കരണ സമരം നടത്തിയതെന്ന് നമ്മൾ കാണേണ്ടതാണ്. നാല് കൊല്ലം മുമ്പ് 2021 മാർച്ച് മാസത്തിൽ കാസർഗോഡ് നിന്നൊരു ജാഥ ആരംഭിച്ചിരുന്നു. ആ ജാഥ ഉദ്ഘാടനം ചെയ്തത് ശ്രീ. എൻ. എ. നെല്ലിക്കുന്നാണ്. നീതിക്കുവേണ്ടി വാളയാറിലെ ഒരു അമ്മ നടത്തിയ ജാഥയായിരുന്നു അത്. പിന്നെ ആ അമ്മയെ ധർമ്മടത്ത് മുഖ്യമന്ത്രിക്കെതിരെ മത്സരിപ്പിച്ചു. മൂല്യബോധമുള്ള ജമാഅത്തെ ഇസ്ലാമിയും പിന്തുണച്ചു. ഇപ്പോൾ ആ അമ്മ ആരാണെന്നാണ്; സി.ബി.ഐ. പറഞ്ഞത്, രാക്ഷസി... രാക്ഷസി... എന്നാണ്. ആ അമ്മയെ ചേർത്ത് പിടിച്ചുകൊണ്ടായിരിക്കണം ഒരുപക്ഷെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ബോംബെയിൽ ചെന്നപ്പോൾ ക്രിമിനലുകളൊന്നും ഇപ്പോൾ അവിടെ ഇല്ലെന്ന് പറഞ്ഞത്. ക്രിമിനലുകളെല്ലാം ഇപ്പോൾ എവിടെയുണ്ട്? ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉൾപ്പെടെയുള്ള 140 മണ്ഡലങ്ങളിലും അവർ സ്വീകരണം നൽകിയ ജാഥയിലാണുള്ളത്. നിങ്ങൾ ആലോചിക്കണം, ശ്രീ. എൻ. എ. നെല്ലിക്കുന്ന് ബോംബെയിലെ ബി.ജെ.പി. ഗവൺമെന്റിന്റെ ക്രമസമാധാനത്തിന് ഗുഡ് സർട്ടിഫിക്കറ്റാണ് നൽകിയത്. കഴിഞ്ഞ

ദിവസമാണ് ബോളിവുഡ് താരം സെയ്ഫ് അലി ഖാന് കുത്തേറ്റത്. അതിനും ഗുഡ് സർട്ടിഫിക്കറ്റാണ് നൽകിയത്. ബഹുമാന്യനായ ജഡ്ജി കഷായം ഗ്രീഷ്മയ്ക്ക് വധശിക്ഷ വിധിക്കുമ്പോൾ കേരളാ പോലീസിന്റെ മികവിനും അവാർഡ് നൽകി. ആ ഗവൺമെന്റിനെയും ആ പോലീസിനെയും മോശക്കാരായി ചിത്രീകരിക്കുന്നത് ബി.ജെ.പി.-മുസ്ലീം ലീഗ് അന്തർധാരയുടെ ഭാഗമാണോ എന്നാണ് എനിക്ക് അറിയേണ്ടത്. കെ.പി.സി.സി. ഒരു കൊല്ലത്തിനുശേഷം രാഷ്ട്രീയകാര്യ സമിതി കൂടിയപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് മാറണമെന്ന് ചിലരും പ്രതിപക്ഷനേതാവ് മാറണമെന്ന് മറ്റ് ചിലരും ആവശ്യപ്പെട്ടു. രണ്ട് കൂട്ടരും മാറിയില്ലെങ്കിൽ ഞാൻ രാജിവയ്ക്കുമെന്ന് ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയും പറഞ്ഞു. ഇതാണ് കോൺഗ്രസിന്റെ സ്ഥിതി. കെ.പി.സി.സി.-യിൽ എന്തായാലും അടുത്തൊന്നും ധാരണയാകില്ലെന്ന് ഉറപ്പായി. എന്തായാലും സമുദായ സംഘടനാ ബലത്തിൽ ശ്രീ. രമേശ് ചെന്നിത്തലയും ഒരു ബലവും ഇല്ലാത്തതാണ് എന്റെ ബലം എന്ന മട്ടിൽ ശ്രീ. വി. ഡി. സതീശനും അരങ്ങിൽ ആടുകയും അണിയറയിൽ ചാടുകയും ചെയ്യുന്നുണ്ട്. എന്തായാലും അടുത്ത പ്രതിപക്ഷ നേതാവിന്റെ കസേര സ്വന്തമാക്കാൻ സൂരി നമ്പൂതിരിപ്പാട് ഇന്ദുലേഖയെ കിട്ടാൻവേണ്ടി നടന്നതുപോലെ രണ്ടുകൂട്ടരും

നടക്കുന്നുണ്ടെന്നതാണ് സത്യം. പ്രിയപ്പെട്ട മണ്ണാർക്കാട് അംഗം ജമാഅത്തെ ഇസ്ലാമിയെ വെള്ള പൂശിക്കൊണ്ട് ഇന്നലെ ഇവിടെ സംസാരിച്ചു. ജമാഅത്തെ ഇസ്ലാമി ഒരു ചെളിയും കലരാത്ത പരിശുദ്ധ നെയ്യ് എന്നാണ് ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് ചന്ദ്രിക പത്രത്തിലെ ശ്രീ. സി. പി. സൈതലവി എഴുതിയ ലേഖനത്തിൽ പറയുന്നത്. ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം അതൊന്ന് വായിക്കണം. ന്യൂമാൻ കോളേജിലെ പ്രൊഫസർ ടി. ജെ. ജോസഫിന്റെ കൈ വെട്ടിയപ്പോൾ എൻ.ഡി.എഫ്. (National Development Fund) ക്രിമിനലുകൾക്കെതിരായി മുസ്ലീം ലീഗ് കോട്ടയ്ക്കലിൽ ഒരു യോഗം വിളിച്ചുചേർത്തു. പക്ഷെ രണ്ട് കൂട്ടരെ ആ യോഗത്തിലേക്ക് വിളിച്ചില്ല. ഒന്ന് ജമാഅത്തെ ഇസ്ലാമിയും മറ്റൊന്ന് എൻ.ഡി.എഫ്.-മാണ്. ഇതിൽ പ്രതിഷേധിച്ച് ജമാഅത്തെ ഇസ്ലാമി ഒരു ലേഖനം എഴുതാനായി ചുമതലപ്പെടുത്തിയത് ഇന്നത്തെ നിങ്ങളുടെ അമീറായ ശ്രീ. സി. ദാവൂദിനെയാണ്. ആ അമീർ എഴുതിയ ലേഖനം എങ്ങനെയാണ്; 'തീവ്രവാദത്തിനെതിരെ കോട്ടയ്ക്കൽ കഷായം' , എന്നാണ്. ആ കോട്ടയ്ക്കൽ കഷായവും ശ്രീ. സി. പി. സൈതലവിയുടെ നെയ്യും കൂട്ടിക്കലർത്തിയാണ് ഇപ്പോൾ മുസ്ലീം ലീഗ് ഭക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഒരു കാര്യം പറയാനുള്ളത്, നമ്മുടെ ഗ്രീഷ്മയുടെ കഷായത്തിനെക്കാളും പിശകുള്ളതാണ് ജമാഅത്തെ

ഇസ്ലാമിയുടെ കഷായം. ആ കഷായം കുടിച്ച് മുസ്ലീം ലീഗ് വഫാത്തായാൽ നിങ്ങൾക്ക് തൽക്കീൻ ഓതാൻപോലും ഒരാളെ കിട്ടില്ല. കാരണം ജമാഅത്തെ ഇസ്ലാമി തൽക്കീൻ ഓതുന്നത് അംഗീകരിക്കുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ക്രിസ്ത്യൻ സഭയുടെ ഏറ്റവും പരമോന്നതമായ ഹാഗിയ സോഫിയ എന്ന മ്യൂസിയം ഈ അടുത്തക്കാലത്ത് അവിടെ അധികാരത്തിൽവന്ന പ്രസിഡന്റ് അത് പള്ളിയാക്കി മാറ്റി. അതിനെ അനുകൂലിച്ചുകൊണ്ടാണ് മുസ്ലീം ലീഗിന്റെ സാദിഖലി ശിഹാബ് തങ്ങൾ ചന്ദ്രിക പത്രത്തിൽ ലേഖനം എഴുതിയത്. അവരാണ് ഇവിടെ ആർ.എസ്.എസ്.-കാർ പള്ളി പൊളിക്കുന്നതിനെപ്പറ്റി സംസാരിക്കുന്നത്. ജമാഅത്തെ ഇസ്ലാമി ഇന്ന് മുസ്ലീം ലീഗിന്റെ ബൗദ്ധിക് പ്രമുഖും എസ്.ഡി.പി.ഐ. ശാരീരിക് പ്രമുഖുമായി മാറിയ ഒരു മുസ്ലീം പതിപ്പുള്ള ഒരു ബി.ജെ.പി.-യായി മാറിയിരിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് ഇവർക്കെതിരായിട്ടുള്ള വലിയ മുന്നൊരുക്കം മുസ്ലീം സമുദായത്തിൽതന്നെ നടക്കുന്നുണ്ട് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീമതി ദെലീമ)

P-22-01-2025
AK-SR (2)
12.20-12.30

ശ്രീമതി ദെലീമ: സർ, ആദരണീയനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ അങ്ങേയറ്റം പ്രശംസിക്കുകയും സർവാത്മനാ പിന്തുണയ്ക്കുകയും ചെയ്യുന്നു. രണ്ടാം പിണറായി സർക്കാർ നാടിന്റെ സർവതോന്മുഖമായ വളർച്ച ഉറപ്പാക്കിക്കൊണ്ടുള്ള വികസന ക്ഷേമപദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൃത്യമായ സാമ്പത്തിക ആസൂത്രണത്തിലൂടെയും ജനകീയനയങ്ങളിലൂടെയും നമുക്ക് വന്ന പ്രതിസന്ധികളെ തരണം ചെയ്യാനുള്ള അടിയുറച്ച വിശ്വാസം ജനങ്ങൾക്ക് പകർന്നുനൽകിക്കൊണ്ടാണ് ഭരണം മുന്നോട്ടുപോയത്. 1970-ൽ "തുറക്കാത്ത വാതിൽ " എന്ന ചിത്രത്തിൽ പി. ഭാസ്കരൻ മാഷിന്റെ രചനയിൽ കെ. രാഘവൻ മാഷ് ഈണം നൽകി ശ്രീ. കെ. ജെ. യേശുദാസ് പാടിയ ഒരു മനോഹര ഗാനമുണ്ട്. അത് ഇങ്ങനെയാണ്.

"നാളികേരത്തിന്റെ നാട്ടിലെനിക്കൊരു

നാഴിയിടങ്ങഴി മണ്ണുണ്ട് ഒരു

നാഴിയിടങ്ങഴി മണ്ണുണ്ട്..

അതിൽ നാരായണക്കിളി കൂടുപോലുള്ളൊരു

നാലുകാലോലപ്പുരയുണ്ട്...."

അന്നത്തെ അവസ്ഥ കാണിച്ചുകൊണ്ട് ഭാസ്കരൻ മാഷ് രചിച്ചതാണ്. ഒരുപക്ഷേ ഇന്ന് ആ പാട്ട് അപ്രസക്തമാകുന്ന വിധത്തിലാണ് നമ്മുടെ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അടിയുറച്ച ഭംഗിയുള്ള വീടുകളും ഇച്ഛാശക്തിയോടെ അടിത്തറയിൽ തലയുയർത്തി നിൽക്കുന്നത് ഇന്ന് അഭിമാനകരമായ കാഴ്ചതന്നെയല്ലേ; 4.25 ലക്ഷം വീടുകളാണ് ഈ ഭരണ കാലയളവിൽ സർക്കാർ പൂർത്തീകരിച്ചുനൽകിയത്. 113000 വീടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 3 വർഷംകൊണ്ട് 180887 കുടുംബങ്ങൾക്ക് പട്ടയം നൽകി കിടപ്പാടത്തിന്റെ ഉടമകളാക്കി പിണറായി സർക്കാർ. 190000 പേർക്കുകൂടി പട്ടയം നൽകാനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഭൂരഹിതരല്ലാത്ത ഭവനരഹിതരല്ലാത്ത കേരളമെന്ന സ്വപ്നതുല്യമായ നേട്ടത്തിന്റെ നെറുകയിലേക്ക് ഈ കൊച്ചുകേരളം കയറുകയാണ്. എന്റെ ചെറുപ്രായത്തിൽ എനിക്കുചുറ്റും ജീവിച്ച കുറെയേറെ പാവപ്പെട്ട ഗ്രാമീണവാസികളുടെ ജീവിതദുഃഖങ്ങൾ കണ്ട് അന്ന് ഞാൻ എഴുതിയ ഒരു കവിതയുണ്ട്, അത് കേൾക്കണം.

" ഒരുകെട്ട കുടിലിൽ ഇരുളുകൾക്കുള്ളിൽ

പിടയുന്ന നിണം വറ്റും കോലങ്ങൾ ജന്മങ്ങൾ...

കീറതുണി പിഴിഞ്ഞീറൻ മറയ്ക്കുവാൻ

കാലം കരുതാത്ത നീരറ്റദേഹങ്ങൾ...

അസ്ഥി തെളിഞ്ഞുന്തി അക്കം പോലായ് നീറി

ദീനത പോറ്റും നാടിൻ ഞരമ്പുകൾ...

കണ്ണീർ തിളയ്ക്കുന്ന മൺകലം തന്നിലും

അന്നത്തിനംശം അകലെ മണക്കുവോർ....

കഞ്ഞിക്ക് പിഞ്ഞാണപാത്രം നീട്ടിയ

കുഞ്ഞിനുമുന്നിൽ ചത്തുമലച്ചവർ...

എങ്ങും തണൽ തണുവേൽക്കാത്ത പാടത്ത്

ചൂടേറ്റ് വീണുപിടഞ്ഞു മരിച്ചവർ.....

പേരും പെരുമയും താനഹംഭാവവും

വേരറ്റു കൊന്ന നാടിൻ ഞരമ്പുകൾ..."

ഇങ്ങനെ പോകുന്നു എന്റെ കവിത. ഇത് സത്യമായിരുന്നു, കാരണം ഇങ്ങനെയുള്ള മനുഷ്യർക്ക് ഒരു പറമ്പും വീടും സ്വപ്നം കാണാൻ പഠിപ്പിച്ചത്

ഇടതുപക്ഷ സർക്കാരായിരുന്നുവെന്നുള്ളത് സത്യംതന്നെയാണ്. ഇന്ന് അവർക്ക് സ്ഥലവും വീടുമുണ്ടെന്ന സത്യത്തിനെതിരെ പ്രതിപക്ഷവും ബി.ജെ.പി.-യും കണ്ണടയ്ക്കുകയാണ്. നിഷ്കളങ്കരായ മനുഷ്യരെ തെറ്റിദ്ധരിപ്പിക്കേണ്ടത് ബി.ജെ.പി.-യുടെയും പ്രതിപക്ഷത്തിന്റെയും ഗതികേടിനല്ലേയെന്ന് ഞാൻ ഓർക്കാതെയില്ല.

എം.എസ്.എം.ഇ. വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതിയില്ല, പട്ടികജാതി പട്ടികവർഗ സ്ത്രീ സംരംഭകർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും ഇളവ്, വലിയ വ്യവസായങ്ങൾക്ക് 10 കോടി രൂപവരെ സബ്സിഡി, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കൽ തുടങ്ങി ഒട്ടനവധി പദ്ധതികളാണ് കേരള വ്യവസായ പുരോഗതിക്കുവേണ്ടി സർക്കാർ നടപ്പാക്കുന്നത്. അതിന് ഉദാഹരണമാണ് എന്റെ മണ്ഡലത്തിലെ മെഗാ ഫുഡ് പാർക്ക്, ഇൻഫോ പാർക്ക്, അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിങ്ങനെ നൂറുകണക്കിന് വ്യവസായങ്ങൾ ആരംഭിക്കുകയും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുന്നത്. എത്രയോ കുടുംബങ്ങളാണ് ഇന്ന് പട്ടിണിയില്ലാതെ പോകുന്നത്. അതുമാത്രമല്ല, എനിക്ക് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം

വകുപ്പുമന്ത്രിയെ എത്രകണ്ട് പുകഴ്ത്തിയാലും മതിവരില്ല. കാരണം ബി.എം.&ബി.സി. നിലവാരത്തിലുള്ള എത്രയോ റോഡുകളും നൂറ് കോടി രൂപ വീതമുള്ള മൂന്നുനാല് പാലങ്ങളും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. സ്കൂൾ കെട്ടിടങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയെ ഞാൻ എന്നും ആദരിക്കുകയാണ്. അത്രയേറെ വികസന പ്രവർത്തനങ്ങൾ നടക്കുമ്പോഴും പ്രതിപക്ഷവും ബി.ജെ.പി.-യും ഇതിനെതിരെ കണ്ണടയ്ക്കുന്നുവെന്നുള്ളത് സത്യത്തിന് വിരുദ്ധമായ കാര്യമാണ്. അതിൽ ഞാൻ വളരെയധികം വേദനിക്കുന്നുണ്ട്. രാജ്യത്ത് ഏറ്റവും മികച്ച തൊഴിൽ സേവന-വേതന വ്യവസ്ഥകൾ കേരളത്തിലാണ്. ഗ്രാമീണ തൊഴിൽ മേഖലയിൽ ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്നത് നമ്മുടെ നാട്ടിലാണ്. റിസർവ് ബാങ്കിന്റെ 2023-24-ലെ റിപ്പോർട്ടിൽ ഗ്രാമീണ മേഖലയിൽ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്നത് കേരളത്തിലാണെന്ന് പ്രത്യേകം എടുത്തുപറയുന്നത് നമ്മുടെ നാടിന് ലഭിക്കുന്ന അംഗീകാരം തന്നെയാണ്.

ഒരു നാടൊന്നാകെ ഒലിച്ചുപോയ മുണ്ടക്കൈ പ്രകൃതിദുരന്തത്തിൽ രക്ഷാപ്രവർത്തനരംഗത്ത് അനുകരണീയമായ പുതുമാതൃക സൃഷ്ടിച്ചാണ് സംസ്ഥാന ഭരണനേതൃത്വം ഒന്നാകെ പ്രവർത്തിച്ചത്. ദുരിതബാധിതരെ

ചേർത്തുപിടിച്ച സർക്കാർ പുനരധിവാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ മാതൃകാപരമായ സംഘടനാമികവാണ് പ്രകടിപ്പിച്ചത്. ദുരിതബാധിതർക്കുള്ള മാതൃകാ ടൗൺഷിപ്പ് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. ഇതേസമയം ദുരിതമുഖങ്ങളിൽപ്പോലും രാഷ്ട്രീയവിവേചനവും വേർതിരിവും കാണിക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടികൾക്കെതിരെ കേരളമൊന്നാകെ പ്രതികരിക്കുന്നതിന് ലോകം സാക്ഷ്യം വഹിച്ചു. അടിസ്ഥാനസൗകര്യ വികസനരംഗത്ത് കേരളം ഏറെ മുന്നേറുകയാണ്. ഞാൻ മുമ്പ് പറഞ്ഞതുപോലെ അന്തർദേശീയ നിലവാരമുള്ള റോഡുകൾ, പാലങ്ങൾ എന്നിവ കുറ്റമറ്റ നിലയിലാണ് നിർമ്മാണം പൂർത്തീകരിക്കുന്നത്. ദേശീയപാത വികസനത്തിൽ കേരളം കേന്ദ്രത്തിനൊപ്പം നിൽക്കുകയാണ്. കൃത്യമായ കാലയളവിൽ സ്ഥലം ഏറ്റെടുത്ത് നൽകിയും സംസ്ഥാന സാമ്പത്തിക വിഹിതം കൈമാറിയും പൊതുമരാമത്ത് വകുപ്പ് അത്ഭുതങ്ങൾ സൃഷ്ടിക്കുമ്പോൾ ഏറ്റവും മികച്ച റോഡുഗതാഗത സൗകര്യങ്ങളുള്ള സംസ്ഥാനങ്ങളുടെ മുൻനിരയിലേക്ക് കേരളവും എത്തുകയാണ്. വേമ്പനാട് കായലും അറബിക്കടലും അതിരിടുന്ന അരൂർ നിയോജക മണ്ഡലത്തിലെ ജനങ്ങൾ ഈ സർക്കാരിനൊപ്പമാണ്. ഒട്ടനവധി വികസനപ്രവർത്തനങ്ങൾ എന്റെ മണ്ഡലത്തിൽ

നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ എന്റെ നിയോജക മണ്ഡലത്തിലെ തീരദേശവാസികളുടെ എക്കാലത്തെയും ദുഃഖമായ വെള്ളക്കെട്ടിന് ശാശ്വതമായ പരിഹാരം എന്റെ ഗവൺമെന്റ് കാണുമെന്നുള്ളതിൽ എനിക്ക് ഉറച്ച വിശ്വാസമുണ്ട്. എന്റെ ജനങ്ങളുടെ തീരാദുഃഖം എനിക്ക് ആർജ്ജവവും അഭിമാനവുമുള്ള ഇടതുപക്ഷ സർക്കാർ നടപ്പാക്കുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. അരൂരിന്റെ വ്യവസായ വളർച്ചയും തീരദേശ കായലോര നിവാസികളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്ന ജനകീയ സർക്കാർ എന്നും ജനങ്ങളോടൊപ്പം തന്നെയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

(ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ)

P-22-01-2025
AK-SR (2)
12.20-12.30

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. മഹാരഥന്മാരുടെ സ്മരണകൾ ഇരമ്പുന്ന ജനാധിപത്യത്തിന്റെ പരമോന്നതമായ ഈ ശ്രീകോവിലിൽ എനിക്ക് സംസാരിക്കാൻ ഒരു അവസരമുണ്ടാക്കിത്തന്ന പാലക്കാടൻ ജനതയോടുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുകയാണ്.

ഉയർന്ന അഭിമാനബോധത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്, കാരണം ഞാൻ തോൽപ്പിച്ചത് വർഗീയതയെയാണ്. അത് ബി.ജെ.പി.-യുടെയും സംഘപരിവാറിന്റെയും വർഗീയത മാത്രമല്ല, അവരോട് കിടപിടിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വർഗീയതയെക്കൂടി പരാജയപ്പെടുത്തിയാണ് പാലക്കാടൻ ജനത എന്നെ നിയമസഭയിൽ എത്തിച്ചിരിക്കുന്നത്. ബി.ജെ.പി. രണ്ടാമത് നിൽക്കുന്നതും ആർ.എസ്.എസ്.-ന് വേരോട്ടവുമുള്ള പാലക്കാട് പോലെയുള്ള ഒരു മണ്ഡലത്തിൽ നിങ്ങൾ യു.ഡി.എഫ്.-നെ തോൽപ്പിക്കാൻ എന്തെല്ലാം വൃത്തികേടുകളാണ് ചെയ്തത്; നീലപ്പെട്ടിയിലെ കള്ളപ്പണത്തിന്റെ അന്വേഷണം എന്തായി; ഒരു ഡസൻ മന്ത്രിമാരാണ് ഞാൻ നീലപ്പെട്ടിയിൽ കള്ളപ്പണം കടത്തുകയാണെന്ന ആരോപണം ഉന്നയിച്ചത്. ഈ ആരോപണം ഉന്നയിച്ചിട്ട് രണ്ടുമാസം കഴിഞ്ഞിട്ടും ഒരു എഫ്.ഐ.ആർ. പോലും രജിസ്റ്റർ ചെയ്യാൻ കഴിയാത്ത ഗതികേടിലല്ലേ നിങ്ങളുള്ളത്? ആ പാതിരാനാടകം കേരളം കണ്ടതാണ്, കേരളം കണ്ട പാതിരാനാടകത്തിന് പാലക്കാട് സമ്മാനിച്ച വിജയമാണ് എന്റെ നിയമസഭാ സാമാജികത്വം എന്ന് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ആ രാത്രി നമുക്ക് മറക്കാൻ കഴിയുമോ; ശ്രീ. എം. ബി. രാജേഷ് ഏതാണ്, ശ്രീ. വി. വി. രാജേഷ്

ഏതാണെന്ന് കേരളത്തിന്  മനസിലാക്കാൻ കഴിയാത്ത രീതിയിൽ, ഒരു സിനിമയിൽ ശ്രീനിവാസനും തിലകനും യാത്ര ചെയ്യുമ്പോൾ നമ്മുടെ രണ്ടുപേരുടെയും ശബ്ദം ഒരുപോലെയാണെന്ന് പറയുന്നുണ്ട്. എന്നാൽ പാലക്കാട് ശ്രീ. എം. ബി. രാജേഷിന്റെയും ശ്രീ. വി. വി. രാജേഷിന്റെയും ശബ്ദം ഒരുപോലെയായിരുന്നില്ല, ആ രാത്രിയിൽ ഒന്നുതന്നെയായിരുന്നു. നിങ്ങളുടെ ആ സംഖ്യത്തെ പരാജയപ്പെടുത്തിയാണ് ഞാൻ ഇവിടെ വന്നുനിൽക്കുന്നത്. പച്ചവെള്ളത്തിന് തീ പിടിപ്പിക്കുന്ന പച്ചവർഗീയത നിങ്ങൾ പറയാൻ തുടങ്ങിയിട്ട് കാലമെത്രയായി. ഫസലിനെ കൊന്നതിനുശേഷം അദ്ദേഹത്തിന്റെ രക്തം പുരണ്ട വസ്ത്രം അമ്പലത്തിൽ കൊണ്ടുപോയി ഇടുകയും ടി. പി. ചന്ദ്രശേഖരൻ എന്ന നിങ്ങളുടെ കൊടിപിടിച്ച പഴയ സഹപ്രവർത്തകനെ കൊല ചെയ്തിട്ട് മാഷാ അല്ലാഹ് എന്ന് പതിപ്പിച്ച സ്റ്റിക്കറാണെന്ന് പറഞ്ഞിട്ടും അവസാനിപ്പിക്കാതെ വടകരയിൽ നിങ്ങൾ എന്ത് വൃത്തികേടാണ് കാണിച്ചത്?

(തുടരും.... )

P.- 22.01.2025
12.30-12.40
KA/VS(1) (RC)

(ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ .....തുടർച്ച)

കേരളത്തിന്റെ മതേതര പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കുന്ന ശ്രീ. ഷാഫി പറമ്പിലിനെ പോലുള്ള ചെറുപ്പക്കാരന്റെ മതേതര മുഖത്തിന് നിങ്ങൾ കൊടുത്ത വെട്ടായിരുന്നില്ലേ കാഫിർ സ്ക്രീൻ ഷോട്ട്; എന്നിട്ട് അതിന്റെ അന്വേഷണം എന്തായി? അതുസംബന്ധിച്ച് പരാതി കൊടുത്ത ആളുകൾ തന്നെയാണ് ആ സ്ക്രീൻ ഷോട്ട് ഉണ്ടാക്കിയതെന്ന് തെളിയിക്കപ്പെട്ടില്ലേ? ആ കാഫിർ സ്ക്രീൻ ഷോട്ട് പൊതുസമൂഹത്തിന്റെ മുമ്പിൽ നിങ്ങൾ എക്സ്പോസ് ചെയ്തപ്പോഴെങ്കിലും പച്ചവർഗ്ഗീയത പറയുന്ന വൃത്തികെട്ട പണി നിർത്തുമെന്ന് വിചാരിച്ചു. പക്ഷേ നിർത്തിയില്ല. ആ കാഫിർ സ്ക്രീൻ ഷോട്ടിന്റെ പ്രിന്റഡ് വേർഷനല്ലേ പാലക്കാട് നിങ്ങൾ സിറാജ്, സുപ്രഭാതം എന്നീ പത്രങ്ങളിലൂടെ കാണിച്ചത്; എന്താണ് നിങ്ങൾ ചെയ്തത്? ശ്രീ. സന്ദീപ് വാര്യർ പറഞ്ഞതും പറയാത്തതുമായിട്ടുള്ള കാര്യങ്ങൾ നിങ്ങൾ പത്രത്തിൽ പരസ്യമായി കൊടുത്തിട്ട് ആ വർഗ്ഗീയനാവ് അവസാനിപ്പിക്കണ്ടേയെന്ന് പറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെയൊരു പരസ്യം സുപ്രഭാതത്തിലും സിറാജിലും മാത്രം കൊടുത്തത്; എന്തുകൊണ്ടാണ് അതേദിവസം തന്നെ മാതൃഭൂമിയിലും ദി ഹിന്ദുവിലും ആ പരസ്യം കൊടുക്കാത്തത്? സന്ദീപ് വാര്യർ ബി.ജെ.പി. വിടുമ്പോൾ മാരാർജി ഭവനിലെ കരച്ചിൽ നമുക്ക് മനസ്സിലാക്കാം. പക്ഷെ

കുട്ടക്കരച്ചിൽ കേട്ടത് എവിടെയാണ്; അത് എ.കെ.ജി. സെന്ററിലായിരുന്നില്ലേ; അപ്പോൾ ബി.ജെ.പി.-യിൽ നിന്ന് ഒരാളുപോലും കൊഴിയാൻ പാടില്ലെന്ന ഏറ്റവും വലിയ താൽപര്യം സി.പി.ഐ.(എം.)-ന് അല്ലേ; സി.പി.ഐ.(എം.)-ന്റെ പ്രധാനമന്ത്രി സ്ഥാനാർഥിയായിരുന്നല്ലോ ശ്രീ. എ. വിജയരാഘവൻ? ഞാൻ അദ്ദേഹത്തെ പരിഹസിക്കാൻവേണ്ടി പറഞ്ഞതല്ല. നിങ്ങളുടെ പാർട്ടിയുടെ കീഴ്വഴക്കം അങ്ങനെയാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ച ഏക പോളിറ്റ് ബ്യൂറോ അംഗം അദ്ദേഹമായിരുന്നു. ഇന്ത്യയിൽ സി.പി.ഐ.(എം.) അധികാരത്തിൽ വന്നാൽ ശ്രീ. എ. വിജയരാഘവൻ ആകുമായിരുന്നു ഇന്ത്യയുടെ പ്രധാനമന്ത്രി. ദൗർഭാഗ്യവശാൽ ശ്രീ. എ. വിജയരാഘവൻ പാലക്കാട് ശ്രീ. വി. കെ. ശ്രീകണ്ഠനോട് പരാജയപ്പെട്ടു. അതുമാത്രമല്ല, സി.പി.ഐ.(എം.)-ന് ആകെ മൂന്ന് സീറ്റുകളേ കിട്ടിയുള്ളൂ. അതുകൊണ്ടുമാത്രമാണ് മലയാളിക്ക് ഒരു പ്രധാനമന്ത്രിയെ നഷ്ടമായത്. കപ്പിനും ലിപ്പിനുമിടയിൽ പ്രധാനമന്ത്രി സ്ഥാനം നഷ്ടമായ ശ്രീ. എ. വിജയരാഘവൻ ഇന്ന് കേരളത്തിലെ മുഴുവൻ മുസ്ലീങ്ങളെയും തെറിവിളിച്ച് നടക്കുകയല്ലേ? നിങ്ങൾ പരാജയപ്പെട്ടതിന് ഉത്തരവാദിത്വം ഈ നാട്ടിലെ മുസ്ലീങ്ങൾക്ക് മാത്രമല്ല. ഈ നാട്ടിലെ ക്രിസ്ത്യാനികളും ഹിന്ദുക്കളും മതമുള്ളവരും ഇല്ലാത്തവരും എല്ലാം

നിങ്ങൾക്കെതിരാണ്. പാലക്കാട് തിരഞ്ഞെടുപ്പിൽ ഞാൻ മത്സരിക്കുമ്പോൾ നിങ്ങൾ എന്നെ വിളിച്ചത് 'വരത്തൻ' എന്നാണ്. കാസർഗോഡ് മത്സരിച്ച കണ്ണൂരുകാരനായ എ. കെ. ഗോപാലൻ പാലക്കാട് മത്സരിക്കുമ്പോൾ വരത്തനല്ലേ; കണ്ണൂരുകാരനായ ഇ. കെ. നായനാർ പാലക്കാട് മത്സരിക്കുമ്പോൾ വരത്തനല്ലേ; നിങ്ങൾ മാരാരിക്കുളത്ത് മത്സരിപ്പിച്ച് പരാജയപ്പെടുത്തിയ ശ്രീ. വി. എസ്. അച്യുതാനന്ദൻ പാലക്കാട് വരുമ്പോൾ അദ്ദേഹം വരത്തനല്ലേ;. മലപ്പുറത്തുകാരനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് പാലക്കാട് മത്സരിക്കാൻ വരുമ്പോൾ വരത്തനല്ലേ; ഒറ്റപ്പാലത്തും കുഴൽമന്ദത്തും തരൂരും മത്സരിച്ച കോഴിക്കോട് നാദാപുരത്തുകാരനായ ശ്രീ. എ. കെ. ബാലൻ വരത്തനല്ലേ; ആ ബാലേട്ടനാണ് എന്നെ വരത്തൻ എന്ന് വിളിച്ചത്. ശ്രീ. എ. കെ. ബാലന്റെ ശബ്ദത്തിന് കോറസ് നൽകിയത് ശ്രീ. കെ. സുരേന്ദ്രനാണ്. കോഴിക്കോട്ടുകാരനായ അദ്ദേഹം കേരളത്തിൽ ഇനി മത്സരിക്കാൻ ഒരു ജില്ലയും ബാക്കിയില്ല. സി.പി.ഐ.(എം.)-ന്റെ കൊല്ലം ജില്ലാ സമ്മേളനത്തിലെ നിങ്ങളുടെ ഒരു പരാമർശം എന്നെ ഏറെ വേദനിപ്പിച്ചു. ആ പരാമർശത്തിൽ നിങ്ങൾ പറഞ്ഞത് ശ്രീ. എ. എ. റഹീമിനെ രാജ്യസഭാ മെമ്പർ ആക്കിയതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്നായിരുന്നു. ദയവുചെയ്ത് ആ പരാമർശം പിൻവലിക്കണം.

ശ്രീ. എ. എ. റഹീമിനെ രാജ്യസഭാ മെമ്പർ ആക്കിയതുകൊണ്ട് നിങ്ങൾക്ക് പ്രയോജനമില്ലെങ്കിലും ഞങ്ങൾക്ക് വലിയ പ്രയോജനമാണ്. അദ്ദേഹം പാലക്കാട് തിരഞ്ഞെടുപ്പിന്റെ പ്രചരണത്തിന് ആദ്യത്തെ ആഴ്ച എത്താതിരുന്നപ്പോൾ എനിക്ക് വലിയ നിരാശയുണ്ടായിരുന്നു. പക്ഷെ രണ്ടാമത്തെ ആഴ്ച അദ്ദേഹം എത്തി. അദ്ദേഹം എത്തിയതുകൊണ്ടാണ് തൃക്കാക്കരയ്ക്കും പുതുപ്പള്ളിക്കും വടകരയ്ക്കുംശേഷം പാലക്കാട് ജോറായി മാറിയത്. ഇതുപറയാനുള്ള കാരണം, വെഞ്ഞാറമൂട് ഇരട്ടക്കൊലപാതകം, ശ്രീ. എ. എ. റഹീം ആയിരുന്നില്ലേ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട വക്താവ്. അതിന്റെ പുതിയ കണ്ടെത്തൽ വന്നിട്ടുണ്ടല്ലോ? വാദി പ്രതിയായി. എന്താണ് നിങ്ങൾക്ക് മിണ്ടാട്ടമില്ലാത്തത്; നിങ്ങളുടെ രണ്ട് സഹപ്രവർത്തകരല്ലേ ഹഖും മിഥിലാജും? ആ ഹഖിനെയും മിഥിലാജിനെയും കൊന്ന കേസിലെ പ്രതികൾ ആരാണെന്ന് നിങ്ങൾക്ക് കണ്ടുപിടിക്കണ്ടേ; ഞങ്ങളുടെ രണ്ട് സഹപ്രവർത്തകരായ ശരത് ലാലും കൃപേഷും കൊല്ലപ്പെട്ടപ്പോൾ അതിൽ പ്രതികളായ സി.പി.ഐ.(എം.) നേതാക്കന്മാരെ അവരുടെയൊക്കെ വീടുകളിൽ കല്യാണവും മരണവുമടക്കമുള്ള വിശേഷം ഉണ്ടാകുമ്പോൾപോലും പുറത്തിറക്കാത്ത രീതിയിൽ ഞങ്ങൾ ജാഗ്രതയോടുകൂടി നിയമപോരാട്ടം നടത്തിയവരാണെന്നുള്ള അഭിമാനബോധത്തോടുകൂടിയാണ് പറയുന്നത്.

പാലക്കാടിനെക്കുറിച്ച് പറയുമ്പോൾ ഒരു തുള്ളി വെള്ളത്തിന് പൊന്നുംവില കൊടുക്കുന്ന പാലക്കാടൻ ജനതയ്ക്ക് അവിടെ ജലചൂഷണത്തിനുവേണ്ടി 'ഒയാസിസ്' എന്ന കമ്പനിയെ പറഞ്ഞയച്ചിരിക്കുകയാണ്. ആ കമ്പനിയെ അയച്ചിരിക്കുന്നത് പാലക്കാട് തിരഞ്ഞെടുപ്പിന് ചെലവഴിച്ച പണത്തിന്റെ ഉപകാരസ്മരണയ്ക്ക് വേണ്ടിയാണോ: മാനേജിങ് ഡയറക്ടർ കള്ളപ്പണക്കേസിൽ പ്രതിയായിട്ടുള്ള, പഞ്ചാബ് സർക്കാർ നിരോധിച്ച, ഡൽഹി മദ്യ അഴിമതിയിൽ പങ്കാളിയായ ആ കമ്പനിയെപ്പറ്റി ഇറക്കിയിരുന്ന ഉത്തരവ് ഒന്ന് വായിച്ചുനോക്കണം. ആ കമ്പനിയെപ്പറ്റി പാടിപ്പുകഴ്ത്തുന്ന ശ്രീ. എം. ബി. രാജേഷിനെ കാണുമ്പോൾ ശ്രീ. പിണറായി വിജയന് പൂവരണി നമ്പൂതിരി പോലെയാണ് 'ഒയാസിസ്' എന്ന കമ്പനിക്ക് ശ്രീ. എം. ബി. രാജേഷ് എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒയാസിസിനെ കൊണ്ടുവന്ന് ബ്രൂവറി തുടങ്ങുന്നത് കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ വേണ്ടിയെന്നാണ് പറഞ്ഞത്. പാലക്കാട് നെൽപ്പാടത്ത് വെള്ളത്തിനുപകരം കള്ള് ഒഴിച്ചാൽ മതിയോ; പാലക്കാട്ടുള്ള കർഷകരോട് എന്തെങ്കിലും ആഭിമുഖ്യം ഉണ്ടെങ്കിൽ പാലക്കാട് കാർഷിക പാക്കേജ് നടപ്പാക്കണം. ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി, മന്ത്രിമാർ, ഭരണപക്ഷ എം.എൽ.എ.മാരടക്കമുള്ള വ്യക്തികൾ പാലക്കാടിന് നൽകിയ

വാഗ്ദാനങ്ങൾ നടപ്പാക്കണമെങ്കിൽ ഒരു പ്രത്യേക ബജറ്റ് തന്നെ പാലക്കാട് വേണം. പാലക്കാടിൽ ഗ്രാമീണ റോഡുകൾ അനുവദിക്കുമ്പോൾ ഭരണപക്ഷ എം.എൽ.എ.-മാർക്ക് എട്ടുകോടി രൂപയും പാവപ്പെട്ട പാലക്കാടിന് നാലുകോടി രൂപയും മാത്രമേയുള്ളൂ. ഇവിടെ എല്ലാ എം.എൽ.എ.മാരെയും തുല്യരായി പരിഗണിച്ച ഉമ്മൻ ചാണ്ടി എന്ന വലിയ മനുഷ്യനെ നിങ്ങൾ ഓർക്കണം. അതുകൊണ്ടുതന്നെയാണ് 'സത്യമായും ഈ മനുഷ്യൻ നീതിമാനായിരുന്നു' എന്ന് അദ്ദേഹത്തിന്റെ കല്ലറയിൽ എഴുതിവച്ചിരിക്കുന്നത്. ഇന്ന് വന്നിരിക്കുന്ന പരാമർശമുണ്ടല്ലോ, ഞാനൊരു കവിത ചൊല്ലുകയാണ് 'രോഗദുരിത കാലവും കാലവർഷ കെടുതിയും ആയിരങ്ങളെ കവർന്ന നാളിൽ നീ തളർന്നില്ല' എന്നാണ് നമ്മുടെ പൂവത്തൂർ ചിത്രസേനൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെപ്പറ്റി പറഞ്ഞത്. അത് ശരിയാണ്. തളരാതെയിരുന്ന് കൊള്ളയടിച്ചതിന്റെ കണക്കുകൾ സി. ആൻഡ് എ.ജി. റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുകയാണ്. പൂവരണി നമ്പൂതിരിയും പൂവത്തൂർ ചിത്രസേനനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പാടി പുകഴ്ത്താൻ വേണ്ടി അദ്ദേഹം കാറ്റിൽ പറക്കുന്ന കഴുകനാണെന്നും തീയിൽ പായുന്ന കുതിരയാണെന്നും സൂര്യനാണെന്നും കനൽത്തരിയാണെന്നുമാണ് പറയുന്നത്. കേരളത്തിലെ

മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുള്ളത് ഈ പാടി പുകഴ്ത്തുന്നവരൊക്കെ അങ്ങയെ അപമാനിക്കുകയാണ്. പാടി പുകഴ്ത്തുന്ന ഒരാൾപോലും അങ്ങ് ഒരു മനുഷ്യനാണെന്ന് പറയാൻ തയ്യാറാകുന്നില്ലെന്നുള്ള കാര്യം ഇനിയെങ്കിലും തിരിച്ചറിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് പാലക്കാടിനോടക്കം കാണിക്കുന്ന അവഗണന സർക്കാരിന്റെ നയമായി മാറ്റുമ്പോൾ ഈ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

(ശ്രീ. ഡി. കെ. മുരളി)

P.- 22.01.2025
12.30-12.40
KA/VS(1)

ശ്രീ. ഡി. കെ. മുരളി: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിൽ വെഞ്ഞാറമൂട് ഇരട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട് 'വാദി പ്രതിയായി' എന്നൊരു പരാമർശം നടത്തി. ഇത് വസ്തുതാവിരുദ്ധമായ ഒരു പ്രസ്താവനയാണ്. അവിടെ ഇരട്ടക്കൊലപാതകത്തിന്റെ പ്രോസിക്യൂഷൻ എവിഡൻസ് ക്ലോസ് ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് ഒരു കൗണ്ടർ കേസ് ചാർജ് ചെയ്യണം

എന്നുള്ള നിലപാട് വിചാരണകോടതിയിൽ എടുത്തു. അതിന്മേലുള്ള സ്റ്റേ ഹൈക്കോടതിയിലുണ്ട്. ആ സന്ദർഭത്തിൽ വാദി പ്രതിയായി എന്നുള്ള പരാമർശം വസ്തുതാവിരുദ്ധമാണ്. അത് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് വേണ്ടത് ചെയ്യാം+.

(ശ്രീ. പി.ടി.എ. റഹീം)

P.- 22.01.2025
12.30-12.40
KA/VS(1)
(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ടി. ജെ. വിനോദ്)

ശ്രീ. പി. ടി. എ. റഹീം: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. കാരണം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ രണ്ടാമത്തെ ഖണ്ഡികയിൽ ഒരുകാര്യം പറയുന്നുണ്ട്. "എന്റെ സർക്കാർ ഉയർന്ന നിലവാരത്തിലുള്ള ഭൗതിക അടിസ്ഥാന സൗകര്യം, വിജ്ഞാനത്തിൽ അധിഷ്ഠിതമായ സമ്പദ്ഘടന, നിലവാരമുള്ള വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും, എല്ലാവർക്കും ഭവനമെന്ന ഉറപ്പ്, അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയിലധിഷ്ഠിതമായ ഒരു നവകേരള

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. കെ.എൽ.എസ്./493/2025-ഇ.ബി. തീയതി 23-01-2025) രേഖയിൽ നിലനിർത്തി.

നിർമ്മാണമെന്ന അതിന്റെ ലക്ഷ്യത്തോടുള്ള പ്രതിബദ്ധത അരക്കിട്ടുറപ്പിക്കുന്നു. കൈവശമുള്ള പരിമിതമായ വിഭവങ്ങൾകൊണ്ട് ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ നമ്മുടെ കഴിവിന്റെ പരമാവധി ശ്രമിക്കുന്നു. കേരളത്തിന്റെ വികസന പന്ഥാവ് ലോകമെമ്പാടുമുള്ള പണ്ഡിതരുടെ ശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ്. നമ്മുടെ നേട്ടങ്ങൾ രാജ്യത്തിനകത്തും വിദേശത്തും വ്യാപകമായ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. " ഇനിയുള്ളതാണ് ഹൈലൈറ്റ് "എന്നാൽ എന്റെ സർക്കാർ, നേട്ടങ്ങളിൽ തൃപ്തരായി വിശ്രമിക്കുവാൻ ഉദ്ദേശിക്കുന്നില്ല. അവശേഷിക്കുന്ന പ്രശ്നങ്ങളെ നേരിട്ട് അവ പരിഹരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. " എന്നതുകൊണ്ടാണ് ഉപക്ഷേപത്തെ ശക്തമായി പിന്താങ്ങുന്നത്. മറ്റൊരുകാര്യം കൂടി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. പേജ് 89-ലെ 162-ാം ഖണ്ഡികയിൽ എന്റെ നിയോജകമണ്ഡലത്തിലെ ചെറുകുളത്തൂർ ഗ്രാമത്തെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. സമ്പൂർണ്ണ അവയവദാന ഗ്രാമമാണ് ചെറുകുളത്തൂർ. 1980-ൽ രക്തഗ്രൂപ്പ് ഡയറക്ടറി തയ്യാറാക്കിയിട്ടുള്ള ഒരു ഗ്രാമമാണ് ചെറുകുളത്തൂർ. 2003 ഫെബ്രുവരി 13-നാണ് മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ എം. ടി. വാസുദേവൻ നായർ നേത്രദാന ഗ്രാമമായി ചെറുകുളത്തൂരിനെ പ്രഖ്യാപിച്ചത്. നിലവിൽ 230 പേരുടെ കണ്ണുകൾ 459 പേർക്ക് വെളിച്ചമായി മാറിയിട്ടുണ്ട്.

2013-ൽ വിശ്വനർത്തകി ഡോ. മല്ലികാ സാരാഭായ് ചെറുകുളത്തൂരിനെ സമ്പൂർണ്ണ അവയവദാന ഗ്രാമമായി പ്രഖ്യാപിച്ചു. 2023-ൽ മസ്തിഷ്ക മരണം സംഭവിച്ച തറമണ്ണിൽ ആദിത്യന്റെ അവയവങ്ങൾ ദാനം ചെയ്യുകയും ആറുപേർക്ക് പുതുജീവൻ നൽകുകയും ചെയ്തു. മരണാനന്തരം നാലുപേരുടെ ശരീരം മെഡിക്കൽ കോളേജിന് കൈമാറി. ഇതുവരെയായി 50 പേരുടെ സമ്മതപത്രം മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ചെറുകുളത്തൂർ ഗ്രാമത്തിന്റെ പരാമർശം കൂടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയതിലുള്ള സന്തോഷംകൂടി ഇവിടെ അറിയിക്കുകയാണ്. ഇതൊക്കെയാണെങ്കിലും ചില ആളുകൾ ഗവർണ്ണറുടെ പ്രസംഗത്തിന് വിമർശനം ഉന്നയിച്ചത് "അക്ഷരമൊന്നും വിടാതെ തീർത്തും ഗവർണ്ണർ പ്രസംഗം വായിച്ചിട്ടുണ്ട്, ഗവർണ്ണർ പിണറായിയുടെ കൈയിൽ മുറുകെ പിടിച്ചിട്ടുണ്ട്, ഇതൊക്കെ ഒത്തുതീർപ്പിന്റെ ഭാഗമാണ്" എന്നാണ് അവർ പറയുന്നത്. ഞാനൊരു പത്രറിപ്പോർട്ടുകൂടി വായിക്കാം. "ഒടുവിൽ റാവുവിനും എ.ഐ.സി.സി. ആസ്ഥാനത്ത് ഇടം കിട്ടി: ന്യൂഡൽഹി:- മുൻ പ്രധാനമന്ത്രി പി. വി. നരസിംഹ റാവുവിന്റെ ഛായാചിത്രം കോൺഗ്രസ് പാർട്ടിയുടെ പുതിയ ആസ്ഥാനത്ത് ഇടം പിടിച്ചു. റാവുവിന്റെ നാലുചിത്രങ്ങളാണ് ഉൾപ്പെടുത്തിയത്. 2004 ഡിസംബറിൽ റാവുവിന്റെ

മൃതദേഹം അക്ബർ റോഡിലെ എ.ഐ.സി.സി. ആസ്ഥാനത്ത് പൊതുദർശനത്തിന് വയ്ക്കാൻ അനുവദിക്കാതിരുന്നത് വിവാദമായിരുന്നു. പിന്നീട് അക്ബർ റോഡിലെ പഴയ ഓഫീസിലും ചിത്രം ഉണ്ടായിരുന്നില്ല. ഇപ്പോൾ റാവുവിനെ ബി.ജെ.പി. രാഷ്ട്രീയമായി ഉപയോഗിക്കുന്ന സാഹചര്യമാണുള്ളത്. റാവുവിന് മോദി സർക്കാർ ഭാരതരത്നം നൽകി ആദരിച്ചിരുന്നു." എന്നാണ് റിപ്പോർട്ട്. കോൺഗ്രസ്സ് തെറ്റുതിരുത്തികൊണ്ടിരിക്കുകയാണ്. കാരണം ബാബറി മസ്ജിദുമായി ബന്ധപ്പെട്ട വിഷയത്തിലാണ് പി. വി. നരസിംഹ റാവു ഒറ്റപ്പെട്ടതും അദ്ദേഹത്തിന്റെ ചിത്രംപോലും എ.ഐ.സി.സി. ആസ്ഥാനത്ത് വയ്ക്കാതിരുന്നതും. ഇപ്പോൾ അതൊക്കെ കോംപ്രമൈസാക്കി, സബൂറാക്കി രണ്ടുകൂട്ടരും യോജിച്ചുപോകുകയാണ്.

(തുടരും)

P-22-01-2025
AL-VS
12.40-12.50

(ശ്രീ. പി. ടി. എ. റഹീം ....തുടർച്ച)

രണ്ടാമത്, ഇവിടെ മറ്റൊന്നും പറയാനില്ലാത്തതുകൊണ്ട് അഴിമതി എന്നൊക്കെ പറയുകയാണ്. ബ്രൂവറി വിവാദം സഭയിൽ ഉന്നയിച്ചു. ഒരു

വർഷം പത്ത് കോടി ലിറ്റർ സ്പിരിറ്റാണ് കേരളത്തിൽ കൊണ്ടുവരുന്നത്. കർണ്ണാടകയിൽനിന്നാണ് അത് കൊണ്ടുവരുന്നത്. 100 കോടി രൂപയാണ് ഇതിന് ചെലവ് വരുന്നത്. സർക്കാർ അംഗീകാരത്തോടെ 8 ഡിസ്റ്റിലറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. 10 ബ്ലെൻഡിങ് യൂണിറ്റുകളും 2 ബ്രൂവറിയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ബിവറേജസ് കോർപ്പറേഷൻ വഴിയാണ് മദ്യവില്പന നടത്തുന്നത്. കേരളത്തിൽ 309-ഉം കർണ്ണാടകയിൽ 3780-ഉം മദ്യവില്പനശാലകളാണ് ഉള്ളത്. ഇതിൽനിന്നും മദ്യത്തിന്റെ ഉപയോഗം കുറയുന്നുണ്ടോ കൂടുന്നുണ്ടോയെന്ന് പരിശോധിക്കാം. 2012-13-ൽ 241.8 ലക്ഷം കെയ്സ് മദ്യമാണ് കേരളത്തിൽ വിറ്റുപോയത്. എന്നാൽ 2021-22-ൽ അത് 181.03 ആയി കുറയുകയാണ് ചെയ്തത്. കേരളത്തിൽ ബിവറേജസ് കോർപ്പറേഷൻ ആരംഭിച്ചത് എന്നാണെന്നും ആരായിരുന്നു അന്നത്തെ വകുപ്പുമന്ത്രിയെന്നും പരിശോധിച്ചാൽ മനസിലാകും. പാലക്കാട് ഉൾപ്പെടുന്ന മലബാറിൽ അക്കാലത്ത് മദ്യനിരോധനമുണ്ടായിരുന്നു; മദ്യം കഴിച്ചാൽ പോലീസ് പിടിച്ചുകൊണ്ടുപോകുമായിരുന്നു. എപ്പോഴാണ് അതിൽ മാറ്റമുണ്ടായത്; ആരായിരുന്നു അന്ന് ഭരണത്തിലുണ്ടായിരുന്നത് എന്ന് ആലോചിച്ചാൽ മതിയാകും.

പി.പി.ഇ. കിറ്റ് അഴിമതിയെക്കുറിച്ച് വളരെ കാലമായി പറയുന്നു. ഞങ്ങളൊക്കെ കോവിഡ് കാലഘട്ടത്ത് ഈ മേഖലയിൽ പ്രവർത്തിച്ചവരാണ്. 1,300 മുതൽ 1,400 രൂപയ്ക്കായിരുന്നു അന്ന് പി.പി.ഇ. കിറ്റ് വാങ്ങിയിരുന്നത്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അതിന് വെറും 300 രൂപയായി. പിന്നീട് അത് ആർക്കും വേണ്ടാതെയായി. എന്റെ വീട്ടിൽ സൂക്ഷിച്ച പി.പി.ഇ. കിറ്റുകൾ ആർക്കും വേണ്ടാതെ എടുത്തുമാറ്റേണ്ടിവന്നു.

പൗരത്വ വിഷയവുമായി ബന്ധപ്പെട്ട് ഇടതുപക്ഷം സ്വീകരിച്ച നടപടികൾ നമുക്ക് നന്നായി അറിയാവുന്നതാണ്. വർഗ്ഗീയത പ്രചരിപ്പിച്ചാൽ രക്ഷപ്പെടുമെന്നാണ് ചിലർ കരുതുന്നത്. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ പോയപ്പോൾ ബഹുമാനപ്പെട്ട സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ ഒരു കാര്യം വ്യക്തമാക്കി: 'ഞങ്ങൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയെ തള്ളിപ്പറയാൻ സാധിക്കില്ല. അതിന് കാരണമെന്താണെന്ന് ചോദിച്ചാൽ, കോഴിക്കോട്ടും മലപ്പുറത്തുമൊക്കെ ചിലപ്പോൾ ലീഗുകാരായിരിക്കും മഹല്ല് കമ്മിറ്റിയുടെ സെക്രട്ടറിയും പ്രസിഡന്റുമാരും. എന്നാൽ മറ്റ് ജില്ലകളിൽ അങ്ങനെയല്ല. അവിടെ എല്ലാവരുമുണ്ട്. അത് കാഷ്വലായി പറഞ്ഞെന്നാണ് ഞാൻ കരുതിയത്. ചേലക്കരയിൽ തലശ്ശേരി എന്നൊരു സ്ഥലത്താണ്

ഞാൻ തിരഞ്ഞെടുപ്പ് പ്രചരണത്തിന് പോയത്. അവിടെ മഹല്ല് കമ്മിറ്റിയിൽ പലയാളുകളെയും കണ്ടു. പക്ഷേ അതിൽ ഒരൊറ്റ ലീഗുകാരനുമില്ല. രണ്ട് കോൺഗ്രസ്സുകാരുണ്ടായിരുന്നു. ബാക്കിയെല്ലാം ഇടതുപക്ഷക്കാരായിരുന്നു. കമ്മ്യൂണിസ്റ്റുകാരുണ്ട്, ഏരിയ കമ്മിറ്റി മെമ്പർമാരും സെക്രട്ടറിമാരുമൊക്കെയുണ്ട്. നിങ്ങൾ മലപ്പുറത്തെ ഇട്ടാവട്ടത്ത് തിരിഞ്ഞുകളിച്ചാൽ പോരാ. ജിഫ്രി തങ്ങൾ പറഞ്ഞത് വളരെ സത്യമാണെന്ന് എനിക്ക് ബോധ്യമായി. കാരണം ഇത് ആരുടെയും കുത്തകയല്ല. ഇത് പറയുന്നതുകൊണ്ടാണ് നിങ്ങൾ ജിഫ്രി തങ്ങളെ ഇത്രമാത്രം വെറുക്കുന്നത്. അദ്ദേഹം കോഴിക്കോട് കടപ്പുറത്ത് നടത്തിയ ഒരു പ്രസംഗത്തിൽ ബഹുമാനപ്പെട്ട പിണറായി വിജയനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വാഴ്ത്തുപാട്ട് എന്നൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ; 'ഇതാണ് ഒരു ഭരണാധികാരി, ഒരു പ്രശ്നം വരുമ്പോൾ ജനങ്ങളെ ചേർത്തുപിടിച്ച്, ഞാനുണ്ട് കൂടെ എന്നുപറയാൻ ആർജവം കാണിച്ച ആ മുഖ്യമന്ത്രിയാണ് യഥാർഥത്തിൽ ജനനേതാവ്' എന്നാണ് അദ്ദേഹം പറഞ്ഞത്.

വികസനത്തെ സംബന്ധിച്ച് സഭയിൽ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി

അധികാരത്തിൽ വന്നതിനുശേഷം അഞ്ച് പാലങ്ങൾ ഉദ്ഘാടനം ചെയ്തു. നൂറാമത്തെ പാലവും എന്റെ മണ്ഡലത്തിലാണ് ഉദ്ഘാടനം ചെയ്തത്. രണ്ട് പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. നാല് പാലങ്ങളുടെ സ്ഥലമെടുപ്പ് നടന്നുവരികയാണ്. ബി.എം.&ബി.സി. റോഡുകളെക്കുറിച്ച് നേരത്തെ സഭയിൽ സൂചിപ്പിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ 90 ശതമാനം റോഡുകളും ബി.എം.&ബി.സി. ആയി മാറിക്കഴിഞ്ഞു. ഇനി എന്താണ് വേണ്ടത്; ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്, "ഞങ്ങൾ ഇതുകൊണ്ട് തൃപ്തിപ്പെടുന്നില്ല ഇനിയും ഒരുപാട് മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നു" എന്ന്. മലബാർ ചാരിറ്റബിൾ ട്രസ്റ്റ് 'വിശപ്പുരഹിത ലോകം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു. പാലത്തിന്റെ ചുവട്ടിലും മറ്റും കിടക്കുന്ന ഭവനരഹിതരായ ആളുകൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ടി പദ്ധതി ആരംഭിച്ചത്. കോഴിക്കോട് ജില്ലയിൽ ടി പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. പക്ഷേ കേരളത്തിൽ അതിന് രജിസ്ട്രേഷൻ ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്ന് താമസിക്കുന്ന ആളുകൾ രജിസ്റ്റർ ചെയ്യുതല്ലാതെ കേരളത്തിൽനിന്ന്

ആരുംതന്നെ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഈയൊരു ഘട്ടത്തിൽ എന്തെല്ലാം പരിപാടികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ വികസനപ്രവർത്തനങ്ങൾ തുടരണ്ടേ; സഭയിൽ ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് വർഗ്ഗീയത പ്രചരിപ്പിച്ച് രക്ഷപ്പെടാനുള്ള ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അത് യഥാർഥത്തിൽ വിലപ്പോകില്ല എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് ജാതിയുടെയും മതത്തിന്റെയും പേരിൽ ആളുകളെ ഭിന്നിപ്പിച്ച് രക്ഷപ്പെടാൻ ശ്രമിക്കണ്ട. നിങ്ങളുടെ ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് സംഘടനാ പ്രവർത്തനങ്ങൾ ശരിയാക്കുക എന്നല്ലാതെ ഈ വിഷയത്തിൽ വർഗ്ഗീയത പ്രചരിപ്പിച്ചുകൊണ്ട് എന്തെങ്കിലും നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന് നിങ്ങൾ കരുതണ്ട. ഇതുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. കെ. ആൻസലൻ)

P-22-01-2025
AL-VS
12.40-12.50

ശ്രീ. കെ. ആൻസലൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ പിന്തുണച്ചുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

എനിക്ക് മുൻപ് സഭയിൽ സംസാരിച്ച യു.ഡി.എഫ്.-ന്റെ പാലക്കാട് അംഗം അദ്ദേഹത്തിന്റെ യഥാർത്ഥ നിലവാരം ഇവിടെ പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ കന്നി പ്രസംഗമായതുകൊണ്ട് ഭരണപക്ഷത്തുനിന്ന് യാതൊരു എതിർപ്പും പ്രകടിപ്പിച്ചില്ല. എന്നാൽ അദ്ദേഹം മാധ്യമങ്ങളുടെ സഹായത്തോടെ പുറത്തുവിളിച്ചുകൂവുന്ന അസത്യങ്ങൾ തന്നെ സഭയ്ക്കുള്ളിലും പ്രചരിപ്പിച്ചു എന്നുള്ളത് അദ്ദേഹത്തിന്റെ നിലവാരം എന്താണെന്ന് വ്യക്തമാക്കുകയുണ്ടായി.

കേരളത്തിലെ ജനജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്ന നടപടിക്രമങ്ങളുമായിട്ടാണ് പത്താം വർഷത്തിലേക്ക് പിണറായി സർക്കാർ പ്രവേശിക്കുന്നത്. അതിനനുസരിച്ചുള്ള നയപ്രഖ്യാപനമായിരുന്നു ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയത്. കേരളത്തിന്റെ ജനജീവിതത്തിലുണ്ടാക്കിയ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് കേരളത്തിലെ

ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് സർക്കാരുകൾ വഹിച്ചിട്ടുള്ള പങ്ക് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. സ്വന്തം കൂടപ്പിറപ്പിന്റെ ശവശരീരം മറവുചെയ്യാൻ ജന്മിയുടെ വാതിൽപ്പടിയിൽ യാചിച്ച് ദിവസങ്ങളോളം കാത്തുനിൽക്കുന്ന ഹതഭാഗ്യരായിട്ടുള്ള കേരളത്തിലെ കുടിയാന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കുടിയിറക്ക് നിരോധന നിയമം പ്രഖ്യാപിച്ചുകൊണ്ടാണ് ഇ.എം.എസ്. സർക്കാർ പ്രയാണമാരംഭിച്ചത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ നയം, ക്ഷേമനിധി പദ്ധതികൾ, ക്ഷേമ പെൻഷനുകൾ, സാക്ഷരതാ പ്രസ്ഥാനം, ജനകീയാസൂത്രണം, രാജ്യത്തിലെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീ, ഇന്ത്യയിൽ ആദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് സ്ത്രീകളുടെ അധികാരങ്ങൾ അവർക്ക് നൽകിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട പദ്ധതി, ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ച അഴിമതിരഹിത വികസിത കേരളം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നടത്തിയ ഹരിതകേരളം പദ്ധതി, ലൈഫ് പാർപ്പിട പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി, ആർദ്രം പദ്ധതി, കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് ആവശ്യമായിട്ടുള്ള കിഫ്ബി പദ്ധതി എന്നിവ നടപ്പാക്കി. ബഹുമാനപ്പെട്ട

അംഗം ശ്രീ. പി. ടി. എ. റഹീം സൂചിപ്പിച്ചതുപോലെ കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും എല്ലാവിധ ആവശ്യങ്ങളും ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ പൂർത്തിയാക്കുന്നതിനുവേണ്ടി 80,000 കോടി രൂപയോളം ചെലവഴിച്ചുകൊണ്ടുള്ള വ്യത്യസ്തമായിട്ടുള്ള ബൃഹദ് പദ്ധതികൾക്ക് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി തുടക്കം കുറിക്കാൻ കിഫ്ബിക്ക് സാധിച്ചു. തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലുള്ള ചില പ്രവണതകൾ കേരളത്തിലെ പ്രതിപക്ഷ എം.എൽ.എ.-മാരും പ്രതിപക്ഷനേതാവും ബോധപൂർവ്വം പ്രചരിപ്പിക്കുന്നുണ്ട്. കടം വാങ്ങിയാണ് കേരളത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതെന്നാണ് ഇവർ പ്രചരിപ്പിക്കുന്നത്. 2023-24-ലെ സി.&എ.ജി. ഓഡിറ്റ് പ്രകാരം സംസ്ഥാനത്തിന്റെ ആകെ വരുമാനം 1,59,506.51 കോടി രൂപയാണ്. ഇതിൽ 1,24,486.15 കോടി രൂപയും റവന്യൂ വരുമാനമാണ്. അതായത് ഇത് നികുതിയും നികുതിയേതര വരുമാനവും ഗ്രാന്റുമാണ്. ചില പത്രമാധ്യമങ്ങളുടെ സഹായത്തോടെ യു.ഡി.എഫ്. എം.എൽ.എ.-മാർ ഇവിടെ പ്രചരിപ്പിക്കുന്ന കള്ള പ്രചാരവേലകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ്. റവന്യൂ വരുമാനം വളരെ ശക്തിയായി വർധിപ്പിച്ചുകൊണ്ട് കേരളത്തിലെ വികസന ക്ഷേമ പ്രവർത്തനങ്ങളുമായി

സർക്കാർ മുന്നോട്ടുപോകുകയാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ ബഹുമാനപ്പെട്ട ഒരംഗം സർക്കാർ ജീവനക്കാർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങളെക്കുറിച്ച് ചോദിച്ചു. സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയാത്തതിന്റെ അവസ്ഥയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു. കേരള ജനതയോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികാര നടപടിയുടെ ഭാഗമായി ഏകദേശം 57,000 കോടി രൂപയുടെ സാമ്പത്തിക വെട്ടിച്ചുരുക്കലാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായി ചില പ്രയാസങ്ങൾ നേരിട്ടിട്ടുണ്ട്. എന്നാൽ, സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ കൊടുക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ തീരുമാനമെന്ന് വളരെ വ്യക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്.

(തുടരും)

P-22-01-2025
HA/VS (II)
12.50-1.00

(ശ്രീ. കെ. ആൻസലൻ....... തുടർച്ച)

നമ്മുടെ അയൽസംസ്ഥാനമായ കർണാടക ഭരിക്കുന്നത് കോൺഗ്രസാണ്. കർണാടകയിലെ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാതിരുന്നിട്ട് 38 മാസമായി. അവിടത്തെ തൊഴിലാളികൾ പണിമുടക്കിലാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ അവസ്ഥ പരിശോധിക്കുമ്പോൾ കഴിഞ്ഞ ഏഴ് വർഷക്കാലമായി കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനുവേണ്ടി 8,500 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റുതന്നെ ആ കോർപ്പറേഷന്റെ തൊഴിലാളികളുടെ ആവശ്യങ്ങൾക്കും മറ്റിതര ചെലവുകൾക്കുംവേണ്ടി മാറ്റിവച്ചതെന്ന് മനസ്സിലാക്കണം. ഇവിടെ വൈദ്യുതി ചാർജ് വർധിപ്പിച്ചുവെന്ന നിലയിൽ വലിയ തോതിലുള്ള പ്രചാരണങ്ങൾ സംഘടിപ്പിക്കുകയാണ്. കേരളം ഒരു യൂണിറ്റ് വൈദ്യുതിക്ക് കേവലം 15 പൈസ വർധിപ്പിച്ചപ്പോൾ കർണാടക വർധിപ്പിച്ചത് 1.50 രൂപയാണെന്നുള്ള തിരിച്ചറിവ് കേരളത്തിലെ കോൺഗ്രസ്സിന്റെ പ്രതിപക്ഷ നേതൃത്വത്തിനുണ്ടാകണം. അഴിമതിയെ സംബന്ധിച്ച് ഇവിടെ വാതോരാതെ

പ്രസംഗിക്കുകയാണ്. എ.ഐ. ക്യാമറ, കെ-ഫോൺ എന്നിവയ്ക്കെതിരെ കേസ് കൊടുത്തു, വടക്കാഞ്ചേരി ഫ്ലാറ്റ് നിർമ്മാണത്തിൽ സംസ്ഥാന സർക്കാരുമായി ബന്ധമില്ലാത്ത സ്പോൺസർമാരുടെ വിഷയത്തിനെതിരെയുള്ള കേസ്, സിൽവർ ലൈൻ പ്രഖ്യാപിച്ചപ്പോൾതന്നെ അഴിമതിയാരോപണവുമായി മുന്നോട്ടുവന്നു.... തുടങ്ങി വിവിധതരത്തിൽ കേസ് നൽകിയെങ്കിലും ഇവയ്ക്കെല്ലാം കടുത്ത പരാജയമാണ് ഏറ്റുവാങ്ങിയത്. ഡോ. മാത്യു കുഴൽനാടൻ മാസപ്പടിയുമായി ബന്ധപ്പെട്ട് കേസിനുപോയി, രണ്ട് കോടതിയിൽനിന്ന് തിരിച്ചടി ലഭിച്ച് ഒരു പ്രയാസവുമില്ലാതെ ഇവിടെ ഇരിക്കുകയാണ്. നിരവധി അഴിമതി കേസുകൾ ഈ ഗവൺമെന്റിനെതിരെ ഉയർത്തിക്കൊണ്ടുവന്നു. ഇപ്പോൾ ബ്രൂവറിയുമായി നടക്കുകയാണ്. അതിലൊന്നും കിട്ടാനുമില്ല. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞു "എവിടെ നോക്കിയാലും ഏത് ധാരണയുണ്ടാക്കിയാലും അതിലെല്ലാം കോടിക്കണക്കിന് രൂപ കമ്മീഷൻ കിട്ടിയോ എന്നുള്ള അന്വേഷണം മുൻകാല അനുഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് യു.ഡി.എഫ്.-നും കോൺഗ്രസ്സിനുമുണ്ട്" . മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഴിമതി കേസുകളെ സംബന്ധിച്ച് നമുക്കറിയാമല്ലോ. ഇവിടെ യു.ഡി.എഫ്.

വരണമെന്ന് ആഗ്രഹിക്കുന്ന കേരളത്തിലെ മാധ്യമങ്ങളും കേരളത്തിലെ വലതുപക്ഷവും ഒപ്പംതന്നെ ആർ.എസ്.എസ്.-ഉം ഒക്കെ ചിന്തിക്കേണ്ടത്, കേരളത്തിലെ മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഴിമതിയെ സംബന്ധിച്ചാണ്. ശ്രീ. അനൂപ് ജേക്കബ് മന്ത്രിയായി ആറ് മാസമായപ്പോൾ വിജിലൻസ് കേസിലെ പ്രതിയായി. മൂന്ന് അഴിമതി കേസുകളായിരുന്നു. അദ്ദേഹത്തിന്റെ പാർട്ടി ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. പി. ടി. എബ്രഹാം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസിലും രജിസ്ട്രേഷൻ വകുപ്പിലും അഴിമതി നടന്നല്ലോ. ബ്രഹ്മപുരം അഴിമതിയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. മന്ത്രിസഭയിലെ ശ്രീ. സി. വി. പത്മരാജന്റെ പേരിൽ കേസെടുത്തു. നാല് ഡീസൽ പവർ ജനറേറ്റർ വാങ്ങിയതിൽ കമ്മീഷൻ വാങ്ങിയതുമായി ബന്ധപ്പെട്ടതാണ് ആ കേസ്. മുൻ മുഖ്യമന്ത്രിയുടെ പേരിലുള്ള പാമോയിൽ, ടൈറ്റാനിയം, സൈൻ ബോർഡ് കേസുകൾ ഇപ്പോഴും അവസാനിക്കാതെയിരിക്കുന്നു. അതുപോലെ, മുൻ യു.ഡി.എഫ്. മന്ത്രിമാരായിട്ടുള്ള റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ്, വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, സഹകരണ വകുപ്പുമന്ത്രി സി. എൻ. ബാലകൃഷ്ണൻ, വൈദ്യുതി വകുപ്പുമന്ത്രി ആര്യാടൻ

മുഹമ്മദ്, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദുറബ്ബ്, പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് തുടങ്ങി നിരവധി പേർ നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ അഴിമതിയെക്കുറിച്ച് അറിയാമല്ലോ. ഇതിന് ഒരു ഉദാഹരണം പറയാം, പൊതുമരാമത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ഒ. സൂരജിന്റെ സ്വത്തുവിവരമെന്താണെന്ന് അന്വേഷിക്കാനായി മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥരടങ്ങുന്ന പ്രൈവറ്റ് ഡിറ്റക്ടീവിനെ ചുമതലപ്പെടുത്തി. അവരുടെ അന്വേഷണത്തിൽ ഇദ്ദേഹത്തിന്റെ കണക്കിൽപ്പെടാത്ത പണം അന്വേഷിച്ച് കണ്ടെത്തിയപ്പോൾ അവർ ഞെട്ടിപ്പോയി. അവർക്ക് ഈ മന്ത്രിയുടെ ബിനാമി സ്വത്തുക്കളെ സംബന്ധിച്ചും അന്വേഷിച്ച് കണ്ടെത്താനായി കഴിഞ്ഞു. പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹത്തെ ജയിലിലടച്ചു. ഇവിടത്തെ മുൻ യു.ഡി.എഫ്. ഗവൺമെന്റുകൾ കേരളത്തിലെ ഏറ്റവും വലിയ അഴിമതിക്കാരായി മാറിയിരുന്നുവെന്നുള്ള നഗ്നസത്യം മറച്ചുവച്ചുകൊണ്ടാണ് കേരളത്തിലെ പ്രതിപക്ഷത്തെ താലോലിക്കുന്ന രൂപത്തിലേയ്ക്കുള്ള മാധ്യമങ്ങളുടെ നിലപാട്. ഇവിടെ എ.ഡി.എം. നവീൻ

ബാബു ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയുണ്ടായി. അദ്ദേഹത്തിന്റെ യാത്രയയപ്പ് യോഗത്തിൽ അന്നത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി പി. പി. ദിവ്യ നടത്തിയിട്ടുള്ളൊരു പരാമർശവുമായി ബന്ധപ്പെട്ട്..... അങ്ങനെയുള്ളൊരാളും ആത്മഹത്യ ചെയ്യേണ്ട കാര്യമില്ല. ശ്രീമതി പി. പി. ദിവ്യ നടത്തിയ പരാമർശത്തിൽ എന്തെങ്കിലും അസ്വഭാവികതയുണ്ടെങ്കിൽ അദ്ദേഹത്തിന് അത് നിയമപരമായി നേരിടുകയോ പൊതുസമൂഹത്തിന് മുമ്പിൽ പറയുകയോ ചെയ്യാമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ആത്മഹത്യയിൽ കാരണക്കാർ ശ്രീമതി പി. പി. ദിവ്യയാണെന്ന് എഴുതി വച്ചിട്ടില്ല. മകനെ കൊലപ്പെടുത്തി ഡി.സി.സി. ട്രഷറർ ആയിരുന്ന അച്ഛൻ എൻ. എം. വിജയൻ ആത്മഹത്യ ചെയ്തപ്പോൾ ഡി.സി.സി. നേതൃത്വത്തിനെതിരായി, കെ.പി.സി.സി. നേതൃത്വത്തിനെതിരായി പേരെഴുതി വച്ചു. ശ്രീ. ഐ. സി. ബാലകൃഷ്ണൻ കോഴ നിയമനത്തിന് കത്ത് കൊടുത്തുവെന്ന് എം.എൽ.എ.-യുടെ ലെറ്റർ പാഡ് ആ കത്തിൽ പരാമർശിക്കപ്പെട്ടപ്പോൾ അതിനെതിരായി മാധ്യമങ്ങൾ സ്വീകരിച്ച നടപടിയെന്താണ്? വാളയാർ കേസിലെ അമ്മയുടെ ചരിത്രം സംബന്ധിച്ച് അടുത്തകാലത്ത് പ്രസ്താവന പുറപ്പെടുവിക്കുമ്പോൾ മാധ്യമങ്ങൾ സ്വീകരിച്ച നിലപാട് എന്താണ്?

ചെയർപേഴ്സൺ: കൺക്ലൂഡ് ചെയ്യണം.

ശ്രീ. കെ. ആൻസലൻ: സർ, നമ്മുടെ നാട്ടിൽ വലതുപക്ഷത്തിന്റെയും ബി.ജെ.പി.-യുടെയും എല്ലാ ഇടതുപക്ഷ വിരുദ്ധ വിഭാഗക്കാർക്കും പ്ലാറ്റ്ഫോമുകളൊരുക്കിക്കൊണ്ട്.., കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റിനെതിരായിട്ടും ഇടതുപക്ഷത്തിനെതിരായിട്ടും നിങ്ങൾ എന്തെങ്കിലും പറഞ്ഞാൽ....... അത് അനുവദിക്കില്ലെന്ന വിധിയെഴുത്തായിരുന്നു ചേലക്കരയിൽ ശ്രീ. യു. ആർ. പ്രദീപിന്റെ പതിനാലായിരത്തോളം വരുന്ന വോട്ടിന്റെ ഭൂരിപക്ഷമെന്ന് ഓർക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

(ശ്രീ. യു. എ. ലത്തീഫ്)

P-22-01-2025
HA/VS (II)
12.50-1.00

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ച് ഇന്ത്യൻ ഭരണഘടനയിലെ 176-ാം വകുപ്പിലാണ് പ്രതിപാദിക്കുന്നത്. ആ വകുപ്പ് ഇങ്ങനെയാണ്: 'At the commencement of the first session after each general election to the Legislative Assembly and at the commencement of the first session of each year, the Governor shall address the Legislative Assembly or, in the case of a State having a Legislative Council, both Houses assembled together and inform the Legislature of the causes of its summons.' അതായത്, എന്തിനാണ് ഇത് വിളിച്ചുചേർത്തതെന്ന് ഈ അസംബ്ലിയോട് പറയണമെന്നാണ് പ്രധാനപ്പെട്ട കടമ. എന്നാൽ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളൊക്കെ ഒരു വർഷംകൊണ്ട് നടപ്പാക്കുന്നതാണോ, അതല്ല ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനുമുമ്പാണോയെന്ന് വ്യക്തമല്ല. അതാണ് നയപ്രഖ്യാപന പ്രസംഗത്തിലെ ഒന്നാമത്തെ ഖണ്ഡിക. 'It is with immense pride and

happiness that I address this august assembly, marking the beginning of the 13th Session of the 15th Kerala Legislative Assembly.' അതുകൊണ്ട് ഇതിനെ അനുകൂലിക്കാനായി എന്താണ് ഈ പ്രസംഗത്തിലുള്ളത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കാൻ, വിലക്കയറ്റം പിടിച്ചുനിർത്താൻ, ആരോഗ്യ മേഖല സമ്പുഷ്ടീകരിക്കാൻ, വിദ്യാഭ്യാസ മേഖലയെ ഉയർത്താൻ, നിയമവാഴ്ചയെ രക്ഷപ്പെടുത്താൻ, വ്യവസായ മേഖല, കാർഷിക മേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരവസ്ഥ എന്നീ സാധാരണ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതീക്ഷ നൽകുന്ന ഒരു നടപടിയുമില്ലെന്നാണ് ഇത് വായിച്ചാൽ മനസ്സിലാകുന്നത്. പിണറായി സർക്കാർ എട്ടര വർഷം പിന്നിട്ടപ്പോൾ ഇടതുപക്ഷത്തിന് ഭരിക്കാൻ കഴിയില്ല, പ്രതിപക്ഷത്തിരുന്ന് സമരം ചെയ്യാൻ മാത്രമെ കഴിയുകയുള്ളൂവെന്ന് ജനങ്ങൾക്ക് മനസ്സിലായി. കാരണം, ആശുപത്രിയിൽ മരുന്നില്ല, കോൺട്രാക്ടർമാർക്ക് പണം നൽകാനില്ല, റേഷൻ ഡീലേഴ്സിന് പണം കൊടുക്കുന്നില്ല, പ്രധാന അധ്യാപകർക്ക് ഉച്ചഭക്ഷണത്തിന്റെ കാശ് നൽകാൻ സാധിക്കുന്നില്ല, കിടപ്പുരോഗികൾക്ക് പണം നൽകാൻ കഴിയില്ല, മദ്യഷാപ്പുകൾക്ക് ധാരാളം പണം നൽകുന്നുണ്ട്,

റോഡ് നന്നാക്കാൻ പണമില്ല, ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകാൻ പണമില്ല, സെക്രട്ടേറിയറ്റിൽ മൂന്ന് ലക്ഷത്തിലധികം ഫയലുകൾ കെട്ടിക്കിടക്കുന്നു, അഴിമതി കൊടികുത്തി വാഴുന്നു, സർക്കാർ മുഴക്കടത്തിലാണ്. ഇത്രയേറെ അൺപോപ്പുലറായ ഒരു ഗവൺമെന്റ് കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലായെന്ന് മനസ്സിലാക്കാൻ സാധിക്കും. ഈ ഭാരങ്ങളൊക്കെ അടുത്ത തിരഞ്ഞെടുപ്പിലൂടെ ഭരണത്തിൽ വരുമെന്നുറപ്പായ യു.ഡി.എഫ്. ഗവൺമെന്റിന് താങ്ങാൻ സാധിക്കുമോയെന്ന സംശയമാണ് ഞങ്ങൾക്കുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഏത് ചടങ്ങിൽ സംബന്ധിച്ചാലും മുസ്ലീംലീഗിനെക്കുറിച്ചും പാണക്കാട് സാദിഖ് അലി തങ്ങളെക്കുറിച്ചും ജമാഅത്തെ ഇസ്ലാമി-എസ്.ഡി.പി.ഐ. ബന്ധം ആരോപിച്ചുകൊണ്ടും ഞങ്ങളെ വിമർശിക്കുകയാണ്. ഇവിടെ പ്രസംഗിച്ച മിക്കവാറും എല്ലാ സി.പി.ഐ. (എം.) അംഗങ്ങളും ആ രീതി തുടർന്നു. കേരള ജമാഅത്തെ ഇസ്ലാമി അമീർ ഒരു പത്രസമ്മേളനം വിളിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, 2009-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ വയനാട്, പൊന്നാനിയൊഴികെയുള്ള 18 സീറ്റിലും ഞങ്ങൾ എൽ.ഡി.എഫ്.-നെ പിന്തുണച്ചു. അന്നത്തെ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയനും കോടിയേരി ബാലകൃഷ്ണനും അതിനായി ചർച്ച ചെയ്ത്

തീരുമാനിച്ചിരുന്നതായി ജമാഅത്തെ അമീർ വീണ്ടും ആവർത്തിച്ചു. 2009 ഏപ്രിൽ 14-ന് സി.പി.ഐ.(എം.) കണ്ണൂരിൽ നടത്തിയ വാർത്താസമ്മേളനത്തിൽ ശ്രീ. പിണറായി വിജയൻ ഇങ്ങനെ പറഞ്ഞുവെന്ന് അമീർ ഓർമ്മിപ്പിക്കുകയാണ്. ജമാഅത്തെ ഇസ്ലാമി ആഗോള കാഴ്ചയുള്ളൊരു പാർട്ടിയാണ്. ഇത്തവണ അവർ 18 സീറ്റിൽ ഞങ്ങളെ പിന്തുണച്ചുവെന്നാണ് പറഞ്ഞത്. 2011-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 140 നിയോജകമണ്ഡലങ്ങളിൽ 124 നിയോജക മണ്ഡലങ്ങളിലും പിന്തുണച്ചത് ഇടതുപക്ഷത്തെയാണെന്ന് ജമാഅത്തെ അമീർ തുടർന്ന് പറഞ്ഞു. നിങ്ങളിൽനിന്ന് വിട്ടുനിന്നാൽ അവർ വർഗ്ഗീയവാദി, നിങ്ങളുടെ കൂടെയാണെങ്കിലോ അവർ നല്ല പാർട്ടി. ജനങ്ങൾ എങ്ങനെ വിശ്വസിക്കും? ഒന്ന് നിങ്ങൾ മനസ്സിലാക്കുക, പാണക്കാട് തങ്ങൾമാർ മതേതരത്വത്തിന്റെ, മതമൈത്രിയുടെ, മതനിരപേക്ഷതയുടെ പതാക വാഹകരാണ്. സാദിഖ് അലി തങ്ങളും അതേ പാതയാണ് പിന്തുടർന്നുവരുന്നതെന്ന് പൊതുസമൂഹം അംഗീകരിച്ചതാണ്.

(തുടരും)

P.22-01-2025 1.00-1.10 GS/AN(2) bc

(ശ്രീ. യു. എ. ലത്തീഫ്.......തുടർച്ച)

നിങ്ങളുടെ സർട്ടിഫിക്കറ്റ് ശ്രീ. പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്ക് ആവശ്യമില്ലെന്ന് ഉറപ്പിച്ചുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കൊലപാതകം, പോക്സോ കേസുകൾ, ബലാത്സംഗങ്ങൾ, സൈബർ തട്ടിപ്പ് തുടങ്ങിയ ക്രിമിനൽ കേസുകളിൽ കേരളം ഇന്ന് ഒന്നാം സ്ഥാനത്തേയ്ക്ക് നീങ്ങുകയാണ്. 4196 പോക്സോ കേസുകളാണ് ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തത്. 2022-ൽ സ്ത്രീകൾക്കെതിരെയുള്ള ആക്രമണകേസുകൾ - 18943. പ്രതികൾ സി.പി.ഐ.(എം.) ആയാൽ പോലീസ് സ്റ്റേഷനിൽ ആശ്വാസം, കേസ് നടത്താൻ ദശലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് മുതിർന്ന അഭിഭാഷകരെ കൊണ്ടുവരും, നല്ല പരോൾ ലഭിക്കും, നല്ല സൗകര്യം ലഭിക്കും, ആ കാരണം കൊണ്ടാണെന്ന് കേരളത്തിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നത് നല്ലതെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുകയാണ്. ഷാരോൺ വധകേസിൽ പ്രതിയായ ഗ്രീഷ്മയ്ക്ക് നെയ്യാറ്റിൻകര കോടതി വധശിക്ഷ വിധിച്ചു. മുൻ നിയമസഭാ സെക്രട്ടറിയായിരുന്ന ജസ്റ്റിസ് എ. എം. ബഷീറാണ് വധശിക്ഷ വിധിച്ചത്. മറ്റൊരാളെ വിവാഹം കഴിക്കാൻവേണ്ടി സ്നേഹിച്ച കാമുകനെ വിളിച്ചുവരുത്തി കഷായത്തിൽ വിഷം ചേർത്ത് കൊടുത്ത് കൊല ചെയ്തതുകൊണ്ടാണ് തൂക്കുകയർ വിധിച്ചതെങ്കിൽ പ്രകടനപത്രികയ്ക്ക്

വിപരീതമായി യു.ഡി.എഫ്. പൂട്ടിയ മുഴുവൻ മദ്യഷാപ്പുകളും തുറന്ന് ബിവറേജസ് കോർപ്പറേഷന് ധാരാളം ഔട്ട്ലെറ്റുകൾ നൽകി, കേരളത്തെ മദ്യശാലയാക്കി മാറ്റിയതിനുപുറമെ പാലക്കാട് 600 കോടി രൂപ ചെലവിൽ മദ്യം, ബ്രാൻഡി, വൈൻ എന്നിവ നിർമ്മിച്ച് കേരളത്തിൽ ആയിരക്കണക്കിന് മദ്യപന്മാരെ സൃഷ്ടിക്കുന്ന, അഴിമതി നിറഞ്ഞ ഈ മദ്യനയത്തിന് അടുത്ത തിരഞ്ഞെടുപ്പിൽ പിണറായി സർക്കാരിന് ജനങ്ങൾ തൂക്കുകയർ വിധിച്ച് അധികാരത്തിൽനിന്ന് പുറത്താക്കുമെന്ന് ഉറപ്പാണ്. 35 വർഷക്കാലം പടിഞ്ഞാറൻ ബംഗാൾ ഭരിച്ചിട്ട് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു സീറ്റുപോലും ലഭിച്ചില്ലായെന്ന് മാത്രമല്ല, ഒരു സീറ്റിൽമാത്രമാണ് സി.പി.ഐ.(എം.)-ന് കെട്ടിവച്ച തുക ലഭിച്ചതെന്ന് മനസ്സിലാക്കുന്നത് നല്ലതാണെന്ന് മാത്രമാണ് ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നത്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾക്കൂടി സൂചിപ്പിക്കാനുണ്ട്. ഒന്ന്, മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം അനുവദിച്ചിരുന്നു. എന്നാൽ രണ്ട് ഡോക്ടർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് അത് നിർത്തിവച്ചു. അതുകൊണ്ട് രാത്രികാല പോസ്റ്റ്മോർട്ടം തുടരാനാവശ്യമായ നടപടികൾ

സ്വീകരിക്കണം. രണ്ട്, മഞ്ചേരി മെഡിക്കൽ കോളേജും ജനറൽ ആശുപത്രിയും വിപുലീകരിക്കാൻ 50 ഏക്കർ സ്ഥലം കണ്ടുവച്ചു. അതിന് 25 ഏക്കർ ഭൂമി സൗജന്യമായി ലഭിച്ചതാണ്. അത് ഏറ്റെടുക്കണം. അതിനായി പണം നീക്കിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വേണമെങ്കിൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ പുകഴ്ത്തി ഒരു വാഴ്ത്തുപാട്ട് പാടാൻ തയ്യാറാണ്. ഞാൻ പാട്ട് തയ്യാറാക്കി വച്ചിട്ടുണ്ട്.

(ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ)

P.22-01-2025 1.00-1.10 GS/AN(2) ബി.സി.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന് തുടക്കംകുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. എന്റെ സംഭാഷണം തുടങ്ങുന്നതിനുമുമ്പ് സഭയെ പ്രത്യേകമായി ഒരുകാര്യം അറിയിക്കുകയാണ്. ഇന്നിവിടെ നടന്ന സബ്മിഷനിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ സഭയെ തെറ്റിധരിപ്പിക്കുന്ന വാർത്ത അവതരിപ്പിക്കുകയുണ്ടായി. പോക്സോ കേസുമായി ബന്ധപ്പെട്ട പ്രതികളെ

സി.പി.ഐ.(എം.)-ഉം സർക്കാരും സംരക്ഷിക്കുന്നുവെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. വ്യക്തികളെന്ന നിലയിൽ സ്വഭാവികമായും പല സംഭവങ്ങളുമുണ്ടാകാം. പക്ഷെ അതിനെ രാഷ്ട്രീയമായി ഉപയോഗിക്കുന്നത് ശരിയല്ല. പറവൂർ തേലത്തുരുത്ത് സി.പി.ഐ.(എം.)-ന്റെ ബ്രാഞ്ചംഗമായ ശ്രീ. ബി. കെ. സുബ്രഹ്മണ്യനെ, അദ്ദേഹം ചെയ്ത തെറ്റിന്റെ അടിസ്ഥാനത്തിൽ പാർട്ടിയിൽനിന്നും പുറത്താക്കിയ വിവരവും ഒളിവിൽപ്പോയ അദ്ദേഹത്തെ അറസ്റ്റുചെയ്യണമെന്ന് സി.പി.ഐ.(എം) പറവൂർ ഏരിയ കമ്മിറ്റി ആവശ്യപ്പെട്ട കാര്യവും മനസ്സിൽവച്ചുകൊണ്ടുതന്നെയാണ് പ്രതിപക്ഷനേതാവ് ആ ഉപക്ഷേപം അവതരിപ്പിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ശരിയായില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. നവകേരള നിർമിതിയെന്ന ലക്ഷ്യത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വിളംബരം ചെയ്യുന്ന നയപ്രഖ്യാപനമാണിത്. മാനവ വികസന സൂചകങ്ങളിൽ പല രാഷ്ട്രങ്ങളോടുപോലും താരതമ്യം ചെയ്യുമ്പോൾ കേരളം മുന്നിലാണ്. അതുകൊണ്ട് നമ്മുടെ നേട്ടങ്ങൾ ഇന്ത്യയ്ക്കകത്തും പുറത്തും പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. കേരളം കൈവരിച്ച നേട്ടങ്ങളെ ഉറപ്പിച്ചുനിർത്താനും പുതിയവ നേടിയെടുക്കാനും നമുക്ക് ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. പുതിയ കാര്യങ്ങൾ

നേടിയെടുക്കാനും ആവശ്യമായ പശ്ചാത്തലമൊരുക്കുന്നതിൽ വിഭവ സമാഹരണത്തിന്റെ മേഖല ഏറെ പ്രാധാന്യമർഹിക്കുന്നു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ അഴിച്ചുപണിയിലേയ്ക്കും കേരളത്തിനോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണന ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലേയ്ക്കും ഇത് നമ്മെ വഴിതിരിച്ചുവിടുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഗൗരവമായ പരിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. കേരളത്തിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുപോലെ വ്യാജപ്രചാരണം നടത്തുകയാണ്. അതിൽ ഒന്നാമത്തെ പ്രചാരണം സംസ്ഥാനം നികുതി പിരിക്കുന്നില്ലെന്നതാണ്. ഇത് തെറ്റായൊരു പ്രചാരണമാണ്. 2022-നെ അപേക്ഷിച്ച് 2023-ൽ സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനം 22 ശതമാനമാണ് വർധിച്ചത്. ഇത് ഇന്ത്യാ രാജ്യത്തുതന്നെ മൂന്നാമത്തെ ഏറ്റവും ഉയർന്ന വരുമാന വർധനയാണ്. നികുതിയേതര വരുമാനമാകട്ടെ 45 ശതമാനമാണ് വർധിച്ചത്. കേന്ദ്രം സാധാരണഗതിയിൽ മൂന്ന് രീതികളിലാണ് നമുക്ക് ധനസഹായം നൽകുന്നത്. ഒന്ന്, ഫിനാൻസ് കമ്മീഷൻ തീർപ്പുപ്രകാരമുള്ള നികുതി വിഹിതം, രണ്ട്, കേന്ദ്രം തരുന്ന ഗ്രാന്റുകളും മറ്റും മൂന്ന്, കേന്ദ്രം അനുവദിക്കുന്ന വായ്പയും മറ്റും. ഈ മൂന്ന് മേഖലകളിലും വലിയ വെട്ടിക്കുറവാണ് കേന്ദ്രം വരുത്തിയിട്ടുള്ളത്. ഇത് സംസ്ഥാന സർക്കാരിനെ

വലിയ സാമ്പത്തിക പ്രയാസത്തിലേയ്ക്ക് നയിക്കുമെന്ന് ആർക്കാണ് തിരിച്ചറിയാൻ കഴിയാത്തത്; ഇവിടെയാണ് കേരളം ഒറ്റക്കെട്ടായി ഒരു മനസ്സോടെ പ്രവർത്തിക്കേണ്ടത്. കേരളത്തിലെ പ്രതിപക്ഷത്തിന്റെ സഹകരണവും ഇടപെടലും കാലം ആവശ്യപ്പെടുന്നത് ഇക്കാര്യത്തിലാണ്. ഇക്കാര്യത്തിലുള്ള കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും കള്ളക്കളി പ്രകടമാണ്. കേരളത്തിന്റെ ഉത്തമ താൽപര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പാർലമെന്റ് അംഗങ്ങൾ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇടയ്ക്ക് ഒത്തുചേരാറുണ്ട്. വിഷയങ്ങളിൽ മുൻഗണന നിശ്ചയിച്ച് പാർലമെന്റിനകത്ത്, കേന്ദ്രത്തിനുമുന്നിൽ ഇടപെടാമെന്ന് തീരുമാനിക്കുകയും വാഗ്ദാനം ചെയ്യപ്പെടുകയും ചെയ്യാറുണ്ടെങ്കിലും പലപ്പോഴും ആത്മാർത്ഥമായ പരിശ്രമങ്ങളുണ്ടാകുന്നില്ല. എന്തുകൊണ്ട് യോജിച്ചൊരു പ്രക്ഷോഭത്തിന് ഇവർ തയ്യാറാകുന്നില്ല? ഒറ്റയ്ക്കെങ്കിലും കേന്ദ്ര അവഗണനയ്ക്കെതിരെ പ്രക്ഷോഭത്തിന്റെ മാർഗ്ഗം അവലംബിക്കാൻ കോൺഗ്രസും യു.ഡി.എഫ്.-ഉം സന്നദ്ധമാകേണ്ടതാണ്. കേരളത്തിനർഹമായ പരിഗണനയെന്നത് ആരുടെയും ഔദാര്യമല്ല, നമ്മുടെ അവകാശമാണ്. ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലെടുത്താലും നികുതിവിഹിതത്തിന്റെയും പ്രത്യേക പാക്കേജിന്റെയും കാര്യത്തിലാണെങ്കിലും റവന്യൂ കമ്മി

ഗ്രാന്റിനത്തിലാണെങ്കിലും നമുക്ക് അർഹമായ പരിഗണന നൽകാൻ കേന്ദ്രം ബാധ്യസ്ഥമാണ്. കോൺഗ്രസിനും ഐക്യമുന്നണിക്കും എങ്ങനെയാണ് ഒരുമിച്ചുനിൽക്കാനാവുക; കോൺഗ്രസ് ആഭ്യന്തര പ്രശ്നങ്ങളുടെ ചുഴിയിൽപ്പെട്ട് കറങ്ങുകയാണ്; ഇന്ന് പത്രങ്ങളിൽ വന്ന പ്രധാന വാർത്ത നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും; വയനാട് ഡി.സി.സി. ട്രഷറർ എൻ. എം. വിജയന്റെയും മകന്റെയും മരണത്തിലേയ്ക്ക് നയിച്ചതിൽ ആത്മഹത്യാ പ്രേരണ കേസിൽ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനെതിരെ അന്വേഷണം നീങ്ങുകയാണ്. വരാനിരിക്കുന്ന 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ അധികാരവും മുഖ്യമന്ത്രി കസേരയുമെല്ലാം കണ്ടുകൊണ്ടുള്ള ദിവാസ്വപ്നത്തിലാണ് കോൺഗ്രസ്സിന്റെ നേതാക്കൻമാർ. കോൺഗ്രസിനകത്ത് അടിതുടങ്ങിയിട്ടുള്ള വാർത്തകളാണ് ഇന്ന് പ്രമുഖ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പൊതുപ്രശ്നങ്ങളിൽ യോജിച്ച നിലപാടുണ്ടോ? സമീപകാലത്ത് ഒട്ടേറെ പ്രശ്നങ്ങളിൽ ഈ പൊരുത്തക്കേടുകൾ നമുക്ക് കാണാം. എന്റെ മണ്ഡലത്തിൽനിന്ന് ഉയർന്നുവന്നതും സാർവദേശീയ പ്രാധാന്യത്തോടുകൂടി മാധ്യമങ്ങൾ അവതരിപ്പിച്ചതുമായ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് 'മുനമ്പം ഭൂപ്രശ്നം' . എന്താണ് കോൺഗ്രസിന്റെയും ലീഗിന്റെയും നിലപാടുകൾ; കോൺഗ്രസിന്റെ

ശ്രീ. വി. ഡി. സതീശൻ സ്വീകരിച്ച നിലപാടിൽനിന്ന് വ്യത്യസ്തമായ നിലപാടാണ് ലീഗ് നേതൃത്വം അവലംബിച്ചത്. വഖഫ് ഭൂമിയാണ് മുനമ്പത്തുള്ളത് എന്ന നിലപാടല്ലേ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ആദ്യം സ്വീകരിച്ചത്. പിന്നീട് ലീഗിന്റെ സംസ്ഥാന പ്രവർത്തക സമിതി യോഗശേഷം നിലപാടിൽ മാറ്റം വന്നില്ലേ; ജൂഡീഷ്യൽ കമ്മീഷൻ നിലപാട് വരുന്നതുവരെ മൗനം പാലിക്കാനാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ലീഗിനും രണ്ട് അഭിപ്രായമാണ്. കോൺഗ്രസിന്റെ നിലപാടുകളുമായി ഇതെല്ലാം പൊരുത്തപ്പെടുന്നതാണോ; അത് യഥാർഥത്തിൽ അവിടെ നടക്കുന്ന സമരത്തിന് ഇന്ധനം പകരുകയല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉൾപ്പെടെ ബന്ധപ്പെട്ട മൂന്ന് വകുപ്പുമന്ത്രിമാർ ഉന്നതതലയോഗം ചേർന്ന് ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ജൂഡീഷ്യൽ എൻക്വയറി കമ്മീഷനെ നിശ്ചയിക്കുകയുണ്ടായി. അവിടെ 610-ഓളം വരുന്ന കുടുംബങ്ങൾ, നികുതിയടച്ച് അവകാശം സംരക്ഷിച്ചുപോരുന്ന ജനങ്ങൾക്ക് അവരുടെ അവകാശം സംരക്ഷിക്കാൻ നിയമപരമായ പരിരക്ഷ നൽകുന്നതിനാണ് ടേംസ് ഓഫ് റഫറൻസിൽ ഫസ്റ്റ് പരിഗണന നൽകികൊണ്ട് ജൂഡീഷ്യൽ കമ്മീഷനെ നിശ്ചയിച്ചിട്ടുള്ളത്. ആ പ്രശ്നത്തോടുകൂടി സമരം

അവസാനിക്കേണ്ടതിനുപകരം പ്രസ്തുത സമരത്തിന് പല രൂപങ്ങളും ഭാവങ്ങളും നൽകി അതിനെ പ്രോത്സാഹിപ്പിക്കുകയല്ലേ കോൺഗ്രസ്സ് നേതൃത്വം ചെയ്തിട്ടുള്ളത്. അതുപോലെതന്നെ ആ സമരത്തിന് സാർവദേശീയമായ മാനം കൈവന്നിരിക്കുന്നു. 'കാസ'യെയും ബി.ജെ.പി.-യെയും പോലുള്ള സംഘടനകളും വിദേശത്തുനിന്ന് അഡ്മിനായി പ്രവർത്തിക്കുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകളെല്ലാം 1957 മുതൽ നിലവിൽവന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കാനും സർക്കാർ വിരുദ്ധ വികാരമുണ്ടാകാനും 1959-ലെ വിമോചന സമരകാലത്ത് രൂപപ്പെട്ടതുപോലെ സർക്കാരിനെതിരെ അദൃശ്യമായ മഴവിൽ സഖ്യം രൂപപ്പെടുത്താനുമുള്ള ഗൂഢാലോചനകൾ നടത്തുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

(തുടരും)

P-22-01-2025 MR-AN -2 1.10 -1.20

(ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ... തുടർച്ച)

ആ പ്രക്ഷോഭത്തിന് ഇന്ധനം പകരുന്ന നിലപാടാണ് കോൺഗ്രസ് നേതൃത്വം ഇപ്പോൾ സ്വീകരിക്കുന്നത്. അവരുടെ 'മനുഷ്യച്ചങ്ങല' പരിപാടിയിലാണെങ്കിലും ഇപ്പോൾ നിയമസഭയിലേയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള മാർച്ചിലാണെങ്കിലും കോൺഗ്രസ് നേതൃത്വത്തിന് മാറി നിൽക്കാൻ

കഴിയുമോ; ഒരിക്കലും കഴിയില്ല..... കരം അടച്ച് അവിടെയുള്ളവർക്ക് അവകാശം സ്ഥാപിക്കുന്ന ഒരു നിലപാട് എം.എൽ.എ. എന്ന നിലയിൽ എന്റെകൂടി ഇടപെടലിന്റെ ഭാഗമായി വന്നപ്പോൾ അതിനെതിരായി അത് വഖഫ് ഭൂമിയാണെന്നും നികുതി അടയ്ക്കാനുള്ള അവകാശം നൽകരുതെന്നും ആവശ്യപ്പെട്ട് സബ്മിഷൻ കൊണ്ടുവന്നത് യു.ഡി.എഫ്.-ന്റെ ഭാഗമായിട്ടുള്ള ലീഗ് അംഗം ശ്രീ. കെ. പി. എ. മജീദ് അല്ലേ? അപ്പോൾ ഇരട്ടത്താപ്പ് നയമാണ് കാണിക്കുന്നത്. പുറത്ത് മാധ്യമങ്ങളുടെ മുമ്പാകെ പത്ത് മിനിറ്റുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുമെന്നുള്ള പ്രചാരണമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ വ്യത്യസ്തമായ അഭിപ്രായങ്ങളാണ് മുന്നണിക്കകത്തുള്ളതെന്ന് കാണാൻ കഴിയും. അതുപോലെതന്നെ നയപ്രഖ്യാപനത്തിൽ വളരെ പ്രധാനപ്പെട്ട ചില മേഖലകൾ, വ്യവസായത്തിന്റെയും തുറമുഖത്തിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയുമെല്ലാം മേഖലകളിൽ നയപ്രഖ്യാപനം ഉയർത്തിപ്പിടിക്കുന്ന ചില സമീപനങ്ങളുണ്ട്. അതിനെ ഞാൻ പിന്തുണയ്ക്കുകയാണ്. വ്യവസായം, തുറമുഖ വികസനം പോലുള്ള മേഖലകളിൽ നവകേരള നിർമ്മിതി സങ്കൽപ്പങ്ങളോട് ചേർന്നുനിൽക്കുന്നവയാണ് ആശയങ്ങൾ. ഈ നിർദ്ദേശങ്ങളെല്ലാം

സ്വാഗതാർഹമാണ്. തുറമുഖത്തിന്റെ കാര്യമെടുത്താൽ, സമുദ്ര മേഖലയിലെ മികവിന്റെ ഹബ്ബാക്കി കേരളത്തെ മാറ്റാനുള്ള സർക്കാരിന്റെ കാഴ്ചപ്പാടിനെ അഭിനന്ദിക്കുന്നു. ഈ മേഖലയിലെ വികസനത്തിന്റെ പ്രധാന നാഴികക്കല്ലാണ് വിഴിഞ്ഞം തുറമുഖം. അതുപോലെ സമ്പന്നമായ തുറമുഖ സംസ്കാരം നിലനിൽക്കുന്ന കൊച്ചിയുടെ സ്ഥാനം താഴേയ്ക്ക് പോകാൻ ഇടവരരുത്. കൊച്ചി തുറമുഖത്തിന്റെയും സ്വകാര്യ മേഖലയിലാണെങ്കിലും ഡി.പി. വേൾഡിന്റെയും സാധ്യതകളെ പൂർണ്ണമായും വിനിയോഗിക്കാൻ നമുക്ക് കഴിയണം. ഡി.പി. വേൾഡും അനുബന്ധ റോഡ് കണക്ടിവിറ്റിയും റെയിൽ കണക്ടിവിറ്റിയും വന്നതിനെത്തുടർന്ന് തീരദേശപരിപാലന നിയമവും തണ്ണീർത്തട നിയമങ്ങളും സൃഷ്ടിച്ച പ്രയാസങ്ങൾ മുളവുകാട് പഞ്ചായത്തിന്റെ വികസനത്തെയാകെ മുരടിപ്പിക്കുകയും സ്തംഭിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ജനങ്ങളും പ്രത്യേകിച്ച് ചെറുകിട ഭൂവുടമകളും വലിയ പ്രയാസത്തിലാണ്, ഒരു അന്ധരാള ഘട്ടത്തിലാണവർ. കൊച്ചിയിലെ സുസ്ഥിരനഗര വികസന പദ്ധതിയിൽ ഈ പ്രദേശം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്രയുംവേഗം എസ്.പി.വി. രൂപീകരിച്ചും സി.ഇ.ഒ.-യെ നിശ്ചയിച്ചും പദ്ധതി എത്രയുംവേഗം നടപ്പാക്കാൻ മുൻകൈ എടുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ലോജിസ്റ്റിക്

പാർക്കുകൾക്കും മറ്റും ഇവിടെ ഭൂമി വിനിയോഗിക്കാവുന്നതാണ്. സമുദ്ര മേഖലയുടെ സാധ്യതകൾ വിനിയോഗിക്കുന്നതിന്റെ ഭാഗമായി മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ വൈപ്പിൻ മണ്ഡലത്തിൽ എടവനക്കാട് ഒരു ഇൻഡസ്ട്രിയൽ പോർട്ട് സ്ഥാപിക്കാൻ മുൻകൈ എടുക്കണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. അതിനുവേണ്ടിയുള്ള സാധ്യതാപഠനം ഉടൻ നടത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദി പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

(ശ്രീ. എച്ച്. സലാം)

P-22-01-2025 MR-AN -2 1.10 -1.20

<u>ശ്രീ. എച്ച്. സലാം:</u> സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് പ്രിയപ്പെട്ട ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ വികസന പുരോഗതിയെക്കുറിച്ചും ഭാവി കാഴ്ചപ്പാടിനെക്കുറിച്ചുമെല്ലാം സംശുദ്ധമായി നയപ്രഖ്യാപനത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. കണ്ണുതുറന്ന് കാണുന്നവർക്കും നന്നായി ചിന്തിക്കുന്നവർക്കുമെല്ലാം ഈ ഗവൺമെന്റ് നമ്മുടെ കാലത്തിന് അനുയോജ്യമായി മുന്നോട്ടുപോകുന്ന മികച്ച സർക്കാരാണെന്ന് കൃത്യമായി

പറയാൻ കഴിയും. കേരളത്തിലെ ഐ.എ.എസ്. ഓഫീസർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് സമീപകാലത്ത് പറഞ്ഞ ചില കാര്യങ്ങൾ... 'വൻകിട പദ്ധതികളെല്ലാം കടലാസ്സിൽ ഒതുങ്ങുന്ന കാലം കേരളജനത ഇന്ന് മറന്നിരിക്കുകയാണെന്ന് നമുക്ക് പറയാൻ സാധിക്കും. അസാദ്ധ്യമായി തോന്നിപ്പിക്കുന്ന അനേകം ബൃഹത്പദ്ധതികളെ യാഥാർഥ്യമാക്കാനുള്ള ശ്രീ. പിണറായി വിജയന്റെ ദൃഢനിശ്ചയവും ഇച്ഛാശക്തിയും മാർഗദർശനവും നമുക്കൊരു മാതൃകയാണ്. കേരള ചരിത്രം കരുത്തുറ്റ വികസന നായകൻ എന്ന് വിലയിരുത്താൻ പോകുന്ന മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ' എന്നാണ്. ഇതുപറഞ്ഞത് സി.പി.ഐ.(എം)-ന്റെയോ സി.പി.ഐ.-യുടെയോ സംസ്ഥാന സെക്രട്ടറിമാരല്ല, കേരളത്തിലെ ശ്രദ്ധേയായിട്ടുള്ള ദിവ്യ എസ്. അയ്യർ ഐ.എ.എസ്. ആണ്. പ്രിയപ്പെട്ട ശ്രീ. കെ. എസ്. ശബരീനാഥിന്റെ ഭാര്യ കൂടിയായ ഈ ഐ.എ.എസ്. ഓഫീസറാണ് കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് ഇത് പറഞ്ഞത്. കേരളത്തിലെ സാമൂഹിക ജീവിതക്രമത്തിൽ ഈ ഗവൺമെന്റ് എത്രമാത്രം നന്നായി മുന്നോട്ടുപോകുന്നു, അതിന് ഇത്ര ഭംഗിയായി നേതൃത്വം കൊടുക്കുന്ന ആളായി മുഖ്യമന്ത്രി മാറിയിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് അവർ ഇങ്ങനെ പറഞ്ഞത്. രാവിലെ ശ്രീ. പി.

സി. വിഷ്ണുനാഥ് സംസാരിക്കുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് കവിത എഴുതിയതിനെക്കുറിച്ച് ആക്ഷേപിച്ച് പറഞ്ഞു. കേരളത്തിന്റെ പ്രതിപക്ഷനേതാവിനെക്കുറിച്ച് ആരെങ്കിലും കവിത എഴുതുമോ? ഈ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കറോട് കൈചൂണ്ടി ഷൗട്ട് ചെയ്യുന്നയാളെക്കുറിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് മോശമായി സംസാരിക്കുന്നയാളെക്കുറിച്ച്, പാർട്ടിക്കകത്തുതന്നെ മുതിർന്നവരോടുപോലും ധാർഷ്ട്യത്തോടെ പെരുമാറുന്നയാളെക്കുറിച്ച്, ധാർഷ്ട്യത്തിന്റെ പ്രതിരൂപമായി നിൽക്കുന്ന ശ്രീ. വി. ഡി. സതീശനെക്കുറിച്ച് കേരളത്തിൽ ആരെങ്കിലും കവിത എഴുതുമോ? ശ്രീ. കെ. സുധാകരനെക്കുറിച്ച് കവിത എഴുതുമോ? കേരളത്തിലെ മുഖ്യമന്ത്രിയെക്കുറിച്ച് എഴുതാൻ അത്യാവശ്യം പറ്റുന്നവരൊക്കെ എഴുതും. ഞാൻ എഴുതിയിട്ടുണ്ട്. മുഖ്യമന്ത്രിയെക്കുറിച്ച് ആരാധ്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ച്, ബാലഭാസ്കറിനെക്കുറിച്ച്, ഗൗരി ലങ്കേഷിനെക്കുറിച്ചെല്ലാം എനിക്ക് പറ്റുന്ന പോലെ ഞാനും എഴുതിയിട്ടുണ്ട്. പ്രളയകാലത്തിന്റെ സന്ദർഭത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി വലിയ മലയെപ്പോലെ ആ പ്രളയത്തിൽ നിന്ന് കേരളത്തെ രക്ഷപ്പെടുത്താൻ വേണ്ടി ഒരു കവചം പോലെ നിലകൊണ്ട സമയത്ത് കേരളത്തിലെ കരുത്തനായ മുഖ്യമന്ത്രിയെക്കുറിച്ച് ആരും

എഴുതിപോകില്ലേ; അത്തരമൊരു സന്ദർഭത്തിൽ ഒരു വ്യക്തിയെക്കുറിച്ചോ സംഭവത്തെക്കുറിച്ചോ അല്ലെങ്കിൽ ഒരു സംഭവത്തെ അതിജീവിക്കാൻ കഴിയുന്ന കരുത്തിനെക്കുറിച്ചോ നമ്മൾ എഴുതും. അതിന് പ്രയോഗിക്കാൻ കഴിയുന്ന ഏറ്റവും മനോഹരമായ എന്തുണ്ടോ അതെല്ലാം പ്രയോഗിക്കപ്പെടും അങ്ങനെയാണ് എഴുതുന്നത്. ഞാൻ എഴുതിയ കവിതയുടെ രണ്ട് വരി ഞാൻ പാടാം.

"ശിഖരങ്ങൾ മുറിയാത്ത മലയാണ് നീ
നീരുറവ വറ്റാത്ത പുഴയാണ് നീ
ശിഖരങ്ങൾ മുറിയാത്ത മലയാണ് നീ
നീരുറവ വറ്റാത്ത പുഴയാണ് നീ
തളരും മനുഷ്യന്റെ കരളിന്റെയുള്ളിലെ
അണയാതെ തെളിയും വിളക്കാണ് നീ"

കേരളത്തിലെ തളർന്നുപോകുന്ന മനുഷ്യന്റെ മനസ്സിലെ അണഞ്ഞുപോകാത്ത വിളക്കായി കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രിയെ ഒരുപാട് സന്ദർഭങ്ങളിൽ കേരളം കണ്ടിട്ടുണ്ട്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ പുതിയതായി വന്നയാളാണല്ലോ; ദയവുചെയ്ത് നിങ്ങൾ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശന്റെ ക്ലാസ്സിൽ പോയി ഇനിയും ഇരിക്കരുത് എന്നൊരു അഭ്യർഥന മാത്രമേ അദ്ദേഹത്തോട് എനിക്ക് പറയാനുള്ളൂ. ദീർഘമായി

ഞാൻ പറഞ്ഞുപോകുന്നില്ല. ഇവിടെ പ്രിയപ്പെട്ട ശ്രീ. രമേശ് ചെന്നിത്തലയും പ്രതിപക്ഷനേതാവും ഇപ്പോൾ ഈ സഭാവേദിയെ കോൺഗ്രസ്സിനകത്തെ ചക്കളത്തിപോരാട്ട വേദിയാക്കി മാറ്റുകയാണ്; തമ്മിൽത്തമ്മിൽ മത്സരിക്കാൻ വേണ്ടിയുള്ള രീതിയാക്കി മാറ്റുകയാണ്. സമീപകാലത്ത് നമ്മുടെയെല്ലാം ശ്രദ്ധയിലേക്ക് വന്ന പതിനഞ്ചാം കേരള നിയമസഭയിലെ രാഷ്ട്രീയ വഞ്ചനയുടെ പ്രതിരൂപമായ സാക്ഷാൽ ശ്രീ. പി. വി. അൻവർ എങ്ങനെ ടി.എം.സി.-യിൽ പോയതെന്ന് ആർക്കും പിടികിട്ടിയിട്ടില്ല. ഒരാൾക്കുമാത്രം അറിയാം, എങ്ങനെ പോയി എന്ന കാര്യം ഒരാൾക്ക് മാത്രമറിയാം. ശ്രീ. രമേശ് ചെന്നിത്തല യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യ പ്രസിഡന്റ് ആയിരിക്കുമ്പോൾ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായിരുന്നു ബംഗാൾ മുഖ്യമന്ത്രി ശ്രീമതി മമതാ ബാനർജി. കേരളത്തിലെ കോൺഗ്രസ്സിന്റെയുള്ളിലെ പൊളിറ്റിക്സിന്റെ ഭാഗമായി ഒരു ഘട്ടത്തിൽ ശ്രീ. രമേശ് ചെന്നിത്തലയെ ചവിട്ടിത്തള്ളി മുന്നിലേയ്ക്ക് കടന്നിരുന്ന ശ്രീ. വി. ഡി. സതീശനെ വീണ്ടും ചവിട്ടി പുറകോട്ട് തള്ളാൻ വേറെ വഴിയൊന്നും കാണാതെ വന്നപ്പോൾ ശ്രീ. പി. വി. അൻവറിനെ ഇപ്പോൾ കൂട്ടിയിരിക്കുകയാണ്. മലബാർ മേഖല എന്തോ സംഭവമാണെന്ന് ഇദ്ദേഹം പറഞ്ഞുവച്ചിരിക്കുകയാണ്. അവിടുന്ന് ഒരു അറുപത് സീറ്റ്....

ടി.എം.സി.-യുടെ സംസ്ഥാന പ്രസിഡന്റ് കഴിഞ്ഞദിവസം നടത്തിയ പ്രസ്താവനയാണ് ഞാൻ ഈ പറയുന്നത്. ഒരാളും മിണ്ടിയിട്ടില്ല. ഈ ബന്ധം പറഞ്ഞാണ്, ശ്രീ. രമേശ് ചെന്നിത്തലയെ മുഖ്യമന്ത്രിയാക്കണം, വടക്കുനിന്ന് കുറെ സീറ്റുകൾ ഞങ്ങൾക്ക് വാങ്ങിച്ചുകൊടുക്കാൻ പറ്റും, അദ്ദേഹത്തെ ക്യാബിനറ്റ് മന്ത്രിയാക്കും. ഇതാണ് പാക്കേജ്. ആരു പറഞ്ഞാണ്? ടി.എം.സി.-യുടെ സംസ്ഥാന പ്രസിഡന്റായിട്ടുള്ള ആൾ പരസ്യമായി പറഞ്ഞ കാര്യമാണ്. ഇങ്ങനെയുള്ള ഏർപ്പാടുകളെല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ ഇവിടെ വന്ന് കോൺഗ്രസ്സിനകത്ത് യോഗ്യത നിർണ്ണയിക്കാൻ ശ്രീ. പിണറായി വിജയനെ ചീത്ത പറഞ്ഞാൽ അധികം പറയുന്നതാരോ അവരെ നേതാവാക്കുമെന്ന് വിചാരിച്ചിരിക്കുകയാണോ? അതുകൊണ്ടാണോ ശ്രീ. രമേശ് ചെന്നിത്തല ഇങ്ങനെയൊക്കെ പറയുന്നത്. അദ്ദേഹം എന്തെല്ലാമാണ് പറയുന്നത്. മറ്റേ അദ്ദേഹം എന്തൊക്കെയാണ് പറയുന്നത്. ഇന്നലെ ഇവിടെ ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. പറഞ്ഞു, ബഹു. സ്പീക്കറോട് പറഞ്ഞതെങ്ങനെയാണെന്നും എന്തുപെരുമാറ്റമാണ് നടത്തിയതെന്നും. തെമ്മാടിത്തരം കാണിക്കുമോ എന്നല്ലേ ചോദിച്ചത് ഈ സഭയിൽ, സഭാരേഖയിലുണ്ടോ അദ്ദേഹം പറഞ്ഞ കാര്യം, പേപ്പർ വലിച്ച് ദൂരേയ്ക്കെറിയുകയല്ലേ; എന്നിട്ട് പുറകോട്ട് മാറിയിട്ട് പുറകിലിരിക്കുന്ന

ഫ്ലോറത്തെ ഇറങ്ങി ഡയസ്സിനടുത്തേയ്ക്ക് വരാൻ പറയുകയാണ്. കൈചൂണ്ടുന്ന ഭാവം കണ്ടാൽ....... ഒരു ജനാധിപത്യ സമൂഹത്തിന്റെ ഭാഗമായി ഇവരെയെല്ലാം എങ്ങനെ ഈ നാടിന് അംഗീകരിക്കാൻ കഴിയും? ഈ സഭാവേദിയിൽ ഇതുപോലുള്ള മോശത്തരം കാണിക്കാൻ ഉപയോഗപ്പെടുത്തുന്ന രീതികൾ കാണാൻ സാധിക്കും. ഇവിടെ ബ്രൂവറിയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നല്ല പരിചയമുണ്ട്, കർണാടകത്തിൽ നല്ല പരിചയമുള്ളയാളാണ്. പലപ്പോഴും കർണാടക, മഹാരാഷ്ട്ര പോലുള്ള സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തിന് എ.ഐ.സി.സി.-യുടെ ചാർജ് കിട്ടാറുണ്ട്. സ്ഥാനാർത്ഥി നിർണയ സമയത്ത് സ്ഥാനാർത്ഥി പട്ടികയിൽ വരണമെങ്കിൽ തന്നെ ലക്ഷങ്ങൾ ഫീസ് കൊടുക്കണം. അതാണ് അവിടത്തെ കോൺഗ്രസ്, ഫീസ് കൊടുത്താൽ മാത്രം പോരാ, ചാർജുകാരനെ പോയി പ്രത്യേകം കാണുകയും വേണം. പലപ്പോഴും ഇവിടെ നിന്ന് പല ആൾക്കാരും ചാർജ്ജായി പോകുന്നത് മഹാരാഷ്ട്ര, കർണ്ണാടക പോലുള്ള സ്ഥലത്താണ്. എവിടെ നിന്നാണ് ഈ പൈസ? അവിടെയെല്ലാമുള്ള ഈ പറയപ്പെട്ട മദ്യ വ്യവസായവുമായി ബന്ധപ്പെടുന്ന വ്യവസായികളുമായി കോൺഗ്രസ്സ് പാർട്ടിക്കുള്ള അഭേദ്യമായ ബന്ധം, ആ ബന്ധം വളർന്നുവന്ന്

കേരളത്തിലേയ്ക്ക് കടന്നുവരുന്ന ഈ ബന്ധം ഏതെല്ലാം തരത്തിലുള്ളതാണെന്ന് ആലോചിച്ചുനോക്കിയാൽ മതി. കോൺഗ്രസ്സിൽ പഴയ സന്ദർഭത്തിൽ, തലേദിവസം ശ്രീ. രമേശ് ചെന്നിത്തലയ്ക്കൊപ്പം ഭൂരിപക്ഷമുണ്ടായിരുന്ന എം.എൽ.എ.-മാരിൽ കുറച്ചാളുകൾ ഒരു രാത്രി കഴിഞ്ഞ് പിറ്റേദിവസം നേരം പുലർന്നപ്പോൾ അവിടുന്ന് ചാടി ഇപ്പുറത്ത് പോയി പ്രതിപക്ഷനേതാവിനെ മാറ്റിയെടുത്ത ഒരു സ്ഥിതിയുണ്ട്. നാലാംവർഷത്തിലേക്ക് കടക്കുമ്പോൾ ഇപ്പോൾ ബാറ്റണുമായി ഓടുകയാണ്. അവസാനത്തെ ഓട്ടമാകുമ്പോൾ ഇത്തിരി വേഗത്തിൽ ഓടണമെന്ന വിചാരത്തിൽ ഈ സഭയിൽ വന്ന് പുകമറ ഉണ്ടാക്കിയതല്ലാതെ അടിസ്ഥാനപരമായി വസ്തുതാപരമായി എന്തെങ്കിലും പറഞ്ഞോ? (തുടരും......)

P 22-01-2025 RJ-AN (3) 1.20-1.30

(ശ്രീ. എച്ച്. സലാം തുടർച്ച.....)

ബ്രൂവറിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും മന്ത്രിമാർ, ഈ ഭരണത്തിന്റെ ഭാഗമായി ആരെങ്കിലും ഒരു അനാവശ്യം കാണിച്ചെന്ന് പറയാനുണ്ടോ? അതുമായി ബന്ധപ്പെട്ട് മാത്രമല്ല; ഈ ഗവൺമെന്റ് ഭരണത്തിൽ വന്നശേഷമുള്ള കാലമാകെ നിങ്ങളെടുത്ത് നോക്കൂ. വസ്തുതാപരമായി. തെളിവോടുകൂടി, ഈ കേരളത്തിന് വിശ്വസിക്കാൻ പാകത്തിൽ കേരളം

ഭരിക്കുന്ന മുഖ്യമന്ത്രി മുതൽ ഞങ്ങളുടെ മന്ത്രിമാരിൽ ഏതെങ്കിലും ഒരാൾ പത്ത് രൂപയുടെ അനാവശ്യം കാണിച്ചുവെന്ന് തെളിയിക്കാൻ ഈ കേരളത്തിൽ എട്ടുവർഷക്കാലംകൊണ്ട് നിങ്ങൾക്ക് സാധിച്ചോയെന്ന കാര്യം നിങ്ങൾതന്നെ പരിശോധിച്ചാൽ മതി; അങ്ങനെ പറയാൻ കഴിയുമോ? എട്ടുകൊല്ലക്കാലം കേരളം പുറകോട്ടു പോയോ? ഈ നാടിന്റെ ജീവിതം നിങ്ങൾ നോക്കൂ. ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയുണ്ട്. അതിനെത്തുടർന്ന് ഈ കേരളത്തിലുണ്ടായ വ്യത്യാസമില്ലേ; ഒരോ വകുപ്പിലും മാറ്റങ്ങളുണ്ടായില്ലേ? കൃത്യമായി പെൻഷൻ കൊടുക്കുകയാണ്. ഗഡുക്കളായി കുടിശ്ശിക കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. നാളെ മുതൽ രണ്ടുഗഡു പെൻഷൻ 3200/- രൂപ പെൻഷൻകാരുടെ കൈകളിലെത്തുന്നതാണ്. കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന രംഗത്തുണ്ടായ മാറ്റം, തൊണ്ണൂറായിരം കോടി രൂപയുടെ കിഫ്ബി പദ്ധതി, പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമായുണ്ടായിട്ടുള്ള നേട്ടം, അറുപത് ശതമാനം റോഡുകൾ ബി.എം.&ബി.സി.-ആയി മാറിയ കേരളം, നൂറു പാലങ്ങൾ മൂന്നുവർഷംകൊണ്ട് പൂർത്തിയാക്കിയ കേരളം, ഇന്ത്യയിൽ രണ്ടുവർഷക്കാലം (2022, 2023) ഏറ്റവും കൂടുതൽപേർക്ക് സൗജന്യമായി ചികിത്സ നൽകിയ കേരളം; അതാണ് ഈ കേരളം. കഴിഞ്ഞവർഷം ഇന്ത്യയിൽ ഏറ്റവും കൂടുതൽ

ആളുകൾക്ക് സൗജന്യമായി ചികിത്സ നൽകിയ ഇൻസ്റ്റിറ്റ്യൂഷൻ എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മെഡിക്കൽ കോളേജാണെന്ന കാര്യത്തിൽ എനിക്ക് അഭിമാനമുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മുകളിലേയ്ക്ക് നോക്കിയാൽ ഇതുകാണാൻ കഴിയും. വ്യവസായ രംഗത്ത് 28-ാം സ്ഥാനമായിരുന്ന കേരളം 15-ാം സ്ഥാനത്തേയ്ക്കും നിലവിൽ 1-ാം സ്ഥാനത്തേയ്ക്കും എത്തിയിരിക്കുന്നു. ഭാവിയിലേയ്ക്ക് കേരളം ചുവടുവയ്ക്കപ്പെടുമ്പോൾ, അങ്ങനെ മാറ്റപ്പെടുന്ന കേരളത്തിൽ ഏറ്റവും മികച്ച നിലയിലേയ്ക്ക് ഈ നാടിനെ മുന്നോട്ടു കൊണ്ടുപോകാൻ പരിശ്രമിക്കുന്ന ഗവൺമെന്റാണിത്. വിദ്യാഭ്യാസ വകുപ്പിന്റെ കാര്യം പരിശോധിച്ചാൽ, നിങ്ങൾ ഭരണത്തിലായിരുന്ന കാലത്ത് സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ചു. ഇപ്പോൾ  സ്കൂളുകൾ പൂട്ടുകയാണോ? എന്നാൽ കേരളത്തിൽ നൂറുകണക്കിന് സ്കൂളുകൾ കോടാനുകോടി രൂപ മുടക്കി നിർമ്മിച്ച് പുതിയ തലത്തിലേയ്ക്ക് ഏറ്റവും മനോഹരമായ നിലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഏതു വകുപ്പു നോക്കിയാലും  ഇങ്ങനെ പറയാൻ കഴിയും. കേരളത്തിൽ മൂന്നരലക്ഷം പട്ടയങ്ങൾ നൽകി, എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാവർക്കും വീട്,  ഈ വർഷം പൂർത്തിയാകുമ്പോൾ അഞ്ചുലക്ഷംപേർക്ക് വീടാകും. കേരള ചരിത്രത്തിൽ ആദ്യമായി ഇത്രയുംപേർക്ക് പട്ടയം നൽകിയതും, വീട്

നൽകിയതും പെൻഷൻ നൽകിയതും റോഡ് പണിതതും പാലങ്ങൾ പണിതതുമായ ഗവൺമെന്റ് വേറെയുണ്ടോ? ഞങ്ങൾ എവിടെയാണ് ഈ കേരളത്തെ പുറകോട്ട് കൊണ്ടുപോയത്? ആ നയപ്രഖ്യാപനം നോക്കിയാൽ കൃത്യമായി മനസ്സിലാകും.

ചെയർപേഴ്സൺ: പ്ലീസ്...പ്ലീസ്....അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. എച്ച്. സലാം: സർ, ഈ കേരളം കടന്നുവന്ന മുന്നോട്ടുള്ള വഴിയും ഭാവിയിലേയ്ക്കുള്ള യാത്രയും കൃത്യമായി രേഖപ്പെടുത്തപ്പെടുന്ന നയപ്രഖ്യാപനത്തെയും നന്ദി പ്രമേയത്തെയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

(ശ്രീ. മാത്യു ടി. തോമസ്)

P 22-01-2025 RJ-AN (3) 1.20-1.30 bc

ശ്രീ. മാത്യു ടി. തോമസ്: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തി ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. രണ്ടാം പിണറായി സർക്കാർ ഏതാനും മാസങ്ങൾക്കുള്ളിൽ അതിന്റെ അവസാനവർഷത്തിലേയ്ക്ക് കടക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് തുടർഭരണം

സമ്മാനിച്ച തിരഞ്ഞെടുപ്പായിരുന്നു 2021-ൽ നടന്നത്. 2026-ൽ വീണ്ടും എൽ.ഡി.എഫ്. അധികാരത്തിൽ വരുമെന്ന പ്രതീതി പൊതുവെ രൂപപ്പെട്ട് വരുന്നതിന്റെ പ്രതിഫലനമാണ് അടുത്ത പ്രതിപക്ഷനേതാവെന്ന സ്ഥാനം നേടിയെടുക്കുവാൻ യു.ഡി.എഫ്.-ൽ പ്രത്യേകിച്ച്, കോൺഗ്രസിൽ ഇപ്പോൾതന്നെ മത്സരം ആരംഭിച്ചിരിക്കുന്നത്. ആ മത്സരത്തിന് അടുത്ത മുഖ്യമന്ത്രി ആരാണെന്നുള്ള പേരാണ് ഇട്ടിരിക്കുന്നത്. കഴുതക്കുട്ടിയുടെ പുറത്ത് ഓട്ടം നടത്തിയശേഷം കുതിരപ്പന്തയമാണെന്ന് പേരിട്ട് വിളിക്കുന്നതുപോലുള്ള അനുഭവമാണ് അടുത്ത മുഖ്യമന്ത്രി ആരെന്ന് പറഞ്ഞ് പ്രതിപക്ഷത്ത് ഇപ്പോൾ നടക്കുന്ന ഈ മത്സരം. ആ മത്സരത്തിന്റെ ഭാഗമായാണ് ഇപ്പോൾ ഒരു അസഹിഷ്ണുതയുണ്ടായിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി എട്ട് കൊല്ലത്തിലധികം ഭരിച്ചശേഷവും ഒരു അഴിമതി ആരോപണവും ഗൗരവമായി ഉന്നയിക്കാൻ നിങ്ങൾക്ക് കഴിയാത്തതുകൊണ്ട് ഇപ്പോൾ മത്സരിച്ച് ഉന്നയിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതിനുവേണ്ടി പ്രതിപക്ഷനേതാവും മുൻപ്രതിപക്ഷനേതാവും നടത്തുന്ന മത്സരം, ഞാൻ മുമ്പേ പറഞ്ഞപോലെ, കഴുതപ്പുറത്ത് നടത്തുന്ന കുതിര പന്തയത്തിന്റെ ഭാഗമായാണ്. 2011 മുതൽ 2016 വരെയുള്ള ഗവൺമെന്റിന്റെ ഭരണകാലത്ത്, പ്രതിപക്ഷത്തായിരുന്ന ഞങ്ങളുടെ

ബാലുശ്ശേരി എം.എൽ.എ., പുരുഷൻ കടലുണ്ടി അന്നത്തെ മുഖ്യമന്ത്രിയോട് നക്ഷത്ര ചിഹ്നമിടാത്ത ഒരു ചോദ്യം ചോദിച്ചത് ഞാൻ ഓർമിക്കുന്നു. അന്നത്തെ യു.ഡി.എഫ്. മന്ത്രിസഭയിൽ അഴിമതി ആരോപണത്തിന് വിജിലൻസ് അന്വേഷണം നേരിടാത്ത മന്ത്രിമാർ ആരെല്ലാം എന്നായിരുന്നു ആ ചോദ്യം. വിജിലൻസ് അന്വേഷണം നേരിടാത്തവരുണ്ടായിരുന്നു. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അദ്ദേഹം വളരെ കൗശലത്തോടെ ചോദിച്ച ചോദ്യം, 'അഴിമതി ആരോപണത്തിന് അന്വേഷണം നേരിടാത്ത മന്ത്രിമാർ ആരൊക്കെ' എന്നാണ്. രണ്ടുമൂന്ന് പേരുകൾ പറഞ്ഞാൽ മോശമാണ്. ബാക്കിയെല്ലാവരും അഴിമതിക്കാരാണെന്ന് വരില്ലേ; അതുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി കൊടുത്ത മറുപടി; 'വിവരം ശേഖരിച്ചുവരുന്നു, പിന്നാലെ അറിയിക്കുന്നതാണ്' എന്നാണ്. ആ ഗവൺമെന്റ് അധികാരത്തിൽനിന്നും പോകുന്നതുവരെ ആ ചോദ്യത്തിന് മറുപടി ലഭിച്ചിട്ടില്ലെന്നതാണ് യാഥാർഥ്യം. ആ പ്രശ്നമാണ് ഇന്ന് ഇവിടത്തെ പ്രതിപക്ഷത്തെ ബുദ്ധിമുട്ടിക്കുന്നത്. ഈ നാട്ടിൽ ജനങ്ങൾക്ക് ബോധ്യപ്പെടുന്ന രീതിയിൽ ഒരു അഴിമതി ആരോപണം ഉന്നയിക്കാൻ കഴിയുന്നില്ല. എന്തായിരുന്നു കഴിഞ്ഞ കുറെ ദിവസങ്ങളായി മാധ്യമങ്ങളിലൂടെ വന്നത്? ഒന്നാം ദിവസം ബ്രൂവറി വിഷയത്തിൽ സഭ പൊട്ടിത്തെറിക്കും.

സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം വേറെ വിഷയമായിരുന്നു. രണ്ടാം ദിവസവും വിഷയം വേറെയായിരുന്നു. മൂന്നാം ദിവസം മത്സരം തുടങ്ങിയതിന്റെ ഭാഗമായി വന്നതാണ്. 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ അവസ്ഥ വളരെ പരിതാപകരമായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. ആ അവസ്ഥയിൽനിന്ന് എത്രയോ മുന്നോട്ടുപോകാൻ നമുക്ക് ഇന്ന് കഴിഞ്ഞിരിക്കുന്നു. എത്രമാത്രം നമ്മൾ മുന്നോട്ട് സഞ്ചരിച്ചിരിക്കുന്നു. ഈ വസ്തുതകൾ പൊതുസമൂഹം വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. നവകേരളമെന്ന് പറയുന്നത് വെറുമൊരു വാക്കല്ല, അടിസ്ഥാനപരമായ ചില ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ആശയമാണ്, ദർശനമാണ് നവകേരളം എന്ന ആശയം. അടിസ്ഥാന സൗകര്യങ്ങൾ/പശ്ചാത്തല സൗകര്യങ്ങൾ ഉന്നതനിലവാരത്തിൽ ക്രമീകരിച്ച് കേരളത്തിൽ അവതരിപ്പിക്കുവാൻ ഈ നവകേരളത്തിൽ കഴിഞ്ഞിരിക്കുന്നുവെന്നതാണ് അതിൽ ഏറ്റവും പ്രധാനം. അത് പിണറായി വിജയൻ സർക്കാരിന്റെ നേട്ടമാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ തുടർച്ചയായി വന്ന രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നേട്ടമാണ്. വിഭവങ്ങളുടെ അപര്യാപ്തത നമ്മുടെ വലിയ പ്രശ്നമാണ്. നികുതി നിർദേശങ്ങൾ പുതുതായി

കൊണ്ടുവരാൻ നമുക്കാകുന്നില്ല. ജി.എസ്.ടി. കൊണ്ടുവന്നിരിക്കുന്നതിലൂടെ വലിയ നികുതിചോർച്ച ഉണ്ടായിരിക്കുന്നു. പദ്ധതി വിഹിതം വെട്ടിക്കുറച്ചിരിക്കുന്നു. നമുക്ക് ധനകാര്യ കമ്മീഷൻ നൽകുന്ന അവാർഡുകൾ കുറഞ്ഞിരിക്കുന്നു. കേന്ദ്രത്തിന്റെ സഹായം ലഭിക്കുന്നില്ല. കിഫ്ബിയെന്ന സംവിധാനത്തെ പുനഃക്രമീകരിച്ചുകൊണ്ട് എൺപതിനായിരം കോടി രൂപയുടെ വികസന സംവിധാനങ്ങൾ അടിസ്ഥാനസൗകര്യ മേഖലയിൽ കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് നേരത്തെ പ്രസംഗിച്ചവർ ചൂണ്ടിക്കാണിച്ചു. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് വളരെ വേഗത്തിൽ പാലങ്ങൾ പൂർത്തിയാക്കുന്നു. നമ്മുടെ റോഡുകളെല്ലാം ബി.എം.&ബി.സി റോഡുകളാക്കി മാറ്റുന്നു. ഗ്രാമീണ റോഡുകൾ മെച്ചപ്പെടുത്താനുള്ള ഭരണാനുമതിയുണ്ടായിക്കൊണ്ടിരിക്കുന്നു. അങ്ങനെ വലിയതോതിലുള്ള മാറ്റങ്ങളിലൂടെ അടിസ്ഥാന സൗകര്യ മേഖലയെ ഉന്നത നിലവാരത്തിൽക്കൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നു. അത് ഒന്നാമത്തെയും രണ്ടാമത്തെയും പിണറായി വിജയൻ ഗവൺമെന്റിന്റെ നേട്ടമായി നാം കാണുകയാണ്. ആഗോളതലത്തിൽ സംഭവിച്ച മാറ്റങ്ങൾക്കനുസൃതമായി ചില ഇടപെടലുകൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വളരെവേഗത്തിൽ നമ്മുടെ രാജ്യം ഒരു വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് മാറുകയാണ്. അതിനെ അടിസ്ഥാനപ്പെടുത്തി ക്രമീകരണങ്ങൾ ചെയ്യാൻ കഴിയുന്നവിധം ഡിജിറ്റൽ സർവകലാശാല വന്നിരിക്കുന്നു. ഒരു വൈജ്ഞാനിക സമൂഹമായി ഈ സംസ്ഥാനത്തെ എങ്ങനെ രൂപപ്പെടുത്തിയെടുക്കാൻ കഴിയും, ആഗോളതലത്തിൽ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഒരു സ്ഥാനമുറപ്പിക്കാൻ കഴിയുമെന്ന തരത്തിലുള്ള ഇടപെടലുകൾ നമ്മൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്താൻ; അത് പ്രാഥമിക വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ എല്ലാ മേഖലകളിലും നമുക്ക് ഇടപെടാൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങൾ വന്നിരിക്കുകയാണ്.

(ശ്രീ. മാത്യു ടി. തോമസ്....തുടരും)

P 22-01-2025
SS-SO (1)
01.30- 01.40 (VR)

(ശ്രീ. മാത്യു ടി. തോമസ് - തുടർച്ച)

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഒന്നാം പിണറായി വിജയൻ

സർക്കാരിന്റെ കാലത്തെ നാല് മിഷനുകളിൽ ഒന്നായിരുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും അവലംബിക്കാൻ തക്കവണ്ണം നമ്മുടെ തലമുറയെ സജ്ജമാക്കുന്ന തരത്തിലുള്ള ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുകയാണ്. നവകേരള മിഷന്റെ പ്രത്യേകതകളാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്. ആരോഗ്യരംഗത്ത് പ്രോജ്ജ്വല നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ആർദ്രം പദ്ധതിയിലൂടെ സർക്കാർ ആശുപത്രികളെല്ലാം 2016-ലെ അവസ്ഥയിൽനിന്ന് വളരെയധികം മാറ്റമുണ്ടായിരിക്കുന്നു. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിച്ചുകൊണ്ട് ഭൂരഹിതരില്ലാത്ത സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. 4,24,800 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ 1,13,718 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നു. ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരിന്റെ കാലയളവിൽ 5,38,518 വീടുകൾ പുതിയതായി നിർമ്മിച്ചുനൽകി. അതാണ് 'നവകേരളം' . അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള പദ്ധതികൾ ആരംഭിച്ചിരിക്കുന്നു. ഏകദേശം 64,006 കുടുംബങ്ങളെയാണ് അതിദരിദ്ര കുടുംബങ്ങളായി നാം കണ്ടെത്തിയിരിക്കുന്നത്. അവർക്ക് മെച്ചപ്പെട്ട ജീവിതം സംഭാവന ചെയ്തുകൊണ്ട് സുസ്ഥിര രീതിയിൽ വികസനം കൊണ്ടുവരാനുള്ള

നടപടികളിലേക്ക് സർക്കാർ നീങ്ങിയിരിക്കുന്നു. ഇതാണ് നമ്മുടെ നവകേരളം.

'മാലിന്യ മുക്ത നവകേരളം' എന്ന ആശയം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അതിലേക്ക് സജ്ജമാക്കുവാൻ കഴിഞ്ഞ ഗവൺമെന്റാണ് കേരളത്തിൽ ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കി. ധാരാളം പുതിയ സംവിധാനങ്ങൾ കൊണ്ടുവന്നു. മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള നടപടികൾ, ജലസ്രോതസ്സുകൾ മലിനപ്പെടാതിരിക്കാനുള്ള സംവിധാനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാന്ത്വന പദ്ധതികൾ, നവകേരളത്തിൽ സർക്കാർ ലക്ഷ്യംവച്ച ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കിക്കൊണ്ട് എല്ലാവർക്കും ഇന്റർനെറ്റ് സാക്ഷരത ലഭ്യമാക്കുന്ന നടപടികൾ എന്നിവ ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ സാക്ഷരതായജ്ഞം പോലെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതുപോലെ വിവരസാങ്കേതികവിദ്യ എല്ലാവർക്കും അവലംബിക്കാൻ തക്കവണ്ണം ഡിജിറ്റൽ സാക്ഷരത എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കാൻ ' Ease of Doing Business'

നടപ്പാക്കി. ക്ഷീരോത്പാദന മേഖല സ്വയംപര്യാപ്തതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരുപക്ഷേ കേരളത്തിൽ വെള്ളപ്പൊക്കവും കോവിഡും സംഭവിച്ചില്ലായിരുന്നെങ്കിൽ നേരത്തെതന്നെ ടി മേഖലയിൽ സ്വയംപര്യാപ്തത നേടിയെടുക്കാൻ കഴിയുമായിരുന്നു. മാത്രമല്ല പച്ചക്കറി ഉല്പാദനത്തിലും സ്വയംപര്യാപ്തതയിലേക്ക് നീങ്ങാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വളരെ വ്യക്തമായി നവകേരളത്തെ സംബന്ധിച്ച് ദർശനം സംസ്ഥാനത്ത് അവതരിപ്പിക്കാനും ഫലപ്രദമായി നടപ്പാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു എന്ന നിലയിലാണ് 2026-ലെ തിരഞ്ഞെടുപ്പിലും എൽ.ഡി.എഫ്. ഗവൺമെന്റ് തന്നെ വീണ്ടും അധികാരത്തിൽ വരണമെന്ന ആഗ്രഹം ജനങ്ങൾ പ്രകടിപ്പിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിയത്. അവിടെയാണ് പ്രതിപക്ഷം ഇന്ന് വെകിളി പിടിച്ച് നെട്ടോട്ടം ഓടിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഗവൺമെന്റിനോട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന അതേ സമീപനമാണ് കേരളത്തിലെ പ്രതിപക്ഷവും സ്വീകരിക്കുന്നത്. കേരളത്തിലെ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും എങ്ങനെ തടസ്സപ്പെടുത്താൻ കഴിയുമെന്ന് കേന്ദ്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതിന് ചുവടുപിടിച്ചുകൊണ്ടാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ സമീപനവും.

അതിന്റെ ഉദാഹരണങ്ങളിലേയ്ക്ക് കടക്കാൻ സമയമില്ലാത്തതുകൊണ്ടാണ്. ഏതെല്ലാം തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളെയാണ് തടസ്സപ്പെടുത്താൻ പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. വെള്ളപ്പൊക്കവും ദുരിതങ്ങളുമുണ്ടായപ്പോൾ സഹായങ്ങൾ സ്വീകരിക്കുന്നതിനെ കേന്ദ്രവും പ്രതിപക്ഷവും ഒരുപോലെ എതിർത്തില്ലേ; ജനങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്തതിനെതിരെ കോടതികളിൽ വരെ പോയില്ലേ; ഇതാണോ ക്രിയാത്മക പ്രതിപക്ഷം എന്നുപറയുന്നത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രതിപക്ഷത്തിരുന്നവർ പറഞ്ഞു തങ്ങളെ ക്രിയാത്മകമായ പ്രതിപക്ഷമെന്ന് വിളിക്കുമെന്ന്. പക്ഷെ ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങളെ എങ്ങനെ തടസ്സപ്പെടുത്താൻ കഴിയുമെന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിപക്ഷത്തെയാണ് നമ്മൾ കാണുന്നത്. ആ നിലപാടുതന്നെയാണ് കേന്ദ്രവും സ്വീകരിക്കുന്നത്. കേന്ദ്രത്തിന്റെയും കേരളത്തിലെ പ്രതിപക്ഷത്തിന്റെയും സമീപനം ഈ ഗവൺമെന്റിന് തുല്യമാണെങ്കിൽപ്പോലും ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് ജനക്ഷേമ പദ്ധതികളും മറ്റ് വികസന പദ്ധതികളും ഫലപ്രദമായി നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിയുമെന്നുള്ളതാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

(ശ്രീ. നജീബ് കാന്തപുരം)

P 22-01-2025
SS-SO (1)
01.30- 01.40

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുകയാണ്. ആദരണീയനായ മുഖ്യമന്ത്രി ഇന്നലെ സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്റെ ചർച്ചയ്ക്കിടയിൽ ശ്രദ്ധേയമായൊരു അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി. "ഒരു മുന്നണിയുടെ ഭാഗമായി മത്സരിക്കുക, ജയിക്കുക എന്നിട്ട് വേറൊരു മുന്നണിക്കുവേണ്ടി കൂറുമാറി അപ്പുറത്തുപോകുക. ഇതൊരു ശരിയായ നിലപാടാണോ?" അദ്ദേഹം ചോദിച്ചത് വളരെ പ്രസക്തമാണ്. കൂത്താട്ടുകുളത്തെ കൂത്താട്ടത്തെകുറിച്ച് പറഞ്ഞുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഈ വാദം ഉന്നയിച്ചിട്ടുള്ളത്. ഞാൻ അദ്ദേഹത്തോട് ഒരു കാര്യം ആദരവോടെ ചോദിക്കുകയാണ്. ഇത് ഏലംകുളത്ത് ബാധകമാണോ എന്നദ്ദേഹം പറയണം. കാരണം എന്റെ നിയോജകമണ്ഡലത്തിൽ ഇതുപോലെ ഒരു പാർട്ടിയിൽനിന്ന് ജയിച്ച, ഒരു മുന്നണിയുടെ ഭാഗമായിരുന്ന ഒരു വനിതാ അംഗത്തെ നാല് വർഷത്തെ പ്രലോഭനത്തിനുശേഷം കൂറുമാറ്റുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ

അഭ്യർഥിക്കുന്നത്, അദ്ദേഹം അദ്ദേഹത്തിന്റെ പാർട്ടി പ്രവർത്തകർക്കൊരു നിർദേശം കൊടുക്കണമെന്നാണ്. അന്തസ്സുണ്ടെങ്കിൽ ആ സ്ഥാനമൊഴിഞ്ഞ് അവർ അപ്പുറത്ത് നിൽക്കാൻ തയ്യാറാകണം. ഞങ്ങൾ നാല് വർഷം ഏലംകുളത്ത് ഭരണം നടത്തിയത് ജനപിന്തുണയിലാണ്. മഹാനായ ഇ.എം.എസ്.-ന്റെ നാടാണ് ഏലംകുളം. ഏലംകുളം പഞ്ചായത്ത് സി.പി.ഐ.(എം)-ന് ജനാധിപത്യത്തിന്റെ വഴിയിൽ നേടിയെടുക്കാൻ കഴിയാതെ പോയപ്പോൾ അട്ടിമറിച്ച് പിൻവാതിലിലൂടെ ഒരു മെമ്പറെ തട്ടിക്കൊണ്ടുപോയി വല്ലാതെ കാശ് കൊടുത്ത് അവരെ മാറ്റി താമസിപ്പിച്ചു എന്നൊക്കെയാണ് നാട്ടിൽ പാട്ടായത്. അതുകൂടി പാർട്ടി അന്വേഷിച്ചാൽ മതി. ഞാൻ പറയുന്ന ഒരു സങ്കടകരമായ കാര്യം, നിങ്ങൾക്ക് മറ്റാർക്കുമില്ലാത്ത ഒരു കുഴപ്പമുണ്ട്. നിങ്ങൾക്കിഷ്ടപെട്ടാൽ നിങ്ങൾ പട്ടും വളയും കൊടുക്കും. നിങ്ങൾക്കെങ്ങാനും വെറുപ്പുണ്ടായാൽ നിങ്ങൾ പേപ്പട്ടിയാകും. ഇതല്ലേ യഥാർഥത്തിൽ ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെട്ട കാര്യം. ഇന്നലെയും ഇന്നുമായി എ.കെ.ജി. സെന്ററിലെ പുതിയ ക്യാപ്സ്യൂൾ അനുസരിച്ച് ബഹുമാന്യരായ നമ്മുടെ എം.എൽ.എ.-മാർ നമ്മുടെ പ്രിയപ്പെട്ട ശ്രീ. എം. വിജിൻ മുതൽ ശ്രീ. എൻ. കെ. അക്ബർ വരെയുള്ള ബഹുമാന്യരായ അംഗങ്ങൾ മുഴുവനും ജമാഅത്തെ ഇസ്ലാമിക്ക് എതിരായി

വലിയ തോതിലുള്ള പ്രചരണം നടത്തുന്നതിൽ സന്തോഷമുണ്ട്. ബഹുമാന്യനായ ശ്രീ. എം. നൗഷാദ് അടക്കമുള്ളവർ അത് പറയണം. ദേശാഭിമാനിയുടെ 1996 ഏപ്രിൽ 22-ൽ തിങ്കളാഴ്ചയിലെ മുഖപ്രസംഗമാണ് ഞാൻ ഇവിടെ ഉയർത്തിക്കാട്ടുന്നത്. 'ഭരണാധികാരത്തിന്റെ മാധുര്യം നൊട്ടിനുണഞ്ഞുകൊണ്ട് സ്വന്തം ബഹുജനതാത്പര്യം മറന്നുകൊണ്ട് ഫാസിസ്റ്റ്, മാർക്സിസ്റ്റ് ശക്തികൾക്കെതിരെ മുസ്ലീംലീഗും അവരുടെ കയ്യാളായ പി.ഡി.പി.-യും നടത്തിവരുന്ന പ്രചരണങ്ങളുടെ കുന്തമുന ഒടിച്ചുകളയുകയാണ് ജമാഅത്തെ ഇസ്ലാമി അവരുടെ നിലപാടിലൂടെ സി.പി.ഐ.(എം)-നെ പിന്തുണച്ചുകൊണ്ട് നിർവഹിക്കുന്നത് എന്നാണ് സി.പി.ഐ.(എം).-ന്റെ ഔദ്യോഗിക മുഖപത്രമായ ദേശാഭിമാനിയിൽ ജമാഅത്തെ ഇസ്ലാമിയെ കുറിച്ച് എഴുതിയിരുന്നത്. കഴിഞ്ഞ നിയമസഭയിൽ മുൻ ആഭ്യന്തര വകുപ്പുമന്ത്രി കോടിയേരി ബാലകൃഷ്ണൻ ഒരു പ്രസംഗം നടത്തുകയുണ്ടായി. ആര്യാടൻ മുഹമ്മദ് അന്ന് അവതരിപ്പിച്ച സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് മറുപടി പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം നടത്തിയത്. ആ പ്രസംഗം ഇങ്ങനെയായിരുന്നു, 'തീവ്രവാദ പേരുപറഞ്ഞ് ആര്യാടൻ ജമാഅത്തെ ഇസ്ലാമിയെ വിമർശിക്കുന്നത് പാർലമെന്റ് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ്, ഇത്

കോൺഗ്രസിന്റെ മൃദു ഹിന്ദുത്വ നിലപാടിന്റെ തെളിവാണ്.' നിങ്ങൾ ഇപ്പോൾ ജമാഅത്തെ ഇസ്ലാമിയെ പിന്തുണയ്ക്കുന്നത് ഏത് മൃദുഹിന്ദുത്വത്തിന്റെ ഭാഗമായിട്ടാണെന്ന് പറയണം. ബഹുമാന്യനായ മുഖ്യമന്ത്രി അന്ന് പാർട്ടി സെക്രട്ടറിയായിരിക്കെ 2011 ഏപ്രിൽ 4-ന് വടക്കാഞ്ചേരിയിൽ നടന്ന രാഷ്ട്രീയ വിശദീകരണ സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് അദ്ദേഹം പറഞ്ഞത് 'ജമാഅത്തെ ഇസ്ലാമിയുമായി മുമ്പും രാഷ്ട്രീയ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇത് രഹസ്യ ചർച്ചയല്ല. അങ്ങനെയൊരു രഹസ്യ ചർച്ച നടത്താൻ അവർ തലയിൽ മുണ്ടിട്ടൊന്നുമല്ല വന്നതെന്ന്.' എന്റെ പ്രിയപ്പെട്ട അക്ബർ സാഹിബേ, അങ്ങ് ഈ നിയമസഭയിൽ പറയുന്ന ക്ലാസ്സ് എ.കെ.ജി. സെന്ററിൽ പോയി എടുത്തുകൊടുത്താൽ മതി എന്നുമാത്രമാണ് ഞങ്ങൾക്കിപ്പോൾ പറയാനുള്ളത്. നിങ്ങളുടെ നിലപാടിലെ ഈയൊരു കാപട്യമുണ്ടല്ലോ; നിങ്ങൾ ഓരോ സമയത്ത് തരാതരമായി നിന്നുകൊണ്ട്, ഏത് വർഗീയതയെയാണോ പ്രോത്സാഹിപ്പിക്കുന്നത്, ആ വർഗീയതയെ പ്രോത്സാഹിപ്പിക്കുന്നതിൽ നിങ്ങൾക്കൊരു ബുദ്ധിമുട്ടുമില്ല. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ ഒരു പദം കൂടി കടമെടുക്കുകയാണ്. അദ്ദേഹം മുന്നണി മാറുന്നവരെക്കുറിച്ച് പറഞ്ഞു. അവർ ആ സ്ഥാനം

ഒഴിഞ്ഞിട്ട് സംസാരിച്ചാൽ മതി. നിലവിൽ സി.പി.ഐ.(എം)-ന് മൂന്ന് എം.പി.-മാരാണുള്ളത്. അതിൽ രണ്ട് എം.പി.-മാർ തമിഴ്നാട്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്ന് ജയിച്ചുവന്നവരാണ്. ഈ രണ്ട് എം.പി.-മാരും വിജയിച്ചത് ജമാഅത്തെ ഇസ്ലാമിയുമായി 2024-ൽ ഒരുമിച്ചുനിന്ന് തിരഞ്ഞെടുപ്പിനെ നേരിട്ടതുകൊണ്ടാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ സ്ഥാനമൊക്കെ ഒഴിഞ്ഞതിനുശേഷം പോരെ ലീഗിനും കോൺഗ്രസിനും നിങ്ങൾ തീവ്രവാദ മുദ്രചാർത്തുന്ന ജമാഅത്തെ ഇസ്ലാമിയെകുറിച്ച് ക്ലാസെടുക്കുന്നത്? ഇപ്പോൾ നിങ്ങൾ നിങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ തലയിലേറ്റി നടക്കും. ശ്രീ. കാന്തപുരം അബൂബക്കർ മുസ്ലിയാർ നിങ്ങൾക്കെതിരായി ചില നിലപാടുകൾ എടുത്തു. ഇന്നലെ മുതൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാരുടെ നെഞ്ചത്ത് കയറുകയാണ്. ഞാൻ ആ വിഷയവുമായി ബന്ധപ്പെട്ടൊന്നും യാതൊരു അഭിപ്രായ പ്രകടനവും നടത്തുന്നില്ല. നിങ്ങൾക്കിഷ്ടമുള്ളപ്പോൾ താലോലിക്കുകയും ഇഷ്ടമില്ലെങ്കിൽ ചവിട്ടിത്തേയ്ക്കുകയുമാണ് ചെയ്യുന്നത്.

(തുടരും)

22-01-2025
ks-so-2
1.40-1.50

(ശ്രീ. നജീബ് കാന്തപുരം -തുടർച്ച)

"കാലം " എന്ന മനോഹരമായ ഒരു നോവൽ എം. ടി. വാസുദേവൻ നായർ എഴുതിയിട്ടുണ്ട്. നോവലിനെക്കുറിച്ച് പൂർണ്ണമായി പറയുകയല്ല, അതിൽ സേതു എന്നൊരു കഥാപാത്രമുണ്ട്. സുമിത്ര എന്ന കളിക്കൂട്ടുകാരിയെ ഒരു കാലത്ത് സേതു ആഗ്രഹിച്ചുനടന്നിരുന്നു. പിന്നീട് ഒരു പണക്കാരിയെ കിട്ടിയപ്പോൾ സേതു ആ പണക്കാരിയെ കല്യാണം കഴിച്ചു. വളരെ കാലത്തിനുശേഷം സേതു നാട്ടിൽ തിരിച്ചുവരികയാണ്, അപ്പോൾ സുമിത്രയെ കാണുന്നു. കുളിച്ച് ഈറനണിഞ്ഞ് വളരെ മനോഹരിയായി സുമിത്ര വരുമ്പോഴാണ് സേതു കാണുന്നത്. സേതു സുമിത്രയോട് "ഞാൻ നിന്നെ വല്ലാതെ സ്നേഹിച്ചിരുന്നു" എന്ന് പറയുന്നുണ്ട്. അപ്പോൾ പരിഹസിച്ചുകൊണ്ട് സുമിത്ര മറുപടിയായി പറയുന്നത്, "സേതുവിന് എന്നും ഇഷ്ടം സേതുവിനെ മാത്രമായിരുന്നല്ലോ" എന്നാണ്. സി.പി.ഐ.(എം.)-കാരേ, നിങ്ങൾക്ക് എന്നും ഇഷ്ടം നിങ്ങളെ മാത്രമാണ് എന്നതാണ് ഇവിടുത്തെ കുഴപ്പം. രാഷ്ട്രീയത്തിൽ നിങ്ങളുടെ കൂടെനിൽക്കുന്നവർക്ക് നിങ്ങൾ പട്ടുംവളയും നൽകും, നിങ്ങൾ എല്ലാം കൊടുക്കും. അതുകൊണ്ട് എനിക്ക് അഭ്യർഥിക്കാനുള്ളത്, സി.പി.ഐ.(എം) രാഷ്ട്രീയത്തിൽ ഒരു

മര്യാദ കാണിക്കണമെന്നാണ്. നമ്മൾ ഇപ്പോൾ കടന്നുപോകുന്ന ഒരു കാലത്തെക്കുറിച്ച് ആലോചിക്കണം. ഇന്ന് നമ്മുടെ നാട് അത്യന്തം ഗുരുതരമായ ലഹരിമാഫിയയുടെ പിടിയിലാണ്. നമ്മുടെ ഇൻവെസ്റ്റുമെന്റുകളെല്ലാം നടക്കുന്നത് നമ്മുടെ കുട്ടികൾക്കുവേണ്ടിയാണ്. കേരളത്തിന്റെ ഭാവിക്ക് ഏറ്റവും പ്രധാനമായ കാര്യം നമ്മുടെ മനുഷ്യ വിഭവശേഷിയാണ്. ആ മനുഷ്യ വിഭവശേഷി പൂർണ്ണമായും ലഹരിയിലമരുന്ന ഒരു കാലത്ത് ഒരു വാക്കുകൊണ്ടുപോലും ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിൽ ലഹരിക്കെതിരായുള്ള നിലപാടിനെക്കുറിച്ച് നിങ്ങൾക്ക് പറയാൻ കഴിയുന്നില്ല! നിങ്ങൾ ബ്രൂവറിയെക്കുറിച്ച് പറയുന്നു. നിങ്ങൾ ലഹരിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സംസാരിക്കുന്നു. വനിതാ-ശിശുക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പറയുമ്പോഴെങ്കിലും ലഹരിയെക്കുറിച്ച് പരാമർശിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഇല്ല, തദ്ദേശസ്ഥാപനങ്ങളെക്കുറിച്ച് പറയുമ്പോഴും ഞാൻ പ്രതീക്ഷിച്ചു, തീർച്ചയായും ജനകീയ കൂട്ടായ്മയെക്കുറിച്ച് പറയുമെന്ന്, അതും ഇല്ല. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞങ്ങൾക്കെല്ലാവർക്കും വളരെയധികം ബഹുമാനമുണ്ട്, കാരണം അദ്ദേഹം വളരെ പ്രഗത്ഭനായ ഒരു വിദ്യാഭ്യാസ മന്ത്രിതന്നെയാണ്, ആ കാര്യം പറയുന്നതിൽ എനിക്ക് യാതൊരു പ്രയാസവുമില്ല. പക്ഷേ അങ്ങും

ശ്രദ്ധിക്കാതെ പോയ ഒരു കാര്യമുണ്ട്, പാഠപുസ്തകം പരിഷ്കരിക്കണമെന്ന് അങ്ങ് നിർദ്ദേശിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ടായിരുന്നു, ആ പാഠഭാഗത്തിനകത്ത് ലഹരിക്കെതിരായ ഒരു പദമെങ്കിലും കൊണ്ടുവരേണ്ടതായിരുന്നു. അങ്ങേയ്ക്ക് അത് സാധിച്ചില്ലെന്നത് സങ്കടകരമാണ്. നമ്മുടെ നാട് ഒന്നിച്ച് ലഹരിക്കെതിരെ പോരാടേണ്ട ഒരു ഘട്ടത്തിൽ ഈ സർക്കാരിന്റെ മുൻഗണന, ലഹരിയിൽ ഇനിയും ഈ നാടിനെ മുക്കുന്നതിനാവശ്യമായ ബ്രൂവറി കൊണ്ടുവരേണ്ടതാണ് എന്നത് നിങ്ങളുടെ നിലപാടിനെയാണ് വ്യക്തമാക്കുന്നത്. ഈ നാട്ടിലെ ലക്ഷോപലക്ഷം വരുന്ന അമ്മമാർക്കുവേണ്ടി ഞാൻ ഒരു വാക്ക് പറയുകയാണ്. നമ്മുടെ മക്കളെ വളർത്തുന്ന, അവരെ നക്ഷത്രതുല്യമായി കാണുന്ന, അമ്മമാരുടെ വേദനപോലും ഉൾക്കൊള്ളാതെ, ഗവർണറുടെ നയപ്രഖ്യാപനത്തിനുശേഷം അവതരിപ്പിച്ച ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ആർക്കുവേണ്ടിയാണ് നാം പിന്തുണയ്ക്കേണ്ടത്? അതുകൊണ്ടുതന്നെ അതിശക്തമായും അതിനിശിതമായും ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

(ശ്രീ. വി. ആർ. സുനിൽ കുമാർ)

22-01-2025
ks-so-2
1.40-1.50

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. 1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് ഏറെ ഭാവനാപൂർണ്ണമായ ആശയങ്ങളും വികസനപരമായ ചിന്തകളുമാണുണ്ടായിരുന്നത്. അടിമത്തത്തിൽനിന്നും ജാതിവ്യവസ്ഥയിൽനിന്നും ഫ്യൂഡലിസത്തിൽനിന്നും വളർന്നുവന്ന ഒരു സമൂഹത്തെ ഉയർത്തിക്കൊണ്ടുവരികയെന്ന ലക്ഷ്യത്തോടുകൂടിത്തന്നെയാണ് കേരളത്തിന്റെ വികസനത്തെ കാണാൻ ശ്രമിച്ചത്. കിടപ്പാടമില്ലാത്തവർ, ജാതി വ്യവസ്ഥയിൽ മാനസികമായും സാമൂഹ്യപരമായും സാമ്പത്തികമായും പിന്നോട്ടുപോയിട്ടുള്ളവർ, കുഴിച്ചിടാൻ ആറടി മണ്ണ് പോലുമില്ലാത്തവർ എന്നതായിരുന്നു സാമൂഹിക സ്ഥിതി. അത്തരത്തിലുള്ള ഒരു കാലഘട്ടത്തിൽനിന്ന് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽവന്നുകൊണ്ട്, അന്നത്തെ അടിച്ചമർത്തപ്പെട്ട സമൂഹത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി പ്രയത്നിച്ചു. മരിച്ചാൽ കുഴിച്ചിടാൻ ആറടിമണ്ണും, കേറിക്കിടക്കാൻ വീടും, അക്ഷരമറിയാത്തവന് അക്ഷരം

പഠിക്കാൻ പള്ളിക്കൂടവും നൽകിക്കൊണ്ട് സവർണ്ണനും അവർണ്ണനും ഒരുമിച്ചിരുന്ന് പഠിക്കുന്ന വേദികളായി സ്കൂളുകളെ മാറ്റിയെടുക്കുകയും അടിച്ചമർത്തലിൽനിന്ന് മോചനം നേടിക്കൊടുക്കുകയും ചെയ്തിട്ടുള്ള ഒരു നയപരിപാടിക്കാണ് അന്ന് ഇ.എം.എസ്. ഗവൺമെന്റ് രൂപംകൊടുത്തത്. തീർച്ചയായും അടിമത്തത്തിലും പട്ടിണിയിലും ജാതിവ്യവസ്ഥിതിയിലും കിടന്ന ആ പൊതുസമൂഹത്തെ ഈ കാലഘട്ടത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങളിലൂടെതന്നെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട് എന്നുതന്നെയാണ് ഞങ്ങൾക്ക് എടുത്തുപറയാൻ കഴിയുന്ന ഏകകാര്യം. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും ആദിവാസി വിഭാഗത്തിൽ ഉൾപ്പെട്ടവരും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുമായ കൊച്ചുമക്കൾക്ക് പഠിക്കാൻ ഇടം കൊടുക്കുകയും പഠനമുറി കൊടുക്കുകയും വീടുണ്ടാക്കി കൊടുക്കുകയും അവന് ആരോഗ്യ സംരക്ഷണം കൊടുക്കുകയും വിദേശ രാജ്യങ്ങളിൽ പഠിക്കാനും അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവന്റെ ജീവിത സാമൂഹ്യ സാഹചര്യങ്ങളിൽ മാറ്റങ്ങളുണ്ടാക്കിക്കൊടുക്കാനും കഴിഞ്ഞുവെന്നത് തന്നെയാണ് സഖാവ് പിണറായി വിജയൻ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നത്.

ആ കാലഘട്ടത്തിലെ ഓർമ്മകളെക്കുറിച്ച് വയലാർ ഇങ്ങനെ സൂചിപ്പിക്കുന്നുണ്ട്.

" മകരക്കൊയ്ത്തിന് വന്നവരെല്ലാം മാടംകെട്ടി മയങ്ങുമ്പോൾ,

അവയ്ക്കുചുറ്റും തമ്പ്രാക്കന്മാർ അലഞ്ഞ് ചൂളം കുത്തുമ്പോൾ" എന്ന് "നാല് രൂപ പന്ത്രണ്ട് അണ" എന്ന വയലാർ കവിതയിൽ സൂചിപ്പിക്കുന്ന കാലഘട്ടമുണ്ടായിരുന്നു. അതിൽനിന്നും എത്രയേറെ മാറ്റങ്ങളാണ് ഈ സമൂഹത്തിന് ഉണ്ടാക്കിയെടുക്കാൻ പുരോഗമന ചിന്താഗതിക്കാരായ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വിദ്യാഭ്യാസത്തിനുപോലും കഴിയാത്ത സാഹചര്യങ്ങളുണ്ടാകുമ്പോൾ, കോൺഗ്രസുകാർ മനസ്സിലാക്കേണ്ടത് ഞങ്ങളാരും തന്നെ ബംഗാളും തൃപുരയും ഒഴികെയുള്ള മറ്റ് സംസ്ഥാനങ്ങൾ ഭരിച്ചിട്ടില്ലെന്നുള്ളതാണ്. അവിടെയെല്ലാം ഇന്ന് അധഃസ്ഥിത ജനവിഭാഗങ്ങളുടേതായ അവസ്ഥാവിശേഷങ്ങൾ എന്താണെന്ന് കൃത്യമായ ധാരണയോടെ പഠിക്കുമ്പോഴാണ്, നമ്മുടെ നാട്ടിലെ പട്ടികജാതി പട്ടികവർഗ വിഭാഗത്തിലും ആദിവാസി വിഭാഗത്തിലുംപെട്ട ജനസമൂഹത്തെ ഒന്നായി കാണാനുള്ള സമത്വപൂർണ്ണമായ സാഹചര്യങ്ങൾ ഒരുക്കാനുള്ള

അവസരങ്ങളുണ്ടാക്കിയിട്ടുണ്ടെന്ന് മനസ്സിലാകുന്നത്, അത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ നേട്ടമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീട് എന്ന സങ്കല്പം യാഥാർത്ഥ്യമാകുന്ന ഒരു സങ്കല്പമായിത്തന്നെയാണ് ഞങ്ങൾ കാണുന്നത്. നാം യാഥാർത്ഥ്യങ്ങളിലേക്ക് അടുക്കുകതന്നെയാണ്. എല്ലാ പാവപ്പെട്ട ജനവിഭാഗങ്ങൾക്കും പൊതുസമൂഹത്തിൽ അർഹതയുള്ള എല്ലാവർക്കും ലൈഫ് പദ്ധതിയിലൂടെ വീട് അനുവദിച്ചുകൊടുക്കുമ്പോൾ അവർക്ക് അവന്റെ മാനസികമായ ഉല്ലാസമാണ് അനുവദിക്കപ്പെടുന്നത്. അത്തരത്തിലുള്ള അവന്റേതായ വളർച്ചയെ കണ്ടുകൊണ്ടുതന്നെയാണ് ഞങ്ങൾ അത്തരം പദ്ധതികളിലേക്ക് കടക്കാൻ ആഗ്രഹിച്ചത്. പാവപ്പെട്ടവന് പെൻഷൻ പദ്ധതികൾ കൊടുക്കുമ്പോഴും ഞങ്ങൾ കാണാൻ ആഗ്രഹിച്ചിട്ടുള്ളത് അവന്റെ ഘട്ടംഘട്ടമായ ജീവിത നിലവാരത്തിന്റെ ഉയർച്ചയെക്കുറിച്ച് തന്നെയാണ്. വിവിധ പദ്ധതികളിലൂടെ എല്ലാ മേഖലകളിലേക്കും കടന്നുവരാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സഹകരണ മേഖലയെ ഇല്ലാതാക്കാൻ ശ്രമിച്ചപ്പോഴും കള്ളപ്പണം എന്ന പേര് ആരോപിച്ച് അതിനെ ഇല്ലാതാക്കാൻ ശ്രമം നടത്തിയപ്പോഴും പൊതുസമൂഹത്തെ ചേർത്തുപിടിച്ചുകൊണ്ട് സഹകരണമേഖലയെ ഉന്നതിയിലേക്ക്

കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവും ആർക്കും വേണ്ട. എല്ലാവരും എല്ലാരീതിയിലും സഹകരണമേഖലയെ ഇല്ലാതാക്കാൻ ശ്രമിച്ച ഘട്ടങ്ങളിൽ ആ മേഖലയെ ചേർത്ത് പിടിക്കാൻ ഞങ്ങൾക്ക് സാധിച്ചുവെന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. ഭിന്നശേഷി ഉന്നമനം, തൊഴിലന്വേഷകരുടെ നൈപുണ്യശേഷി വികസനം, അതുപോലെതന്നെ പ്രതിസന്ധിഘട്ടങ്ങളിൽ കുടുംബങ്ങൾക്ക് കൂടുതൽ ധനം ലക്ഷ്യമാക്കുന്നതിന് കുടുംബത്തിന് ഒരു കരുതൽ ധനം എന്നുള്ള രീതിയിൽ ചെറുകിട കച്ചവടക്കാർക്കുള്ള സഹായഹസ്തം എന്നുതുടങ്ങി സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വം കുറയ്ക്കുകയെന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് സഹകരണ മേഖലയിലൂടെ ഈ ഗവൺമെന്റ് നടത്താൻ ശ്രമിച്ചിട്ടുള്ളത്. തീർച്ചയായും ഇനിയും ധാരാളം ഇടങ്ങളിലേയ്ക്ക് സഹകരണ മേഖല കടന്നുവരേണ്ടതായിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ അവയുടെ സാധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട് എന്നുകൂടി ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

(തുടരും...)

P.22-01-2025
AV-SO

01.50-2.00

(ശ്രീ. വി. ആർ. സുനിൽകുമാർ തുടർച്ച.......)

റവന്യൂ വകുപ്പ് ഇന്ന് കേരള ചരിത്രത്തിന്റെ ഭാഗമാകുകയാണ്. രേഖകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുകയും ഭരണസംവിധാനം പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുകയും ചെയ്തതിലൂടെ സംസ്ഥാന ലാൻഡ് റവന്യൂ വകുപ്പിന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ വകുപ്പിൽ എല്ലാ സാക്ഷ്യപത്രങ്ങളും വിതരണം ചെയ്യാൻ കഴിയുന്ന ഓൺലൈൻ സംവിധാനത്തിലൂടെ ഇതിനോടകം പത്ത് കോടി സാക്ഷ്യപത്രങ്ങളാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. സാക്ഷ്യപത്രത്തിന് ഓരോന്നിനും പരിധി വച്ചിട്ടുള്ളത് ആശ്വാസകരമായിട്ടുള്ള കാര്യമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ മറ്റ് വകുപ്പുകൾ അംഗീകരിക്കുന്നില്ലെന്നത് പരിഹരിക്കപ്പെടേണ്ട കാര്യമാണ്. തന്റേതല്ലെന്ന് വിശ്വസിച്ചുകൊണ്ട് തന്റെ കൂടങ്ങളിൽ ജീവിക്കുന്നവർക്ക് പതിനെട്ടായിരത്തോളം പട്ടയം വിതരണം ചെയ്തിട്ടുള്ള സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റ് സാക്ഷ്യപ്പെടുത്തുന്നുവെന്നുള്ളത് തന്നെയാണ്. 515 വില്ലേജാഫീസുകൾ സ്മാർട്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതും ഏറ്റവും ശ്ലാഘനീയമാണ്.

ഇന്നലെ കാർഷിക മേഖലയെക്കുറിച്ച് ശ്രീ. മോൻസ് ജോസഫ് അധിക്ഷേപകരമായ രീതിയിൽ സംസാരിക്കുകയുണ്ടായി. സംസ്ഥാനത്തെ കർഷകർ തകർന്ന് തരിപ്പണമാകുകയാണെന്നുള്ള ഒരു പ്രസ്താവന സൂചിപ്പിക്കുകയുണ്ടായി. കാർഷികമേഖല എന്താണെന്നും അത് ഇങ്ങനെയായിത്തീർന്നത് എങ്ങനെയാണെന്നും ആദ്യം പഠിക്കേണ്ടത് കോൺഗ്രസ്സും അതിനോടൊപ്പം നിൽക്കുന്നവരുമാണ്. ആസിയാൻ കരാറിലൂടെ ഇന്ന് ചൈനയിലും ശ്രീലങ്കയിലും മറ്റ് ഇതര സംസ്ഥാനങ്ങളിൽനിന്നുമെല്ലാം കാർഷിക മേഖലയിലെ എല്ലാ വസ്തുക്കളും (ഉപ്പ് തൊട്ട് കർപ്പൂരം വരെ) വിദേശ രാജ്യങ്ങളിൽനിന്നും വന്നതോടുകൂടി നമ്മുടെ കർഷകർക്ക് മരണമല്ലാതെ മറ്റൊരു വഴിയില്ലെന്ന സാഹചര്യം വരികയും അഞ്ച് ലക്ഷത്തോളം വരുന്ന കർഷകരെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്തെങ്കിൽ അതിനുള്ള ഉത്തരവാദികൾ ഇവിടെയിരിക്കുന്ന കോൺഗ്രസ്സുകാരാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 2011 മുതൽ 2024 വരെയുള്ള സാമ്പത്തികവർഷത്തിൽ കാർഷിക മേഖലയിൽ സംസ്ഥാന സർക്കാർ പ്ലാൻ വിഹിതമായി അനുവദിച്ച മുഴുവൻ തുകയും കർഷക ക്ഷേമത്തിനായി ചെലവഴിക്കാൻ സാധിച്ചുവെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും.

കൂടാതെ കേന്ദ്രവിഷ്കൃത പദ്ധതിയുടെ Rashtriya Krishi Vikas Yojana (RKVY), Sub Mission on Agricultural Mechanization (SMAM)-ൽനിന്നും തുക ലഭ്യമാക്കിയും പ്രത്യേക പദ്ധതികൾ കേര, നബാർഡ് പദ്ധതി വഴി കണ്ടെത്തിയും കർഷക ക്ഷേമത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിക്കുന്ന സാഹചര്യത്തിലേക്ക് പോകുകയാണ്. നമ്മുടേതെന്ന് നാം വിശ്വസിച്ചിരുന്ന മത്സ്യമേഖലയിലും കാർഷികമേഖലയിലും വ്യാവസായിക മേഖലകളിലും ബാങ്കിങ് മേഖലകളിലും ഇൻഷ്വറൻസ് മേഖലയിലും റോഡുകളും വെള്ളവും വൈദ്യുതിയുമുൾപ്പെടെ എല്ലാ മേഖലകളും സ്വകാര്യവത്ക്കരിക്കപ്പെടുമ്പോൾ ഇന്ന് പച്ചത്തുരുത്തായി നിൽക്കുന്ന കൊച്ചുകേരളത്തിൽ ഈ സർക്കാർ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ഏറ്റെടുത്തുകൊണ്ട് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും തൽഫലമായി പുതിയ മേഖലകളിലേക്ക് കടന്നുവരാൻ കഴിയുകയും ചെയ്തിട്ടുള്ളത് വ്യാവസായിക മേഖലയിലുണ്ടായ വലിയ നേട്ടങ്ങളിലൊന്നാണ്. 2025-ൽ നാം ആഗോള നിക്ഷേപസംഗമം സംഘടിപ്പിക്കാൻ ഒരുങ്ങുകയാണ്. വ്യവസായ സൗഹൃദ സൂചികയിൽ top achiever പദവി നേടി കേരളം ഒന്നാമത് നിൽക്കുകയാണ്. ഈ കഴിഞ്ഞ ഏതൊരു കാലഘട്ടങ്ങളിൽനിന്നും വിഭിന്നമായി വിവിധ മേഖലകളിൽ

കടന്നുചെന്ന് ഇരുപതിനായിരത്തി അഞ്ഞൂറ് കോടിയിൽപ്പരം രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനും ഏഴ് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വ്യാവസായിക മേഖലയ്ക്ക് കഴിഞ്ഞത് വ്യാവസായിക മേഖലയിലുണ്ടായിട്ടുള്ള വലിയ നേട്ടമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരോഗ്യമേഖലയിൽ നമുക്ക് കിട്ടേണ്ട എല്ലാ വിഹിതങ്ങളും വെട്ടിക്കുറച്ചിട്ടും ആരോഗ്യ മേഖലയെ ഇല്ലാതാക്കാൻ കേന്ദ്രം ശ്രമിച്ചിട്ടും മരുന്ന് ഉൽപാദനവും വിതരണവുമെല്ലാം വിദേശ സ്വകാര്യ കുത്തകകൾക്ക് നൽകിക്കൊണ്ട് മരുന്ന് വാങ്ങാൻപോലും സാധാരണക്കാരായ ജനങ്ങൾക്ക് കഴിയാത്ത സാഹചര്യങ്ങളിൽ അവരെ ചേർത്തുപിടിച്ചുകൊണ്ട് കൊച്ചുകേരളത്തിലേക്ക് കാരുണ്യ സ്പർശം മുഖേന സീറോ പ്രോഫിറ്റ് ആന്റി-കാൻസർ ഡ്രഗ്സ് പദ്ധതി വഴി 2.1 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുന്ന ഒന്നായി കേരളത്തിന്റെ ആരോഗ്യമേഖല മാറിയിട്ടുണ്ട്. സൗജന്യ ചികിത്സയ്ക്കായി 1600 കോടി രൂപ ചെലവഴിക്കുന്ന സംസ്ഥാനമായി ഈ കൊച്ചുകേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്.

ഇവിടെയിരിക്കുന്ന മുസ്ലീംലീഗുകാരോട് എനിക്ക് ഒന്നേ പറയാനുള്ളു. വയനാടിൽ വിജയിച്ചതിന്റെ അഹങ്കാരമൊന്നും പ്രതിപക്ഷം പറയേണ്ടതില്ല. നിങ്ങൾ കൊടുത്തിട്ടുള്ള വിജയം എന്നുപറയുന്നത് മൂർഖൻ പാമ്പിന്

കൊടുത്തിട്ടുള്ള പാലാണ് എന്നുള്ള കാര്യം ഓർക്കണം. ആരാണ് ഈ വിജയത്തിന്റെ പിറകിലുള്ളത്? ശ്രീമതി പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവായ റോബർട്ട് വധേര 250 കോടി രൂപ ആർ.എസ്.എസ്.-കാരന് കൊടുത്തുകൊണ്ട് ഇന്ത്യൻ ജനാധിപത്യത്തെയും ഇന്ത്യൻ മതേതരത്വത്തെയും കശാപ്പുചെയ്യുന്ന വ്യക്തിയാണെന്ന് നിങ്ങളോർക്കണം. എന്റെ അച്ഛന് ബാബറി മസ്ജിദ് തകർത്ത സ്ഥാനത്ത് അയോദ്ധ്യാ ക്ഷേത്രം പണിയണമെന്ന ആഗ്രഹമുണ്ടായിരുന്നുവെന്ന് പറഞ്ഞ പ്രിയങ്കാഗാന്ധിയാണ് നിങ്ങളുടെ എം.പി.-യായി വിജയിച്ചുപോയത്. ജനാധിപത്യത്തെയും മതേതരത്വത്തെയും വിദ്യാഭ്യാസ നയങ്ങളെയുമെല്ലാം കാത്തുസൂക്ഷിക്കാൻ കരുതലായി നിൽക്കാൻ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മതേതരത്വത്തിനും ജനാധിപത്യത്തിനും ഒറ്റക്കെട്ടായി നിൽക്കുമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(ശ്രീ. എം. വിൻസെന്റ്)

P.22-01-2025
AV-SO
01.50-2.00

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുകയാണ്. ശ്രീ. വി. ആർ. സുനിൽകുമാർ പ്രസംഗിച്ചുകൊണ്ട് നിന്നപ്പോൾ ഏതോ ബി.ജെ.പി. നേതാവ് ശ്രീ. രാഹുൽ ഗാന്ധിക്കും ശ്രീമതി പ്രിയങ്കാഗാന്ധിക്കും എതിരെ സംസാരിക്കുന്നതു പോലെയാണ് തോന്നിയത്. 11 മിനിട്ട് അദ്ദേഹം സംസാരിച്ചപ്പോൾ ഇന്ന് വെയിലത്ത് പണിമുടക്ക് സമരം ചെയ്യുന്ന ജോയിന്റ് കൗൺസിലുകാരുടെ പണിമുടക്കിനെ ആഭിമുഖ്യം പറഞ്ഞുകൊണ്ട് ഒരു വാക്കെങ്കിലും പറയേണ്ടതായിരുന്നു. നയപ്രഖ്യാപനം നടത്തിയപ്പോൾ ഭരണകക്ഷിയെല്ലാം നിസ്സംഗരായിരിക്കുകയായിരുന്നു. ഒരാൾ പോലും കയ്യടിച്ചില്ല. ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം അവതരിപ്പിച്ച കൺവീനർക്ക് 20 മിനിട്ട് സംസാരിക്കാൻ കൊടുത്തെങ്കിലും അദ്ദേഹം 15 മിനിട്ടേ സംസാരിച്ചിട്ടുള്ളൂ. അത്രയേ പറയാനുള്ളൂ. കൂടുതൽ പറഞ്ഞ് ആത്മവഞ്ചന നടത്തേണ്ടയെന്ന് ഇടതുമുന്നണി കൺവീനർക്കുപോലും തോന്നിയ നയപ്രഖ്യാപനമാണിത്. കഴിഞ്ഞ എല്ലാ നയപ്രഖ്യാപനങ്ങളിലും വലിയ തള്ളായിരുന്നു നടത്തിയിരുന്നത്. ഇതിൽ വലിയ ബഹളമൊന്നും

കാണിച്ചിട്ടില്ല. 2025-ലെ നയപ്രഖ്യാപനത്തെക്കുറിച്ചൊന്നും പറയുന്നില്ല. 2021-ൽ ഗവൺമെന്റിന്റെ ആദ്യത്തെ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾപോലും നാളിതുവരെയും നടപ്പാക്കാത്ത സർക്കാരാണ് ഇന്ന് അധികാരത്തിലിരിക്കുന്നത്. എല്ലാ കൃഷി ഭവനുകളും സ്മാർട്ടാക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ട് പത്ത് ശതമാനംപോലും നേടിയെടുത്തിട്ടില്ല. കർഷകരുടെ വരുമാനം 50 ശതമാനമായി വർധിപ്പിക്കുമെന്ന് പറഞ്ഞു. ഇന്ന് നൂറ് ശതമാനമായി കർഷകരുടെ കടം വർധിച്ചു. കോവളം മുതൽ ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ വരെ മൂന്ന് ഘട്ടമായി നടപ്പിലാക്കും. മൂന്നാം ഘട്ടം 2025-ൽ പൂർത്തിയാകും. എവിടെയാണ് പൂർത്തിയായത്? മയക്കുമരുന്നിന്റെ ദുരുപയോഗം തടയാൻ വാർഡ് മെമ്പർമാരുടെ കൗൺസിലറുടെ കൺവീനറായി വിമുക്തി ജാഗ്രതാ സമിതിയുണ്ടാക്കുമെന്ന് പറഞ്ഞു. ഇപ്പോൾ ആ സമിതികളും മയക്കുമരുന്ന് ഉപയോഗിച്ചവരെപോലെ മയങ്ങിക്കിടക്കുന്നു. പുനർഗേഹം പദ്ധതി ഊർജ്ജസ്വലമായി നടപ്പാക്കും. 22170 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടും ഇന്ന് ആകെ പൂർത്തിയാക്കിയ വീടുകൾ 2807 ആണ്. 390 ഫ്ലാറ്റുകളടക്കം നിർമ്മാണം നടക്കുന്നത് രണ്ടായിരമാണ്. ആകെ അയ്യായിരം വീടുകൾ മാത്രമെ വന്നിട്ടുള്ളൂ. സപ്ലൈകോ ഹോം ഡെലിവറി നടത്തി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കും. ഇപ്പോൾ ഹോം

ഡെലിവറിയുമില്ല ഷോപ്പിലുള്ള ഡെലിവറിയുമില്ലെന്ന അവസ്ഥയാണ്. വനം വകുപ്പ് 500 ചെറുവനങ്ങൾ സ്കൂൾ, കോളേജ് പരിസരത്ത് സ്ഥാപിക്കുമെന്ന് പറഞ്ഞു. ഞാൻ എല്ലായിടത്തും നടന്നുനോക്കി, ഒരിടത്തുമില്ല. ഏത് സ്കൂൾ പരിസരത്താണ് വനം വച്ചുപിടിപ്പിച്ചിട്ടുള്ളത്? കൊച്ചിമറൈൻ ഡ്രൈവിൽ ഹൗസിങ് ബോർഡ് 17.9 ഏക്കറിൽ ഇന്റർനാഷണൽ എക്സിബിഷൻ പ്രോജക്ട് നടപ്പാക്കുമെന്ന് പറഞ്ഞിട്ട് എവിടെയാണ് നടപ്പാക്കിയത്? കെ.എസ്.ആർ.ടി.സി. 80 ശതമാനം ബസിലും ഹരിത ഇന്ധനമാക്കുമെന്ന് പറഞ്ഞു. 2021-ലെ കാര്യമാണ് ഞാൻ പറയുന്നത്.

(തുടരും)

P-22-01-2025 VV-AY-II
2.00-2.10 SY

(ശ്രീ. എം. വിൻസെന്റ് ...... തുടർച്ച)

കേന്ദ്ര ഗവൺമെന്റിനെതിരായി ഈ സർക്കാർ ഒരു കാര്യവും പറഞ്ഞിട്ടില്ല. കേന്ദ്രത്തിൽ കോൺഗ്രസ് ഭരിക്കുകയും സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുകയും ചെയ്യുമ്പോൾ കോൺഗ്രസ്സ് ഗവൺമെന്റുകളെ നിശിതമായി വിമർശിച്ചുകൊണ്ടുള്ള നയപ്രഖ്യാപനങ്ങളായിരുന്നു ഇവിടെ നടന്നിട്ടുള്ളത്. ഇപ്പോൾ ഒന്നുമില്ല.

അരി വിഹിതം വെട്ടിക്കുറച്ചു, മണ്ണെണ്ണയും ഗോതമ്പും ഇല്ല, അതിന് ഒരു പ്രതിഷേധമെങ്കിലും രേഖപ്പെടുത്തണ്ടേ? വയനാട് പുനരധിവാസത്തിന് പണം നൽകിയോ? അതിനും പ്രതിഷേധം രേഖപ്പെടുത്തണ്ടേ. വിഴിഞ്ഞത്ത് വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ തിരിച്ചടവിനെതിരെ സംസാരിക്കണ്ടേ; എല്ലാം പറഞ്ഞ് ഒത്തുതീർപ്പായോ? മുൻ ആർ.എസ്.എസ്.കാരനായ പുതിയ ഗവർണർ വന്നപ്പോൾ എല്ലാ മന്ത്രിമാരെയും ഹാജരാക്കി എന്തൊരു ആവേശകരമായ സ്വീകരണമാണ് സർക്കാർ നൽകിയത്. അത് നല്ലതുതന്നെയാണ്, അങ്ങനെ തന്നെയാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഗവർണറെക്കൊണ്ട് പച്ചക്കള്ളങ്ങളല്ലേ പറയിപ്പിച്ചത്. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയെന്നാണ് എഴുതി വച്ചിരിക്കുന്നത്. ഏത് സമയമാണ്? 2019 ഡിസംബറിൽ പൂർത്തീകരിക്കേണ്ട പദ്ധതി 2025 ആയപ്പോൾ പറയുകയാണ് സമയബന്ധിതമായി പൂർത്തിയാക്കിയെന്ന്. ഇതുപോലെ നുണ പറയാമോ? യു.ഡി.എഫ്. എതിർത്തിട്ടും ഈ പദ്ധതി നടപ്പാക്കിയെന്നാണ് പറയുന്നത്. യു.ഡി.എഫ്.-ലെ ഏതെങ്കിലുമൊരു നേതാവ് വിഴിഞ്ഞം പദ്ധതിയെ എതിർത്തതായിട്ടുള്ള ഒരു തെളിവ് ഭരണപക്ഷത്തിന് കാണിക്കാൻ സാധിക്കുമോ? ഇന്ന് സോഷ്യൽ മീഡിയയുടെ കാലവും ഇലക്ട്രോണിക് യുഗവുമാണ്. ആര് എന്തുപറഞ്ഞാലും

അത് റെക്കോർഡായി കിടക്കും. പക്ഷെ സി.പി.ഐ.(എം) ഈ പദ്ധതിയെ എതിർത്തതും ഇത് കടൽക്കൊള്ളയാണെന്നും റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്നും പറഞ്ഞത് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനുമായിരുന്നു. അവർ ഈ പദ്ധതിക്കെതിരെ ഇടങ്കോലിട്ടു. അന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഈ സഭയിൽ പറഞ്ഞത്; ഏത് വിഷയവും ചർച്ച ചെയ്യാം, പക്ഷെ അഴിമതിയുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് ഈ പദ്ധതി തടസ്സപ്പെടുത്താൻ വന്നാൽ നടക്കില്ലെന്നാണ്.

സാമൂഹ്യസുരക്ഷ ആകെ തകരാറിലായിരിക്കുകയാണ്. 2014 മുതൽ ഏകവരുമാന ദാതാവായ കുടുംബനാഥൻ മരണപ്പെട്ടാൽ ലഭിക്കുന്ന 20,000/- രൂപയുടെ ധനസഹായവും 2019 മുതൽ കിഡ്നി രോഗികൾക്കുള്ള സമാശ്വാസ പദ്ധതിയും കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുള്ള ആശ്വാസകിരണം പദ്ധതിയും ക്യാൻസർ രോഗികൾക്കുള്ള പെൻഷൻപോലും മുടങ്ങിയിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിലാണ് പെരിയയിലെ കൊലപാതകക്കേസിൽ കൊലയാളികൾക്കുവേണ്ടി ഒരു കോടി പതിനാല് ലക്ഷം രൂപ മുടക്കി കേസ് നടത്തിയത്. അതുപോലെ ഷുഹൈബ് വധക്കേസിൽ 86 ലക്ഷം രൂപ

ചെലവഴിക്കാനും പണമുണ്ട്. എന്നിട്ടും ക്യാൻസർ രോഗികൾക്ക് നൽകാൻ പണമില്ലെങ്കിൽ ഈ സർക്കാരിന്റെ മുൻഗണന എന്താണെന്ന് നാം മനസ്സിലാക്കണം. ഇത്തരത്തിൽ കൊലപാതകങ്ങളെ പ്രോത്സാഹിപ്പിക്കുകയല്ലേ ഈ സർക്കാർ ചെയ്യുന്നത്. കൊലപാതകം ചെയ്തവർക്കുവേണ്ടി കേസ് വാദിക്കാൻ സർക്കാർ ഫണ്ട് കൊടുക്കുകയും അവരെ ശിക്ഷിച്ചാൽ അവരുടെ കുടുംബത്തെ സഹായിക്കാൻവേണ്ടി ഫണ്ട് പിരിവ് നടത്തുകയും ചെയ്യും. കൊലപാതകത്തിന് ആളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഭരണപക്ഷ പാർട്ടിയുടെ നയം.

നിർമ്മാണത്തൊഴിലാളി പെൻഷനെക്കുറിച്ചൊന്നും പറയുന്നില്ല. പൊതുമരാമത്ത് വകുപ്പ് വളരെ വേഗത്തിൽ കാര്യങ്ങൾ ചെയ്യുന്നുവെന്നാണ് പറയുന്നത്. കരമന-കളിയിക്കാവിള റോഡ് വികസനത്തെക്കുറിച്ച് ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാമായിരിക്കുമല്ലോ. ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെ ഒന്നര കിലോമീറ്റർ സ്ഥലമേറ്റെടുപ്പ് കഴിഞ്ഞ അഞ്ച് വർഷമായി മുടങ്ങിക്കിടക്കുകയാണ്. ഇനിയും ഈ ഒന്നര കിലോമീറ്ററിനകത്തുള്ള അമ്പത് പേർക്ക് പണം നൽകാനുണ്ട്. കൊള്ളയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. കഴിഞ്ഞ ദിവസമല്ലേ സി.&എ.ജി-യുടെ റിപ്പോർട്ട് ഈ സഭയിൽ വച്ചത്. അനിതാ

ടെക്സ്കോട്ട് എന്ന സ്ഥാപനം 550 രൂപയ്ക്ക് നൽകാമെന്ന് പറഞ്ഞ പി.പി.ഇ. കിറ്റ് 1550 രൂപയ്ക്ക് മറ്റൊരു കമ്പനിയിൽനിന്നും വാങ്ങുകയാണുണ്ടായത്. മനുഷ്യമാംസം കഴിക്കുന്ന ഈദി അമീനെപ്പോലും നാണിപ്പിക്കുന്ന ഒരു സർക്കാരാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. ഇരുപത്തിയാറ് ആശുപത്രികളിൽനിന്നും കാലാവധി കഴിഞ്ഞ മരുന്നുകളാണ് ഈ സർക്കാർ രോഗികൾക്ക് നൽകിയത്. പതിനാല് മരുന്നുവിതരണക്കാരുടെ മരുന്നുകൾക്ക് ഗുണനിലവാരംപോലും പരിശോധിച്ചിട്ടില്ല. മുൻ പരിചയംപോലുമില്ലാത്ത കമ്പനിക്ക് ഒരു കോടി ഗ്ലൗസിന് അമ്പത് ശതമാനം തുക അഡ്വാൻസായി നൽകി. ഭരണപക്ഷനേതാക്കൾ പ്രളയമായാലും കട്ടുമുടിക്കും കോവിഡായാലും കൊള്ളയടിക്കും എന്ന അവസ്ഥയാണുള്ളത്. ബോംബെയിൽനിന്നും അധോലോക ആളുകൾ കേരളത്തിൽവന്ന് കൊള്ളയടിക്കുന്നുവെന്നാണ് കഴിഞ്ഞ ദിവസം ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്. യഥാർത്ഥത്തിൽ കൊള്ളയടിക്കാനല്ല, എങ്ങനെ കൊള്ളയടിക്കാമെന്ന് ദക്ഷിണ വച്ച് പഠിക്കാനാണ് അവരെല്ലാം ഇങ്ങോട്ടുവന്നത്. എല്ലാം കൊള്ളയടിക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങ് ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വ്യക്തിപൂജക്കെതിരായി എത്ര

നിലപാടുകളെടുത്ത പാർട്ടിയാണ് സി.പി.ഐ.(എം). എന്നിട്ടിപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് കവിത എഴുതുന്നതിനും പാട്ടുപാടുന്നതിനും കുഴപ്പമില്ല. ശ്രീ. പി. ജയരാജനെതിരെ ഒരു കവിത ആലപിച്ചപ്പോൾ അന്ന് കോടിയേരി ബാലകൃഷ്ണൻ അദ്ദേഹത്തെ പരസ്യമായി ശാസിച്ചു. എന്താണ് അദ്ദേഹം ചെയ്ത തെറ്റ്? ആ പാട്ട് ഗ്രൂപ്പിൽ വന്നപ്പോൾ അതിനെ തള്ളിപ്പറഞ്ഞില്ല എന്നുള്ളതാണ് കുറ്റം. ഇപ്പോൾ മുഖ്യമന്ത്രിക്കെതിരെ പാട്ടുപാടിയപ്പോൾ അദ്ദേഹം തള്ളിപ്പറഞ്ഞില്ല എന്നുമാത്രമല്ല പരസ്യമായി അതിനെ സ്വീകരിക്കുകയാണ് ചെയ്തത്. കാരണഭൂതൻ, ഇരട്ടച്ചങ്കൻ, ക്യാപ്റ്റൻ, കാവലാൾ, ജ്വലിച്ച സൂര്യൻ എന്നെല്ലാം വിശേഷിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയെ സ്തുതിച്ചുകൊണ്ടിരിക്കുകയാണ്. പത്തുകല്പനകളിൽ ആദ്യത്തെ കല്പന 'നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു, ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് ' എന്നാണ്. അതുപോലെ ഈ പാർട്ടിയിലെ നേതാവ് ഞാനാകുന്നു, ഞാനല്ലാതെ മറ്റൊരു നേതാവ് നിങ്ങൾക്കുണ്ടാകരുത് എന്ന സ്ഥിതിയാണ്. ശ്രീ. പി. ജയരാജനൊരു നീതി, ശ്രീ. പിണറായി വിജയന് മറ്റൊരു നീതി. എല്ലാ സ്തുതിയും പുകഴ്ത്തലും എനിക്ക് എന്ന നിലപാട് സ്വീകരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകുന്ന

ഗവൺമെന്റിന്റെ ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

(ശ്രീ. പി. നന്ദകുമാർ)

P-22-01-2025 VV-AY-II
2.00-2.10

ശ്രീ. പി. നന്ദകുമാർ: സർ, ബഹുമാനപ്പെട്ട ഗവർണർ ജനുവരി 17-ന് നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

കേന്ദ്ര സർക്കാരിന്റെ കടുത്ത സാമ്പത്തിക ഉപരോധത്തിന് നടുവിലും ജനക്ഷേമ പദ്ധതികളും ആരോഗ്യ-വിദ്യാഭ്യാസ-വ്യവസായ മേഖലകളിലെ പ്രശംസനീയമായ ഇടപെടലുകളും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും മറ്റും കൃത്യമായി നടപ്പാക്കുന്ന സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ എണ്ണിപ്പറയുന്നതാണ് ഈ നയപ്രഖ്യാപന രേഖ. നമ്മുടെ പ്രതിപക്ഷം എല്ലാ വികസന പ്രവർത്തനങ്ങളും തടയുന്ന വിധത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ നയങ്ങളെ തുറന്നെതിർക്കാൻ അവർ തയ്യാറാകുന്നില്ല. ബി.ജെ.പി.-യെ വേദനിപ്പിക്കുന്ന ഒരു വിഷയത്തിലും പ്രതിപക്ഷം ശക്തമായി ഇടപെടില്ല.

എന്നാൽ എൽ.ഡി.എഫ്. സർക്കാരിനെയും സി.പി.ഐ.(എം)-നെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും നിത്യേന കള്ളംപറഞ്ഞ് ആക്രമിക്കുകയെന്നതാണ് അവരുടെ മിനിമം പരിപാടി. ഇപ്പോൾ സി.പി.ഐ(എം)-ബി.ജെ.പി. ധാരണ എന്നുള്ള കള്ളപ്രചാരണമാണ് അവർ നടത്തുന്നത്. നമ്മുടെ പ്രധാന പത്രങ്ങളാണെങ്കിൽ ഭരണവർഗപക്ഷപാതവും സാമ്പത്തിക താല്പര്യവും വച്ച് യു.ഡി.എഫ്. നേതാക്കളെ പേറിക്കൊണ്ട് നടക്കുകയാണ്. എന്ത് കള്ളം പറഞ്ഞാലും അതേപടി പ്രസിദ്ധീകരിക്കാൻ ഒരു മടിയും പത്രമാധ്യമങ്ങൾക്കില്ല. മാധ്യമങ്ങളുടെ സഹായമില്ലെങ്കിൽ യു.ഡി.എഫ്. നേതാക്കൾ വെള്ളത്തിനുവെളിയിൽ കിടക്കുന്ന മത്സ്യംപോലെ കിടന്നുപിടയ്ക്കും. ഞങ്ങൾ ജീവിക്കുന്നത് ജനങ്ങൾക്കകത്താണ്. അതുകൊണ്ട് ഒരു ആശങ്കയും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല.

കേരളം മാറിയത് സുപ്രധാനമായ പല നേട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. അല്ലാതെ ഒരു സുപ്രഭാതത്തിൽ അധികാരത്തിൽ വന്നതിന്റെ അടിസ്ഥാനത്തിലല്ല. 1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്. സർക്കാർ നടപ്പാക്കിയ ഭൂപരിഷ്കരണവും തുടർന്ന് മാറിമാറി വന്ന ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ച പുരോഗമന വികസന കാഴ്ചപ്പാടോടുകൂടിയ പദ്ധതികളുടെ നടത്തിപ്പിലൂടെയുമാണ് കേരളം മാറിയത്.

തൊഴിലാളികളുടെ ഉജ്ജ്വല പോരാട്ടത്തിലൂടെ നേടിയെടുത്ത ആനുകൂല്യങ്ങളും കൂലിവ്യവസ്ഥയും കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിനും തുടരുകയാണ്. ഈ വികസന സങ്കൽപ്പത്തെ, കേരള മോഡലിനെ എന്നും തുരങ്കം വയ്ക്കുകയാണ് പ്രതിപക്ഷം ചെയ്തത്. 2016-ൽ ആരംഭിച്ച കിഫ്ബി പദ്ധതിയെ തകർക്കാൻ കേന്ദ്ര സർക്കാരിനോടൊപ്പം കൂട്ടുകൂടിയവരാണവർ. കാലം അവർക്ക് മാപ്പ് നൽകില്ല.

ഇന്നലത്തെ ചർച്ചയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബി.ജെ.പി.-സി.പി.ഐ.(എം) കൂട്ടുകെട്ടാണെന്നും കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ സമരസപ്പെട്ട് പോകുകയാണെന്നും തട്ടിവിടുകയുണ്ടായി. ആരാണ് ബി.ജെ.പി.ക്ക് ഒത്താശ ചെയ്യുന്നത്? നമ്മുടെ പഴയ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ കേന്ദ്ര സർക്കാരിനും ബി.ജെ.പി.ക്കുംവേണ്ടി വിടുപണി ചെയ്യുകയാണെന്ന് ഈ സഭയ്ക്കകത്തും പുറത്തും നിരവധി വിമർശനങ്ങൾ ഉയർന്നുവന്നതാണല്ലോ. പച്ചയായ ബി.ജെ.പി. സ്നേഹം അദ്ദേഹം പ്രകടിപ്പിച്ചത് നമ്മൾ കണ്ടതാണ്. എന്നാൽ അദ്ദേഹം സേവനകാലയളവ് പൂർത്തിയായി പോകാൻ നിൽക്കുമ്പോൾ അദ്ദേഹം കേരള ഗവർണ്ണറായി തുടരണമെന്ന് പറഞ്ഞുകൊണ്ട് പരസ്യമായി പിന്തുണ കൊടുത്തയാളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഇതുമായി ബന്ധപ്പെട്ട ഒരു പത്രവാർത്ത

നമുക്ക് കാണാം. ദേശാഭിമാനിക്കകത്തല്ല, മാധ്യമത്തിലാണ്; നിങ്ങളുടെ പുതിയ കൂട്ടുകാരുടെ പത്രം. 'തിരുവനന്തപുരം: ആരിഫ് മുഹമ്മദ് ഖാൻ ഗവർണ്ണറായി തുടരണമെന്ന് കോൺഗ്രസ് നേതാവും മുൻ ആഭ്യന്തര വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.: സൂര്യകാലടി മനയിൽ വിനായകചതുർഥി പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ പ്രതികരണം. ഗവർണ്ണർ ഉദ്ഘാടകനായ ചടങ്ങിൽ അദ്ദേഹത്തെ വേദിയിലിരുത്തിക്കൊണ്ടാണ് എം.എൽ.എ. ഇക്കാര്യത്തിൽ പ്രതികരിച്ചത്.'

(തുടരും)

P.22-01-2025 RA-AY (1)
2.10-2.20

(ശ്രീ. പി. നന്ദകുമാർ.... തുടർച്ച)

'സൂര്യകാലടി മനയിലെ അന്തരീക്ഷത്തിൽനിന്നും മടങ്ങിവരുന്നവരാരും ഒരു വിഷമത്തിലുംപെട്ടിട്ടില്ല, അവർ ശ്രേയസ്സിലേയ്ക്ക് വരികയെയുള്ളൂവെന്ന് എനിക്കറിയാം. അഞ്ചുവർഷക്കാലം പൂർത്തിയാക്കുന്ന ഗവർണ്ണർക്ക് വീണ്ടും സംസ്ഥാനത്തലവൻ എന്നനിലയിൽ തുടരാൻ കഴിയും.' പ്രിയപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പരസ്യമായി പറഞ്ഞതാണിത്. എന്നിട്ട് ഞങ്ങളാണത്രെ കൂട്ടുകൂടുന്നത്. ഇവിടെ വിടുപണി എടുക്കുന്നത് ആരാണ്; ബി.ജെ.പി.-യുമായി കൂട്ടുകൂടുന്നത് ആരാണ്; അദ്ദേഹം സേവനകാലയളവ്

പൂർത്തിയായി പോകുമ്പോൾ അദ്ദേഹത്തെ പുകഴ്ത്തിക്കൊണ്ട് പരസ്യമായി നടത്തിയ പ്രഖ്യാപനമാണ് ഇവിടെ വായിച്ചത്.

ഈ ഫോട്ടോ നിങ്ങളൊന്ന് കാണണം (പത്രകട്ടിംഗ് ഉയർത്തിക്കാണിച്ചു). പുഞ്ചിരിച്ചുനിൽക്കുന്ന പ്രിയ സുഹൃത്ത് തിരുവഞ്ചൂരിന്റെ മനോഹരമായ മുഖമാണതിലുള്ളത്. ഇതുകാണുമ്പോൾ എനിക്കൊരു പഴയ സിനിമാഗാനമാണ് ഓർമ്മവരുന്നത്. 'നായരുപിടിച്ച പുലിവാൽ' എന്ന സിനിമയിൽ പി. ഭാസ്കരൻ രചിച്ച ഒരു ഗാനമുണ്ട്;

"എന്തിനിത്ര പഞ്ചസാര പുഞ്ചിരിപ്പാലിൽ"

എന്നാണ് ആ ഗാനത്തിലെ വരി. ആ പുഞ്ചിരിയാണ് അദ്ദേഹം നടത്തിയത്. എന്തൊരു പ്രേമമാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാനോട്. ഇത്രയും പ്രേമം ആവശ്യമാണോയെന്ന് കോൺഗ്രസുകാർ മറുപടി പറയണം.

ഇന്നലെ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എലപ്പുള്ളിയിൽ ബിവറേജ് ഫാക്ടറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഒരുകാര്യം സൂചിപ്പിക്കുകയുണ്ടായി. തികഞ്ഞ രൂപത്തിലേയ്ക്കുള്ള അപവാദവും കൊട്ടുത്തുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം നടന്നത്. അദ്ദേഹം മൂന്ന് കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. നിയമവിരുദ്ധമായി നൽകിയ അനുവാദം എന്നതാണ് ഒന്നാമതായി പറഞ്ഞത്. ഏത് വ്യവസായമാണ് ടെൻഡർ

വിളിച്ച് അനുവാദം നൽകുന്നത്. മാനദണ്ഡങ്ങൾ പാലിച്ചാണോ വ്യവസായം തുടങ്ങുന്നത് എന്നുനോക്കേണ്ട ബാധ്യത മാത്രമാണ് സർക്കാരിനുള്ളത്. അതിൽ ഏതാണ് ഈ കമ്പനി പാലിക്കാത്തത്; മാത്രമല്ല, ഈ കമ്പനിക്ക് പെട്ടെന്ന് അനുവാദം കൊടുത്തതാണോ; കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിൽ മദ്യം ഉല്പാദിപ്പിക്കാൻ തയ്യാറായ കമ്പനികൾക്ക് അനുവാദം നൽകുമെന്ന് മദ്യനയത്തിൽ വ്യക്തമാക്കിയതല്ലേ; ഒരു സുപ്രഭാതത്തിൽ അനുവാദം കൊടുത്തതാണോ? എന്നിട്ടും, തെറ്റായ രീതിയിലാണ് അനുവാദം കൊടുത്തതെന്നാണ് അവിടെ പറഞ്ഞത്. ഒരു നിയമലംഘനവും നടന്നിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. രണ്ടാമതായി പറയുന്നത്, ഈ കമ്പനി വന്നാൽ കേരളം മദ്യത്തിൽ മുങ്ങിക്കുളിക്കുമത്രെ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഇക്കാര്യം അറിയാത്തതല്ലല്ലോ; യു.ഡി.എഫ്.-ന്റെ കാലത്തെ കണക്കുകൾ എടുത്തുനോക്കിയാൽ അദ്ദേഹത്തിന് മനസ്സിലാകും. 2012-13-ൽ യു.ഡി.എഫ്. ഭരിച്ചിരുന്ന സമയത്ത് 244.3 ലക്ഷം കെയ്സ് മദ്യം IMFL(Indian Made Foreign Liquor)-ഉം ബിയറുംകൂടി ഈ സംസ്ഥാനത്ത് വിറ്റതാണ്. എന്നാലിപ്പോൾ 221.7 ലക്ഷം കെയ്സുമാത്രമാണ് വിൽക്കുന്നത്. മദ്യത്തിന്റെ ഉപയോഗം കുറഞ്ഞുവരികയാണ്. കേരളത്തിൽ

ആയിരക്കണക്കിന് കോടി രൂപയുടെ മദ്യ വില്പനയുണ്ട്. ഈ മദ്യമെല്ലാം പ്രധാനമായും വരുന്നത് കർണ്ണാടകയിൽ നിന്നല്ലേ? കർണ്ണാടകത്തിൽനിന്ന് മദ്യംകൊണ്ടുവന്ന് ഇവിടെ വിൽക്കാം. പക്ഷേ, ഇവിടെ സ്പിരിറ്റ് ഉൽപാദിപ്പിക്കാൻ പാടില്ല; എന്ത് ലോജിക്കാണ് അതിലുള്ളത്? ശ്രീ. തിരുവഞ്ചൂരിന്റെയും മുൻ പ്രതിപക്ഷ നേതാവിന്റെയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന്റെയും ലോജിക്കെന്താണ്; ഇവിടെ സ്പിരിറ്റ് ഉല്പാദിപ്പിക്കാൻ പാടില്ല, കർണ്ണാടകയിൽനിന്ന് ഇഷ്ടംപോലെ കൊണ്ടുവന്ന് വിൽക്കാം. കർണ്ണാടകത്തിലെ മദ്യലോബിയും കോൺഗ്രസുകാരുമായിട്ടുള്ള ബന്ധത്തെ സംബന്ധിച്ച് ഇപ്പോൾ നാട്ടിലാകെ ഒരു സംസാരമുണ്ട്. കർണ്ണാടകയിൽ 6320 ചെറുകിട വൻകിട ബിവറേജ് മാനുഫാക്ച്ചറിംഗ് കമ്പനികളുണ്ട്. അതിൽ 47 എണ്ണം വൻകിട കമ്പനികളാണ്; അതിൽ മൂന്നുപേരെ നിങ്ങളെല്ലാം അറിയുന്നവരും എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളായ കോൺഗ്രസ് നേതാക്കൾക്ക് നല്ല ബന്ധമുള്ളവരുമല്ലേ; ശാമന്നൂർ ശിവശങ്കരപ്പ ഇടതുപക്ഷകാരനാണോ; കോൺഗ്രസുകാരനല്ലേ; മദ്യവ്യവസായിയല്ലേ? രേണുക ഷുഗർ കമ്പനിയെക്കുറിച്ച് നിങ്ങൾക്കറിയില്ലേ; ആ വ്യവസായം നടത്തുന്നത് ഒരു കോൺഗ്രസ് നേതാവല്ലേ? അതുപോലെ ജോൺ ഡിസ്റ്റിലറീസിന്റെ ഉടമയായ

കോൺഗ്രസിന്റെ മുൻമന്ത്രി നിങ്ങളുടെ അടുത്ത സുഹൃത്തുമാണ്. പ്രധാനമായും ഇവരുടെയെല്ലാം കൈയിൽനിന്നാണ് ഇവിടെയുള്ള കമ്പനികൾ മദ്യം വാങ്ങുന്നത്. ഇവയെല്ലാം കോൺഗ്രസ് നേതാക്കന്മാരുടേതാണ്. അവരൊക്കെയായി നല്ല ബന്ധം നിങ്ങൾക്കുണ്ട്. സ്പിരിറ്റിന്റെ കച്ചവടക്കാർ ആരൊക്കയാണെന്ന് നാളെ കാലം തെളിയിക്കും. അവിടുന്ന് വരുന്ന ഭൂരിഭാഗം സ്പിരിറ്റും ഈ പ്രധാനപ്പെട്ട കമ്പനികളിൽനിന്നാണ്. അതിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇനിയും കുറെ പറയാനുണ്ട്.

ശ്രീ. തിരുവഞ്ചൂരിന് കാര്യങ്ങൾ വളച്ചൊടിച്ച് പറയാൻ സാധിക്കും. പ്രതിപക്ഷ നേതാവാണെങ്കിൽ മറ്റൊരു രീതിയിലാണ് പറയുന്നത്. മുൻപ്രതിപക്ഷ നേതാവും ഇവിടെ വലിയതോതിലുള്ള ആക്ഷേപം ഉന്നയിക്കുകയുണ്ടായി. സാമ്പത്തികമായ നേട്ടത്തിനുവേണ്ടിയാണ് ഈ കമ്പനിക്ക് അനുവാദം നൽകിയത്. പ്രതിപക്ഷനേതാവിന്റെ പത്രസമ്മേളനത്തിൽ അതിന്റെ നേട്ടങ്ങൾ എന്തെല്ലാമാണെന്നാണ് എണ്ണിയെണ്ണി പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് എന്നിവരെയുമുൾപ്പെടെ പരാമർശിച്ചുകൊണ്ടാണ് അദ്ദേഹം പത്രസമ്മേളനം നടത്തിയത്. യഥാർഥ വസ്തുത എന്താണ്; ആർക്കാണ് ഇവരുമായി ബന്ധം;

നമ്മുടെ നാട്ടിൽ നടക്കുന്ന പ്രചരണം എന്താണ്; ഇവർ പറയുന്നതുപോലെയാണോ? എനിക്ക് അടുത്തൊരു ദിവസം ഒരാൾ റൂട്ട് മാപ് അയച്ചുതന്നിരുന്നു. കോൺഗ്രസിന് ലഭിക്കുന്ന വിഹിതം വരുന്നവഴി സംബന്ധിച്ചുള്ള റൂട്ട് മാപ് ആയിരുന്നു. അത് വയനാട് വഴി തീരദേശത്തുകൂടി പറവൂരിലൂടെ ആലപ്പുഴ വഴി കോട്ടയത്ത് അവസാനിക്കുന്നതാണ് റൂട്ട് മാപ്പിൽ കാണിച്ചിട്ടുള്ളത്. എന്നിട്ട് ഞങ്ങളോട് മെക്കിട്ട് കയറാൻ വരണ്ട. ഇതിനെ സംബന്ധിച്ച് വിശദമായ കാര്യങ്ങൾ ഇനിയും പുറത്തുവരാനിരിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇവയെല്ലാം കൂടുതലായി പുറത്തുവരുമെന്ന വേവലാതിയാണ് ഇപ്പോൾ നിങ്ങൾക്കുള്ളതെന്ന് ഞങ്ങൾക്കറിയാം.

പുതിയൊരു കമ്പനി വന്നാൽ കേരളത്തിലുണ്ടാകുന്ന സാമ്പത്തിക നേട്ടത്തെപ്പറ്റി നിങ്ങൾക്കൊന്നും അഭിപ്രായമില്ല. അറുന്നൂറ് പേർക്ക് പ്രത്യക്ഷമായും രണ്ടായിരം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതയൊന്നും ഇവർക്ക് പ്രശ്നമല്ല; ഇവർക്ക് ആവശ്യവുമില്ല. അതുസംബന്ധിച്ച് ഞാൻ അധികമൊന്നും പറയുന്നില്ല. വിജയ് മല്യയുടെ കാര്യം മറക്കണോ; ഇവിടെ വിജയ് മല്യയ്ക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് ആരാണ്; അതിന്റെ കാര്യങ്ങളൊക്കെ പുറത്തുവരണോ? ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല അടുത്ത ചർച്ചയിൽ

പറയാം. വിജയ് മല്യയ്ക്ക് തെറ്റായ ആനുകൂല്യം നൽകി സന്തോഷിപ്പിച്ചുവിട്ടവരാണ് ഇപ്പോൾ അഴിമതിയെ സംബന്ധിച്ച് പരാമർശിക്കുന്നത്. ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ അടിയന്തരാവസ്ഥയെക്കുറിച്ച് പറഞ്ഞല്ലോ. ഇന്നലെ എന്റെ സുഹൃത്തായ ഒരു അംഗം അടിയന്തരാവസ്ഥയെക്കുറിച്ച് പരാമർശിച്ചപ്പോൾ നിങ്ങൾ അന്ന് ജനിച്ചിട്ടില്ലെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തോട് പറഞ്ഞു. അന്ന് അടിയന്തരാവസ്ഥയുടെ ഭീകരത അനുഭവിച്ചവരിൽ മണിയാശാനടക്കമുള്ള നാലുപേർ ഈ നിയമസഭയ്ക്കകത്തുണ്ടെന്ന് പറയാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം ഒന്നര വർഷക്കാലം കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്നവനാണ് ഞാൻ. അന്ന് ശ്രീ. പിണറായി വിജയന്റെ കാല് അടിച്ച് മുറിവേൽപ്പിച്ച് ഞങ്ങളെ കൊണ്ടുവന്നപ്പോൾ കോൺഗ്രസുകാർ പുറത്തുനിന്ന് പൊട്ടിച്ചിരിക്കുകയായിരുന്നു. സഖാവ് ശ്രീ. ടി. പി. രാമകൃഷ്ണനെ കക്കയം ക്യാമ്പിൽ വച്ച് ഭീകരമായി മർദിക്കുന്നതിന് ആളെ അയച്ചവരാണ് കോൺഗ്രസുകാർ. അവിടെ മണിയാശാനെ ദിവസങ്ങളോളം കസേരയിൽ ചങ്ങലയ്ക്കിട്ടുകയും ഭീകരമായി മർദിക്കുകയും ചെയ്തപ്പോൾ നിങ്ങൾ അട്ടഹസിക്കുകയായിരുന്നില്ലേ? ആ ജനാധിപത്യത്തെ സംബന്ധിച്ച് ഇവിടെ

സൂചിപ്പിച്ചപ്പോൾ പ്രിയപ്പെട്ട സഖാവിനെ കളിയാക്കുന്ന രീതിയിലാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞുനിർത്തിയത്. അന്ന് പത്രമാരണ നിയമം................. സംസാരിക്കുന്നതിനുള്ള അവകാശമില്ല, പൊതുയോഗം നടത്താനുള്ള അവകാശമില്ല, അറസ്റ്റ് ചെയ്യപ്പെട്ടവർ ആരെല്ലാമാണെന്ന് ഒരു പത്രത്തിലും വാർത്ത വരുകയില്ല. എല്ലാ ജനാധിപത്യ അവകാശങ്ങളെയും കശാപ്പുചെയ്തുകൊണ്ട് അന്ന് രാജ്യത്താകെ ഇന്ദിരാ ഗാന്ധി വാഴുന്ന അവസരത്തിൽ കുതിരപ്പുറത്ത് കയറി യാത്ര ചെയ്യുകയായിരുന്നു ഇവിടുത്തെ കോൺഗ്രസുകാരെന്ന കാര്യം മറക്കരുത്. അന്നത്തെക്കാര്യം ഞങ്ങൾക്ക് അറിയാം. പഴയ പുതപ്പും ആവശ്യത്തിന് ഭക്ഷണം കിട്ടാത്ത അവസ്ഥയും പുഴുവരിച്ച കഞ്ഞിവെള്ളവുമൊക്കെ കുടിച്ച് ഞങ്ങൾ വിശപ്പടക്കിയിരുന്നു. അങ്ങനെയുള്ള ഞങ്ങളുടെ മുഖത്തുനോക്കിക്കൊണ്ട് അടിയന്തരാവസ്ഥയുടെ മഹത്വത്തെ സംബന്ധിച്ച് പറയുകയാണ്.

ചെയർപേഴ്സൺ: യെസ്...... സമയം കഴിഞ്ഞു........ സമയം കഴിഞ്ഞു.

ശ്രീ. പി. നന്ദകുമാർ: സർ, നിങ്ങൾക്ക് ജനാധിപത്യത്തെ സംബന്ധിച്ച് പറയാൻ എന്ത് അവകാശമാണുള്ളത്? ജനാധിപത്യം, പൗരാവകാശം നിഷേധിക്കുന്നതിന് നേതൃത്വം കൊടുത്തുകൊണ്ട് 'ഇന്ത്യയാണ് ഇന്ദിര, നാവടക്കി പണിയെടുക്കൂ' എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുന്ന

കോൺഗ്രസുകാർക്ക് ജനാധിപത്യത്തെക്കുറിച്ച് പറയാൻ എന്തെങ്കിലും അവകാശമുണ്ടോ; ഫാസിസത്തെ തകർക്കാൻ നിങ്ങൾക്ക് കഴിയുമോ? ഒരൊറ്റ കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ വർഗ്ഗീയതയെക്കുറിച്ചൊക്കെ വലിയ ചർച്ച വന്നു.

ചെയർപേഴ്സൺ: സമയം കഴിഞ്ഞു.

ശ്രീ. പി. നന്ദകുമാർ: സർ, ജമാഅത്തെ ഇസ്ലാമിയുമായും എസ്.ഡി.പി.ഐ.-യുമായും കൂട്ടുകൂടുന്നതിനെപ്പറ്റി പറയുമ്പോൾ ഇവിടുത്തെ ലീഗിനും കോൺഗ്രസുകാർക്കും പൊള്ളുമെന്ന് ഞങ്ങൾക്കറിയാം. ശ്രീ. വിജയരാഘവനെ ഒറ്റപ്പെടുത്തി ആക്രമിക്കുകയാണ്. ജമാഅത്തെ ഇസ്ലാമിയും എസ്.ഡി.പി.ഐ.-യുമായുള്ള നിങ്ങളുടെ കൂട്ടുകെട്ട് മുസ്ലീംലീഗിനും മുസ്ലീംസമുദായത്തിനും ആപത്താണെന്ന കാര്യം ചൂണ്ടിക്കാണിക്കുമ്പോൾ അതിനെപ്പറ്റി വലിയ രീതിയിലുള്ള കടന്നാക്രമണം നടത്തി ശ്രീ. വിജയരാഘവനെ ഒറ്റപ്പെടുത്താൻ നിങ്ങൾ ശ്രമിക്കുകയാണ്. നിങ്ങൾ ഇതിന് കണക്ക് പറയേണ്ടതായിവരും. ഇത് ശ്രീ. വിജയരാഘവന്റെ അഭിപ്രായം മാത്രമല്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അഭിപ്രായമാണെന്നത് ശക്തമായി പറയും. നിങ്ങൾ കേരളത്തെ അപകടത്തിലേയ്ക്കാണ് നയിക്കുന്നത്. ഈ വർഗീയ ഭീകരവാദികളുമായുള്ള

കൂട്ടുകെട്ട് നിങ്ങളെ നാശത്തിലേയ്ക്ക് നയിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് തിരുത്താൻ ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ തയ്യാറായിട്ടില്ലെങ്കിൽ കാലം നിങ്ങൾക്ക് മാപ്പ് നൽകുകയില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഈ ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ചെയർപേഴ്സൺ: ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ജനുവരി 23-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.20-ന് പിരിഞ്ഞു.)

*******

**അനുബന്ധം**

MR

ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-ടൂറിസം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നൽകിയ മറുപടി

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ടാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ.-യുടെ സബ്മിഷൻ

42.10 കോടി രൂപയുടെ ധനാനുമതി നൽകി ആരംഭിച്ച പ്രവൃത്തിയാണ് നീലേശ്വരം-എടത്തോട് റോഡ്. എന്നാൽ പ്രവൃത്തിയിൽ നിശ്ചയിച്ച പുരോഗതി ഇല്ലാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്തിരുന്നു. തുടർന്ന് ഭൂമിയേറ്റെടുക്കലിനും, യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുമുള്ള അധിക എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ധനാനുമതി 43.27 കോടി രൂപയാക്കി പുതുക്കി നൽകി. ബാലൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ പുതുക്കിയ ധനാനുമതിയ്ക്കായി കിഫ്ബിയിൽ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. ഈ നിർദ്ദേശം കിഫ്ബി പരിശോധിച്ച്, പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധ രേഖകളും സഹിതം പുന:സമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് തിരികെ നൽകിയിരുന്നു. കിഫ്ബി ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ/രേഖകൾ സഹിതമുള്ള നിർദ്ദേശത്തിന് 13-01-2025-ലെ ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സമയബന്ധിതമായി സമർപ്പിക്കാൻ KRFB-PMU പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹോസ്ദുർഗ്-പാണത്തൂർ റോഡ് പ്രവൃത്തിയ്ക്ക് കിഫ്ബി 59.94 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പിന്നീട് KSEB, വാട്ടർ അതോറിറ്റി

യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള അധിക തുക കൂടി ഉൾപ്പെടുത്തി ഇത് 60.32 കോടി രൂപയായി പുതുക്കി നൽകുകയും ചെയ്തു. പ്രവൃത്തി ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ട് നിർമ്മാണം നടന്നുവരികയും ചെയ്യുന്നു.

നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ 52% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി പൂടംകല്ല് മുതൽ പതിനെട്ടാംമൈൽ വരെ 8 കി.മി. നീളത്തിൽ ഡി.ബി.എം. പൂർത്തീകരിച്ചിട്ടുണ്ട്. 35 കൾവർട്ടുകളിൽ 24 എണ്ണം പൂർണ്ണമായും 3 എണ്ണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. 2950 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഡി.ബി.എം. പ്രവൃത്തി പൂർത്തീകരിച്ച പൂടംകല്ല് മുതൽ കോളിച്ചാൽ വരെയുള്ള ആദ്യ റീച്ചിൽ കോൺക്രീറ്റ് ഓട നിർമ്മാണം, റീട്ടെയ്നിങ് വാൾ നിർമ്മാണം എന്നിവ പുരോഗമിച്ചു വരികയാണ്. രണ്ടാമത്തെ റീച്ചിൽ 2.68 കി.മീ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ റീച്ചിൽ 3 മേജർ കൾവർട്ടുകൾ (ബളാന്തോട്, അരിപ്രോഡ്, ചിറങ്കടവ്) ഉൾപ്പെടെ 19 കൾവർട്ടുകളാണുള്ളത്. ഇതിൽ 8 എണ്ണം പൂർണ്ണമായും 3 എണ്ണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള GST ഉൾപ്പെടുത്തി ധനാനുമതി പുതുക്കുന്നതിനുള്ള നിർദ്ദേശം കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. എങ്കിലും പ്രവൃത്തി താമസം കൂടാതെ പൂർത്തിയാക്കുന്നതിന് കൃത്യമായി ഇടപെടാൻ KRFB-

PMU പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

റേഷൻ കട ലൈസൻസികളുടെ കടയടപ്പുസമരം സംബന്ധിച്ച് ശ്രീ. ജി. സ്റ്റീഫൻ എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ 2025 ജനുവരി 27 മുതൽ അനിശ്ചിതകാല പണിമുടക്കം നടത്തുമെന്ന് അറിയിച്ചുകൊണ്ട് 13-01-2025-ന് നോട്ടീസ് നൽകിയിരുന്നു. സമരത്തിനാധാരമായി അവർ ഉന്നയിച്ച 4 പ്രധാന ഡിമാന്റുകളിൽ 2 എണ്ണം കേന്ദ്ര സർക്കാരിന് എതിരെയുള്ളതാണ്.

1. കേന്ദ്ര അവഗണന അവസാനിപ്പിക്കുക

2. ഭക്ഷ്യധാന്യങ്ങൾക്ക് പകരം പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിക്കുക എന്നിവയാണവ. റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ഈ രണ്ട് ഡിമാന്റുകളെയും സർക്കാർ സ്വാഗതം ചെയ്യുന്നു.

നിലവിലെ കമ്മീഷൻ പാക്കേജ് പരിഷ്കരിക്കുക, കമ്മീഷൻ അതത് മാസം തന്നെ നൽകുക എന്നിവയാണ് മറ്റ് 2 ഡിമാന്റുകൾ. ഈ രണ്ട് ഡിമാന്റുകളെയും പൂർണ്ണമായി തള്ളിക്കളയുന്ന നിലപാടല്ല സംസ്ഥാന സർക്കാരിനുള്ളത്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് മാറുന്ന

മുറയ്ക്ക് പരിഗണിക്കാൻ കഴിയുന്ന ഡിമാന്റുകളാണിവ.

അനിശ്ചിതകാല സമരം പ്രഖ്യാപിച്ച് റേഷൻ വ്യാപാരി കോ-ഓർഡിനേഷൻ കമ്മിറ്റി നൽകിയ നോട്ടീസ് പരിഗണിച്ച് 20-01-2025-ന് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യങ്ങൾ ഭക്ഷ്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ സംഘടനാ നേതാക്കളെ അറിയിച്ചിരുന്നതാണ്. ഈ സബ്മിഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗവും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നതാണ്.

രാജ്യത്ത് ഏറ്റവും ശക്തമായ പൊതുവിതരണം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ രാജ്യത്തെ പൊതുവിതരണ സംവിധാനത്തെ ദുർബലപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾക്ക് പകരം പണം നൽകാനുള്ള നീക്കമാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്. രാജ്യത്തെ പൊതുവിതരണ സംവിധാനത്തെ തകർത്ത് ഭക്ഷ്യധാന്യ വിതരണം പൂർണ്ണമായും കോർപ്പറേറ്റ് കുത്തകകളുടെ കൈകളിലേക്ക് എത്തിക്കാനുള്ള അണിയറ നീക്കങ്ങളുടെ ഭാഗമാണിത്. ഇത്തരം പ്രതിലോമകരമായ നിലപാടുകളോട് ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം നൽകുന്ന ഈ സർക്കാരിന് ഒരു തരത്തിലും യോജിക്കാൻ കഴിയില്ല. ഇത്തരം ഒരു നയം ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തെയാണ് ഏറ്റവും ദോഷകരമായി

ബാധിക്കുന്നത്. കൂടാതെ, പ്രസ്തുത നീക്കം സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ ഉൾപ്പെടെ ഈ മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതമാർഗം ഇല്ലാതാക്കും.

സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ ദുർബലപ്പെടുത്തുന്ന ഏതൊരു നീക്കത്തെയും കേരളം ഒറ്റക്കെട്ടായി പ്രതിരോധിക്കുക തന്നെ ചെയ്യും. റേഷൻ വ്യാപാരി സമൂഹത്തിന്റെ ആവശ്യങ്ങൾക്കുമുന്നിൽ പിൻതിരിഞ്ഞു നിൽക്കുന്ന സമീപനമല്ല ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ വളരെക്കാലമായി ഉന്നയിച്ച 2 ആവശ്യങ്ങളാണ് 2021-ലെ KTPDS (Control) ഓർഡറും 2000-ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്റ്റും കാലോചിതമായി പരിഷ്കരിക്കുക എന്നത്. ഈ രണ്ട് വിഷയങ്ങളിലും നിരന്തരമായ ചർച്ചയിലൂടെ പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, NFSA നടപ്പാക്കിയതിനുശേഷമുള്ള റേഷൻ വ്യാപാരികളുടെ സാമ്പത്തികവും നിയമപരവും സാമൂഹികവുമായുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് റേഷനിംഗ് കൺട്രോളർ അധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി എനിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ശിപാർശകൾ സർക്കാർ പരിഗണിച്ചുവരികയാണ്.

ഇത്തരമൊരു സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ചിട്ടുള്ള അനിശ്ചിതകാല പണിമുടക്കം കേന്ദ്ര സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള പ്രതിലോമകരമായ നയങ്ങൾക്ക് ശക്തി പകരുക മാത്രമാണ് ചെയ്യുന്നത്. റേഷൻ വ്യാപാരി ക്ഷേമനിധിയെ ശക്തിപ്പെടുത്തിയും റേഷൻ വ്യാപാര മേഖലയെ വൈവിധ്യവൽക്കരണത്തിലൂടെ കരുത്തുപകരാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളെ ദുർബലപ്പെടുത്താൻ മാത്രമേ ഈ അനിശ്ചിതകാല സമരത്തിന് കഴിയൂ എന്നാണ് ഈ സർക്കാർ കാണുന്നത്.

മഹാരാഷ്ട്ര, അസം, ആന്ധ്രാപ്രദേശ്, ഹരിയാന, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളായ പോണ്ടിച്ചേരി, ചണ്ഡിഗഢ്, ദാദ്രാനഗർ ഹവേലി എന്നിവിടങ്ങളിലും ഡി.ബി.ടി പദ്ധതി നടപ്പാക്കിയതായിട്ടാണ് അറിയുന്നത്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നയപരമായ ഒരു തീരുമാനവും സംസ്ഥാന സർക്കാർ കൈകൊണ്ടിട്ടില്ല എന്നു മാത്രവുമല്ല ഈ നയത്തെ സർക്കാർ പൂർണ്ണമായും എതിർക്കുന്നു എന്ന കാര്യവും ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹു. ധനമന്ത്രിയുടെ സമയം

കൂടി കണ്ടെത്തി വീണ്ടും ചർച്ച നടത്താൻ സർക്കാർ തയ്യാറാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ചിട്ടുള്ള അനിശ്ചിതകാല സമരത്തിൽ നിന്നും പിന്തിരിയണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.